മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പണം . . . . . .

ശ്രീ. എ.കെ. ആന്റണി : സർ, ഒരു ക്ളാരിഫിക്കേഷൻ.

മി. സ്പീക്കർ : ക്ളാരിഫിക്കേഷനുണ്ടെങ്കിൽ എനിക്ക് കുഴപ്പമില്ല. ക്ളാരിഫിക്കേഷൻ ചോദിച്ചാൽ അദ്ദേഹത്തിന് പറയാൻ ധാരാളം കാര്യങ്ങളുണ്ടാകും.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : അദ്ദേഹം കഴിഞ്ഞ നാലു ബഡ്ജറ്റുകളിലും പ്രഖ്യാപിച്ച കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. എനിക്ക് അദ്ദേഹത്തോട് ചോദിക്കാനുള്ളത് രണ്ടു കാര്യങ്ങളാണ്. ഇവിടെ ശ്രീ. കണാരൻ ഉൾപ്പെടെ ഭരണകക്ഷിയും പ്രതിപക്ഷവും പറഞ്ഞ കാര്യമാണ് കാർഷികകടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുക എന്നുള്ളത്. അതു പോലെ കഴിഞ്ഞ ബഡ്ജറ്റിൽ നികുതി ഏകീകരണത്തിന്റെ പേരിൽ അങ്ങ് വർദ്ധിപ്പിച്ച വെളിച്ചെണ്ണയുടെയും റബ്ബറിന്റെയും കാപ്പിയുടെയും രാസവസ്തുക്കളുടെയും നികുതി വർദ്ധനവ് പിൻവലിക്കുക. അങ്ങ് ഇതിന് തയ്യാറുണ്ടോ?

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പണം.........ഇവിടെ ഫിനാൻസിന്റെ ഡിസ്കഷൻ നടക്കുന്നുണ്ട്. ആ സന്ദർഭം ഫലപ്രദമായി ഉപയോഗിക്കാം. അവസാനം ചോദ്യം ചോദിക്കാം. എന്തുവേണമെങ്കിലും ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

VI. റിപ്പോർട്ട്സമർപ്പണം

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർക്കുവേണ്ടി ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, സംസ്ഥാന ഭരണതലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,11,50,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,16,45,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യാർത്ഥനയുടെ പേരിൽ 5,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും ട്രഷറികളും അക്കൗണ്ടു

കളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,50,02,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,01,000 രൂപയുടെയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,00,38,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, സ്റ്റേഷണറിയും അച്ചടിയും മറ്റു ഭരണപരമായ സർവീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,51,000 രൂപയുടെയും, സാമൂഹ്യവും വികസനവും എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,06,72,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,24,99,000 രൂപയുടെയും വിദ്യാഭ്യാസം, കായികവിനോദം കലാ സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,65,85,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസവും പൊതുമരാമത്തും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,18,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,00,00,000 രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 28,38,000 രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,59,42,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,00,00,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾ എന്നിവയുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,08,83,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,01,36,000 രൂപയുടെയും വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,01,48,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,54,54,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,80,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അടുത്തത് ചർച്ചയാണ്.

ശ്രീ. കെ. സുധാകരൻ . . . .

ശ്രീ. കെ. സുധാകരൻ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കോടികളുടെ മിച്ചമുള്ള ഖജനാവ് ഏറ്റുവാങ്ങി നാലര വർഷം ഈ സംസ്ഥാനം ഭരിച്ച് 27,000 കോടി രൂപയുടെ ബാധ്യതയിലേക്ക് കൂപ്പുകുത്തിയ ഒരു സർക്കാരിനു നേതൃത്വം കൊടുക്കുന്ന ധനകാര്യമന്ത്രി-മലയാളഭാഷയിൽ ഏതെങ്കിലും പദങ്ങൾ കടം എടുക്കുവാൻ സാധിക്കുമെങ്കിൽ 'മുടിയനായ പുത്രൻ' എന്ന് വിശേഷിപ്പിക്കുവാൻ കഴിയുന്ന പ്രിയപ്പെട്ട കേരളത്തിലെ ധനകാര്യമന്ത്രി-ശ്രീ. ടി. ശിവദാസമേനോന്റെ 145.83 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റിനെ ഞാൻ എതിർക്കുന്നു. എന്റെ നാടായ കണ്ണൂരിലൊക്കെ തെങ്ങ് പാട്ടത്തിന് എടുക്കാറുണ്ട്. മൂന്നുവർഷം, അഞ്ചുവർഷം, പത്തുവർഷം തുടങ്ങിയ കാലാവധിക്ക് പാട്ടം എടുത്തിട്ട് പാട്ടം ഒഴിയുന്ന അവസാനമാസം ഒരു തേങ്ങ അടക്കലുണ്ട്. ചെറിയ മച്ചിങ്ങ ഒഴിച്ച് ബാക്കിയെല്ലാം വെട്ടിയിടും. അതുപോലെ മൂന്നുമാസം മാത്രം ബാക്കി നിൽക്കുമ്പോൾ ഈ സംസ്ഥാനത്തിന്റെ സാമ്പത്തികനില എന്തെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് അറിയണം. 15 വർഷത്തേയ്ക്കുള്ള റോഡ് ടാക്സ് നിങ്ങൾ കളക്ട് ചെയ്തിരിക്കുന്നു. ആയിരം കോടിരൂപ കോൺട്രാക്ടർമാർക്ക് കൊടുക്കുവാൻ ബാക്കി. ടയർ വാങ്ങിയ കമ്പനികൾക്ക് കോടികൾ ബാക്കി. പെട്രോളും ഡീസലും വാങ്ങിയ കമ്പനികൾക്ക് കോടികൾ ബാക്കി. ആശുപത്രികൾക്ക് ബാന്റേജ് വാങ്ങിയതിൽ കോടികൾ ബാക്കി. ടെലിഫോൺ ബില്ല് അടയ്ക്കാത്ത അരിയേഴ്സിൽ കോടികളുടെ കടം. കറണ്ട് ബിൽ അടയ്ക്കാത്തതുകൊണ്ട് കണ്ണൂർ ആശുപത്രിയിലെ ഫ്യൂസ് ഊരിക്കൊണ്ടുപോയിരിക്കുന്നു. ട്രഷറിയിൽ നിന്നും നിങ്ങൾ എടുത്ത പണം തിരിച്ചടയ്ക്കുവാൻ കഴിയാത്ത ദുരവസ്ഥ. ജില്ലാ ബാങ്കുകൾക്ക് ലോൺ കൊടുക്കുവാൻപോലും പണമില്ല. പ്രാഥമിക സംഘങ്ങൾക്ക് പതിനായിരം രൂപ ലോൺ കൊടുക്കുവാൻ കഴിയാത്ത സാഹചര്യം. എന്റെ ജില്ലയിൽ മലയോരപ്രദേശത്തെ ബാങ്കിൽനിന്നും ലോൺ കൊടുക്കുവാൻ കഴിയാതെ കാഴ്ചക്കാരായി നോക്കി നിൽക്കേണ്ട സാഹചര്യം. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭം സർക്കാർ ഏറ്റെടുത്തത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത സാഹചര്യം. ഈ സാമ്പത്തിക പതനത്തിനിടയിൽ ആയിരം കോടി രൂപ ഏതോ കരാറുകാരനു കിട്ടാനുള്ളതിനു കോടതിയിൽ പോയി. കോടതി ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് കാറുകൾ പിടിച്ചെടുക്കുവാൻ ഓർഡറായി. ആ ഓർഡറുംകൊണ്ട് ആമീൻ സെക്രട്ടേറിയറ്റിൽ എത്തിയപ്പോൾ ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ നാലു കാറുകൾ ഡ്രൈവർമാർ ഓടിച്ച് രക്ഷപ്പെട്ടു. ആ കാറുകൾ ഇന്ന് തിരുവനന്തപുരത്ത് നമ്പർ പ്ലേറ്റ്മാറ്റി വെച്ച് ഓടുകയാണ്. ഇതുപോലുള്ള ഒരു ഗതികേട് കേരളത്തിലെ ഏതെങ്കിലും സർക്കാരിന് ഉണ്ടായിട്ടുണ്ടോ? ശമ്പളം കൊടുക്കുവാൻ ഖജനാവ് ഞെരുക്കുന്ന സർക്കാർ. അപ്പോഴൊക്കെ ഈ രാജ്യത്ത് മദ്യമാഫിയകളുടെ കടബാധ്യതയുടെ പലിശ 75 ശതമാനം ഇളവുചെയ്തുകൊടുത്ത് ഈ സർക്കാർ പൊതുഖജനാവ് ധൂർത്തടിച്ച് ഇവിടെ അവതരിപ്പിച്ച സപ്ലിമെന്ററി ബഡ്ജറ്റിനെ എങ്ങനെയാണ് അനുകൂലിക്കുവാൻ സാധിക്കുന്നത്? ഇവിടെ വിഷമദ്യ ദുരന്തം ഉണ്ടായി. മരിച്ച ആളുകളെക്കുറിച്ച് ഇപ്പോഴും തർക്കം. അതിലെ മുഖ്യപ്രതി മണിച്ചൻ അടക്കമുള്ള ആളുകൾ ഇന്ന് ജയിലിലാണ് വിഷമദ്യദുരന്തത്തെക്കുറിച്ച് നിങ്ങളുടെ ഗവൺമെന്റ് അന്വേഷിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള ജസ്റ്റീസ് മോഹൻകുമാർ കമ്മീഷന്റെ അധികാരപരി

LIBRARY ARCHIVES Kerala Legislative Assembly

ധിയിൽ പാർട്ടികളെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞപ്പോൾ പേഴ്സണാലിറ്റി എന്ന ഇംഗ്ളീഷ് വാക്ക് മുറുകെ പിടിച്ചുകൊണ്ട് പാർട്ടിയെ രക്ഷപ്പെടുത്തുവാൻ ശ്രമിച്ച ഒരു മന്ത്രിസഭ. എന്തിനുവേണ്ടിയാണ് നിങ്ങൾ പാർട്ടികളെ രക്ഷപ്പെടുത്തുവാൻ വേണ്ടി ശ്രമിച്ചതെന്ന് ഇപ്പോഴല്ലേ മനസ്സിലായത്. ഇന്നത്തെ വാർത്താമാധ്യമങ്ങൾ പുറത്തിറക്കിയത് ഞാൻ നിങ്ങളെ കാണിക്കേണ്ടതില്ലല്ലോ. മണിച്ചൻ എന്ന ഒരു അബ്കാരി മാത്രം ഒരുകോടി മാർക്സിസ്റ്റ് പാർട്ടിക്ക് കൊടുത്തു എന്നാണ്. സി.പി.എം.ന്റെ ജില്ലാ സെക്രട്ടറി സത്യനേശൻ ഒപ്പിട്ടു നൽകിയ റെസീപ്റ്റിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പികൾ ഇന്നത്തെ പത്രത്തിന്റെ താളുകളിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്.

സർ, ഒന്നേകാൽ ലക്ഷത്തിന്റെ ഒന്ന്; മണിച്ചന്റെ ബിനാമിപ്പണത്തിൽ നിന്ന് രണ്ടു ലക്ഷം രൂപ വേറെ. ഒന്നേകാൽ ലക്ഷത്തിന്റെ രസീതിനെക്കുറിച്ച് മണിച്ചൻ പറയുന്നത് രണ്ടു ലക്ഷം രൂപ കൊടുത്തു. ഒന്നേകാൽ ലക്ഷത്തിന്റെ രസീതു തന്നു എന്നാണ്. മാസാമാസം 15 ലക്ഷം രൂപ മണിച്ചൻ എന്നു പറയുന്ന ഒരു അബ്കാരിയിൽ നിന്ന്, മദ്യമാഫിയക്കാരനിൽ നിന്ന്, കള്ളവാറ്റു ചാരായക്കാരനിൽ നിന്ന്, മാർക്സിസ്റ്റുപാർട്ടി വാങ്ങുന്നു എന്നു പറയുമ്പോൾ നിങ്ങൾക്ക് ഇത് പാർട്ടി വിഷയത്തിൽ എങ്ങനെ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് ഞങ്ങൾക്കറിയാം. അതിനു നിങ്ങൾക്ക് പ്രയാസമുണ്ട്. മണിച്ചൻ ഒരുപാട് കാര്യങ്ങൾ പത്രക്കാരോട് പറഞ്ഞിരിക്കുന്നു. ഇന്നലെ പത്രങ്ങളിൽ വന്നിട്ടുണ്ട്. അതിനെക്കുറിച്ച് പരിശോധിക്കണം. സി.പി.എം-ന്റെ ആളുകൾ അതു പരിശോധിക്കണം. ഏകദേശം ഒരു കോടിയോളം രൂപ പാർട്ടിക്കും നേതാക്കൾക്കും ഞാൻ നൽകിയിട്ടുണ്ട് എന്ന് മണിച്ചൻ പറയുന്നു. കുട്ടികളുടെ സംഘത്തിനും വനിതകളുടെ സംഘടനകൾക്കും മാത്രമല്ല ഉദ്യോഗസ്ഥൻമാർക്ക് വേറെയും നൽകിയിട്ടുണ്ട്. മന്ത്രിസഭയ്ക്ക് പ്രതിവാരക്കുറിപ്പെഴുതുന്ന കവിഹൃദയം വരെ എന്റെ കയ്യിൽ നിന്ന് പണം വാങ്ങിയിട്ടുണ്ട് എന്നു പറഞ്ഞാൽ എവിടെയെത്തി നിങ്ങളുടെ സാംസ്കാരികമായ അധഃപതനം. തീർന്നില്ല, മണിച്ചൻ വീണ്ടും പറയുന്നു. ഒരു ഉന്നതന് പെണ്ണ് കൂട്ടാൻ പറഞ്ഞപ്പോൾ ഞാൻ എതിർത്തു. സർ, ആരാണ് ആ ഉന്നതൻ? കേരളത്തിന്റെ സാമൂഹിക സാംസ്കാരിക പാരമ്പര്യത്തിന് അപമാനമാണ്. അല്ലേ? അബ്കാരി കരാറുകാരനെക്കൊണ്ട് പെണ്ണു കൂട്ടാൻ ആവശ്യപ്പെട്ടിരിക്കുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉന്നതനാണെന്ന് പത്രക്കാരോട് പറഞ്ഞിരിക്കുന്നു. എന്താണ് നിഷേധിക്കാത്തത്? എന്താണ് നിഷേധമുണ്ടാകത്തത്? തീർന്നില്ല, മണിച്ചൻ പറയുന്നു: ആ ഉന്നതന് പെണ്ണു കൂട്ടാൻ കൂട്ടു നിൽക്കാത്തതു എനിക്ക് നാശമായി എന്നാണ്. ഇന്ന് അയാളെ കൽത്തുറുങ്കിൽ അടയ്ക്കാനുണ്ടായ കാരണം അതാണെന്ന് മണിച്ചൻ വിശ്വസിക്കുന്നു. തീർന്നില്ല. അദ്ദേഹം പറയുന്നു; എന്റെ ബെൻസ് കാറിൽ തലസ്ഥാനത്തെ ഉന്നതൻമാർ അവരുടെ ഭാര്യമാരെയും വെപ്പാട്ടിമാരെയും കൊണ്ട് ഉല്ലാസകേന്ദ്രത്തിൽ ഊരു ചുറ്റുകയായിരുന്നു. ഞാൻ അപ്പോൾ ടാക്സി കാറിൽ സഞ്ചരിക്കുന്നു എന്നാണ് പറയുന്നത്. ഒരു കാര്യത്തിൽ എന്റെ കാർ മോക്ഷം ലഭിച്ചതാണ്. കാരണം ഒരുമാതിരിയുള്ള പ്രധാനപ്പെട്ട അമ്പലങ്ങളിലെല്ലാം ദർശനം നടത്തിയിരുന്ന കാറിന് കാവൽ പോലീസുകാരും വി.വി.ഐ.പികളുമായിരുന്നു.-ആരാണ് സർ, ഈ ബെൻസ് കാറിൽ യാത്ര ചെയ്തത്? ഏതു വി.ഐ.പി. ആണ് ബെൻസ് കാറിൽ യാത്ര ചെയ്തത്? അറിയാൻ കേരളത്തിലെ ജനങ്ങൾക്ക് താൽപ്പര്യമുണ്ട്. ജനങ്ങൾക്ക് അതിനുള്ള അധികാരമുണ്ട്, അവകാശമുണ്ട്. അതു പറയണം. ബഹു.മുഖ്യമന്ത്രിയുടെ ഭാര്യ അമ്പലങ്ങളിൽ പോയിട്ടുണ്ട്. അവർ ഉപയോഗിച്ച കാറിന്റെ നമ്പർ ടി.എൻ.01-കെ. 3637 ആണ്. മണിച്ചന്റെ കാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നമ്പറും അതാണ്. മുഖ്യമന്ത്രിയുടെ ഭാര്യ ആ കാറിൽ പോയി എന്നു ഞാൻ പറയുന്നില്ല. പക്ഷേ മുഖ്യമന്ത്രിയുടെ ഭാര്യപോയ ബെൻസ് കാറും മണിച്ചന്റെ ബെൻസ് കാറും ഒന്നാണെന്നു മാത്രം എനിക്കറിയാം. മണിച്ചന്റെ ബെൻസ് കാറിൽ മുഖ്യമന്ത്രിയുടെ ഭാര്യ യാത്ര ചെയ്തിരിക്കുന്നു എന്നു പറഞ്ഞാൽ! മണിച്ചനെപ്പോലുള്ള ആളുകളിൽ നിന്നും കോടികൾ വാങ്ങിയത് പുറത്തു വരാതിരിക്കാനല്ലേ അന്വേഷണത്തിന്റെ പരിധിയിൽ നിന്നു പാർട്ടികളെ ഒഴിച്ചു നിർത്തിയത്? പാർട്ടികളെ ഉൾപ്പെടുത്താൻ നിങ്ങൾ കാണിച്ച വൈമുഖ്യം ദിവസങ്ങളും ആഴ്ചകളുമായി കേരളത്തിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ തർക്കമായി നിലനിൽക്കുകയല്ലേ? ഇന്നലെ വരെ നിയമസഭയിൽ ഈ വാദപ്രതിവാദങ്ങൾ നടന്നില്ലേ? നിങ്ങൾക്ക് പ്രയാസമുണ്ട്. മാർക്സിസ്റ്റു പാർട്ടി എന്നുപറയുന്ന പ്രസ്ഥാനം, അതിന്റെ ഒന്നാം പ്രതി ആരാണെന്ന് പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞപ്പോൾ തലങ്ങും വിലങ്ങും നിഷേധിച്ചു. നിങ്ങൾക്ക് ഉത്തരമെവിടെ? മദ്യദുരന്തം ഉണ്ടാകുന്നതിന് 20 ദിവസത്തിനു മുൻപാണ് സി.പി.എം. ജില്ലാ സെക്രട്ടറി ഒന്നേകാൽ ലക്ഷം രൂപ മണിച്ചനിൽനിന്ന് വാങ്ങിയത്. മുഖ്യമന്ത്രിയുടെ ഭാര്യവരെ മണിച്ചന്റെ സേവനം ഉപയോഗപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കുമുൻപ് കേരളത്തിലെ ജനങ്ങളോട് പറഞ്ഞു. കേരളത്തിൽ അഴിമതിയില്ലാത്ത മൂന്നു മുഖ്യമന്ത്രിമാരേ ഉണ്ടായിട്ടുള്ളു. ഒന്ന്, സഖാവ് ഇ.എം.എസ്. രണ്ട്, അച്ചുതമേനോൻ, മൂന്നാമത്തേത് ഞാനാണ്. കേരളത്തിലെ ജനങ്ങൾ അതുകേട്ട് ഊറിച്ചിരിക്കും. മുഖ്യമന്ത്രിയുടെ കുടുംബത്തിലെ ആരെക്കുറിച്ചാണ് ആരോപണം വരാൻ ഇനിയുള്ളത്? മകൻ കൃഷ്ണകുമാറിനെക്കുറിച്ച് ആരോപണം വന്നില്ലേ? മരുമകൻ ശ്രീ. രവീന്ദ്രനെക്കുറിച്ച് ആരോപണം വന്നില്ലേ? മറ്റൊരു മകൻ പ്രദീപ്കുമാറിനെക്കുറിച്ച് ആരോപണം വന്നില്ലേ? ഇനി ആരെക്കുറിച്ചാണ് ആരോപണം വരാൻ ബാക്കിയുള്ളത്? അദ്ദേഹത്തിന്റെ ഭാര്യയെക്കുറിച്ച് ഇപ്പോൾ ആരോപണം വന്നില്ലേ? ബഹു.മുഖ്യമന്ത്രി തന്നെ ലണ്ടൻ യാത്ര നടത്തി നാട്ടിൽ തിരിച്ചുവന്നപ്പോൾ പറഞ്ഞതെന്താണ്? എന്റെ യാത്രയെല്ലാം ഫ്രീ. ഒരു pen മാത്രമേ ഞാൻ വാങ്ങിയിട്ടുള്ളൂ എന്നാണ്. ലണ്ടനിൽ പോയി സൗദിയിലെ രാജാവ് ചികിത്സിക്കുന്ന ഒരു ആശുപത്രിയിൽ ഒരു ടെസ്റ്റ് നടത്തി തിരിച്ചുവരാൻ മിനിമം ഏഴു ലക്ഷം രൂപയെങ്കിലും വേണ്ടേ? ആരാണ് ഈ ഏഴ് ലക്ഷം രൂപ കൊടുത്തത്? ആരാണ് ഏഴു ലക്ഷം രൂപയുടെ ചുമതല വഹിച്ചത്? അതിനുത്തരം പറയണ്ടേ? സത്യപ്രതിജ്ഞ ചെയ്തു മുഖ്യമന്ത്രിയാകുമ്പോൾ അദ്ദേഹം പറഞ്ഞ ഒരു പദപ്രയോഗമുണ്ട്. 'I will do right to all manner of people in accordance with the Constitution and the Law without fear or favour, affection or ill will.' ഏഴു ലക്ഷം രൂപ ഇതിന് അനുസൃതമാണോ? ഏഴു ലക്ഷം രൂപ അന്യന്റെ തുക കൈപ്പറ്റിയതുവഴി, ഒരു favour സ്വീകരിക്കുക വഴി, കേരളത്തിന്റെ മുഖ്യമന്ത്രിയും അഴിമതി നടത്തിയില്ലേ? ബഹു.മുഖ്യമന്ത്രിയുടെ കുടുംബത്തിൽ ഇനി ആരാണ് ബാക്കിയുള്ളത്? മണിച്ചന്റെ പണം വാങ്ങി പാർട്ടി തടിച്ചുകൊഴുത്തു വളരുമ്പോൾ നിയമസഭയിൽ നിൽക്കുന്ന കേരളത്തിലെ മാർക്സിസ്റ്റ് എം.എൽ.എ.മാരിൽ എത്രപേർക്ക് മണിച്ചനെ തള്ളിപ്പറയാൻ സാധിക്കും?

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : എല്ലാവർക്കും പറയാൻ സാധിക്കും.

ശ്രീ. കെ. സുധാകരൻ : ആർക്കെങ്കിലും പറയാൻ സാധിക്കുമോ? മണിച്ചനെ നിങ്ങൾക്കു തള്ളിപ്പറയാൻ സാധിക്കുമോ? നാലരവർഷക്കാലം സംസ്ഥാനം ഭരിച്ച് അഴിമതിയുടെ ചെളിക്കുണ്ടിൽ ചവിട്ടിത്താഴ്ത്തിയ ഒരു

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റാണ് ഇവിടെയുള്ളത്. സർ, ഗുരുതരമായൊരു ആരോപണം ഞാൻ എഴുതിത്തന്നിട്ടുണ്ട്. ഈ സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു വർഷക്കാലം സംസ്ഥാന സർക്കാരിന് വിതരണം ചെയ്ത സെൽകോ ഇൻഡസ്ട്രീസ് ബാറ്ററിയെക്കുറിച്ച് ഒരു പ്രിലിമിനറി എൻക്വയറി റിപ്പോർട്ട് Allegation against officials -ന് ഒരു വിജിലൻസ് റിപ്പോർട്ട് ലോകായുക്ത സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് അറിയാവുന്നതാണ്. ബഹു.വകുപ്പുമന്ത്രി അറിയാതെയാണോ ഈ ഡീലിംഗ്സ് നടന്നത് എന്നാണ് എന്റെ ചോദ്യം. ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവു കൂടാതെയാണോ ഈ dealings നടന്നത്, ടെണ്ടറിൽ പങ്കെടുത്തുകൊണ്ട് സെൽകോ കമ്പനിയുടെ ഓർഡർ വാങ്ങുന്നത് തീർത്തും നിയമവിരുദ്ധമായ, തീർത്തും അനധികൃതമായ, തീർത്തും സ്വാർത്ഥപരമായി സഹായിക്കാനുള്ള നടപടിക്രമങ്ങളാണെന്നു പറഞ്ഞാൽ അതു നിഷേധിക്കാൻ ബഹു.ധനകാര്യവകുപ്പുമന്ത്രിക്കു സാധിക്കുമോ? സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥൻമാരെ മാത്രം തൂക്കാൻ വിധിച്ചിട്ട് അങ്ങു മാറി നിൽക്കുന്നത് ധാർമ്മികതയാണോ? അതു പരിശോധിക്കണ്ടേ? ആദ്യ റൗണ്ടിൽ പുറത്തായിരിക്കുന്ന സെൽകോ കമ്പനി ടെണ്ടർ ക്വാട്ട് ചെയ്തപ്പോൾ, rate contract for M.T. batteries ടെണ്ടർ ക്വാട്ട് ചെയ്ത് ആദ്യത്തെ റൗണ്ടിൽ, മൂന്നു കാരണങ്ങൾ കൊണ്ട് പുറത്തുപോകേണ്ടിവന്ന സെൽകോ എന്നു പറയുന്ന കൊടുങ്ങല്ലൂരിലെ കമ്പനി എങ്ങനെ മൂന്നു വർഷം ഈ സംസ്ഥാനത്ത് ബാറ്ററി വിതരണം നടത്തി? ടെണ്ടറിൽ പറഞ്ഞിരിക്കുന്ന മൂന്നു കാര്യങ്ങൾ നിറവേറ്റാൻ അവർക്ക് സാധിച്ചിട്ടില്ല. (1), പരസ്യം ചെയ്ത 11 ഇനങ്ങളിൽ ഏഴെണ്ണമേ സെൽകോ കമ്പനി ക്വാട്ട് ചെയ്തുള്ളൂ. (2), മൂന്നു റീജിയൺ ക്വാട്ട് ചെയ്യാൻ ആവശ്യപ്പെട്ടതിൽ രണ്ടു റീജിയണുകളിലേ സെൽകോ കമ്പനി ക്വാട്ട് ചെയ്തുള്ളു. (3), തിരിച്ചെടുക്കേണ്ടുന്ന സ്ക്രാപ് ബാറ്ററികളുടെ റേറ്റ് സെൽകോ കമ്പനി ക്വാട്ട് ചെയ്തില്ല. അതുകൊണ്ടുതന്നെ ആദ്യത്തെ ഒൻപതു കമ്പനികൾ അപേക്ഷ കൊടുത്തതിൽ ആദ്യം പുറത്തുപോയ കമ്പനി സെൽകോ ഇൻഡസ്ട്രീസ്, കൊടുങ്ങല്ലൂരാണ്. പക്ഷേ മൂന്നു വർഷമായി അവരാണ് ഇവിടെ ബാറ്ററി വിതരണം ചെയ്യുന്നത്. എങ്ങനെ ഈ കമ്പനി കടന്നുവന്നു? ഞാനതിന്റെ പ്രമാദമായ ആരോപണങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷേ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. 1997-98 വർഷക്കാലത്തേക്ക് ഈ സംസ്ഥാനത്ത് M.T. Batteries നുവേണ്ടി റേറ്റ് കോൺട്രാക്ട് ഫിക്സ് ചെയ്ത ക്വാളിഫയിംഗ് ലിസ്റ്റ് ജയിച്ചുവന്ന ബാംഗ്ലൂരിലെ സതേൺ ബാറ്ററീസിനെ ഒഴിവാക്കാൻ നിങ്ങളുടെ ഓഫീസ് നടത്തിയ ക്രമവിരുദ്ധമായ നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി, അങ്ങു പരിശോധിച്ചോ? ആദ്യ റൗണ്ടിൽ പിൻതള്ളപ്പെട്ട സെൽകോ കമ്പനിക്കാരൻ കടന്നുവന്നത് എങ്ങനെയാണെന്ന് ആലോചിച്ചോ? ക്വാളിഫൈഡായിട്ടുള്ള സതേൺ ബാറ്ററിക്കാരന് അയച്ച കത്ത് ബോധപൂർവ്വം ഡിലേ ആക്കി. ഒരുമാസം ഡിലേ ആക്കി. സാദാ പോസ്റ്റിൽ ഒരു കത്തയച്ചു. ഡെപ്പോസിറ്റ് വയ്ക്കാൻ എഗ്രിമെന്റ് ഒപ്പു വയ്ക്കാനാണ്. ഒരു മാസം കഴിഞ്ഞാണ് കത്ത് ബാംഗ്ലൂരിലെത്തിയത്. അവർക്ക് കത്തു കിട്ടുന്നത് 15.4.97-നാണ്. അവരതിന് വില്ലിംഗ്നെസ് പ്രകടിപ്പിച്ചുകൊണ്ട് 11,000 രൂപയുടെ ഡി.ഡി. അയച്ചു. ആ ഡി. ഡി.ക്ക് സമ്മതം പ്രകടിപ്പിച്ചുകൊണ്ടുള്ള കത്ത് നിങ്ങളുടെ ഡിപ്പാർട്ട്മെന്റിൽ 15.4.97 ന് വന്നു. പക്ഷെ 15.4.97-നു വന്ന കത്ത് നിങ്ങളുടെ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ രജിസ്റ്ററിൽ കൊള്ളിക്കാതെ നിങ്ങൾ സതേൺ കമ്പനി, ബാംഗ്ലൂരിന് തിരിച്ചയച്ചു. അതിനിടയ്ക്ക് നിങ്ങളത് ചെയ്തു. ഒന്നാം റൗണ്ടിൽ പുറത്തുപോയിരുന്ന സെൽകോ കമ്പനിക്കാരുടെ കൈയിൽ നിന്നും നിങ്ങ

ളൊരു കത്തുവാങ്ങിച്ചു. ആ കത്തിൽ സെൽകോ കമ്പനിക്കാരൻ പറയുന്നു.... M/s Southern Batteries, Bangalore, appear to have backed out from their offer, we are prepared to accept the Rate Contract, on condition that we are given a price preference of 15 % over the price quoted by M/s southern Batteries, Bangalore, which is .... സതേൺ ബാറ്ററീസ് ക്വാട്ട് ചെയ്തതിൽനിന്നും 15% കൂട്ടിയെടുക്കാൻ ഞങ്ങൾ തയ്യാറാണെന്നു പറയുന്ന സെൽകോ കമ്പനിക്കാരുടെ കത്ത് 154-ന് നിങ്ങളുടെ ഡിപ്പാർട്ടുമെന്റിന് കിട്ടി. ആ കത്ത് അന്നുതന്നെ നിങ്ങളുടെ സെക്ഷൻ ഓഫീസർ കണ്ടു, അഡീഷണൽ സെക്രട്ടറി കണ്ടു, പ്രിൻസിപ്പൽ സെക്രട്ടറി കണ്ടു, അങ്ങയുടെ മുൻപിലെത്തി. 15-ാം തീയതി സെൽകോ കമ്പനിക്കാരൻ തന്നിരുന്ന കത്ത് നാലുമേശകൾ കടന്ന് 5-ാമത് വകുപ്പു മന്ത്രിയുടെ മേശപ്പുറത്തെത്തി. 16-ാം തീയതി അങ്ങത് അപ്രൂവ് ചെയ്ത് ഓർഡറിട്ടു. 21-ാം തീയതി ഗവൺമെന്റ് ഉത്തരവിറക്കി. കേരളത്തിന്റെ ചരിത്രത്തിൽ ഏതെങ്കിലുമൊരു ഫയൽ ഇതുപോലെ നീങ്ങിയിട്ടുണ്ടോ? ഒരു ദിവസം നാലുമേശകൾ കടന്ന് മന്ത്രിയുടെ മുന്നിലെത്തിയ ഫയൽ 16-ാം തീയതി അങ്ങ് അപ്രൂവ് ചെയ്ത് 21-ാം തീയതി ഓർഡറിട്ട് നിങ്ങൾ സെൽകോ കമ്പനിക്കാരന് ഓർഡർ കൊടുത്തു. 25.2.97-ൽ സതേൺ ബാറ്ററിക്കാരന് അനുവദിച്ച കരാറിന്റെ വിവരം 6.3.97-ൽ ഓർഡിനറി പോസ്റ്റിൽ കൊടുക്കുക വഴി അവർക്ക് റെസ്പോണ്ട് ചെയ്യാൻ സമയം കൊടുക്കാതെ 15.4.97-ന് സെൽകോ കമ്പനിക്കാരന്റെ കത്തുവാങ്ങി അനധികൃതമായ മാർഗ്ഗത്തിലൂടെ സെൽകോ കമ്പനിക്കാരനെ നിങ്ങൾ ഇതിന്റെ വിതരണക്കാരനായി വച്ചത് നിയമാനുസൃതമാണോ? അത് അങ്ങ് അറിയാതെയാണോ? അറിയാതെയാണെന്നുപറയാൻ അങ്ങേയ്ക്ക് സാധിക്കുമോ? അത് ഒന്നാമത്തെ വർഷം 1997-98-ലാണ്. 1998-99-ൽ ഇതിനേക്കാളും വൃത്തികെട്ട രീതിയിലാണ് ടെണ്ടർ വിളിച്ചത്. സാധാരണ ടെണ്ടർ വിളിക്കുന്നത് ഒക്ടോബർ, നവംബർ മാസങ്ങളിലാണ്. മാർച്ച് ആകുമ്പോൾ കംപ്ലീറ്റാകും. ഇപ്രാവശ്യം, 1998-99-ൽ നിങ്ങൾ ടെണ്ടർ വിളിച്ചിരിക്കുന്നത് മാർച്ച് 18-ാം തീയതിയാണ്. 16 ടെണ്ടർ കിട്ടിയതിൽ 7 എണ്ണം തള്ളി. സതേൺ ബാറ്ററീസ്/സായി ഇലക്ട്രിക്കൽസ് ഇവ സാമ്പിൾ കൊടുത്തില്ലായെന്നുപറഞ്ഞ് അതും തള്ളി. എന്നിട്ട് അവസാനം കൃഷ്ണ അക്യൂമുലേറ്റേഴ്സിനെ നിങ്ങൾ അതിൽ വിജയിയായി പ്രഖ്യാപിച്ചു. അതിൽ കൃഷ്ണ അക്യൂമുലേറ്റേഴ്സിന് അനുകൂലമായി മന്ത്രി ഓർഡറിട്ടു. ആ ഓർഡറിന് 19.9.98-ന് സെക്ഷൻ അസിസ്റ്റന്റ് ഡ്രാഫ്റ്റ് ജി.ഒ. തയ്യാറാക്കി 28.9.98-ന് അത് അണ്ടർ സെക്രട്ടറി ഷംസുദീന്റെ മുൻപിലെത്തിച്ചു. അദ്ദേഹം അത് അംഗീകരിക്കുന്നതിനുപകരം അതിലൊരു നോട്ടെഴുതി. ആ നോട്ട് എന്താണെന്നറിയാമോ? ആ നോട്ടിൽ പറയുന്നത്: "Discussed with Joint Secretary. He told that there seems to be some corrections in the statement prepared. Please put up with the letter since received from the Principal, Engineering College." എഞ്ചിനീയറിംഗ് കോളേജിൽനിന്നും ഒരു കത്തുകിട്ടിയിട്ടുണ്ട്. അതുകൂടി വച്ചുകൊണ്ട് വീണ്ടും വയ്ക്കണമെന്നു പറഞ്ഞു. 7-10-98-ൽ റിപ്പോർട്ട് വന്നപ്പോൾ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ കത്ത് ഫയലിലില്ല. എന്നാൽ 8.10.98-ൽ പ്രിൻസിപ്പലിന്റെ കത്തുവന്നു. എന്താണ് പ്രിൻസിപ്പലിന്റെ കത്തിൽ പറയുന്നത്? പരിശോധന നടത്താതെ ഡിഫക്ട് ഉള്ള ടൂൾസ് ഉപയോഗിച്ചതുകൊണ്ടാണ് ഇതുവന്നതെന്നാണ് പറയുന്നത്. അതുകൊണ്ട് റിപ്പോർട്ട് ശരിയല്ല. ഒരുകമ്പനിയും ജയിച്ചില്ല എന്നാണ് പറയുന്നത്. കൃഷ്ണാ അക്യൂമുലേറ്റേഴ്സിനെ ഡിസ്ക്വാളിഫൈ ചെയ്യാൻ, പുറത്താക്കാൻ നിങ്ങൾ പ്രിൻസിപ്പലിനേയും എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസ്സർ നമ്പൂതിരിയേയും ഉപ

LIBRARY ARCHIVES Kerala Legislative Assembly

യോഗിച്ച് കള്ളറിപ്പോർട്ടുകൾ വാങ്ങി. അതുവഴി നിങ്ങൾ സെൽകോ കമ്പനിക്കാരന്റെ കരാർ മൂന്നാമത്തെ തവണയും തുടർന്നു. 1999-2000-ൽ നിങ്ങൾ ചെയ്തത് എന്താണെന്നറിയാമോ? കേവലം രണ്ടു കമ്പനികൾ മാത്രം ക്വാളിഫൈഡാണെന്ന് നിങ്ങൾ പ്രഖ്യാപിച്ചു. ബാക്കിയെല്ലാവരേയും തോല്പിച്ചു. ആ രണ്ട് കമ്പനി ഏതൊക്കെയാണെന്ന് അറിയാമോ? ഒന്ന് സെൽകോയാണ്, മറ്റൊന്ന് സ്റ്റാർ ടെക്നോ ഇൻഡസ്ട്രീസ്. ഇതുരണ്ടും മാത്രം അതിൽ ക്വാളിഫൈഡായി. സ്റ്റാർ ടെക്നോ ഇൻഡസ്ട്രീസ് അവരുടെ ഓഫർ പിൻവലിച്ചു. അതിന്റെ പിന്നിലെ വശം നിങ്ങൾക്കറിയാമോ? രണ്ടും ഒരേ ഹാൻഡ്റൈറ്റിംഗിലാണ് അപേക്ഷ അയച്ചത്, ഒരേ ലെറ്റർ പാഡിൽ, ഒരേ ഒപ്പ്, ഒരേ എഴുത്ത്, ബിനാമി. സെൽകോയുടെ ബിനാമിയെക്കൊണ്ട് നിങ്ങൾ അപേക്ഷ കൊടുപ്പിച്ചിട്ട് സെൽകോ ബിനാമിയേയും സെൽകോയേയും നിങ്ങൾ വിജയിയായി പ്രഖ്യാപിച്ചു. ഒടുവിൽ സ്റ്റാർ ടെക്നോ ഇൻഡസ്ട്രീസ് ഓഫർ പിൻവലിച്ചപ്പോൾ സെൽകോ വീണ്ടും ക്വാളിഫൈഡായി. മൂന്നാം ഘട്ടവും സെൽകോ വന്നു. ഞാൻ ചോദിക്കട്ടെ, ഈ സെൽകോ കമ്പനി ആരാണ്? സെൽകോ കമ്പനിയെക്കുറിച്ച് വ്യാപകമായ ആരോപണം വന്നിരിക്കുന്നു. കൊടുങ്ങല്ലൂരിൽ ഇതുപോലെ ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ലൈസൻസുള്ള ഒരു കമ്പനിയില്ല. ഈ സെൽകോ കമ്പനിക്ക് ഫാക്ടറി ലൈസൻസില്ല. അത്തരമൊരു കമ്പനിക്ക് കേരളത്തിൽ ലൈസൻസ് കൊടുത്തിട്ടില്ല. സെൻട്രൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് എക്സൈസ് ഡ്യൂട്ടി അടയ്ക്കാൻ ഇവർക്ക് കത്തയച്ചപ്പോൾ ഇവർ അയച്ച മറുപടി, 'We are not producers, we are only a sales agent' എന്നാണ്. സെയിൽസ് ഏജന്റായിരുന്ന സെൽകോ കമ്പനിക്ക് എങ്ങനെയാണ് നിങ്ങളുടെ ടെണ്ടറിൽ പങ്കെടുക്കാൻ കഴിഞ്ഞത്? പുറത്ത് ജനം പറയുന്നത് അങ്ങയുടെ മരുമകന്റെ ബിനാമി കമ്പനിയാണ് ഈ സെൽകോ ഇൻഡസ്ട്രീസ്, കൊടുങ്ങല്ലൂർ എന്നാണ്. അങ്ങേയ്ക്ക് നിഷേധിക്കാമോ? പത്രത്തിലെ പിന്നാമ്പുറത്തെ വാർത്തയാണിത്. ആ ബിനാമി കമ്പനിക്കുവേണ്ടി തെറ്റായ മാർഗ്ഗത്തിലൂടെ മൂന്നു വർഷത്തെ കരാർ കൊടുക്കുകവഴി അങ്ങ് സാമ്പത്തികമായി നേട്ടമുണ്ടാക്കിയെന്ന് ഞാൻ ആരോപണമുന്നയിച്ചാൽ അങ്ങേയ്ക്ക് അത് നിഷേധിക്കാൻ സാധിക്കുമോ എന്നെനിക്കറിയില്ല. പക്ഷേ സാമ്പത്തികമായി സെൽകോ കമ്പനിക്കാരെ സഹായിക്കുമ്പോൾ ഖജനാവിന് കോടികൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മൂന്നു വർഷത്തേയ്ക്കാണ് കരാറെങ്കിലും 15 വർഷത്തേക്കുവേണ്ടി ബാറ്ററി സംസ്ഥാനത്ത് വാങ്ങിക്കൂട്ടിയിട്ടുണ്ട്. അത് ക്വാളിഫൈഡായിട്ടുള്ള ബാറ്ററിയല്ല. സബ്സ്റ്റാൻഡേർഡായ ബാറ്ററിയാണ്, മന്ത്രിമാരിൽ ഒരാൾപോലും ഈ ബാറ്ററി ഉപയോഗിക്കുന്നില്ല. ഈ ബാറ്ററിയെക്കുറിച്ച് വ്യാപകമായ പരാതിയുണ്ടായിട്ടുപോലും, മന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നോട്ടുണ്ടായിട്ടും അതിനേയും അങ്ങ് ഓവർറൂൾ ചെയ്തുകൊണ്ടാണ് മൂന്നാം ഘട്ടവും സെൽക്കോ കമ്പനിക്ക് ഓർഡർ നൽകിയത് എന്നുപറയുമ്പോൾ ഇതിനകത്ത് അടങ്ങിയിരിക്കുന്ന ഗുരുതരമായ ആരോപണത്തെക്കുറിച്ച് അന്വേഷിക്കണം. നിയമപരമായി അങ്ങ് കോടതിക്കുമുൻപിൽ വിധേയമാക്കാനും ഇന്ന് സമർപ്പിച്ചിരിക്കുന്ന വിജിലൻസ് റിപ്പോർട്ട് ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ട് ഒരു പുനർ റിപ്പോർട്ട് സമർപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഈ ഗവൺമെന്റ് അവതരിപ്പിച്ച സപ്ളിമെന്ററി ഡിമാൻഡിനെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരളം 1991 മുതൽ 1996 വരെ ഭരിച്ചുമുടിച്ചിട്ടുപോയ യു.ഡി.എഫ്. ഗവൺമെന്റിൽ നിന്നും കേരളത്തെ രക്ഷിക്കാൻ.............ബഹളം....

ശ്രീ. കെ. സുധാകരൻ : സർ, നിയമസഭയിൽ എടാപോടാ എന്നുവിളിക്കുന്നത് ഓർഡറിലാണോ?.........................ബഹളം............

മി. സ്പീക്കർ : അതൊന്നും രേഖയിലുണ്ടാവില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇവിടെ ശ്രീമതി ജെ. മേഴ്സിക്കുട്ടി എഴുന്നേറ്റു സംസാരിച്ചപ്പോൾ അവിടെയിരുന്നുകൊണ്ട് താത്തയെന്നു വിളിക്കുകയാണ്. അപ്പോൾ അവിടെയുള്ളവർക്ക് എന്ത് തോന്ന്യാസവും പറയാമെന്നാണോ?..............ബഹളം...........മണിച്ചൻ ഈ പറയുന്നവരുടെ തന്തയായിരിക്കും.................(ബഹളം)..............വിവരമുള്ളവർ പറഞ്ഞാൽ അതുപോലെ മറുപടി പറയും................(ബഹളം).............കേരളം അന്നു ഭരിച്ചുമുടിച്ച ഭരണാധികാരികളായിരുന്ന ആളുകൾ, യു.ഡി.എഫ്.ന്റെ നേതാക്കൾ, ഇന്ന് കോടതിയുടെ തിണ്ണ കയറിയിറങ്ങുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ)

എന്റെ ബഹുമാന്യനായ സുഹൃത്ത് സുധാകരൻ, ശ്രീ. ശിവദാസമേനോന് എതിരായി കുറെ ആരോപണങ്ങൾ ഉന്നയിച്ചു. അതെല്ലാം എഴുതിക്കൊടുത്ത ആരോപണങ്ങളാണ്. അപ്പുറത്തുള്ളവരെക്കുറിച്ച് ഈ സഭയിൽ ഞങ്ങൾ ആരോപണം ഉന്നയിക്കുക മാത്രമല്ല ചെയ്തത്, മൈതാനത്ത് പ്രസംഗിക്കുക മാത്രമല്ല ചെയ്തത് അതിനാവശ്യമായ തെളിവുകളുണ്ടാക്കി. നിങ്ങളുടെ നേതാക്കളായിട്ടുള്ള എത്ര മന്ത്രിമാരാണ് ഇന്ന് കോടതിത്തിണ്ണകൾ ഇറങ്ങിക്കയറുന്നത്? പലരും ശിക്ഷ വിധിക്കപ്പെട്ട് അപ്പീലിന്റെ സഹായത്താലാണ് പുറത്തു നിൽക്കുന്നത്, അല്ലെങ്കിൽ ജയിലിലായിരിക്കും. എന്തുകൊണ്ട് ഒരു സ്പോർട്സ്മാൻ സ്പിരിറ്റിൽ നിങ്ങളും അതുപോലെ എടുക്കുന്നില്ല? ഇവിടെയിരിക്കുന്ന ആൾക്കാർ ആരെങ്കിലും അഞ്ചു പൈസ കൈക്കൂലി വാങ്ങിയതായിട്ടുണ്ടെങ്കിൽ, അഴിമതി കാണിച്ചിട്ടുണ്ടെങ്കിൽ, ഞങ്ങൾ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തുകൊണ്ട് നിങ്ങൾ സ്വീകരിക്കുന്നില്ല? നിങ്ങൾ സ്വീകരിക്കാത്തത് നിങ്ങളുടെ കൈയിൽ അതിനുള്ള യാതൊരു വകയുമില്ലാത്തതുകൊണ്ടാണ്. നിങ്ങൾ ഒരു പുകമറ സൃഷ്ടിക്കുകയാണ്. യു.ഡി.എഫ്. ലെ മന്ത്രിമാരെപ്പോലെയാണ് എൽ.ഡി.എഫ്.ലെ മന്ത്രിമാരുമെന്നു വരുത്തിത്തീർക്കാനുള്ള ഒരു പുകമറ പരത്തൽ - അതാണ് നിങ്ങൾ ചെയ്യുന്നത്. ഞങ്ങൾ വെല്ലുവിളിക്കുന്നു. നിങ്ങൾക്ക് തന്റേടമുണ്ടോ? നിങ്ങൾ ആരോപണമുന്നയിച്ച ഏതെങ്കിലുമൊരു മന്ത്രിക്കെതിരായി, ഒരു മുൻസിഫ് കോടതിയിലെങ്കിലും ഒരു കടലാസ് കൊടുക്കാൻ തന്റേടമുണ്ടോ? നിങ്ങൾക്കെതിരായി സകല കോടതികളും കയറിയിറങ്ങി, സുപ്രീം കോടതി വരെ കയറിയാണ് ശ്രീ. കെ. കരുണാകരനും ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കും എതിരെ ശ്രീ. വി.എസ്. അച്യുതാനന്ദൻ പോരാടിയത്. ഇന്നവർ കിടന്നു വെള്ളം കുടിക്കുകയാണ്. ശ്രീ.വി.എസ്. അച്യുതാനന്ദൻ അതിനുള്ള രേഖകളൊക്കെയുണ്ടാക്കി, സ്വന്തം കാശു മുടക്കിയാണ് കേസ്സു പറഞ്ഞത്. എന്താണ് അതിന് നിങ്ങൾക്ക് കഴിയാത്തത്? നിങ്ങൾക്ക് ഞങ്ങളോടുള്ള സ്നേഹം കൊണ്ടാണോ? അപ്പോൾ അതിന്റെ അർത്ഥം നിങ്ങളുടെ കൈയിൽ ഒന്നുമില്ലെന്നാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം, മണിച്ചന്റെ മദ്യത്തെക്കാൾ മദ്യലഹരി നിങ്ങളുടെ തലയിൽ കയറിയിരിക്കുകയാണ്, അതായത് തെരഞ്ഞെടുപ്പു ലഹരി. ആ ലഹരിയിലാണ് നിങ്ങൾ ഈ പ്രശ്നങ്ങളൊക്കെയുണ്ടാക്കുന്നത്. മണിച്ചൻ ആരാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ നിങ്ങളോട് പറയാം. എന്റെ നാട്ടുകാരനാണ് മണിച്ചൻ. എനിക്ക് നല്ലതു പോലെ അറിയാവുന്ന ആളാണ് മണിച്ചൻ. അതിന്റെ ഫലം അനുഭവിച്ച ആളാണ് ഞാൻ. ....(ബഹളം)........... പറയാൻ പോകുകയാണ്. ക്ഷമ യോടെ ഇരിക്കുക. ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു എന്നു ഞാൻ പറ ഞ്ഞതിന് കാരണമുണ്ട്. ഈ ഗവൺമെന്റിനെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങൾ ഇന്നലെയും ഇന്നുമായി നിങ്ങൾ പറഞ്ഞു. നാളെയും പറയും. കുറച്ചു പേർ ഇവിടെ പുറത്തു കിടക്കുന്നുണ്ടല്ലോ? എന്തിനാണ് അവിടെ കിടക്കുന്നത്? ആരാണ് അതിനുത്തരവാദി? ഈ കിടക്കുന്നവർ തന്നെയല്ലെ അതിന് ഉത്തര വാദി? നാണ്യവിളകളുടെ വിലയിടിവിനു കാരണം നിങ്ങളല്ലേ? ശ്രീമതി സോണിയാഗാന്ധി പറഞ്ഞിരിക്കുന്നത്, Congress committed to economic reforms എന്നാണ്. ഈ സാമ്പത്തിക പരിഷ്ക്കാരങ്ങൾക്കെല്ലാം കോൺഗ്രസ് കമിറ്റഡ് ആണ്. ഈ ഇറക്കുമതി കരാറിലെല്ലാം ഒപ്പുവെച്ചത് കോൺഗ്രസ് അല്ലേ? അതിന്റെ ഫലമായിട്ടല്ലേ വെളിച്ചെണ്ണയും കൊപ്രയും തേങ്ങാപ്പിണ്ണാ ക്കുമെല്ലാം ഇറക്കുമതി ചെയ്തത്? അങ്ങനെയല്ലേ നാളികേരക്കൃഷിക്കാരുടെ നട്ടെല്ല് ഒടിച്ചത്? ആ വിഷയം ചർച്ചചെയ്യാമെന്ന് ഇന്നലെ മുഖ്യമന്ത്രിയും ബന്ധപ്പെട്ട ആളുകളും പറഞ്ഞിട്ടും അവിടെ പോയി കിടക്കുന്നു. എന്തിന്? ആളുകളെ പറ്റിക്കാൻ. തെരഞ്ഞെടുപ്പു സമയത്ത് ഞങ്ങൾ കൃഷിക്കാരുടെ ആളാണെന്നു പറയാൻ വേണ്ടി. എല്ലാം ഇറക്കുമതി ചെയ്ത് കേരളത്തെ കുത്തുപാളയെടുപ്പിച്ചിട്ട് പത്തെണ്ണം അവിടെ കിടക്കുകയാണ്. ഇതിൽപ്പരം നാണംകെട്ട പണിയുണ്ടോ? ചർച്ചചെയ്യാൻ ഞങ്ങൾ തയ്യാറായപ്പോൾ നിങ്ങൾ തയ്യാറല്ല. എന്തുകൊണ്ട്? ഇതിന്റെ ഉത്തരവാദികൾ നിങ്ങളാണെന്ന് ഞങ്ങൾ പറയും. അതു നാട്ടുകാർ അറിയും. അല്ലെങ്കിൽത്തന്നെ നാട്ടുകാർക്ക് അറിയാ വുന്നതാണല്ലോ. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സാമ്പ ത്തികസ്ഥിതിയെ സംബന്ധിച്ചിടത്തോളം എന്താണ് സ്ഥിതി? ഇപ്പോൾ ഓരോ സംസ്ഥാനത്തിന്റേയും സ്ഥിതിയെന്താണ്? ആറു സംസ്ഥാനങ്ങൾ, അന്യ രാജ്യങ്ങളുമായി ഇന്ത്യാ ഗവൺമെന്റ് ഒപ്പു വച്ചതുപോലെ, എം.ഒ.യു. ഒപ്പി ട്ടാണ് ഓരോ വർഷത്തേയ്ക്കുമുള്ള പണം പലിശയ്ക്കും ,ഗ്രാന്റായും കൊടു ക്കുന്നത്. ആറു സംസ്ഥാനങ്ങളുണ്ട്. അങ്ങനെ ഒപ്പിട്ടത്. എന്തൊക്കെയാണ് വ്യവസ്ഥകൾ? നിയമന നിരോധനം ഒറ്റ ആളിനെപ്പോലും നിയമിക്കാൻ പാടില്ല. നിലവിലുള്ള തസ്തികകൾ വെട്ടിക്കുറയ്ക്കുക. പദ്ധതിച്ചെലവിന്റെ 40 ശതമാനം വെട്ടിക്കുറയ്ക്കണം. ഡി.എ. മരവിപ്പിക്കണം. ഇലക്ട്രിസിറ്റി, വാട്ടർ, ട്രാൻസ്പോർട്ട് ചാർജുകൾ വർദ്ധിപ്പിക്കണം. നികുതി 20 ശതമാനം വർദ്ധിപ്പി ക്കണം. ഇത് അംഗീകരിച്ച ആറു സംസ്ഥാനങ്ങൾക്ക് നിത്യനിദാനച്ചെലവു കൾക്കുള്ള കാശ് 25 ശതമാനം ഗ്രാന്റും 75 ശതമാനം ലോണും തരും. ഇതാണ് കേന്ദ്ര ഗവൺമെന്റിന്റെ വ്യവസ്ഥ. അതിൽ ഒപ്പിട്ടു കൊടുത്തിട്ടാണ് മധ്യപ്രദേശ്, രാജസ്ഥാൻ തുടങ്ങിയ രാജ്യങ്ങൾ ചെലവുകൾ നിർവ്വഹിക്കു ന്നത്. ഇതൊക്കെ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. ഇതിൽപ്പരം നാണംകെട്ട ഒരു കാര്യത്തിന് ആരെങ്കിലും ഒപ്പുവയ്ക്കുമോ? എന്നിട്ട് ഇവിടെ വന്നു നിന്നു പ്രസംഗം നടത്തുകയാണ് ചെയ്യുന്നത്. കേരള ഗവൺമെന്റ് ഒപ്പു വച്ചിട്ടില്ല. നിങ്ങൾ അധികാരത്തിൽ വന്ന 1990-91 തൊട്ട് നിങ്ങൾ അവസാനി പ്പിച്ച അഞ്ചു വർഷക്കാലം 5200 കോടി രൂപയാണ് നിങ്ങളുടെ പദ്ധതി അടങ്കൽ. അതേ കാലയളവിൽ എൽ.ഡി.എഫ്.ന്റെ ഈ അഞ്ച് വർഷക്കാ ലത്തെ (നിങ്ങളുടെ ഒരു വർഷത്തേത് ചേർത്ത് എടുത്താൽ) എത്രയാണ് ചെലവഴിച്ചതെന്നറിയാമോ? 16100 കോടി രൂപ. നിങ്ങൾ 5200 കോടി രൂപ പദ്ധ തിക്കുവേണ്ടി ചെലവഴിച്ചപ്പോൾ ഞങ്ങൾ 16100 കോടി രൂപ ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

മൂന്നിരട്ടിയിൽക്കൂടുതൽ! നിങ്ങൾക്ക് ഊഹിക്കാൻ സാധിക്കുമോ? കടം എടുക്കും. ബാധ്യത വരും: നിങ്ങൾ എടുത്ത കടത്തിന്റെ മൂന്നിരട്ടി എടുക്കേണ്ടി വരും. ഈ രാജ്യത്ത് നടന്ന ചെലവുകളെ സംബന്ധിച്ച് നിങ്ങൾ അറിയണം. 8-ാം പഞ്ചവത്സരപദ്ധതിയിൽ അവസാനപ്ലാനിൽ ഈ ഗവൺമെന്റ് ഒരു സിംഗിൾ പൈസപോലും പ്ലാനിൽ വെട്ടിക്കുറവു വരുത്തിയിട്ടില്ല. ഈ കാലയളവിലാണ് 1995-96-ൽ സർക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളവർദ്ധനവ് വന്നത്. നിങ്ങൾ ഭരിക്കുമ്പോൾ കൊടുത്തത് 2947 കോടി രൂപയാണ്. ഇപ്പോൾ എത്ര കൊടുത്തുവെന്ന് അറിയാമോ? 6332 കോടി രൂപ. 3405 കോടി രൂപയാണ് ഒരു വർഷം അധികം കൊടുക്കേണ്ടിവന്നത്. എവിടെ നിന്നാണ് അത് എടുത്തുകൊടുക്കുക? ഈ ഗവൺമെന്റ് ഇതും അതിജീവിച്ചില്ലേ? നിങ്ങളുടെ ഭരണകാലത്ത് ട്രഷറി ദിവസവും അടച്ചിട്ടതുപോലെ അടച്ചിട്ടിരുന്ന ഒരു ഭരണസംവിധാനമാണോ കേരളത്തിൽ? നിങ്ങൾക്ക് നെഞ്ചിൽ കൈവച്ച് എങ്ങനെ പറയാൻ സാധിക്കും? കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി 500 കോടി രൂപ വെട്ടിക്കുറച്ചില്ലേ? ഈ സംസ്ഥാനത്തിന് കിട്ടേണ്ട വിഹിതം കുറച്ചില്ലേ? എന്നിട്ട് ഇതു നടത്തിക്കൊണ്ടു പോയത് ഒരു എഫിഷ്യന്റ് ഫൈനാൻഷ്യൽ മാനേജ്മെന്റ് ആയതുകൊണ്ടല്ലേ? അതിനു ഗവൺമെന്റിനെ പിന്തുണയ്ക്കണ്ടേ? കേരളത്തിന്റെ വളർച്ചാ നിരക്ക് എങ്ങനെ? ഇന്ത്യയിലെ ആവറേജ് വളർച്ചാ നിരക്ക് 5.8 ശതമാനമായപ്പോൾ 1998-99-ൽ, കഴിഞ്ഞ വർഷം, കേരളത്തിന്റേത് 7 ശതമാനമാണ്. ഇതു കേരളം കൈവരിച്ച നേട്ടമാണ്. ധനകാര്യ മാനേജുമെന്റിന്റെ എഫിഷ്യൻസിയാണ് ഇതു കാണിക്കുന്നത്. ഒറ്റവർഷം പോലും പദ്ധതിച്ചെലവിൽ കുറവു വരുത്തിയിട്ടില്ല. ബഡ്ജറ്റിൽ വച്ചിട്ടുള്ള മുഴുവൻ സംഖ്യയും ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത്. ശ്രീമതി ഗൗരിഅമ്മയുടെ ചോദ്യത്തിന് ഉത്തരം ഞാൻ പറയാം. വികസന കാര്യം ഞാൻ പറയാം. 1998-99-ൽ വികസനം ബഡ്ജറ്റ് 662 കോടി രൂപയായിരുന്നു. 1998-99-ൽ 835 കോടി രൂപയായി. 1999-2000-ൽ 980 കോടി രൂപ. അങ്ങനെയാണ് ചെലവഴിച്ചിട്ടുള്ളത്. അതുകൊണ്ട് കേരളാ ഗവൺമെന്റിന്റെ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കാൻ നിങ്ങൾക്ക് യാതൊരവകാശവുമില്ല.

ഇനി ഏതെല്ലാം മേഖലകളിൽ പുരോഗതി കൈവരിക്കാൻ സാധിച്ചു എന്നുള്ളതിന് ഞങ്ങളുടെ പിന്നിട്ട അഞ്ചു വർഷക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിയാൽ മതി. ഈ കേരളത്തിലെ ഗവൺമെന്റിനെ വിലയിരുത്താൻ കുറെ തെരഞ്ഞെടുപ്പുകൾ നടന്നല്ലോ. നിങ്ങൾക്കു വല്ല ഗുണവും അതിൽ കിട്ടിയോ? ആറു ഉപതെരഞ്ഞെടുപ്പുകൾ നടന്നു. നിങ്ങൾ ഇങ്ങനെ ബഹളം കാണിച്ചതിനും പത്രങ്ങളെകൊണ്ട് എഴുതിപ്പിച്ചതിനുമെല്ലാം എന്തെങ്കിലും ഗുണം കിട്ടിയോ? ആറുഉപ തെരഞ്ഞെടുപ്പുകൾ നടന്നതിൽ ആറിലും ഞങ്ങൾ ജയിച്ചില്ലേ? എറണാകുളം നിങ്ങളുടെ സ്ഥിരം സീറ്റല്ലേ? നമ്മുടെ ശ്രീ. സെബാസ്റ്റ്യൻപോളാണ് അവിടെനിന്നു ജയിച്ചുവന്നിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലത്തു തന്നെയാണല്ലോ രണ്ടു പാർലമെന്റ് തെരഞ്ഞെടുപ്പു നടന്നത്. ആ രണ്ടു പാർലമെന്റ് തെരഞ്ഞെടുപ്പിലും കേരളം പുറകിൽ പോയോ? എൽ.ഡി.എഫ്.ന് ക്ഷീണം സംഭവിച്ചോ? മൂന്നു നിയമസഭാ തെരഞ്ഞെടുപ്പുകൾ നടന്നു. പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പു നടന്നു. എല്ലാത്തിലും ഞങ്ങൾ ജയിച്ചില്ലേ? മുനിസിപ്പാലിറ്റിയിൽ ഞങ്ങൾക്ക് അല്പം ക്ഷീണം ഉണ്ട്. കോർപ്പറേഷനുകളിൽ അഞ്ചിൽ നാലിലും ഞങ്ങളാണ് ജയിച്ചത്. 13 ജില്ലാ പഞ്ചായത്ത് തെരഞ്ഞെടുപ്പു നടന്നപ്പോൾ ഒൻപതിലും ഞങ്ങൾ ജയിച്ചു. ഏറ്റവും കൂടുതൽ ബ്ളോക്ക് പഞ്ചായത്തുകളിൽ ഞങ്ങളാണ് ജയിച്ചത്. ഗ്രാമപഞ്ചായത്തുകളിലെ ഭൂരിപക്ഷം പഞ്ചായത്തുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളല്ലേ ജയിച്ചത്? ഗവൺമെന്റിന്റെ കാലാവധി തീരാറായ അവസരത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ, ആ വിധിയെഴുത്ത് നിങ്ങളൊന്നു നോക്കൂ, ഭരിക്കുന്ന കക്ഷികൾക്ക് എതിരായിട്ടുള്ള വിധിയെഴുത്തായിരിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ? അത് ചില ജില്ലകളിൽ സംഭവിച്ചിട്ടുണ്ട്, ചില സംസ്ഥാനങ്ങളിൽ സംഭവിച്ചിട്ടുണ്ട്. ഗുജറാത്തിൽ ഒരൊറ്റ പഞ്ചായത്തു മാത്രമാണ് ഭരിക്കുന്ന കക്ഷികൾക്ക് കിട്ടിയത്. യു.പി.യിൽ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടന്നപ്പോൾ മുഴുവൻ ഭരണകക്ഷികളും തോറ്റു. കേരളത്തിൽ വ്യത്യസ്തമായ ഒരു സ്ഥിതി വന്നു. അപ്പോൾ നിങ്ങൾക്ക് നിൽക്കക്കള്ളിയില്ലാതായി. നിങ്ങൾക്ക് ഹാലിളകി. കിടന്നാൽ ഉറക്കം വരില്ല. രണ്ടു മൂന്നുമാസം കഴിയുമ്പോൾ ഉണ്ടാകുന്ന പുതിയ തെരഞ്ഞെടുപ്പിൽ എന്തായിരിക്കും സ്ഥിതി? ഇതാണ് ഇപ്പോഴത്തെ സ്ഥിതിയെങ്കിൽ കോൺഗ്രസ്സിന്റെ ഗതിയെന്താണ്? വീണ്ടും പുറത്തു നിൽക്കുകയല്ലാതെ വേറെ എന്തെങ്കിലും മാർഗ്ഗമുണ്ടോ? അങ്ങനെ വന്നപ്പോൾ നിങ്ങൾക്ക് ഈ ഗവൺമെന്റിനെ എങ്ങനെ തകർക്കാം എന്നതിനെക്കുറിച്ച് ആലോചിക്കേണ്ടിവന്നു. അതിന് മണിച്ചനെ നിങ്ങൾ ഉപയോഗിച്ചു. ഞങ്ങളുടെ പാർട്ടിയുടെ ഒരു സ്പെഷ്യൽ കോൺഫറൻസ് നടന്നു. ആൾ ഇന്ത്യാ കോൺഫറൻസായിരുന്നു. പാർട്ടി പരിപാടിയിൽ നിങ്ങൾക്ക് എന്തു ചെയ്യാനാകും? കോൺഫറൻസ് നടക്കുന്നതിന്റെ വാർത്തകൾ മുഴുവൻ തമസ്ക്കരിക്കാൻ തക്ക വിധത്തിൽ എത്തിയപ്പോഴാണ് മണിച്ചന്റെ വിഷമദ്യ ദുരന്തം വരുന്നത്. പത്രങ്ങൾ മുഴുവൻ അതിന്റെ പിന്നാലെ പോയി. ലോകത്തിലെ ഏറ്റവും വിലിയ രണ്ടു പാർട്ടികൾ ഞങ്ങളെ ആക്രമിച്ചിട്ടുപോലും ഞങ്ങൾ അതിനെ അതിജീവിച്ചില്ലേ? ഞങ്ങളുടെ കൂടെ ഒരു അൽബേനിയൻ പാർട്ടി മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നിട്ടുപോലും പിടിച്ചുനിന്ന പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. ചൈനയും റഷ്യയും ഞങ്ങളെ ആക്രമിച്ചു. ലോകത്തുള്ള എല്ലാ പാർട്ടികളും ഞങ്ങളെ തള്ളിപ്പറഞ്ഞു. സോവിയറ്റ് യൂണിയനും കിഴക്കൻ റിപ്പബ്ളിക്കൻ രാജ്യങ്ങളുമെല്ലാം തകർന്നിട്ടും തകരാതെ പിടിച്ചു നിന്ന പാർട്ടിയാണ് ഈ പാർട്ടി.

[2 PM] ആ പാർട്ടി അതിന്റെ പരിപാടിയിൽ മാറ്റം വരുത്തും. സാർവ്വദേശീയ മുതലാളിത്തവും ബഹുരാഷ്ട്രകമ്പനികളും ഇന്ത്യൻ മുതലാളിമാരുടെയും ബഹുരാഷ്ട്ര കുത്തകകളുടേയും താല്പര്യം സംരക്ഷിക്കുന്ന കോൺഗ്രസ്സും ബി.ജെ.പി.യും ചേർന്നു നടത്തുന്ന, ലോകത്തിന്റെ മേധാവിത്വം കൈവശപ്പെടുത്താൻ നടത്തുന്ന, ഈ രാജ്യത്തെ ഇല്ലായ്മ ചെയ്യാൻ നടത്തുന്ന, പരിശ്രമങ്ങളെ എങ്ങനെ നേരിടും എന്നതിനെക്കുറിച്ച് ഞങ്ങളുടെ പാർട്ടി പരിപാടി ഡിസ്കസ് ചെയ്ത അഖിലേന്ത്യാ കോൺഫറൻസായിരുന്നു. ആ വാർത്തകളെ ലോകം മുഴുവൻ ഉറ്റുനോക്കുന്നുണ്ടായിരുന്നു-ലോകത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ, മുതലാളിത്ത രാജ്യങ്ങൾ, എല്ലാവരും. അതുമുഴുവൻ തമസ്കരിക്കാൻ നിങ്ങളുടെ ഗൂഢാലോചനയിൽ സാധിച്ചിട്ടുണ്ട്. അതിലെ ഒറ്റ വാർത്ത വരാതെ പിറ്റേന്ന് മണിച്ചന്റെ വാർത്തയാണ് വന്നത്. ആരാണ് ഈ മണിച്ചൻ? എന്റെ വീട്ടിനടുത്ത് താമസിക്കുന്ന ആളാണ്. 1991-ലെ തെരഞ്ഞെടുപ്പിൽ ഞാൻ മത്സരിക്കുമ്പോൾ അന്ന് 316 വോട്ടിന് തോറ്റു. രാജീവ്ഗാന്ധി മരിച്ചില്ലായിരുന്നെങ്കിൽ അന്നും തോൽക്കില്ലായിരുന്നു. എന്റെ വീടിനടുത്തുള്ള അയാളുടെ ഓഫീസിൽ ഒരുമാസക്കാലം മൈക്ക്സെറ്റ് വച്ച്, കോൺഗ്രസ്സിൽ ആരേയും എന്തും പറയാൻ ലൈസൻസുള്ളവരുണ്ടല്ലോ-മറുഭാഗത്തെ ചീത്ത പറയാൻ - അങ്ങനെയുള്ളവർക്കും കാപ്പിയും കള്ളും ചാരായവുമൊക്കെ കൊടുത്ത്, എന്നെ തോല്പിക്കാൻ വേണ്ടി ശ്രമിച്ചു. മണിച്ചൻ, അവന്റെ അനിയൻ കൊച്ചനി, കുഞ്ഞുമോൻ, സുനിൽദത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇവരെല്ലാം കോൺഗ്രസ്സാണ്. ഇവരൊക്കെ അബ്കാരി വർക്കേഴ്സ് യൂണിയനിലെ മെമ്പർമാരാണ്. ഇവരൊക്കെയാണ് എന്നെ തോല്പിച്ചത്. ഇവർ ആരെയാണ് ജയിപ്പിച്ചതെന്നോ? കെ.പി.സി.സി. സെക്രട്ടറിയായിരുന്ന ശ്രീ. ശരത്ചന്ദ്ര പ്രസാദിനെയാണ് ജയിപ്പിച്ചത്. ശ്രീ. ശരത്ചന്ദ്രപ്രസാദിനെ ജയിപ്പിക്കാൻ വേണ്ടിയാണ് ഈ പണിയൊക്കെ ചെയ്തത്. ഞാൻ വീടുകൾ തോറും വോട്ടു ചോദിച്ച് കയറിയിറങ്ങിയപ്പോൾ ഒരു വീട്ടിൽ പോയി. ആ വീട്ടിലുള്ള സ്ത്രീ എന്നെ ചീത്തവിളിക്കുകയായിരുന്നു. അവസാനം ഞാൻ പറഞ്ഞു നിന്റെ വോട്ടുണ്ടെങ്കിലേ ഞാൻ ജയിക്കുകയുള്ളുവെങ്കിൽ എനിക്ക് ജയിക്കണ്ട, നിന്റെ വോട്ട് എനിക്ക് വേണ്ട എന്നുപറഞ്ഞു. ആ ചീത്ത പറഞ്ഞ സ്ത്രീ ആരാണെന്ന് അറിയാമോ? മണിച്ചന്റെ ഒരു സഹോദരിയാണ്. അതാണ് കുടുംബം. മണിച്ചനും അവന്റെ കുടുംബവും എല്ലാം കോൺഗ്രസ്സല്ലേ? അല്ലെന്ന് ഇതിലേതെങ്കിലും ഒരു കോൺഗ്രസ്സ് നേതാവിന് നിഷേധിക്കാൻ പറ്റുമോ? (ബഹളം)

<u>ഡെ. സ്പീക്കർ</u> : പ്ലീസ്.........പ്ലീസ്.............അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ശ്രീ. കെ.സുധാകരന്റെ ചോദ്യത്തിന് വഴങ്ങണമെന്നുണ്ട്.

<u>മി. ഡെ. സ്പീക്കർ</u> : അങ്ങയുടെ സമയം കഴിഞ്ഞു. അങ് സംസാരിച്ചുകൊള്ളു. (ബഹളം)

<u>ശ്രീ. കെ. സുധാകരൻ</u> : മണിച്ചന്റെ മകളുടെ കല്യാണ ദിവസം അങ് 11.00 മണിവരെ മണിച്ചന്റെ വീട്ടിലുണ്ടായിരുന്നില്ലേ? മണിച്ചന്റെ മക്കൾ ....

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ഞാൻ പറഞ്ഞല്ലോ എന്റെ വീട്ടിനടുത്ത് താമസിക്കുന്ന ആളാണ് മണിച്ചനെന്ന്. അയാളും അയാളുടെ ഭാര്യയും കൂടി എന്റെ വീട്ടിൽവന്ന് കല്യാണം വിളിച്ചു. ഞാൻ തലേദിവസം അവിടെ ചെന്നു. അഞ്ചു മിനിറ്റേ അവിടെ ഇരുന്നുള്ളു. മണിച്ചന്റെ മകളുടെ കല്യാണത്തിന് താലിയെടുത്തു കൊടുക്കാൻ പോയത് ആരാണ്? ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോൾ ആരോ ചോദിച്ചു ആ കാസറ്റ് ഒന്ന് കാണിക്കാമോ എന്ന്. ഞാനും ചലഞ്ചു ചെയ്യുന്നു. ആ കാസറ്റ് കാണിക്കാമോ? ഏതെല്ലാം നേതാക്കന്മാരുടെ മുഖം അതിൽ കാണുന്നുണ്ടെന്നറിയാം. പിന്നെ, മണിച്ചന്റെ മക്കൾ എന്നെ അങ്ങനെ വിളിക്കുമെന്ന് കണ്ണൂരിൽ കിടക്കുന്ന സുധാകരന് എങ്ങനെയാണ് പിടികിട്ടിയത്? അത് മണിച്ചനുമായുള്ള ബന്ധംകൊണ്ടല്ലേ? മണിച്ചനുമായുള്ള ബന്ധം കൊണ്ടല്ലേ അറിഞ്ഞത്? ഇവിടെ ഫ്രീലാന്റ് പത്രം കാണിച്ചു. ഈ പത്രത്തിന്റെ ഉടമസ്ഥൻ ആരാണ്? തിരുവല്ലം ഭാസി. ശ്രീ.ഉമ്മൻചാണ്ടിയുടെ മുറിയിലല്ലായിരുന്നോ റാഫിയെ ഒളിപ്പിച്ചുവച്ചത്? ഇല്ലെന്ന് നിഷേധിക്കാൻ പറ്റുമോ? റാഫി ഈ കേസിലെ കൂട്ടുപ്രതിയാണ്. മണിച്ചനും മണിച്ചന്റെ പാർട്ട്ണറായ തിരുവല്ലം സുരേന്ദ്രനും കൂടി ഫൈനാൻസ് ചെയ്യുന്ന പത്രമല്ലേ ഇത്? ആ പത്രത്തിൽ - ഇന്ന് ഈ സഭ പിരിയുന്നതിനുമുമ്പ് ഇതുപോലൊരു വാർത്ത എഴുതാം - അന്ന് രാത്രി രണ്ടര മണിക്ക് ഏഷ്യാനെറ്റിലെ ലേഖകനുമുണ്ടായിരുന്നു. ഇവരെല്ലാം കൂടിയിരുന്നു.............(ബഹളം)............... നിങ്ങൾ കാശ് വാങ്ങാത്തവരാണോ? ഞങ്ങളുടെ പാർട്ടി കാശ് വാങ്ങി രസീത് കൊടുത്തിട്ടുണ്ട്. ഒന്നേകാൽ ലക്ഷം രൂപ............ (ബഹളം)............... അതിന് എന്താണ് കുഴപ്പം? ഈ കാശ് വാങ്ങിയവരുടെ ലിസ്റ്റും ബന്ധങ്ങളുമൊക്കെ ഈ നാട്ടുകാർക്കറിയില്ലേ? കാശ് വാങ്ങിയ ആരുടേയും പേര് ഞാൻ എടുത്തു പറയുന്നില്ല. വെളിയിൽ നിൽക്കുന്നവരുടെ പേരും ഞാൻ പറയുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം, എന്നെ സംബന്ധിച്ചിടത്തോളം, വ്യക്തിപര

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

മായോ പാർട്ടിപരമായോ അഞ്ചു നയാ പൈസ എന്റെ ശത്രുവിൽ നിന്നും വാങ്ങിയിട്ടില്ല, കാശ് വാങ്ങാൻ പോയില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഏതന്വേഷണവും നേരിടാൻ ഞാൻ തയ്യാറാണെന്ന്. മറ്റുള്ളവർ അത് പറഞ്ഞില്ലല്ലോ. മണിച്ചനുമായി ബന്ധമില്ല, മണിച്ചന്റെ കൈയിൽ നിന്നും കാശ് വാങ്ങിയിട്ടില്ല, ഏതന്വേഷണവും നേരിടാൻ തയ്യാറാണെന്ന് കോൺഗ്രസ്സുകാർ പറയുന്നില്ല. ഇവിടെ ഇരിക്കുന്ന ഒരു കോൺഗ്രസ്സ് നേതാവിന് പറയാമോ? ഇതുവരെ പറഞ്ഞിട്ടില്ല. ഇനി രാഷ്ട്രീയ പാർട്ടികളുമായിട്ടുള്ള ബന്ധത്തെക്കുറിച്ച് പറയാം. നിങ്ങൾ കാശ് വാങ്ങിക്കാണും, മാസപ്പടി വാങ്ങിക്കാണും. നിങ്ങൾ വാങ്ങിയാൽ രസീത് പോലും കൊടുക്കുകയില്ല. ഞങ്ങളുടെ പാർട്ടി ആരുടെയെങ്കിലും കൈയിൽ നിന്നു കാശ് പിരിച്ചാൽ രസീത് കൊടുക്കുമെന്നതിന് തെളിവല്ലേ ഈ രസീത് ഇപ്പോൾ കാണിച്ചത്? ഇവിടെ താലികൊടുത്ത കാര്യം പറഞ്ഞല്ലോ. താലി കൊടുത്തത് ആരാണ്? ലെഫ്റ്റനന്റ് ഗവർണ്ണറായിരുന്ന വക്കം പുരുഷോത്തമനല്ലേ? ഇവിടെ ഈ സംഭവം നടന്നു മണിച്ചന്റെ കൈയിൽ നിന്നും കാശ് വാങ്ങി അവനെ രക്ഷിക്കാനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ടായിരുന്നുവെങ്കിൽ മണിച്ചൻ ഇപ്പോൾ അവന്റെ വീട്ടിൽ മണിയറയിൽ കിടന്നു് ഉറങ്ങുകയില്ലേ? വൈപ്പിൻ ദുരന്തമുണ്ടായപ്പോൾ ഒരു ചന്ദ്രസേനനെ രണ്ടുമാസം കഴിഞ്ഞ് അറസ്റ്റുചെയ്തതല്ലാതെ ഏത് അറ തുറന്നു? ഈ ഗവൺമെന്റ് കാശ് വാങ്ങിയിട്ടാണെങ്കിൽ അവന്റെ ഏതെങ്കിലും അറ തുറക്കുമായിരുന്നോ? മണിച്ചൻ വീട്ടിൽ കിടന്ന് ഉറങ്ങുമായിരുന്നില്ലേ? നിങ്ങൾ നേരത്തെ പറഞ്ഞത് എന്താണ് – ''മണിച്ചനെ പിടികൂടൂല്ല!'' ഇപ്പോൾ എന്താണ് സംഭവിച്ചത്? മണിച്ചനെ പിടിച്ചുകഴിഞ്ഞപ്പോൾ ഇപ്പോൾ മണിച്ചന്റെ പത്രത്തിന്റെ വക്കാലത്തുമായി എന്റെ സ്നേഹിതൻ ശ്രീ. കെ. സുധാകരൻ വാദിക്കാനിറങ്ങിയിരിക്കുകയാണ്! മണിച്ചനു വേണ്ടി വാദിക്കാൻ! മണിച്ചന്റെ കൈയിൽ നിന്നും കാശ് വാങ്ങിയതിന്റെ ഫലമായി അയാളെ സംരക്ഷിക്കാൻ ബാദ്ധ്യതയുണ്ടെങ്കിൽ ആ പ്രദേശത്തുള്ള എം.എൽ.എ. ആകട്ടെ, പാർട്ടിയാകട്ടെ, ഗവൺമെന്റ് ആകട്ടേ മണിച്ചനെ സംരക്ഷിച്ചോ? സംരക്ഷിച്ചില്ലല്ലോ? നിങ്ങൾ ഒരു സ്ഥലത്തുനിന്ന് പിരിച്ചാലും രസീത് കൊടുക്കുകയില്ല. എന്നാൽ നിങ്ങൾ വാങ്ങിയിട്ടില്ലയെന്ന് പറയാൻ പറ്റുമോ? നിങ്ങൾ വാങ്ങിയിട്ടുണ്ട്. അല്ലെങ്കിൽ നിങ്ങളുടെ കൈയിൽ എങ്ങനെ രസീത് കിട്ടും? അത് മണിച്ചനുമായിട്ടുള്ള ബന്ധം കൊണ്ടല്ലേ? മണിച്ചനല്ലേ രസീത് തന്നത്? നിങ്ങൾക്കാണ് അവനുമായിട്ടുള്ള ബന്ധം. അയാൾ കാശ് തന്നില്ലെന്നു പറഞ്ഞാൽ തെളിയിക്കാൻ സാധിക്കുകയില്ല. ഞങ്ങൾക്കറിയാം ആരാണ് മണിച്ചന്റെ കണക്കപ്പിള്ളയെന്ന്. ഡി.സി.സി.മെമ്പർ അപ്പുക്കുട്ടനാണ്. ആ അപ്പുക്കുട്ടനെയാണ് നിങ്ങൾ പഞ്ചായത്ത് തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയാക്കിയത്. ആ അപ്പുക്കുട്ടൻ ബ്ലോക്ക് പഞ്ചായത്തിലെ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി. മണിച്ചന്റെ കണക്കപ്പിള്ളയെ അവിടെ തോൽപ്പിച്ചു; അറിയാമോ? അതൊക്കെ അറിയാവുന്ന എന്റെ മുമ്പിൽ വന്ന് കണ്ണൂരിൽ കിടക്കുന്ന സുധാകരൻ പറഞ്ഞാൽ വല്ല രക്ഷയുമുണ്ടോ? ഇവിടെ രാഷ്ട്രീയ പാർട്ടിയുടെ ബന്ധത്തെക്കുറിച്ച് പറഞ്ഞല്ലോ. നിങ്ങളുടെ പാർട്ടി കാശ് വാങ്ങിയിട്ടില്ലേ? നിങ്ങളുടെ പാർട്ടി കാശ് വാങ്ങിച്ചു. ശ്രീ. എ.കെ. ആന്റണിയും ശ്രീ. കെ. കരുണാകരനും പറഞ്ഞില്ലേ എല്ലാവരിൽ നിന്നും കാശുവാങ്ങുമെന്ന്. ശ്രീ. കെ. കരുണാകരൻ പറഞ്ഞു, ശ്രീ. എ.കെ. ആന്റണി പറഞ്ഞു, ശ്രീ. പത്മനാഭൻ പറഞ്ഞു. ഞങ്ങൾ അവരിൽനിന്നും കാശ് വാങ്ങിയിട്ടുണ്ടെന്ന് പറഞ്ഞു. നിങ്ങൾ കാശ് വാങ്ങിയാൽ രസീത് കൊടുക്കുകയില്ല, വാങ്ങിയെന്ന് സമ്മതിക്കുകയും ഇല്ല. അതാണ് നിങ്ങളുടെ പ്രത്യേകത. ജില്ലാ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

സത്യനേശൻ കാശ് വാങ്ങിയെന്ന് ഞാൻ പറഞ്ഞിട്ടില്ല. ജില്ലാ കമ്മിറ്റിയാണ് വാങ്ങിക്കുന്നത്. ഞങ്ങളുടെ പാർട്ടി കാശ് വാങ്ങിയിട്ടുണ്ട്. അതിന്റെ രസീതും കൊടുത്തിട്ടുണ്ട്. നിങ്ങൾ കാശ് വാങ്ങിയാൽ രസീതും കൊടുക്കുകയില്ല. കണക്കും പറയുകയില്ല.

രാഷ്ട്രീയപ്പാർട്ടിക്കാരെക്കുറിച്ച് അന്വേഷിക്കണമെന്നുള്ളതാണ് ഇവിടെ വലിയ പ്രശ്നമാക്കി ബഹളമുണ്ടാക്കുന്നത്. ജുഡീഷ്യൽ എൻക്വയറി വേണമെന്ന് ആവശ്യപ്പെട്ടു, ജുഡീഷ്യൽ എൻക്വയറിക്ക് ഉത്തരവിട്ടു. സിറ്റിംഗ് ജഡ്ജ് വേണമെന്ന് ആവശ്യപ്പെട്ടു, സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷിക്കാൻ ഉത്തരവിട്ടു. സിറ്റിംഗ് ജഡ്ജിയെ ഇവിടത്തെ കോടതിയിൽനിന്നും കിട്ടാത്തതുകൊണ്ട് കിട്ടുന്ന കോടതിയിൽനിന്നും വാങ്ങിച്ചു. രാഷ്ട്രീയക്കാരുമായുള്ള ബന്ധം അന്വേഷിക്കണമെന്ന് പറഞ്ഞു, അന്വേഷിച്ചു. ഇപ്പോൾ പറയുകയാണ് രാഷ്ട്രീയപ്പാർട്ടിയുമായുള്ള ബന്ധം അന്വേഷിക്കണമെന്ന്. രാഷ്ട്രീയപ്പാർട്ടിയെക്കുറിച്ച് പറയുകയാണെങ്കിൽ, ഇന്ദിരാഭവൻ ആണോ കാശ് വാങ്ങിക്കുന്നത്? എ.കെ.ജി. സെന്ററാണോ കാശ് വാങ്ങിക്കുന്നത്? അല്ലല്ലോ. രാഷ്ട്രീയപ്പാർട്ടിയിൽപ്പെടുന്നു എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? ഇത്തരത്തിൽ ആവശ്യപ്പെടുന്നത് കാശ് വാങ്ങിയവരെ രക്ഷപ്പെടുത്താനാണ്. ബഹു. എ.കെ. ആന്റണി നരസിംഹറാവു മന്ത്രിസഭയിൽ അംഗമായിരുന്നു. ഝാർഖണ്ഡ് മുക്തിമോർച്ചക്കേസിൽ കോടിക്കണക്കിന് രൂപ വാങ്ങിയതിന്റെ ഫലമായി റാവുവിനെ മൂന്നു വർഷത്തേയ്ക്ക് തടവിന് ശിക്ഷിച്ചിരിക്കുകയാണ്. പാർട്ടിയെക്കുറിച്ച് അന്വേഷിച്ചാൽ ബഹു. എ.കെ. ആന്റണിയുംകൂടി അതിൽ പ്രതിയാകുമായിരുന്നില്ലേ? കള്ളന്മാരെ രക്ഷിക്കാനാണു നിങ്ങൾ ശ്രമിക്കുന്നത്. ഞാൻ പറയുന്നത്, റാവുവാണ് കാശ് വാങ്ങിയതെങ്കിൽ റാവു കിടക്കണം. അതിന്റെകൂടെ ആന്റണി കിടക്കാൻ പാടില്ല. കാശ് വാങ്ങിയവരെ രക്ഷിക്കാൻ വേണ്ടി പാർട്ടിയുടെ പേരുംപറഞ്ഞ് നടക്കരുത്. പാർട്ടി പോയി കാശ് വാങ്ങിക്കുന്നില്ല. വ്യക്തികളാണ് കാശ് വാങ്ങിക്കുന്നത്. പാർട്ടി അറിയാതെ കാശ് വാങ്ങി അവരുടെ ആവശ്യത്തിന് ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആ കള്ളന്മാരെ കണ്ടുപിടിക്കണം. അതുകൊണ്ടാണ് രാഷ്ട്രീയക്കാരുമായിട്ടുള്ള ബന്ധം അന്വേഷിക്കാൻ തീരുമാനിച്ചത്. അതിനെതിരായി നിങ്ങൾ സമരത്തിലാണ്. നിങ്ങൾക്ക് വേറൊരു മാർഗ്ഗവുമില്ല. ആ സമരത്തിന് ക്ലച്ച് പിടിക്കുകയില്ല. നിങ്ങൾ എത്രയോ സമരം നടത്തി. അതെല്ലാം പൊളിഞ്ഞുപോയി. ഇതും അങ്ങനെതന്നെ. ഈ കേസിലെ പ്രധാനപ്രതികൾ രക്ഷപ്പെടുമെന്നാണ് നിങ്ങൾ കരുതുന്നതെങ്കിൽ നിങ്ങൾക്ക് അബദ്ധം പറ്റാൻ പോകുകയാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ നാലരവർഷക്കാലം ചെയ്ത കാര്യങ്ങളെക്കുറിച്ച് നല്ല ഓർമ്മയുള്ളവരാണ് ഇവിടത്തെ ജനങ്ങൾ.

ഇവിടെ ബഹു. നായനാരുടെ കുടുംബത്തെക്കുറിച്ചൊക്കെ പറയുകയുണ്ടായി. നിങ്ങൾ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു കാര്യം തെളിയിക്കാൻ നിങ്ങൾക്ക് തന്റേടമുണ്ടോ? മണിച്ചന്റെ കാർ നമ്പർ ശ്രീ.കെ.സുധാകരന് അറിയാം. എനിക്ക് അറിഞ്ഞുകൂടാ. മണിച്ചന്റെ കാറിൽ കയറാതെ ബഹു.നായനാരുടെ ഭാര്യക്കും മക്കൾക്കും യാത്ര ചെയ്യാൻ കാർ ഉണ്ടാക്കാനുള്ള ശേഷിയുണ്ട്. ഇതെല്ലാം പറഞ്ഞ് പുകമറ പരത്തി അഴിമതിക്കുണ്ടിൽ കിടന്ന് 'ക്ഷ' വരക്കുകയാണ്. ജാമ്യത്തിനുവേണ്ടി പരക്കം പായുകയാണ്. ജാമ്യം കിട്ടിയില്ലെങ്കിൽ ജയിലിൽ പോകും. അതുപോലെയാണ് ഇപ്പുറത്തുള്ളവരുമെന്ന് വരുത്തിത്തീർക്കാനുള്ള പാഴ്ശ്രമമാണ് ബഹുമാന്യനായ എന്റെ സ്നേഹിതൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.കെ. സുധാകരൻ ഇവിടെ നടത്തിയത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം ഇന്നേവരെ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തികത്തകർച്ചയിലേയ്ക്ക് എത്തിനിൽക്കുകയാണ്. സാമ്പത്തിക ഞെരുക്കം രൂക്ഷമായതോടുകൂടി എല്ലാ വകുപ്പിലും പദ്ധതി പദ്ധതിയിതര മേഖലയിൽ 15% കുറവു വരുത്തണമെന്ന് ധനകാര്യവകുപ്പ് ശുപാർശ ചെയ്തതായി മനസ്സിലാക്കുന്നു. കൂടാതെ പദ്ധതി വകയിൽ ഏതാണ്ട് 25% വരെ കുറയ്ക്കേണ്ടിവരുമെന്നാണ് സൂചിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും തമ്മിൽ മാസം ഏതാണ്ട് 120-ഓളം കോടി രൂപയുടെ അന്തരം ഉണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. റവന്യൂ കമ്മി 3,500 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. സംസ്ഥാനത്തിന്റെ ആകെ കടം 21,000 കോടി രൂപയിൽ കവിഞ്ഞിരിക്കുകയാണ്. ആരോഗ്യവകുപ്പിൽ മരുന്നു വാങ്ങുന്ന വകയിൽ 25 കോടി രൂപ കുടിശ്ശിക വന്നതോടെ കമ്പനികൾ ഔഷധവിതരണം നിർത്തിയിരിക്കുകയാണ്. അതോടുകൂടി പാവപ്പെട്ട രോഗികൾക്കുള്ള ഔഷധവിതരണം നിർത്തൽ ചെയ്തിരിക്കുകയാണ്. പാവപ്പെട്ട രോഗികൾ മരുന്നു കിട്ടാതെ കഷ്ടപ്പെടുകയാണ്. പൊതുമരാമത്തുവകുപ്പിൽ ഇന്ന് നിയമസഭയിൽ നൽകിയ ഉത്തരവനുസരിച്ച് ഏതാണ്ട് 787.48 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയാണ്. കൂടാതെ കോടതി നിർദ്ദേശിച്ചതിനുപുറമേ പലിശയുംകൂട്ടി ഏതാണ്ട് 1000 കോടി രൂപയിൽ കൂടുതൽ വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. പൊതുമരാമത്തുവകുപ്പിന്റേയും ജലസേചന വകുപ്പിന്റേയും കീഴിലുള്ള കെട്ടിടങ്ങളുടെയും പാലങ്ങളുടെയും റോഡുകളുടെയും പണികൾ കരാറുകാർക്ക് കാശു കൊടുക്കാത്തതുകാരണം നിർത്തലാക്കിയിരിക്കുകയാണ്. അങ്ങനെ വികസനം ആകെ മുരടിച്ച് കിടക്കുകയാണ്. അതുപോലെ സാമൂഹ്യക്ഷേമ പദ്ധതിയനുസരിച്ച് പാവപ്പെട്ട ആളുകൾക്ക് നൽകുന്ന പെൻഷൻ ഇനത്തിൽ ഏതാണ്ട് 50.13 കോടി രൂപ വിതരണം ചെയ്യാതെ കിടക്കുകയാണ്. ഇതെങ്കിലും കൊടുക്കാനുള്ള സന്മനസ്സ് ഗവൺമെന്റ് കാണിക്കേണ്ടതായിരുന്നു. നമ്മുടെ സംസ്ഥാനം ഇന്ന് സാമ്പത്തികമായി വളരെയേറെ തകർന്നുകൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ഉച്ചക്കഞ്ഞിക്ക് അരിയും പയറും കൊടുത്ത വകയിൽ 49 കോടിയിലധികം രൂപ കൊടുക്കാനുണ്ട്. പല സ്ഥലത്തും പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കാനുള്ള ഉച്ചക്കഞ്ഞി മുടങ്ങിയിരിക്കുകയാണ്. പ്ലസ് ടൂ-ന്റെ കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടായിരിക്കുന്നു. മൂന്നുവർഷം മുമ്പു നിയമിച്ച അദ്ധ്യാപകരുടെ നിയമനം ഇതുവരെ അംഗീകരിച്ചിട്ടില്ല. അവർക്ക് മൂന്നു മാസത്തെ ശമ്പളം ഒന്നിച്ച് കൊടുക്കേണ്ടി വരും. പ്ലസ് ടു ഇനത്തിലും എത്രയോ കോടി രൂപയുടെ അധിക ബാദ്ധ്യത വരാൻ പോകുകയാണ്. ഏഷ്യൻ വികസന ബാങ്കിൽനിന്ന് ഏതാണ്ട് 4,500 കോടിയോളം രൂപ ഗവൺമെന്റ് കടമെടുക്കാൻ പോകുകയാണ്. ജീവനക്കാരുടെ ശമ്പളവും പെൻഷനുമായി പ്രതിമാസം 350 കോടിയോളം രൂപ വേണ്ടിവരും. അതിനു പുറമെ ഉത്സവബത്തയിനത്തിൽ 20 കോടി രൂപകൂടി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതാണ് നമ്മുടെ സാമ്പത്തികസ്ഥിതി. വരവിനെക്കുറിച്ചും ചെലവിനെക്കുറിച്ചുമുള്ള ഒരു പ്ലാനിംഗ് ഇല്ലായ്മയാണ് നമ്മുടെ സംസ്ഥാനത്തെ ഇത്രയേറെ സാമ്പത്തികത്തകർച്ചയിലേയ്ക്ക് കൊണ്ടുപോകുന്നത്. ഇനി വരുന്ന ഗവൺമെന്റിന് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് അവസാന ഘട്ടത്തിലേയ്ക്ക് കടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ കണ്ണൂർ, കാസർകോട് ജില്ലയിലുണ്ടായ കുഴപ്പങ്ങൾ : കണ്ണൂരിലെ പന്നിയൂർ നേരിൽ കാണാനിടയായി. പാവപ്പെട്ട നിരവധി ആളുകളുടെ വീടും വീട്ടുപകരണങ്ങളും അതുപോലെ കൃഷിയുമൊക്കെ നശിപ്പിച്ചിരിക്കുകയാണ്. ഒരു കുറ്റവും ചെയ്യാത്ത നിരപരാധികളായ ആളുകളുടെ വീടുകൾ ഉൾപ്പെടെ സകലതും നശിപ്പിച്ചിരിക്കുകയാണ്. പന്നിയൂരും ചെറുവത്തൂരുമുൾപ്പെടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ഇന്ന് ആക്രമണപ്രവർത്തനങ്ങൾ നടത്തിവരികയാണ്. അത് എത്രയും വേഗത്തിൽ അവസാനിപ്പിക്കുകയാണ് നല്ലത്. പാനൂരിൽ നഷ്ടപരിഹാരം നൽകിയതുപോലെ നഷ്ടത്തിന്റെ മുഴുവൻ കണക്കുകളും തിട്ടപ്പെടുത്തി പാവപ്പെട്ട നിരപരാധികളായ ആളുകൾക്കുണ്ടായ നഷ്ടം മുഴുവൻ വഹിക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സർ, നമ്മുടെ സംസ്ഥാനത്ത് ഇനി നടക്കാൻ പോകുന്ന സെൻസസിൽനിന്ന് പ്രവാസി മലയാളികളെ ഒഴിവാക്കുന്നതിനെക്കുറിച്ച് പത്രവാർത്തകൾ ഉണ്ടായിരുന്നു. പ്രവാസി മലയാളികൾ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയിൽ വലിയ സേവനം ചെയ്തിട്ടുള്ള വിഭാഗമാണ്. അവരുടെ വിദേശനാണ്യം നമ്മുടെ രാജ്യത്തിന് ഒരു മുതൽക്കൂട്ടാണ്. അതുകൊണ്ട് പ്രവാസി മലയാളികളെ ഇനി നടക്കാൻപോകുന്ന സെൻസസിൽ ഉൾപ്പെടുത്താൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഹജ്ജ് തീർത്ഥാടകരെ സംബന്ധിച്ച് നിരവധി പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ വർഷം ഹജ്ജ് തീർത്ഥാടകർ വളരെയേറെ കഷ്ടപ്പെടുകയുണ്ടായി. ഹജ്ജ് തീർത്ഥാടകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും കേരളത്തിൽനിന്ന് ഹജ്ജിന് പോകാൻ ആവശ്യമായ വിമാനസർവ്വീസുകൾ കേരളത്തിൽനിന്നുതന്നെ ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കണ്ണൂർ ജില്ലയിലെ കൊലപാതകത്തെ സംബന്ധിച്ച് ബഹുമാന്യരായ പല അംഗങ്ങളും ഇന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. നിരപരാധികളായ എത്രയെത്ര ജീവനുകളാണ് കണ്ണൂർ ജില്ലയിൽ നഷ്ടപ്പെട്ടത്. ഞങ്ങൾ ഇന്നും സമാധാനമാഗ്രഹിക്കുന്ന കക്ഷിയാണ്. കണ്ണൂർ ജില്ലയിൽ പോയി അവിടെ സമാധാനം കൈവരിക്കുന്നതിനുവേണ്ടി ഞങ്ങളുടെ നേതാക്കന്മാർ ബഹുമാന്യരായ ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബും ശ്രീ. അഹമ്മദ് സാഹിബും ആദ്യഘട്ടത്തിൽത്തന്നെ മുൻകൈയെടുത്തത് ഈ സന്ദർഭത്തിൽ തന്നെ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കുഴപ്പങ്ങൾ ഒരിക്കലും തന്നെ ആർക്കും ഒരു ഗുണവും ചെയ്യുകയില്ല. നിരപരാധികൾ കൊലചെയ്യപ്പെടുമ്പോൾ, വിലപ്പെട്ട ജീവനുകൾ നഷ്ടപ്പെടുമ്പോൾ വാസ്തവത്തിൽ എത്രയെത്ര കുടുംബങ്ങളാണ് നഷ്ടമാകുന്നത്. ഈ കുഴപ്പം ഇനി ഒരിക്കലും തന്നെ കണ്ണൂർ ജില്ലയിൽ ഇല്ലാതാകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അക്രമ പ്രവർത്തനം മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയായാലും ബി.ജെ.പി ആയാലും മറ്റ് ഏത് ഭാഗത്തുനിന്നായാലും രാഷ്ട്രീയപാർട്ടിയായാലും അക്രമ പ്രവർത്തനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കണം. അതോടൊപ്പംതന്നെ ഒരു കാര്യംകൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത്, ഇവിടെ നിഷ്പക്ഷവും നീതിപൂർവ്വവുമായി പോലീസിനെ പ്രവർത്തിക്കാൻ അനുവദിച്ചാൽ അവിടെ ശാശ്വതമായ സമാധാനം കൈവരിക്കാൻ കഴിയും. ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ബോംബുകളും ആയുധങ്ങളും ഉപയോഗിച്ചുകൊണ്ട് നമ്മുടെ നാട് എങ്ങോട്ടാണ് തിരിഞ്ഞുകൊണ്ടിരിക്കുന്നത്! അടിയന്തിരമായി ആയുധങ്ങൾ മുഴുവനും കണ്ടെടുക്കണം. അതുപോലെ, പൂർണ്ണമായും സമാധാനം കൈവരിക്കാൻ പോലീസിന് ആവശ്യമുള്ള പൂർണ്ണമായ സ്വാതന്ത്ര്യം നൽകണം. കുറ്റവാളികൾ ആരായാലും ശരി അവരെ സംരക്ഷിക്കാതെ അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം. നിഷ്പക്ഷവും നീതിപൂർവവുമായി ഇവിടെ പോലീസിനെ പ്രവർത്തിക്കാൻ അനുവദിക്കണം എന്നു മാത്രമാണ് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നത്.

കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയം: ഇന്ന് ഈ സഭയിലെ നമ്മുടെ ബഹുമാന്യരായ എം.എൽ.എ. മാർ സത്യാഗ്രഹം നടത്തി വരുകയാണ്. രണ്ടുദിവസമായി. വാസ്തവത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയാകെ തകർക്കപ്പെടുകയാണ്. അതുപോലെ കേരളം ഇന്ന് പട്ടിണിയിലേക്ക് നീങ്ങാൻ പോവുകയാണ്. ഇന്ന് നാളികേരം, കുരുമുളക്, റബ്ബർ, അടയ്ക്ക, തേയില, എന്നീ കാർഷികോൽപ്പന്നങ്ങളുടെ വില ഇടിയുന്നതു കാരണം കർഷകരും ബന്ധപ്പെട്ട തൊഴിലാളികളും എല്ലാം തന്നെ കഷ്ടപ്പെടുകയാണ്. ഈ സഭയിൽ കേട്ട മറുപടിയിൽ ഗവൺമെന്റ് വളരെ ബാലിശമായിട്ടാണ് കാണുന്നത്. ഇതിന്റെ ഗൗരവം കാണാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. 3,250 രൂപ കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിച്ചു. തേങ്ങയ്ക്ക് മൂന്നര രൂപയും 4 രൂപയും വില നിശ്ചയിച്ചു. ഇതെടുക്കാൻ ഏജൻസികളില്ല. അതിനുള്ള സംവിധാനങ്ങൾ ഒന്നും തന്നെ ഗവൺമെന്റ് ചെയ്തിട്ടില്ല. കർഷകർ കഷ്ടപ്പെടുകയാണ്. ഇടനിലക്കാരാണ് ഇതിൽ കോടിക്കണക്കിന് സമ്പാദിച്ചത്. യഥാർത്ഥ കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയുണ്ടായില്ല. അടിയന്തിരമായും താങ്ങുവിലയ്ക്ക് റബ്ബറും നാളികേരവും സംഭരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. അതോടൊപ്പം തന്നെ കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും പലിശയും സെയിൽസ് ടാക്സും കാർഷികാദായ നികുതിയും പർച്ചേസ് ടാക്സും എല്ലാം തന്നെ നിർത്തൽ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് കർഷകരെ രക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണം. ഇന്നിവിടെ നേരത്തെ സൂചിപ്പിച്ച ചില ആനുകൂല്യങ്ങൾ വളരെ അപര്യാപ്തമാണ്. ഇതുകൊണ്ടൊന്നും തന്നെ ഇവിടുത്തെ കർഷകരെ രക്ഷിക്കാൻ കഴിയില്ല. അതുകൊണ്ട് ന്യായമായ വില കർഷകർക്ക് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

കേരളത്തിലെ മദ്യദുരന്തം: ഈ സഭയിൽ മണിച്ചന്റെ ശബ്ദമാണ് ഇന്നിവിടെ മുഴങ്ങിക്കേട്ടത്. വാസ്തവത്തിൽ കേരളത്തിൽ പൂർണ്ണമായും മദ്യനിരോധനം നടപ്പാക്കണം എന്നു പറയുന്ന പാർട്ടിയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്. നമ്മുടെ നയം അതു തന്നെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാരായ നിരോധനം ഏർപ്പെടുത്തിയപ്പോൾ അതിന്റെ ഗൗരവം കണക്കിലെടുത്ത് ഗവൺമെന്റിന്റെ ആ നയത്തോട് സഹകരിക്കാൻ അന്നും ഇന്നും നിങ്ങൾ തയ്യാറായിട്ടില്ല. അതുകൊണ്ടുതന്നെയാണ് ഈ കേരളത്തിൽ മദ്യദുരന്തമുണ്ടായത്. നിരവധി ആളുകളുടെ മരണത്തിനിടയാക്കിയ ഇതിന്റെ ഗൗരവം ഇന്നും ഗവൺമെന്റ് കണ്ടിട്ടില്ല. നേരെമറിച്ച് മദ്യദുരന്തം ഉണ്ടായപ്പോഴും പലസ്ഥലത്തും റെയ്ഡ് നടന്നപ്പോഴും ഭൂഗർഭ അറകളിൽനിന്നും സ്പിരിറ്റും മദ്യവും കണ്ടെടുക്കാൻ കഴിഞ്ഞു. ഇതിന്റെ ആദ്യഘട്ടത്തിൽത്തന്നെ മുഴുവൻ ഉദ്യോഗസ്ഥന്മാരും അത്തരത്തിലുള്ള റെയ്ഡ് നട

LIBRARY ARCHIVES Kerala Legislative Assembly

ത്താനും ചാരായം പൂർണ്ണമായും ഇല്ലാതാക്കുവാനും ശ്രമിച്ചിരുന്നുവെങ്കിൽ വാസ്തവത്തിൽ ഇത്തരത്തിലുള്ള വ്യാജമദ്യദുരന്തങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട് ഗവൺമെന്റ് സംസ്ഥാനത്ത് പൂർണ്ണമായും മദ്യനിരോധനം നടപ്പാക്കണം. ഇതിനെക്കുറിച്ച് ബോധവൽക്കരണം നടത്തണം. വ്യാജച്ചാരായം കാണിച്ചു കൊടുക്കുന്ന ആളുകൾക്ക് അവാർഡ് നൽകും എന്നതും നമ്മുടെ കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്ക് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിത്തന്നെ മദ്യത്തിന്റെ വിപത്തുകളെക്കുറിച്ചും അതിന്റെ ബോധവൽക്കരണത്തെക്കുറിച്ചും പഠിപ്പിക്കണം. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എല്ലാം തന്നെ മദ്യവിരുദ്ധ റാലികളും മറ്റു ബോധവൽക്കരണ പരിപാടികളും നടത്തണം. വിദ്യാർത്ഥികളേയും പൊതുജനങ്ങളേയും എല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഈ ബോധവൽക്കരണ പരിപാടികൾ ശക്തിപ്പെടുത്തുവാനും അങ്ങനെ ഘട്ടംഘട്ടമായി നമ്മുടെ സംസ്ഥാനത്തു നിന്നും മദ്യം പൂർണ്ണമായും ഒഴിവാക്കുവാനും ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

സർ, കേരളത്തിലെ റോഡുകളുടെ ഇന്നത്തെ സ്ഥിതിയെന്താണ്? കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് കേരളത്തിലെ റോഡുകൾ എത്ര മനോഹരമായിരുന്നു. ഇന്ന് കേരളത്തിലാകെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന റോഡുകളാണുള്ളത്. അതുകൊണ്ട് കേരളത്തിലെ കുണ്ടും കുഴിയുമായി കിടക്കുന്ന റോഡുകൾ നികത്തി അറ്റകുറ്റപ്പണികൾ നടത്തി ഇന്നത്തെ ഈ ശോച്യാവസ്ഥ അടിയന്തിരമായി പരിഹരിക്കണം. കരാറുകാർക്ക് കാശ് കൊടുത്തില്ലെങ്കിൽ അവർ ചെയ്യാറില്ല. കരാർ ഏറ്റെടുക്കാൻ ആളില്ല. അതുകൊണ്ട് കരാറുകാരന് കുടിശ്ശിക കൊടുത്തുതീർക്കാനും റോഡുകളുടെ മെയിന്റനൻസ് പൂർണ്ണമായും നടത്താനും ആവശ്യമായ നടപടികൾ അടിയന്തിരമായി ഗവൺമെന്റ് സ്വീകരിക്കണം.

സാമ്പത്തികമായ പ്രതിസന്ധി കാരണം അത്യാവശ്യമായ തസ്തികകൾ പോലും സൃഷ്ടിക്കുന്നില്ല; ഒഴിവുകൾ നിലനിർത്തുന്നില്ല. പാവപ്പെട്ട രോഗികളെ ചികിത്സിക്കേണ്ട ആശുപത്രികളിലെ ഡോക്ടർമാരുടെ നിയമനമോ കുട്ടികളുടെ വിദ്യാഭ്യാസത്തിനു നമ്മുടെ സ്കൂൾ അദ്ധ്യാപകരുടെ നിയമനമോ ഒന്നും നടക്കുന്നില്ല. ഡോക്ടർമാരുടേയും അദ്ധ്യാപകരുടേയും മറ്റും ഒഴിവുകൾ നികത്തണം. പാവപ്പെട്ട രോഗികളുടേയും വിദ്യാർത്ഥികളുടേയും താൽപ്പര്യങ്ങൾ പരിരക്ഷിക്കണം. അടിയന്തിരമായി ഗവൺമെന്റ് നിയന്ത്രണങ്ങൾ എടുത്തു കളയണം. ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിവുകൾ നികത്തുകയും ചെയ്യണം. അതുപോലെ എസ്.എസ്.എൽ.സി പാസായ ആയിരക്കണക്കിനു കുട്ടികൾ ഇപ്പോൾ ആശ്രയിക്കുന്നത് ഓപ്പൺ പ്ലസ് ടു സ്കൂളുകളെയാണ്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അറബി, ഉറുദു, കന്നഡ, തമിഴ് ഭാഷകൾ പ്രസ്തുത സ്കൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്താൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.

വ്യവസായ മേഖലകൾ ആകെ തകർന്നിരിക്കുകയാണ്. ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ ടൈറ്റാനിയം പോലും പൂട്ടേണ്ടി വന്നു. ഇന്നത്തെ പലിശയും കറണ്ട് ചാർജും കുറയ്ക്കാൻ കഴിയാത്തിടത്തോളം കാലം നമ്മുടെ വ്യവസായങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എത്രയെത്ര വ്യവസായശാലകളാണ് തുറന്ന് പ്രവർത്തിപ്പിക്കുവാനും കാര്യക്ഷമതയോടെ പ്രവർത്തിപ്പിക്കുവാനും കഴിഞ്ഞത്. നമ്മുടെ വ്യവസായങ്ങൾക്ക് സബ്സിഡികൾ വളരെ മാസങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലങ്ങളുമായി പാസാക്കിയിട്ടുപോലും വിതരണം ചെയ്തില്ല. അങ്ങനെ വ്യവസായ മേഖലകളിൽ പ്രതിസന്ധി നിറഞ്ഞു കിടക്കുകയാണ്.

പാപ്പിനിശ്ശേരിയിലെ സ്നേക്ക് പാർക്കിന്റെ കാര്യം: ആ വന്യ ജീവികളോട്, ആ പാമ്പുകളോട്, ഇത്തരത്തിലുള്ള അനീതി ചെയ്യേണ്ടിയില്ലായിരുന്നു. കണ്ണൂർ ജില്ലയെ സംബന്ധിച്ചിടത്തോളം വാസ്തവത്തിൽ ആ പാമ്പുകളോടും ആ വന്യ ജീവികളോടും കാണിച്ച ക്രൂരത ഏറ്റവും വലുതായിപ്പോയി. അതുകൊണ്ട് ഇത്തരത്തിലുള്ള കൃത്യങ്ങളിൽ നിന്ന് ഈ സർക്കാർ ഇനിയെങ്കിലും കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിച്ചില്ലെങ്കിൽ, വാസ്തവത്തിൽ നിങ്ങൾ ഇനിയും തെറ്റ് തിരുത്താൻ തയ്യാറായില്ലെങ്കിൽ നിങ്ങൾക്ക് ഇനിയും ജനങ്ങളിൽ നിന്നും ഒട്ടേറെ തിരിച്ചടി ഉണ്ടാകും എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ചെലവുകൾ നിർവ്വഹിക്കുന്നതിനായിട്ടാണ് ഇതിൽ കൂടുതൽ സംഖ്യയും ചെലവഴിച്ചിട്ടുള്ളത്. ഇൻഫർമേഷൻ കേരളാ മിഷൻ, ഇവിടെ ചർച്ച ചെയ്യപ്പെട്ട മദ്യദുരന്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കാൻ രൂപീകരിച്ച ജസ്റ്റിസ് മോഹൻകുമാർ കമ്മിഷന്റെ പ്രവർത്തനം. നബാർഡിന്റെ സഹായത്തോടുകൂടിയുള്ള റോഡ് നിർമ്മാണം, സ്കൂൾ കെട്ടിടങ്ങൾ ഇടുക്കി, ആലപ്പുഴ തുടങ്ങിയ ജില്ലകളിലെ ആരോഗ്യസംരക്ഷണ പരിപാടി, പത്തനംതിട്ടയിലെ പുതിയ നഴ്സിംഗ് കോളേജ് - ഞാൻ വിശദീകരിക്കുന്നില്ല - അടച്ചുപൂട്ടിയ വ്യവസായശാലകളിലെ തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസിനായി കൊടുക്കാൻ ചെലവാക്കിയ 28 ലക്ഷം രൂപ, ഓണത്തിന് പച്ചക്കറി വില കുറച്ചുകൊടുക്കാൻ കൃഷിവകുപ്പ് നടപ്പാക്കിയ പദ്ധതി ഇതെല്ലാമുൾപ്പെടെയുള്ള ചെലവുകൾക്കാണ്. അതിൽ വളരെ പ്രധാനപ്പെട്ട ഒന്ന്: കേരള ഗവൺമെന്റ് സ്വാതന്ത്ര്യസമരസേനാനികൾക്ക് രണ്ടായിരം രൂപയായിരുന്ന പെൻഷൻ തുക മൂവായിരം രൂപയാക്കി വർദ്ധിപ്പിച്ചു. അതുൾപ്പെടെയാണ് ഇതിൽ വരുന്നത്. സ്വാതന്ത്ര്യസമരസേനാനികളെക്കുറിച്ച് ഒരു വാക്ക് ബഹു. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്: വളരെ അവശതയനുഭവിക്കുന്നവരും നമ്മുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച ദേശാഭിമാനികളായ വളരെ പ്രായംവന്ന ആളുകളുമാണ് അവരൊക്കെ. ഈ സഭയിൽ അതിനെ സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചതാണ്. മുഖ്യമന്ത്രി ആ പെൻഷൻ രണ്ടായിരം എന്നത് മൂവായിരം ആക്കിയെന്ന് പറഞ്ഞയുടനെതന്നെ 1.8.2000 ന് മന്ത്രിസഭാതീരുമാനം ഉണ്ടായി, അടുത്ത ദിവസം തന്നെ അതിന്റെ ഗവൺമെന്റ് ഓർഡറും ഇറക്കി.

സർ, പ്രമുഖ ചിന്തകനായ പ്ലാറ്റോ പറഞ്ഞിട്ടുണ്ട് ആനന്ദത്തിനുള്ള അതിരുകടന്ന ആഗ്രഹമാണ് കർത്തവ്യനിർവഹണത്തിൽ തെറ്റുചെയ്യാൻ പ്രേരകമാകുന്നതെന്ന്. ശരിയാണ്. ഗവൺമെന്റ് തീരുമാനിച്ചാലും മന്ത്രിസഭ തീരുമാനമെടുത്താലും ഉത്തരവിറക്കിയാലും അതും കൊടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും തരത്തിൽ തടസ്സങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റുദ്യോഗസ്ഥന്മാർ പ്രത്യേകിച്ച് മുകളിലുള്ള പലരും, പരിശ്രമിക്കുകയാണ്. അതിന്റെ പേരിലുണ്ടായ പ്രശ്നങ്ങൾ വളരെയെറെയാണ്. ഒരു തീരുമാനമെടുത്തു പെൻഷൻ രണ്ടായിരം മൂവായിരം ആക്കി വീണ്ടും ഒരു ജി.ഒ. ഇറക്കി. അതു പിൻവലിച്ചു. വീണ്ടും ട്രഷറിയ്ക്ക് ഒരു ഡയറക്ഷൻ. അവസാനം മുഖ്യമന്ത്രി തന്നെ കഴിഞ്ഞദിവസം ഒരു പ്രസ്താവനയിറക്കി. മിനിഞ്ഞാന്ന് ഈ സഭയിൽനിന്ന് എനിക്ക് ഒരു ഉത്തരവും കിട്ടിയിട്ടുണ്ട്. രണ്ടായിരം മൂവായിരം രൂപ

LIBRARY ARCHIVES Kerala Legislative Assembly

യായിട്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. അത് കൊടുക്കുന്നതിനുള്ള തടസ്സം നീങ്ങി. എന്തിനാണ് സാർ, തടസ്സമുണ്ടാക്കുന്നത്? അതാണ് ഞാൻ പറഞ്ഞത് പ്ലാറ്റോ പറഞ്ഞത് അക്ഷരം പ്രതി ശരിയാണെന്ന്. പാവപ്പെട്ട തൊഴിലാളികൾക്കും ജീവനക്കാർക്കും സാധുക്കളായവർക്കും അവരുടെ പെൻഷൻ ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിൽ വരുത്തുന്ന വീഴ്ച അക്ഷന്തവ്യമായ തെറ്റാണ്. കഴിഞ്ഞദിവസം പ്രൊഫ. മീനാക്ഷി തമ്പാൻ മഹിളാ പ്രധാൻ ഏജന്റുമാരുടെ കാര്യം ഇവിടെ അവതരിപ്പിച്ചു. ഞങ്ങൾ എപ്പോഴും അവതരിപ്പിക്കുന്നതാണ്. അവശത അനുഭവിക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ പെൻഷന്റെ കാര്യത്തിൽ എന്തിനാണ് കുടിശ്ശിക വരുത്തുന്നത്? അതുകൊണ്ട് അതിനൊക്കെ മുൻഗണന കൊടുക്കണം. ഇന്നലെയും ഇന്നും ഈ സെക്രട്ടേറിയറ്റിന്റെ പടിക്കൽ തൊഴിലാളികളുടെ എത്ര സമരങ്ങൾ നടന്നു. മുൻഗണന കൊടുക്കേണ്ടിടത്ത് മുൻഗണന കൊടുക്കണം. തൊഴിലാളികളുടെ കാര്യത്തിൽ വീഴ്ച വരുത്താൻ അനുവദിക്കരുത്. അത് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ്. സ്വാതന്ത്ര്യസമരസേനാനികളുടെ കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചത്. രണ്ടായിരം രൂപ മൂവായിരം രൂപയായിട്ട് വർദ്ധിപ്പിച്ചതും തുച്ഛമായി കിടന്നിരുന്ന പെൻഷൻ പല തവണയായി വർദ്ധിപ്പിച്ചതും ബഹുമാനപ്പെട്ട നായനാർ സർക്കാരാണ് അതു കൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

നാളികേരത്തിന്റെയും കാർഷികോൽപ്പന്നങ്ങളുടേയും വിലയിടിവിനെ സംബന്ധിച്ച് ഒരുപാട് ചർച്ചകൾ ഇവിടെ നടന്നു. അതുകൊണ്ടു ഞാൻ പറയുന്നില്ല. ഞങ്ങൾ ഇവിടെയുള്ള എം.എൽ.എ.മാരെല്ലാം ചേർന്ന് കഴിഞ്ഞ ആഗസ്റ്റിൽ ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ട് കൊടുത്ത ആ മെമ്മോറാണ്ടത്തിന്റെ കോപ്പിയാണ് ഇത്. നിങ്ങൾ കഴിഞ്ഞയാഴ്ച പോയതുപോലല്ല, കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കേരളത്തിലുള്ള എം.എൽ.എ. മാരെല്ലാം ഡൽഹിയിൽപോയി പ്രധാനമന്ത്രിയെ കണ്ടു, പാർലമെന്റിന്റെ മുൻപിൽ ഞങ്ങൾ സത്യാഗ്രഹം നടത്തി ഞങ്ങളോടൊപ്പം കേരളത്തിൽ നിന്നുള്ള എം.പി.മാരും ഉണ്ടായിരുന്നു. ഞങ്ങൾ അത് കൊടുക്കുകയും ഗൗരവമായി കേരളത്തിലെ പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. പ്രധാനമന്ത്രി ഒക്കെയിരുന്നു കേട്ടു. ഒന്നിനുപുറകെ ഒന്നായി കേരളത്തിൽ ശക്തമായി നടപ്പിലാക്കി വരികയല്ലേ? കേരളത്തിലെ കാർഷിക മേഖല മുഴുവൻ തകർത്തുകൊണ്ടിരിക്കുകയല്ലേ? ഇവിടെ ഒരുപാട് ചർച്ച വന്നതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഒരുകാര്യം ഞാൻ പ്രത്യേകം എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇന്നനുഭവിക്കുന്ന പ്രശ്നങ്ങൾ അങ്ങേയ്ക്കറിയാമല്ലോ. ആ മേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ തൊഴിലാളികളുടെ പ്രിയങ്കരനായ നേതാവായ അങ്ങേയ്ക്കറിയാമല്ലോ. തേയിലത്തോട്ടം തൊഴിലാളികൾക്ക് അതുപോലെ പ്ളാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക്, ഈ തേയില ഇറക്കുമതിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെടുന്നു. അതുപോലെ കാർഷിക മേഖലയിലുണ്ടായ പ്രതിസന്ധിയുടെ ഫലമായി അവരുടെ തൊഴിൽ നഷ്ടപ്പെടുന്നു. തൊഴിൽസ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നു. തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാതിരിക്കുന്നു. ഇത് ഒരു അവസരമാക്കി മുതലാളിമാർ അവർക്ക് ബോണസ് കൊടുക്കാതിരിക്കുക, അവരുടെ നിയമാനുസൃതമായ കരാർ പ്രകാരമുള്ള അവരുടെ ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുക, പി.എഫ്. അടയ്ക്കാതിരിക്കുക, ഇ.എസ്.ഐ. കൊടുക്കാതിരിക്കുക, സ്ഥാപനം അടച്ചുപൂട്ടുക! ഒരുഭാഗത്ത് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം സംസ്ഥാനത്ത് ഉണ്ടാകുന്ന

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

തകർച്ച, ഒരുഭാഗത്ത് ആയിരക്കണക്കിന്, പതിനായിരക്കണക്കിന്, ലക്ഷക്കണക്കിന് വരുന്ന നമ്മുടെ പ്ളാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന ഗുരുതരമായ പ്രതിസന്ധി! പീരുമേട് ടീ കമ്പനിയെക്കുറിച്ച് ഞാനെടുത്തുപറയുന്നില്ല. കോട്ടമല, വഗമൺ തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ നിയമം ലംഘിക്കാൻകൂടി തൊഴിലാളികളുടെ അവകാശങ്ങൾ തടയാൻകൂടി ഇതൊരവസരമായി എടുക്കുകയാണ്. ഈ നയങ്ങൾ തിരുത്തിക്കാൻ ഇവിടെ ഇരുന്ന് നിരാഹാരസമരവും! ഇതിനെല്ലാം ഉത്തരവാദി കേരള ഗവൺമെന്റാണെന്നു പറഞ്ഞാൽ ജനങ്ങളുടെ മുൻപിൽ വിലപ്പോവുമോ? ഏതെങ്കിലും ഒരു ദിവസം കേരളത്തിലെ പ്രതിപക്ഷങ്ങളുടെ നേതൃത്വത്തിൽ ആ നയത്തിനെതിരായി ഒരു പ്രതിഷേധപ്രകടനം നടത്താൻ കഴിഞ്ഞോ? കഴിഞ്ഞദിവസം നവംബർ 1-ന് പ്രതിപക്ഷകക്ഷികൾ മദ്യദുരന്തത്തിന്റെ പേരും പറഞ്ഞ് ഹർത്താൽ ആചരിച്ചു. നവംബർ 1-ന്റെ പ്രത്യേകത എന്താണ്? കേരള പ്പിറവി മാത്രമല്ല എത്രയോ വർഷങ്ങളായി ഇരുട്ടിലായിരുന്ന കേരളത്തെ, വൈദ്യുതിയുടെ കാര്യത്തിൽ വളരെ പ്രതിസന്ധിയിലായിരുന്ന കേരളത്തെ ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ച് സമ്പൂർണ്ണ വെളിച്ചത്തിലേയ്ക്ക് നയിച്ച ആ പ്രഖ്യാപനം ഉണ്ടായ ദിവസമാണ് നവംബർ 1-ാം തീയതി. ആ ദിവസം യു.ഡി.എഫ്. കാർ കറുത്ത കൊടിപിടിച്ച് ഹർത്താൽ ആചരിച്ചു. നാണമില്ലേ നിങ്ങൾക്ക്? ഈ കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾക്കെതിരായിട്ട് നിങ്ങൾ സമരം നടത്തിയിട്ടുണ്ടോ? ഞങ്ങൾ നടത്തിയിട്ടുണ്ട്; നിരന്തരമായി ഞങ്ങൾ സമരം ചെയ്യുകയാണ്. നാലു ദേശീയ പണിമുടക്കുകൾ കഴിഞ്ഞു. നിരന്തരമായി പാർലമെന്റിന്റെ മുൻപിൽ രാജ്യം മുഴുവൻ, ഇൻഷ്വറൻസ് ആയാലും ബാങ്ക് ആയാലും പബ്ളിക് സെക്ടറിലെ തൊഴിലാളികളായാലും ശരി, എല്ലാ മേഖലകളിലും കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും അണിനിരത്തി സമരം ചെയ്യുകയാണ്. കഴിഞ്ഞദിവസം ടീച്ചർ ഇവിടെ പറഞ്ഞില്ലേ? സത്യൻമൊകേരിയും എല്ലാപേരും പറഞ്ഞു; ഈ ഭാഗത്തിരിക്കുന്ന ഞങ്ങളുടെ നിരവധി സംഘടനകൾ ഡൽഹിയിൽ ഉൾപ്പെടെ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കാർത്തികേയൻ വായിക്കുന്ന കൂട്ടത്തിലായതുകൊണ്ട് ഞാൻ പറയാം കാസ്ട്രോ ആഗോളവൽക്കരണത്തെക്കുറിച്ച് പറഞ്ഞല്ലോ, അദ്ദേഹത്തിന്റെ ഏറ്റവും അവസാനം വന്ന പ്രധാനപ്പെട്ട പ്രസംഗത്തിന്റെ ഒരു ഭാഗം ഞാൻ വായിക്കാം: "സാമ്രാജ്യത്വത്തിന്റെ ആഗോളവൽക്കരണത്തെ നേരിടാൻ ജനങ്ങളെ ബോധവൽക്കരിക്കുക - ഇതല്ലാതെ കുറുക്കു വഴിയില്ല. ആഗോളവൽക്കരണത്തിന്റെ വക്താക്കൾ ലോകമെമ്പാടുമുള്ള അച്ചടിമാധ്യമങ്ങളിൽ കൈകടത്തുന്നു. അവരുടെ ആശയങ്ങൾ ശക്തമായി പ്രചരിപ്പിക്കുന്ന ഈ പ്രചരണങ്ങളെ നേരിടാനുള്ള ഏക ശക്തിയും വിജയകരമായ ബദൽ മാർഗ്ഗവും ലോകത്താകമാനം ഉള്ള മനുഷ്യനാണ്. അവരുടെ മനുഷ്യശക്തിയാണ് അവരുടെ ബോധമണ്ഡലമാണ് ആഗോളവൽക്കരണത്തിന് എതിരായിട്ടുള്ള ശക്തമായ പോരാട്ടങ്ങൾ ഉയർന്നുവരണമെന്നതിന് നാം ഉന്നം വയ്ക്കേണ്ടത്.'' നാം സാധാരണ ജനവിഭാഗങ്ങളുടെ ബോധമണ്ഡലങ്ങളെ ആശ്രയിക്കലും അവരുടെ വിശ്വാസം ആർജ്ജിക്കലുമായി പ്രവർത്തനമാരംഭിച്ചിരിക്കയാണ്. അതായത് നമ്മുടെ കർഷകത്തൊഴിലാളികളെയും കൃഷിക്കാരെയും ചെറുപ്പക്കാരെയും എല്ലാ ജനവിഭാഗങ്ങളെയും അണിനിരത്തികൊണ്ട് രാജ്യത്തെമ്പാടും ശക്തമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്ന ഫെബ്രുവരി 28-ാം തീയതി വൻപിച്ച പണിമുടക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. ആ സമരത്തിൽ പങ്കെടുക്കുക, അതൊക്കെ വിജയിപ്പിക്കുക, അതല്ലാതെ മറ്റു വഴിയൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ സമയക്കുറവുകൊണ്ട്, പ്രസംഗം ദീർഘിപ്പിക്കുന്നില്ല, ഇവിടെ ടെക്സ്റ്റൽ തൊഴിലാളികൾ എൻ.ടി.സി. തൊഴിലാളികൾ, കൈത്തറി തൊഴിലാളികൾ എല്ലാം സമരത്തിലാണ്. കേരളത്തിലെ എൻ.ടി.സി.യുടെ അഞ്ചു ടെക്സ്റ്റൽ മില്ലുകൾ അടയ്ക്കാൻ പോകുകയല്ലേ? പകുതി അടച്ചില്ലേ? രാജ്യത്തെ മുഴുവൻ മില്ലുകളും അടയ്ക്കുകയല്ലേ? എല്ലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കുകയല്ലേ? പുതിയ വകുപ്പും മന്ത്രിയും വന്നതിനുശേഷം പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെ, ഒരു ചർച്ച പോലും ഇല്ലാതെ, രാജ്യത്തിന്റെ പൊതുമുതൽ തുച്ഛമായ വിലയ്ക്ക് മോഡേൺ ബ്രഡ് തൂക്കി വിറ്റതുപോലെ വില്ക്കുകയല്ലേ, രാജ്യത്തെ പബ്ളിക് സെക്ടറിൽപ്പെട്ട കമ്പനിയായാലും തുറമുഖമായാലും റെയിൽവേ ആയാലും! രാജ്യത്തിന്റെ എൻ.ടി.സി. മില്ലുകൾ അടച്ചുപൂട്ടുന്ന സ്ഥിതിവന്നാൽ കേരളത്തിലുൾപ്പെടെ ആയിരക്കണക്കിന് തൊഴിലാളികൾ തെരുവിലാകുകയില്ലേ? പ്രതിപക്ഷ നേതാവിനോടുള്ള ബഹുമാനം വച്ചുകൊണ്ടുതന്നെ പറയാം. ഞങ്ങൾ ഈ സഭയിൽ പലതവണ പറഞ്ഞതാണ്. വാജ്പേയി പാർലമെന്റിൽ അധികാരത്തിൽവന്നിട്ട് അറുപത്തിനാല് അറുപത്തിയഞ്ചു ദിവസമേ ആയിട്ടുള്ളൂ, അന്നാണ് ഇൻഷ്വറൻസ് ബിൽ അവതരിപ്പിക്കുന്നത്. രാജ്യസഭയിൽ ഭൂരിപക്ഷം പോലുമില്ല. പാർലമെന്റിൽ അവർക്കെതിരായിട്ട് പ്രമേയം പാസ്സായില്ലേ? വാജ്പേയി ഗവൺമെന്റിന് ഭൂരിപക്ഷമില്ല. ലോകസഭയിലേ ഉള്ളൂ. അതുകൊണ്ട് പാർലമെന്റിൽ രണ്ടു സഭകളിൽ പാസ്സാക്കേണ്ട ബിൽ പാസ്സായില്ലെങ്കിൽ- ഈ ഇൻഷ്വറൻസ് റെഗുലേറ്ററി ബിൽ അപകടകരമായ സൂചന നൽകുന്നതാണ്. ബാങ്കിംഗ് മേഖലയിലും വരും, എല്ലാ മേഖലയിലും വരും, ഇൻഷ്വറൻസിന്റെ കാര്യത്തിൽ ഒന്നിച്ചു നിന്ന് ചാർലമെന്റിൽ നമ്മൾ ഫൈറ്റ് ചെയ്യണം, രാജ്യസഭയിൽ നമ്മൾ പരാജയപ്പെടുത്തണം. നമുക്ക് അതിനു കഴിയും. തൃശ്ശൂരിലുള്ള ഞങ്ങളുടെ എം.പി. ശ്രീ. എ.സി. ജോസ് പറഞ്ഞത് ഏഴു മണിക്കൂർ ക്ലാസ് എടുത്തു എന്നാണ്. രമേശ് ജയറാം എന്നു പറയുന്ന സാമ്പത്തികകാര്യ വിദഗ്ദ്ധനാണ് ക്ലാസ് എടുത്തത്. എം.പി.മാർക്ക് പലർക്കും മനസ്സിലായില്ല. എല്ലാപേരും, പാർലമെന്റിൽപോയി കൈ പൊക്കാൻ വിപ്പ് കിട്ടിയില്ലേ? വിപ്പ് കൊടുത്തില്ലേ സോണിയാഗാന്ധി? ആ വിപ്പ് കൊടുത്തതിന്റെ ഫലമായിട്ടല്ലേ പാർലമെന്റിൽ ഈ ബിൽ പാസായത്? അന്ന് പാർലമെന്റിൽ ഈ ബിൽ അവതരിപ്പിച്ച ദിവസം രണ്ടു ലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഡെൽഹിയിൽ അത്യുജ്ജ്വലമായ സമരത്തിലായിരുന്നു. അന്ന് പാർലമെന്റിൽ പോയി ശ്രീ. വാജ്പേയിക്കുവേണ്ടി കൈയുയർത്താൻ വിപ്പ് കൊടുത്ത് മുഴുവൻ കോൺഗ്രസ്സ് എം. പി.മാരെയും വിളിച്ചുവരുത്തി ആ ബിൽ പാസ്സാക്കിക്കൊടുത്തു. ശ്രീമതി ഇന്ദിരാഗാന്ധി ബാങ്കുകൾ നാഷണലൈസ് ചെയ്തതിന്റെ ഫലമായി പല ബാങ്കുകളും ഏറ്റെടുത്തു; രാജ്യത്ത് ഒരുപാട് മാറ്റങ്ങളുണ്ടായി. ഒരുപാട് സാമൂഹിക സുരക്ഷിതത്വ പദ്ധതികളുണ്ടായി. പണം എത്ര ചെലവഴിച്ചു. ആ ബാങ്കുകളെ സ്വകാര്യവൽക്കരിക്കാനുള്ള ബിൽ വന്നപ്പോൾ നിങ്ങൾക്ക് എങ്ങനെ അതിനെ എതിർക്കാതിരിക്കാൻ കഴിഞ്ഞു! അപ്പോൾ ശ്രീ. എ.കെ. ആന്റണി എതിർക്കാതിരിക്കാൻ തീരുമാനിച്ചു. അതല്ലേ രണ്ടു ദിവസം മുമ്പ് കൃഷിവകുപ്പു മന്ത്രി പറഞ്ഞത്? ഡോ. മൻമോഹൻസിംഗ് പറഞ്ഞില്ലേ. ശ്രീ. പ്രണാബ് കുമാർ മുക്കർജി പറഞ്ഞല്ലോ, 'ഇത് നടപ്പിലാക്കുകയാണ് ഞങ്ങളുടെ നയമെന്ന്' അതുകൊണ്ട് ശ്രീ. എ.കെ. ആന്റണി ഇവിടെ ഇരുന്ന് പറഞ്ഞതുകൊണ്ട്കാര്യമില്ല. ശ്രീ. ഇ.എം. അഗസ്തി കഴിഞ്ഞ സമ്മേളനത്തിൽ ബാങ്ക് പ്രൈവറ്റൈസേഷനെതിരായി ഒരു പ്രമേയം വന്നപ്പോൾ പ്രസംഗിക്കുന്നതു കേട്ടു. അതുകൊണ്ടൊന്നും കാര്യമില്ല. കോൺഗ്രസ് ഈ നയങ്ങളെ അനുകൂലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട്, ഇത് നടപ്പിലാക്കാൻ വേണ്ടി, ശ്രീ. വാജ്പേയിക്കും ബി.ജെ.പി. സർക്കാരിനുവേണ്ടി രണ്ടുകയ്യും പൊക്കുന്ന ലജ്ജാകരമായ ഒരവസ്ഥയാണ് ഈ രാജ്യത്തെ ജനങ്ങൾ കാണുന്നത്.

രാജ്യത്തെ ഫുഡ് കോർപ്പറേഷന് നൽകിയിരുന്ന സബ്സിഡി മുഴുവൻ വെട്ടിക്കുറച്ച് 9,200 കോടി രൂപയിൽ നിന്നും 8,100 കോടി രൂപയായി നമ്മുടെ ഭക്ഷ്യ സബ്സിഡി കുറച്ചു. ആയിരം കോടി രൂപ മിച്ചം. എന്നിട്ടെന്തുണ്ടായി? റേഷനരി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി ചുരുക്കി. അങ്ങനെ മഹാ ഭൂരിപക്ഷത്തിന് കിട്ടിയിരുന്ന റേഷനരി വെട്ടിച്ചുരുക്കി. റേഷനരിയുടെ വില കൂട്ടി. ഞാൻ ആ കണക്കുകളിലേക്ക് ഒന്നും പോകുന്നില്ല. അതിന്റെ ഫലമായി എന്തുണ്ടായി? 50 ദശലക്ഷം ടൺ ഭക്ഷ്യസാധനങ്ങൾ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകളിൽ കെട്ടിക്കിടക്കുകയാണ്. അവസാനം ഈ അരിയും ഗോതമ്പും എന്തു ചെയ്തു? കാലിപ്പശുക്കൾക്കും കന്നുകാലികൾക്കും. കോഴികൾക്കും തീറ്റയായിട്ട് കൊടുക്കാൻ പോകുകയാണ്. ഇതു കാരണം 20,000 കോടി രൂപയുടെ നഷ്ടമുണ്ടായെന്ന് പാർലമെന്റ് കമ്മിറ്റി കണ്ടെത്തി. രാജ്യത്ത് അരിയില്ലാതെ, ഭക്ഷ്യസാധനങ്ങളില്ലാതെ, അതു വാങ്ങാൻ കഴിയാതെ 40% ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെനിന്നുകൊണ്ട് കഷ്ടപ്പെടുമ്പോൾ, 20,000 കോടി രൂപയുടെ ഭക്ഷ്യസാധനങ്ങൾ കടലിൽ എറിഞ്ഞുകൊണ്ട്, കാലികൾക്ക് കൊടുത്തുകൊണ്ട്, കോഴികൾക്ക് തീറ്റയായി കൊടുത്തുകൊണ്ട് നശിപ്പിച്ചു കളയുകയാണ്. ഇതാണ് ഈ നയത്തിന്റെ ഫലം. അതുകൊണ്ടാണ് ഇതിനെ എതിർക്കാൻ നിങ്ങൾ വരണമെന്ന് ഞങ്ങൾ വീണ്ടും വീണ്ടും പറയുന്നത്.

മദ്യനയം ഇവിടെ ഗൗരവമായി ചർച്ച ചെയ്തു. ഞാൻ ശ്രീ. കാർത്തികേയന്റെ പ്രസംഗം തേക്കിൻകാട് മൈതാനിയിൽ കേട്ടു. ഉജ്ജ്വലമായ പല പ്രസംഗങ്ങളും നടന്ന സ്ഥലമാണ് തേക്കിൻകാട് മൈതാനം. വളരെ വലിയ മഹാൻമാർ പ്രസംഗിച്ച സ്ഥലമാണ് അവിടം. അവിടെ ശ്രീ. കാർത്തികേയൻ നടത്തിയ പ്രസംഗം ഉജ്ജ്വലമായിരുന്നു. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. ശ്രീ. കാർത്തികേയനും ശ്രീ. രമേശ് ചെന്നിത്തലയുംകൂടി ചേർന്ന് നടത്തിയ പ്രസംഗം ഞാൻ കേട്ടതാണ്. ശ്രീ. കാർത്തികേയന് ഓർമ്മയുണ്ടോ? ഓർമ്മയില്ല. തിരുത്തൽവാദികൾ ആരും കാശിക്കുപോയില്ല. ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞ കാര്യം ഞാൻ വീണ്ടും പറയുന്നില്ല. ഈ മദ്യദുരന്തങ്ങളും മദ്യക്കച്ചവടവും വ്യാജമദ്യലോബിയും, പാരലൽ ആയിട്ട് നടത്തുന്ന ഈ സംവിധാനവുമൊക്കെ തടയണം. അത് അവസാനിപ്പിക്കണം. 1982-ൽ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് വൈപ്പിൻകരയിൽ മദ്യദുരന്തമുണ്ടായി. അതിനെത്തുടർന്ന് ജസ്റ്റിസ് ജാനകിയമ്മ കമ്മിഷനെ വച്ചു. ആ കമ്മിഷന്റെ റിപ്പോർട്ടില്ലേ? ആ കമ്മിഷൻ പല ശുപാർശകളും പറഞ്ഞില്ലേ? അതിനെത്തുടർന്ന് ഉദയഭാനു കമ്മിഷനെ നിയമിച്ചു. അദ്ദേഹം ഇപ്പോൾ മരിച്ചുപോയി. ആ ഉദയഭാനു കമ്മിഷന്റെ റിപ്പോർട്ടില്ലേ? എന്തുകൊണ്ട് അത് നടപ്പിലാക്കാൻ കഴിയുന്നില്ല? ഗൗരവമായി ആലോചിക്കേണ്ട പ്രശ്നങ്ങളാണ്. ജാനകിയമ്മ കമമിഷൻ പറഞ്ഞ കാര്യങ്ങളുണ്ട്. ശ്രീ. കരുണാകരന്റെ കാലത്ത് ഉദയഭാനു കമ്മിഷനെ വച്ചു, ആ ഗവൺമെന്റിനു ശേഷം വന്ന ഇടതുഗവൺമെന്റ് വന്നതിനുശേഷവും ആ കമ്മിഷന്റെ പ്രവർത്തനങ്ങൾ തുടർന്നു. ആ റിപ്പോർട്ടുകളിലൊക്കെ ഇതിനെ സംബന്ധിച്ച് പറയുന്നുണ്ട്. ചാരായം നിരോധിച്ചപ്പോൾ ഇപ്പോൾ കള്ളാണ്. ഞാൻ ഒരു സജഷൻ പറയട്ടെ. ഈ ലേലനയം ഇതുപോലെ മുന്നോട്ടുപോകാൻ പാടില്ല. കോടിക്കണക്കിന് രൂപയുടെ ലേലം വിളി

LIBRARY ARCHIVES Kerala Legislative Assembly

ച്ചെടുക്കുന്ന ഓരോ റേഞ്ചിലും തെങ്ങും തൊഴിലാളികളും കള്ളുമില്ല. ഞാൻ ഈ സഭയിൽ ഇതുസംബന്ധിച്ച് രണ്ടു പ്രാവശ്യമെങ്കിലും വിശദീകരിച്ചതാണ്. മത്സരിച്ച് ലേലം വിളിച്ചെടുക്കുന്ന റേഞ്ചുകളിൽ കള്ളും തെങ്ങും ചെത്തുതൊഴിലാളികളും വേണ്ട! കള്ളുഷാപ്പിന്റെ ബോർഡ് വച്ച് അതിലൂടെ ചാരായം വിൽക്കുന്ന ഈ സമ്പ്രദായം അവസാനിപ്പിക്കണം. ചെത്തുതൊഴിലാളികൾ ഇത് നടത്തട്ടെ. എന്റെ നാട്ടിൽ അന്തിക്കാട് കോൺട്രാക്ടർ ഇട്ടെറിഞ്ഞിട്ടു പോയ (വ്യാജമദ്യം വിൽക്കാൻ കഴിയാതെ വന്നപ്പോൾ, അത് വിൽക്കാൻ അനുവദിക്കുകയില്ലെന്ന് കണ്ടപ്പോൾ ഇട്ടെറിഞ്ഞിട്ട് പോയ) ഷാപ്പ് തൊഴിലാളികൾ നടത്തുന്നു. അവിടെ പോലീസ് നടപടി എടുത്ത സ്ഥലമല്ലേ? മുതലാളിമാർ ഇട്ടെറിഞ്ഞിട്ട് പോയപ്പോൾ സി.ഐ.ടി.യു. ഐ.എൻ.ടി.യു.സി. എ.ഐ.ടി.യു.സി. ബി.എം.എസ്. തുടങ്ങിയ എല്ലാ സംഘടനകളും ചേർന്ന്, തൊഴിലാളികൾ ആ കള്ള്ഷാപ്പുകൾ നടത്തുകയാണ്. അത് കേരളം മുഴുവൻ വ്യാപിപ്പിക്കാൻ ആലോചിക്കണം. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കണം. ഈ വിദേശമദ്യം സെക്കന്റ് എന്നും തേർഡ് എന്നും പറഞ്ഞ് എന്തിന്റെ പേരിലായാലും ഗവൺമെന്റ് പൊതുമേഖലയായ ബിവറേജ് കോർപ്പറേഷൻ മുഖാന്തിരം നടത്തുമ്പോൾ അവിടെ ഡിസ്റ്റിലറികളും ഉണ്ടാകും. അവിടെ വീണ്ടും തൊഴിലാളികൾക്ക് പണി കിട്ടും. വ്യാജമദ്യം കൊണ്ടുവരലും വിൽപ്പനയും ഈ വ്യാജമദ്യവും തടയാൻ വേണ്ട നടപടികൾ എടുക്കണം. ആ രൂപത്തിലൊരു നിർദ്ദേശം ഞാൻ ഇവിടെ വയ്ക്കുകയാണ്.

ഉദയഭാനു കമ്മിഷന്റെ നിർദ്ദേശങ്ങൾ ഒന്നുകൂടി ആലോചിക്കണം. തൊഴിൽ മേഖലയെക്കുറിച്ചാണ് പറയുന്നത്. ബഹു.മന്ത്രി ഇവിടെയില്ല. അടച്ചുപൂട്ടിയ വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് കൊടുക്കാനായി ഓണക്കാലത്ത് 28 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. സ്ഥിരമായി അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങൾ, റിട്രെഞ്ച്മെന്റ്, ക്ളോഷർ ഇതൊന്നുമില്ലാതെ, തൊഴിലാളികളെ പറഞ്ഞയക്കാതെ, അടഞ്ഞു കിടക്കുന്ന കുറെ ഫാക്ടറികൾ കേരളത്തിലുണ്ട്. ആ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കാര്യം ഈ സഭയിൽ പല പ്രാവശ്യം ആവർത്തിച്ചതാണ്. ആ തൊഴിലാളികൾക്ക് ശാശ്വതമായ പ്രശ്നപരിഹാരം കിട്ടുന്ന ഒരു പദ്ധതി വേണം. പശ്ചിമബംഗാളിൽ കൊടുക്കുന്നത് അറിയാമല്ലോ. അവിടെ നടപ്പിലാക്കുന്നതുപോലൊരു പദ്ധതി കേരളത്തിലെ ഈ ഗവൺമെന്റ് അതിന്റെ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പായി കേരളത്തിലെ പാവപ്പെട്ട തൊഴിലാളികൾക്കായി നടപ്പിലാക്കണമെന്ന് ഒന്നുകൂടി ശക്തിയായി ആവശ്യപ്പെടുകയാണ്. കൂട്ടത്തിൽ ഒരു കാര്യം കൂടി: ഈ തൊഴിൽ വകുപ്പ് പ്രധാനപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ ഇവിടത്തെ സെൻട്രൽ ട്രേഡ് യൂണിയനുകളുമായിട്ട് ഒന്ന് ചർച്ചചെയ്യണം. ഞാൻ, ഓർഡിനൻസ് ഇറക്കിയതിനെ എതിർക്കുകയല്ല, അതിവിടെ ബില്ലായിട്ട് വരുന്നില്ല. അതിന് അതിന്റേതായ കാര്യങ്ങളുണ്ട്. ഓർഡിനൻസുകൾക്കൊന്നും ഇപ്പോൾ ബിൽ ഇല്ല. ലേബറിനെ സംബന്ധിച്ച് പറയാതെ നിവൃത്തിയില്ല. ഞാൻ ആ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ട്രേഡ് യൂണിയൻ നേതാവാണ്. തൊഴിലാളികളെ സംബന്ധിക്കുന്ന വളരെ വലിയ പ്രശ്നങ്ങൾ വരുമ്പോൾ അത് ഓർഡിനൻസ് ആയിട്ടിറക്കി, ഇപ്പോൾ ലേബർ അതോറിറ്റി ഓർഡിനൻസ് ഇവിടെ സഭയിൽ വരുന്നുണ്ട്. കേരളത്തിൽ ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികൾ-നിരവധി ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ, പി.എഫ്. കോൺട്രിബ്യൂഷനും ഗ്രാറ്റുവിറ്റിയും അടച്ചുകൊണ്ടിരിക്കുന്ന, ആ തൊഴിലാളികളുടെ ആ പി.എഫ്. ഉം ഗ്രാറ്റുവിറ്റിയും തടയുന്ന രീതിയിലുള്ള ഒരു ലേബർ അതോറിറ്റിയൊന്നും വേണ്ട. അതുകൊണ്ട് അത് ആലോചിക്കണം. തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

ളികൾക്ക് ഗുണകരമായ, തൊഴിലാളികളെ മെച്ചപ്പെടുത്തുന്ന വിധത്തിലുള്ള, തൊഴിലാളികൾക്ക് ക്ഷേമകരമായ നല്ല നിലയിൽ മെച്ചപ്പെടുത്താൻ കഴിയുന്നുവെങ്കിൽ അതിനെയെല്ലാം ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. അത് സി.ഐ.ടി.യു.വിന്റെയും എ.ഐ.ടി.യു.സി.യുടെയും ഐ.എൻ.ടി.യു.സി.യുടെയും അഭിപ്രായമായതുകൊണ്ട് ഞാൻ ഒന്ന് സൂചിപ്പിച്ചുവെന്നു മാത്രം

ഇന്നലെ, പ്രതിപക്ഷത്തിരുന്ന പലരും പ്രസംഗിച്ചു. ഒരു വാക്ക് കേരളത്തിലെ ബി.ജെ.പി.യ്ക്ക് എതിരായി പറഞ്ഞില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കെ.എം.മാണിയെ മുന്നിൽ നിർത്തിക്കൊണ്ട് (ശ്രീ.ടി.എം.ജേക്കബ് അവിടെ ഇരിക്കുന്നു അദ്ദേഹം മറുപടി പറയുമ്പോൾ പറയണം) യു.ഡി.എഫ്. ബി.ജെ.പി.യുമായി ചേർന്ന് മൽസരിച്ചു. അടുത്ത് തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുമായി ചേർന്ന് മൽസരിച്ചില്ലെങ്കിൽ യു.ഡി.എഫ്. അധികാരത്തിൽ വരികയില്ല. അതുകൊണ്ട് ബി.ജെ.പി.യുമായിട്ട് കച്ചവടം. ഈ കച്ചവടം ഇന്ന് തുടങ്ങിയതല്ല. 1991-ൽ ബേപ്പൂർ വടകര ബി.ജെ.പി.യുടെ സ്റ്റേറ്റ് കമ്മിറ്റി തീരുമാനിച്ചത് എന്താണ്? ബി.ജെ.പി. സംസ്ഥാന നേതൃത്വം അയ്യപ്പൻസാറിന്റെ നേതൃത്വത്തിലുള്ള കമ്മിഷനെ വച്ചു. ആ കമ്മിഷൻ കണ്ടെത്തിയ നിഗമനങ്ങൾ എന്താണ്? അവരുടെ റിപ്പോർട്ട് എന്താണ്? പത്രങ്ങളിൽ വന്നില്ലേ? തൃശ്ശൂർ കേന്ദ്രീകരിച്ച് കേരളത്തിലെ നിരവധി നിയമസഭാ മണ്ഡലങ്ങളിൽ ബി.ജെ.പി.യും കോൺഗ്രസ്-ഐ.യും യു.ഡി.എഫും അവിഹിത രഹസ്യധാരണ ഉണ്ടാകുന്നു. അതിൽ മത്സരിച്ച ചിലരുടെ പേരിൽ ഇപ്പോൾ നടപടി എടുക്കുകയല്ലേ?

ഒരക്ഷരം ഇപ്പോൾ കോൺഗ്രസ്സ് പറയുന്നില്ല. ഇപ്പോൾ കോട്ടയത്ത് നടപ്പാക്കി, പതുക്കെപ്പതുക്കെ മാണിയെ മുന്നിൽനിറുത്തി യു.ഡി.എഫ്. കേരളത്തിൽ ബി.ജെ.പി.യുമായി നിരവധി നിയമസഭാ മണ്ഡലങ്ങളിൽ പരസ്യധാരണയുണ്ടാക്കി അടുത്ത നിയമസഭയിൽ രണ്ടോ മൂന്നോ പേരെങ്കിലും ഈ സഭയിൽ വരാനുള്ള അവസരമൊരുക്കിയാൽ, ശ്രീ. കാർത്തികേയനും ശ്രീ.എ.കെ. ആന്റണിയും ശ്രീ. ആര്യാടനുമൊക്കെ മാപ്പും പറയേണ്ടിവരും. മറ്റ് സ്റ്റേറ്റുകളിൽ ബി.ജെ.പി. കേറി, ഈ കേരളത്തിൽ അതിന് കഴിയുകയില്ല. കമ്മ്യൂണിസ്റ്റുകാർ വർഗ്ഗീയതയ്ക്കെതിരായി, വർഗ്ഗീയ ദുർഭൂതങ്ങൾക്കെതിരായി അതിശക്തിയായി സമരം ചെയ്യുന്ന സംസ്ഥാനമാണ്. നിരവധി രക്തസാക്ഷികൾ, നമ്മുടെ സഖാക്കൾ, രക്തം കൊടുത്ത് അങ്ങനെ വർഗ്ഗീയതയ്ക്കെതിരായി പടുത്തുയർത്തിയ, വളർന്നുവന്ന, പ്രസ്ഥാനമാണ് കേരളത്തിലേത്. അതുകൊണ്ട് പറയുകയാണ് ഇടതുപക്ഷജനാധിപത്യമുന്നണി അതിന്റെ പ്രഖ്യാപിതമായ രാഷ്ട്രീയ ലക്ഷ്യങ്ങളിൽ നിന്നുകൊണ്ടുതന്നെ വർഗ്ഗീയതയ്ക്കെതിരായുള്ള ശക്തമായ പോരാട്ടമായി കൊണ്ടുവരും ഞങ്ങൾ. മറിച്ച് കോൺഗ്രസ്സും കേരളാ കോൺഗ്രസ്സും- ഇപ്പോൾ കോട്ടയത്തു നടപ്പാക്കി - സംസ്ഥാനം മുഴുവൻ നടപ്പാക്കാൻ പോകുന്നു. ശ്രീ. ജേക്കബ് എങ്കിലും അതിനെക്കുറിച്ച് രണ്ടക്ഷരം പറഞ്ഞല്ലോ. ഇവിടെ ജേക്കബ് പലതും പറയുമ്പോൾ ഞങ്ങൾ വിമർശിക്കുമായിരുന്നു. ജേക്കബ് എങ്കിലും കുറെ കാര്യങ്ങൾ അതിനെക്കുറിച്ച് പറഞ്ഞല്ലോ. വയലാർ പറഞ്ഞ ഒരു വരി കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം "കാവി പൂശിയ സന്ധ്യയ്ക്കു പിന്നിലീ കറുത്തവാവുകൾ" - അത് എത്ര അർത്ഥവത്തായിരിക്കുന്നു. ബി.ജെ.പി., കോൺഗ്രസ്, യു.ഡി.എഫ്. ഇങ്ങനെ വളർന്നുവരുന്ന ബന്ധം - അത് രാജ്യത്തിന് ആപത്താണെന്നു കണ്ടുകൊണ്ട് അതിനെതിരായിക്കൂടി, ഞാൻ നേരത്തെ പറഞ്ഞ സമരങ്ങൾ വളർന്നുവരുന്നതോടൊപ്പംതന്നെ ഇതിനെതിരായിക്കൂടി, ഈ രാജ്യത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുജനങ്ങൾ ചിന്തിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. ഈ ഉപധാനാഭ്യർത്ഥനകളെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. സി.എഫ്. തോമസ് : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. എന്റെ സ്നേഹിതൻ ശ്രീ. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ സൂചിപ്പിച്ചു ഞങ്ങളാരും ബി.ജെ.പി.യെക്കുറിച്ച് പറഞ്ഞില്ല എന്ന്. ഞങ്ങളുടെ അഭിപ്രായത്തിൽ, നിങ്ങൾ എപ്പോഴും ആവർത്തിച്ചാവർത്തിച്ച് ബി.ജെ.പി.യെക്കുറിച്ച് പറയുന്നു. ഇന്ന് കേരളത്തിൽ പല പ്രദേശങ്ങളിലും വേരുകൾ ഇല്ലാതിരുന്ന ബി.ജെ.പി. എല്ലാ ദിവസവും വളർന്നുകൊണ്ടിരിക്കാനുള്ള കാരണം . . . . (ബഹളം) അതിനുവേണ്ടി ജോലിചെയ്തു കൊടുക്കുന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് - പ്രതിപക്ഷനേതാവിന്റെ കക്ഷി, ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ്, ശ്രീ. ജേക്കബിന്റെ കക്ഷി ഇവയുടെ-അല്ലെങ്കിൽ എല്ലാ കക്ഷികളുടെയും - പ്രത്യയശാസ്ത്രങ്ങൾക്കും ആശയങ്ങൾക്കും അധിഷ്ഠിതമായ ആശയങ്ങളല്ല നിങ്ങളുടേത്. നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി വളരെ ഗൗരവതരമായി ചിന്തിക്കേണ്ട ഒരു കാര്യമാണ് പറഞ്ഞത്. ഞങ്ങൾ വെളിയിൽ പ്രസംഗിക്കുന്നുണ്ട് ഈ കാര്യം ഇപ്പോൾ ഉത്തരവാദപ്പെട്ട ആളുകൾ ഇവിടെ ഉണ്ടല്ലോ. നമ്മുടെ സംസ്ഥാനത്ത് ബി.ജെ.പി.യെ വളർത്തിക്കൊണ്ടുവരുന്നത് നിങ്ങൾ എടുക്കുന്ന രാഷ്ട്രീയ പ്രവർത്തന ശൈലിയാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഈ സംസ്ഥാനത്ത് അഴിച്ചുവിടുന്ന അക്രമരാഷ്ട്രീയത്തെ കൗണ്ടർ ചെയ്യുവാൻ പല പ്രദേശത്തും സമാധാന പ്രേമികളായിട്ടുള്ള, ജനാധിപത്യവാദികളായിട്ടുള്ള ആളുകൾക്ക് ഇന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ആശ്രയിക്കാൻ സാധിക്കുന്നില്ല. അവർക്ക് കോൺഗ്രസ്സിനെയും ആശ്രയിക്കാൻ സാധിക്കുന്നില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിനെയും ആശ്രയിക്കാൻ സാധിക്കുന്നില്ല. പല പ്രദേശത്തും ജനാധിപത്യപാർട്ടികളുടെ പ്രവർത്തനങ്ങളുടെ നേർക്ക് സി.പി.എം. അഴിച്ചുവിടുന്ന അക്രമത്തിന് മറുപടി പറയാൻ അപ്പുറത്തിരിക്കുന്ന ആളുകളും അവരുടെ അനുഭാവികളും ബി.ജെ.പി. എന്നുള്ള ചിന്തയിലേയ്ക്കു പോകുന്നുവെങ്കിൽ സാമാന്യജനങ്ങളുടെ കാര്യമാണ് പറയുന്നത്. രാഷ്ട്രീയമായിട്ടുള്ള നിലപാടല്ല. സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ആളുകൾപോലും നിങ്ങളുടെ അക്രമത്തെ നേരിടാൻ നിവൃത്തിയില്ലാതെ ഇതിന് മറുപടി പറയാൻ ബി.ജെ.പി.യെക്കൊണ്ടേ സാധിക്കുകയുള്ളൂവെന്ന ചിന്തയായി. എല്ലാ പ്രദേശത്തും ബി.ജെ.പി.യുടെ യൂണിറ്റുകൾ ഉണ്ടാകുന്നുവെങ്കിൽ സി.പി.എം. പിന്തുണയുള്ള രാഷ്ട്രീയം നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി അടിസ്ഥാനത്തിൽ രണ്ടുപ്രാവശ്യം ആലോചിക്കേണ്ടതുണ്ട്. ഞങ്ങളാരുമല്ല ബി.ജെ.പി.യെ വളർത്തിയത്. ഇപ്പോൾ കണ്ണൂർ പ്രദേശത്ത് ബി.ജെ.പി. പ്രവർത്തകൻ ആരൊക്കെയുണ്ട്? പഴയ സി.പി.എം.കാരാണ്. അപ്പുറത്തിരിക്കുന്ന ആളുകൾപോലും സ്വന്തം രക്ഷയ്ക്കുവേണ്ടി ബി.ജെ.പി.യെ ആശ്രയിക്കേണ്ട ഗതികേട് അവസാനിക്കണമെങ്കിൽ, രാവിലെ പ്രതിപക്ഷനേതാവ് ഒരാശയം വച്ചല്ലോ: 'കേരളത്തിൽ അക്രമരാഷ്ട്രീയം നമുക്കുവേണ്ട'. കൊലയ്ക്ക് കൊല, എന്നുള്ള ആശയം ഉപേക്ഷിക്കാൻ അങ്ങ് നേതൃത്വം കൊടുത്ത് ഒരു സർവ്വകക്ഷി യോഗം വിളിക്കുമോ? മറിച്ച്, ഈ സംസ്ഥാനത്ത് ഇത്തരത്തിലാണ് നിങ്ങൾ കൊണ്ടുപോകുന്നതെങ്കിൽ, അല്ലെങ്കിൽ അങ്ങനെ ഒരു ശൈലിയാണെങ്കിൽ, ബി.ജെ.പി. വളർന്നുവരും. സി.പി.ഐ.-യോട് പരാതിയില്ല. ഈ വിഷയത്തോട് ഞങ്ങൾ കേരളത്തിനോട് ചേരാനും അഭിപ്രായവ്യത്യാസമില്ല, ഈ വിഷയത്തിൽ ജനതാദളിനോട് ചേരാനും അഭിപ്രായ വ്യത്യാസമില്ല, ഇവിടെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തനശൈലി

LIBRARY ARCHIVES Kerala Legislative Assembly

യാണ് ബി.ജെ.പി.യെ വളർത്തിക്കൊണ്ടിരിക്കുന്നതെന്ന് നിങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി വിലയിരുത്തണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

രണ്ടാമത്തെ വലിയ വിഷയം മദ്യമാണ്. നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സമയത്ത് മദ്യം തന്നെയാണ് വിഷയം. എനിക്ക് ആനത്തലവട്ടം ആനന്ദന്റെ വാദഗതി കേട്ടപ്പോൾ വളരെ വിഷമം തോന്നി. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന തലത്തിൽ നടന്ന ഏറ്റവും പ്രധാനപ്പെട്ട സ്പെഷ്യൽ കോൺഫറൻസ് എന്ന് അദ്ദേഹം വിശദീകരിച്ചു. സോവിയറ്റ് യൂണിയനും കമ്മ്യൂണിസ്റ്റ് ചൈനയുംപോലും നോക്കിയിട്ട് തകർക്കാൻ സാധിക്കാത്തതാണ് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി! ആ പാർട്ടിയുടെ പ്രത്യേക കോൺഫറൻസിന്റെ ന്യൂസുകൾ തമസ്കരിക്കാനാണ് ഇവിടെ പത്രക്കാരും ദൃശ്യമാധ്യമങ്ങളും വന്നത്! പ്രതിപക്ഷരാഷ്ട്രീയകക്ഷികൾ 40 പേർ മരിച്ച വാർത്തകളുടെ കഥകളാണ് പുറത്തുവിട്ടത്. ആരാണ് കൊന്നത്? കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ കോൺഫറൻസ് ആയിരുന്നു പ്രധാനം! 40 പേർ ഇവിടെ മരിച്ചത് പെരുവഴിയിൽ പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടി ഒരു മണിക്കൂർ ആ കോൺഫറൻസ് നിറുത്തിവയ്ക്കാൻ തയ്യാറായോ? മരിച്ചമേഖലയിലേയ്ക്ക് പോകുവാൻ പ്രകടനങ്ങൾ ഉപേക്ഷിക്കാൻ മനുഷ്യസ്നേഹത്തിന്റെ പ്രവാചകനായി സംസാരിക്കുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് സാധിച്ചോ? ഞാൻ ഇപ്പോൾ സി.പി.ഐ.യുടെ കാര്യം തല്ക്കാലം വിടുകയാണ്. കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി കോൺഫറൻസ് നടത്തിയ സ്ഥലത്തുവച്ച് ഇതിനെക്കുറിച്ച് ആലോചിച്ചോ? സി.പി.എം.-ന് അടിസ്ഥാനപരമായി എന്തോ പിശക് വന്നിരിക്കുന്നു. ഈ സംസ്ഥാനത്ത് ഇത്രയും ഗുരുതരമായ വിഷയം ഉണ്ടായിട്ട്, സാധാരണക്കാരായ പാവപ്പെട്ടവരുടെ ഇടയിൽ വിഷമദ്യ ദുരന്തത്തിൽപ്പെട്ട് മരിച്ച, അന്ധരായ, നിരാശ്രയരായ, നിരാലംബരായ ആ പാവങ്ങൾക്കുവേണ്ടി, വിശാലമായ ആഡംബരം നിറഞ്ഞ ഫൈവ് സ്റ്റാർ കോൺഫറൻസ് ഹാളിൽ കൂടിയ ആ യോഗം ഒരുനിമിഷം നിറുത്തിവച്ചോ? കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുഖം നഷ്ടപ്പെട്ടിരിക്കുന്നു. പാവപ്പെട്ടവരെക്കുറിച്ച് നിങ്ങൾക്ക് എവിടെ സ്നേഹം?

[3 PM]

സർ, ആനത്തലവട്ടം ആനന്ദന്റെ ഭാഷ എത്ര ക്രൂരമായിപ്പോയി. അദ്ദേഹം പറഞ്ഞത് ഇപ്പോഴും ഓർക്കുന്നു. 10 എണ്ണത്തിനെക്കൊണ്ട് അവിടെ ഇരുത്തിരിക്കുന്നു. അങ്ങനെയാണോ പറയേണ്ടത്? അങ്ങനെയാണോ മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു സീനിയർ നേതാവ് പറയേണ്ടത്. ഈ സംസ്ഥാനത്തെ വളരെ ഗുരുതരമായ പ്രശ്നം പരിഹരിക്കുവാൻ ഞങ്ങൾ സ്വീകരിച്ചത് ഗാന്ധിയൻ രീതിയിലുള്ള സമരമുറയാണ്. ഡൽഹിയിൽ പോയിട്ടാണ് ഇങ്ങോട്ടുവന്നത്. ആദ്യം ഡൽഹിയിലാണ് പോയത്. ഞങ്ങൾക്ക് പറയാനുള്ള കാര്യങ്ങളെല്ലാം ഡൽഹിയോട് ആലോചിക്കാനാണെങ്കിൽ ഇവിടെ ഒരു ഗവൺമെന്റ് വേണോ? ഞാൻ ശ്രീ. ടി. ശിവദാസമേനോനോട് ചോദിക്കട്ടെ, 6,000 കോടി രൂപയുടെ നഷ്ടം ഈ സ്റ്റേറ്റിനുണ്ടാകുന്ന ഗുരുതരമായ പ്രശ്നം ഈ സംസ്ഥാനത്ത് ഉണ്ടായിട്ട് ഈ പ്രശ്നത്തെ നേരിടുവാൻ സംസ്ഥാന ധനകാര്യവകുപ്പുമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും ഈ ഗവൺമെന്റും എത്ര പണം ചെലവഴിച്ചു? 25,000 ടൺ റബ്ബർ കയറ്റുമതി ചെയ്യുമെന്ന് പറഞ്ഞു. കോട്ടയത്ത് റബ്ബർ കയറ്റുമതി ഉദ്ഘാടനം ചെയ്തത് എങ്ങനെയാണ്? നിങ്ങളൊന്നും കണ്ടില്ലല്ലോ. ശ്രീ. പി.സി. ജോർജ്ജിന് അറിയാമായിരിക്കും. റബ്ബർ ബണ്ടിൽ തലച്ചുമടായിട്ടെടുത്താണ് കയറ്റുമതി ഉദ്ഘാടനം ചെയ്തത് മൂന്നു മന്ത്രിമാർ വന്നാണ് ഉദ്ഘാ

LIBRARY ARCHIVES Kerala Legislative Assembly

ടനം ചെയ്തത്. അത് ഒന്നര വർഷം മുൻപായിരുന്നു. ഇത് കയറ്റുമതി മനുഷ്യ സാഗരമുണ്ടാക്കിയവരുടെ കാര്യം. കോട്ടയത്തു കണ്ട കാഴ്ച രസകരമാണ്. ഇതാണ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിന്റെ റബ്ബർ കയറ്റുമതി! എത്ര കയറ്റു മതി ചെയ്തു? ഒരുലക്ഷം ടൺ റബ്ബർ മിച്ചമായി ഈ സംസ്ഥാനത്തുള്ളപ്പോൾ ഒന്നര വർഷംമുൻപ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞു 25,000 ടൺ റബ്ബർ കയറ്റുമതി ചെയ്യുമെന്ന്. 'റബ്കോ' യും റബ്ബർ മാർക്കറ്റിംഗ് ഫെഡറേ ഷനും എവിടെപ്പോയി? വെയർഹൗസിംഗ് കോർപ്പറേഷൻ എവിടെപ്പോയി? എത്ര ടൺ റബ്ബർ കയറ്റുമതി ചെയ്തു? ഇപ്പോൾ നാലരവർഷമായി. ഇനി നാലുമാസം കൂടെ കഴിയുമ്പോൾ ജനങ്ങളോട് നിങ്ങൾ പറയണം. ഒരു ലക്ഷം ടൺ റബ്ബർ മിച്ചമുള്ള കേരളത്തിലെ സംസ്ഥാന ഗവൺമെന്റ് ഒന്നര വർഷം മുൻപ് 25,000 ടൺ റബ്ബർ കയറ്റുമതിചെയ്യുമെന്നുപറഞ്ഞിട്ട് ഇപ്പോൾ പറയു ന്നത് 6,000 ടൺ എന്നാണ്. എത്ര നഷ്ടം സഹിച്ചു? അങ്ങയുടെ ഇന്നത്തെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ മറുപടിയിൽ ഇതുണ്ട്. കേരളത്തിലെ കാർഷിക വിളകളെ രക്ഷിക്കാൻ ഈ ഗവൺമെന്റ് ചെയ്യാവുന്ന കാര്യങ്ങൾ ഇളവു നൽകുന്ന കാര്യം പരിഗണിക്കുമോ? എന്ന് ചോദിച്ചപ്പോൾ ഇപ്പോഴും അദ്ദേഹത്തിന്റെ മറുപടി പരിഗണിക്കാമെന്നാണ്. കഴിഞ്ഞ നാലര വർഷമായി പറഞ്ഞ മറുപടിതന്നെയാണ് പരിഗണിക്കാമെന്നത്. നാലര വർഷമായിട്ട് ഒരു കാര്യത്തിൽ ഒരു തീരുമാനവുമില്ലാതെ ഈ സംസ്ഥാനത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ മുഴുവൻ അവഗണിച്ച് ഈ സംസ്ഥാനത്തിന്റെ അടിസ്ഥാന മേഖ ലയായ കാർഷിക മേഖലയും വ്യവസായ മേഖലയും തകർത്തിട്ട് ഇപ്പോഴും ഉപധനാഭ്യർത്ഥനയാണ്! 507 കോടിരൂപ പ്രത്യേക നിയമനിർമ്മാണം നടത്തി ക്കൊണ്ടാണ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടി സംഭരി ക്കാൻ നമ്മളെല്ലാവരുംകൂടി പാസ്സാക്കിക്കൊടുത്തത്. അതിൽ എത്ര ചെലവ ഴിച്ചു? ധനകാര്യവകുപ്പുമന്ത്രി മറുപടി പറയണം. ഇന്നലത്തെ മറുപടിയിൽ, 30 കോടി രൂപയാണ് ചെലവഴിച്ചത്. എന്താണ് കാര്യം? വളരെ രസകരമാണ്. ഇത് എല്ലാവരും അറിയണം. 507 കോടിരൂപ നമ്മളിൽനിന്ന് വാങ്ങിയിട്ട് എന്തു ചെയ്തു? അതിൽ ചെലവഴിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളെപ്പറ്റി പറയു ന്നുണ്ട്. (*അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പ്രകാശ് ബാബു*) 'റോഡ്, ജലസേച നം, കുടിവെള്ളം, വൈദ്യുതി, ഉൾനാടൻ ഗതാഗതം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ ഏതെങ്കിലും സ്കീമുകൾ അംഗീകരിച്ചോ?' അതിന്റെ മറുപടി: 'ഇതുവരെ അംഗീകരിച്ചിട്ടില്ല'. എന്താണ് കാരണം? അതു രസമാണ്, കേൾക്കേണ്ടതാണ്. 'കാരണം ഇത്തിരി താമസിച്ചാലും അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി മുടക്കുന്ന പണം ലാഭകരമാകണമെന്നുള്ള പ്രതീക്ഷ യിലാണ് ഇപ്പോൾ മുടക്കാത്തത്.' ഏതാണ് ലാഭകരമാകേണ്ടത്? കുടിവെള്ള ത്തിനുകൊടുക്കുന്ന കാശ് ലാഭകരമാകണം. വൈദ്യുതിക്കുവേണ്ടി കൊടു ക്കുന്ന കാശ് ലാഭകരമാകണം. ജലസേചനത്തിനുവേണ്ടി കൊടുക്കുന്ന കാശ് ലാഭകരമാകണം. ട്രഷറിയിലേയ്ക്ക് ഇട്ട പണം അവിടെനിന്നു മാറ്റാൻ അനുവ ദിക്കാതെ ഇന്ന് ധനകാര്യവകുപ്പുമന്ത്രി പത്രത്തിൽ പറഞ്ഞതെന്താണ്? 'ട്രഷ റിക്ക് ഒന്നും സംഭവിച്ചിട്ടില്ല' എന്ന്. ട്രഷറിയിലേയ്ക്കിട്ട 507 കോടിരൂപ ഇതു വരെ കൈവച്ചിട്ടില്ല. സ്കീമുകളൊന്നും അംഗീകരിച്ചിട്ടില്ല. ഈ സംസ്ഥാ നത്ത് പാവപ്പെട്ടവന് കൊടുക്കേണ്ട സർവ്വ പെൻഷനും മുടങ്ങിയിരിക്കുന്നു. ട്രഷറിയിൽ ഇന്നലെ പോയ ആളുകളെയും മടക്കി വിട്ടിരിക്കുന്നു. ഇന്ന് അദ്ദേഹം സാധാരണ നടപടിയാണെന്ന് പറഞ്ഞിരിക്കുന്നു. ശമ്പളം മാറാൻ ചെല്ലുമ്പോഴുള്ള സാധാരണ നടപടി. 23-ാം തീയതിവരെ കൊടുക്കരുത് എന്നു പറഞ്ഞ് ബില്ലുകളെല്ലാം നിരോധിച്ചിരിക്കുകയാണ്. ഒറ്റ ബില്ലും പാസ്സാ

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

കുന്നില്ല. അത്ര ഗതികെട്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം മുഴുവൻ തകർത്തിട്ട് ഈ സംസ്ഥാനത്തെ കുത്തുപാളയെടുപ്പിച്ചിരിക്കുന്ന, ജനങ്ങളോട് വഞ്ചന കാണിച്ചിരിക്കുന്ന, തൊഴിലാളിദ്രോഹവും ജനദ്രോഹവും നടത്തിയ ഈ ഗവൺമെന്റിനോട് ജനങ്ങൾ പൊറുക്കുകയില്ല എന്നുള്ളതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞങ്ങൾ എതിർക്കുകയാണ്.

ശ്രീ. പി.സി. ജോർജ്ജ് : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. സി.എഫ്. തോമസ് പറഞ്ഞ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. കാരണം നമ്മുടെ പാത്രിയർക്കീസ് തിരുമേനി പറഞ്ഞോളും. ചങ്ങനാശ്ശേരിയിലെ ഞങ്ങളുടെ അഭിവന്ദ്യ പാത്രിയർക്കീസ് തിരുമേനി കാര്യങ്ങളൊക്കെ ശ്രീ.സി.എഫ്. തോമസിനോട് പറഞ്ഞിട്ടുണ്ട്. കുഴപ്പമില്ലാതെ പോകുന്നത് അതുകൊണ്ടാണെന്ന് ശ്രീ. ജേക്കബിനറിയാം മനസ്സിലായില്ലേ? അതൊക്കെ സഭയിൽ പറയുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ പറയുന്നില്ല. എനിക്കു പറയാനുള്ളത്, സഭ സമ്മേളിച്ചിട്ട് 3 ദിവസമായി. ആദ്യത്തെ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും, അദ്ദേഹത്തിന്റെ അനുയായികളും ചേർന്നുകൊണ്ട് ഇവിടെ നടത്തിയ സമരത്തിൽ ഏറ്റവും വലിയ പ്രശ്നമായി ഉയർത്തിയത് എന്താണ്? ബഹുമാനപ്പെട്ട എ.കെ. ആന്റണി, എനിക്ക് അങ്ങയോട് ഏറ്റവും അധികം ബഹുമാനമുണ്ട്. അങ്ങയിൽ നിന്നും നല്ല വാക്കുകൾ ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. ഞങ്ങൾക്ക് അത് ആവശ്യമില്ല. പക്ഷേ അങ്ങയെ പ്പറ്റി ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാടിന് ദോഷം വരുന്ന രീതിയിലാണ് ഈ സഭയിൽ കഴിഞ്ഞ ദിവസങ്ങളായി അങ്ങയും അങ്ങയുടെ അനുയായികളും പ്രവർത്തിച്ചിരിക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കാരണം അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ രാഷ്ട്രീയ പാർട്ടിയെ ഉൾപ്പെടുത്തിയില്ല എന്നതാണല്ലോ അങ്ങയുടെ ഏറ്റവും വലിയ ആരോപണം. ഞാൻ പോദിക്കട്ടെ, ഈ ഉത്തരവിൽ ഏഴാമത് പറഞ്ഞിരിക്കുന്നത് എന്താണ്; "whether in preparing smuggling, storing, distributing and selling illicit liquoer, there was any patronage or involvement of any public or political personalitites" എന്നാണ്. പാർട്ടിയാണോ കാശ് മേടിക്കുന്നത്? വ്യക്തികളല്ലേ കാശ് മേടിക്കുന്നത്? ശ്രീ. ടി.എം. ജേക്കബ് ഈ മണ്ടത്തരത്തിൽ കൂടരുത്. വ്യക്തികളാണ് പണം വാങ്ങുന്നത്. ആ വ്യക്തികളാണ് പാർട്ടിയിൽപ്പെട്ടിരിക്കുന്നത്. ഈ സത്യം നിലനിന്നിട്ടും ഇത്ര നിഷ്പക്ഷമായും നീതിപൂർവമായും ടേംസ് ഓഫ് റഫറൻസ് ഉണ്ടാക്കിയിട്ട് ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തിക്കൊണ്ട് സഭയിലെ ഒരു ദിവസത്തെ ചർച്ച മുഴുവൻ നിങ്ങൾ അവതാളത്തിലാക്കി. ഇത് മര്യാദകേടാണ്. ഞാൻ ബഹു. പ്രതിപക്ഷനേതാവിനോട് ചോദിക്കട്ടെ: ഈ രാജ്യത്ത് ചാരായ നിരോധനം അങ്ങ് കുറ്റബോധം കൊണ്ടാണോ പ്രഖ്യാപിച്ചത്? എനിക്ക് അതിൽ സംശയമുണ്ട്. ഈ സംസ്ഥാനത്ത് ചാരായമുണ്ടാക്കാൻ വേണ്ടി മൂന്ന് സ്പിരിറ്റ് ഡിസ്റ്റിലറികൾ മാത്രമാണ് കേരളത്തിലുണ്ടായിരുന്നത്. ആ ഡിസ്റ്റിലറികളിൽ നിന്നാണ് ചാരായം കച്ചവടക്കാർക്ക് (ലൈസൻസികൾക്ക്) കൊടുത്തുകൊണ്ടിരുന്നത്. അവരാണ് കേരള സംസ്ഥാനത്തിന്റെ പുറത്തുനിന്ന് ചാരായം കൊണ്ടുവരാൻ അനുവാദം കൊടുത്തത്. ഇത് 9.2.1996-ലെ മാതൃഭൂമി പത്രമാണ്. സ്പിരിറ്റ് കൊണ്ടുവരാൻ ഷാപ്പുകൾക്ക് അനുമതി, ആരാണ്? ശ്രീ. കരുണാകരന്റെ ക്യാബിനറ്റ് കൂടിക്കൊണ്ടാണ് കേരള സംസ്ഥാനത്തിനു പുറത്തുനിന്ന് ഇഷ്ടംപോലെ സ്പിരിറ്റുകൊണ്ടുവരാൻ ചാരായക്കച്ചവടക്കാർക്ക് അനുവാദം കൊടുത്തത്. മാത്രമല്ല, കള്ളുഷാപ്പു ലേലം ചെയ്യാൻ തീരുമാനിച്ചു. നിഷേധിക്കാൻ കഴിയുമോ? എന്നിട്ട് അവർക്ക് ലൈസൻസ് കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യാ രാജ്യത്ത് ഇങ്ങനെ സ്പിരിറ്റ് കൊണ്ടുവരാൻ അനുവാദം കൊടുത്തത് കോൺഗ്രസ്സ് ഗവൺമെന്റ്. 1.4.1996-ൽ ഇവിടെ ചാരായം നിരോധിച്ചു. പക്ഷേ 31.3.1996 രാത്രി 12 മണിവരെ ഈ ലൈസൻസ് ഉപയോഗിച്ചുകൊണ്ട് ലക്ഷക്കണക്കിന് ലിറ്റർ സ്പിരിറ്റ് കേരള സംസ്ഥാനത്ത് കൊണ്ടുവരാൻ എ.കെ. ആന്റണി അനുമതി കൊടുത്തു; അങ്ങ് മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് അത് കൊടുത്തത്. മറ്റുള്ളവരെ കുറ്റംപറഞ്ഞിട്ട് കാര്യമുണ്ടോ? തങ്ങളുടെ ഗവൺമെന്റിനെ സംബന്ധിച്ച്, ഇതു തടയാൻ ചെയ്യാവുന്നത് മുഴുവൻ ചെയ്തു. 'കള്ളുഷാപ്പിന് പെർമിറ്റ്' 31.8.1996-ൽ മാതൃഭൂമി എഴുതിയിരിക്കുകയാണ്. ഈ ക്യാബിനറ്റ് തീരുമാനത്തിനെതിരെ മിണ്ടാൻ നിങ്ങൾക്ക് കഴിയുമോ? അതുപോലെ ബഹു.ഗവർണ്ണർ എന്താണ് പറഞ്ഞിരിക്കുന്നത്. 28.3.1996-ലെ മാതൃഭൂമിയിൽ പറഞ്ഞിരിക്കുന്നു. "ചാരായ നിരോധനം നടപ്പാക്കാനാണ് ബുദ്ധിമുട്ട്, ചാരായ ഉപയോഗം തടയാൻ ബോധവൽക്കരണം മാത്രമാണ് ഏക പോംവഴി. ഏഴെട്ടു ദിവസങ്ങൾ കഴിയുമ്പോൾ കേരളത്തിൽ ചാരായനിരോധനം നടപ്പാക്കാൻ പോവുകയാണ്. ആ നിർദ്ദേശം നടപ്പാക്കുമ്പോൾ അസ്വാസ്ഥ്യകരമായ അനുഭവങ്ങളുണ്ടാകും. . . . . ചാരായ നിരോധനം നടപ്പാക്കിയിരുന്ന ഗുജറാത്ത് നൽകുന്ന പാഠവും ഇതാണ്. നിരോധനം നടപ്പിലാക്കിയ ഗുജറാത്തിലെ ചാരായത്തിന്റെ ഉപഭോഗം നിരോധനമില്ലാത്ത മഹാരാഷ്ട്രയേക്കാൾ കൂടുതലായിരുന്നു."

ഗവണ്ണർ അന്ന് പറഞ്ഞതാണ്. നിഷേധിക്കുവാൻ കഴിയുമോ? ഇത് ആരാണ്? ഇതുപോലെ കുറേ വാർത്തകളുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ബഹു.എ.കെ.ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ 7.6.1995-ലെ കേരളകൗമുദി പത്രത്തിൽ വന്നതാണ് 'ആന്റണി സർക്കാരും അബ്കാരികളുടെ പിടിയിൽ.' ചാരായം നിരോധിച്ചുകൊണ്ട് വോട്ട് തട്ടിയെടുക്കുവാൻവേണ്ടി ഒരു കള്ളക്കളി നടത്തി എന്നല്ലാതെ നിങ്ങൾക്ക് ആത്മാർത്ഥതയുടെ കണികയെങ്കിലും ഉണ്ടായിരുന്നോ? ആത്മാർത്ഥതയോടെയാണോ നിങ്ങൾ ചാരായം നിരോധിച്ചത്? വോട്ട് കിട്ടാൻ വേണ്ടിചെയ്ത വേലയല്ലേ അത്? ഇന്നും ഇന്നലെയും മിനിഞ്ഞാന്നുമായി നിയമസഭയിൽ കാണിച്ചതു പോലുള്ള ഒരു കുടുക്ക് പണിയായിരുന്നു നിങ്ങളുടേത്. ഒരു ചെപ്പടിവിദ്യ ആയിരുന്നു. നിഷേധിക്കുവാൻ കഴിയുമോ? അതാണ് സത്യം. 'ആന്റണി സർക്കാരും അബ്കാരികളുടെ പിടിയിൽ' എന്നുപറഞ്ഞത് ആരാണ്? 7.6.1995-ലെ കേരളകൗമുദിപത്രത്തിൽ വന്നതാണ്. നിഷേധിക്കുവാൻ കഴിയുമോ? അതിനെക്കുറിച്ച് കേരളകൗമുദിയുടെ എഡിറ്റോറിയലിൽ പറഞ്ഞത്, അനധികൃത മദ്യഷാപ്പുകൾക്കെതിരെ ജൂൺ 1 വരെ തീവ്രയത്ന പരിപാടി സ്വീകരിക്കും എന്നായിരുന്നു സർക്കാരിന്റെ പ്രഖ്യാപനം. ഷാപ്പുകൾ അടച്ചുപൂട്ടിക്കുന്നതിനും കള്ളവാറ്റ് തടയുന്നതിനും കളക്ടർ ഉൾപ്പെടുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചു. റെയ്ഡുകൾ തുടങ്ങി. പക്ഷേ റെയ്ഡുകളിലൂടെ അടപ്പിച്ച ഷാപ്പുകൾ വീണ്ടും തുറന്നു. അപ്പോൾ ഈ സന്ദർഭത്തിൽ അടച്ചുപൂട്ടേണ്ടിവന്ന ഷാപ്പുകളൊക്കെ വീണ്ടും തുറന്നു പ്രവർത്തനക്ഷമമാക്കുന്നു. അമ്പലത്തിനടുത്തുള്ള മദ്യഷാപ്പുകൾക്കെതിരെ സമരം നടത്തിവന്ന നാട്ടുകാരെ പോലീസ് ഭീഷണിപ്പെടുത്തി. ഏതാനും വീടുകളിൽ രാത്രി ഇരച്ചുകയറിയ പോലീസുകാർ മദ്യവിരുദ്ധസമരക്കാരെ ആക്രമിക്കുവാൻ തുനിഞ്ഞു. വീടുകൾ കൈയേറി ആക്രമിച്ചു. വീടുകളുടെ വാതിലുകളിൽ മുട്ടിവിളിച്ച് ഭീഷണിപ്പെടുത്തി. ചിലരെ അറസ്റ്റുചെയ്തു. പോലീസിന്റെ ബലപ്രയോഗത്തിൽ നിരവധിപേർക്ക് പരുക്കുപറ്റി. അതിക്രമം കണ്ട് പരിഭ്രമിച്ച ഒരു പത്തുവയസ്സുകാരി ഞെട്ടലിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

മോചിതയാകാതെ മരണമടഞ്ഞു. ആ മരണത്തിന്റെ കറകളും അങ്ങയുടെ കൈകൾക്കാണ്. അത് അങ്ങ് മനസ്സിലാക്കണം. എന്നിട്ടാണ് ഞങ്ങൾക്കെതിരെ ആരോപണം. നിങ്ങൾ ആലോചിക്കണം. ഇപ്പോൾ ഒരു അന്വേഷണം വേണമെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? എന്നിട്ട് സഭയിൽ വഴക്കുണ്ടാക്കുകയാണ്. നിങ്ങൾ ആവശ്യപ്പെടുന്നത് ഏത് അന്വേഷണമാണെന്ന് മനസ്സിലാകുന്നില്ല. ഇപ്പോൾ നിങ്ങളുടെ ഉദ്ദേശം എന്താണ്? നേരത്തെ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞതുപോലെ നിങ്ങൾ ഇതിൽനിന്നും കൈകഴുകി രക്ഷപ്പെടുവാനുള്ള ശ്രമമാണ് നടത്തുന്നത്. അതുതന്നെയാണ് ഞങ്ങൾക്ക് എല്ലാപേർക്കും പറയുവാനുള്ളത്. ഇന്നലെ ഇവിടെ എന്തൊരു ബഹളമായിരുന്നു. ബഹു.മുഖ്യമന്ത്രിയും ബഹു.കൃഷിമന്ത്രിയും പറഞ്ഞല്ലോ ചട്ടം 130 അനുസരിച്ചുള്ള ചർച്ചയ്ക്ക് ഞങ്ങൾ തയ്യാറാണെന്ന്. നിങ്ങൾക്ക് റൂൾ 50 അനുസരിച്ച് പ്രമേയം കൊണ്ടുവരണം. ഈ നിയമം ഒക്കെ ആർക്കാണ് അറിയാത്തത്? എന്നിട്ട് ബഹു. എ.കെ. ആന്റണി എന്താണ് പറഞ്ഞത്? അങ്ങ് പറഞ്ഞു റൂൾ 130 അനുസരിച്ചുള്ള ചർച്ച ഇപ്പോൾ ആയിക്കോട്ടെ എന്ന്. ഇപ്പോൾ ചർച്ച ചെയ്താൽ എന്താണ്? എന്തെങ്കിലും മാറ്റം ഉണ്ടാകുമോ? നിങ്ങൾക്ക് കാര്യം മനസ്സിലായിട്ടില്ല. ഇപ്പോൾ ചർച്ച ആകാമെന്ന് പറയുന്നു. വെറുതെ ഓരോന്നും ഉന്നയിച്ചുകൊണ്ട് ബഹളമുണ്ടാക്കുകയാണ്. 1991-ലെ ഉദാരവൽക്കരണ നയം, സാമ്പത്തികനയം അതിലൊക്കെ നിങ്ങൾ മാറ്റം വരുത്തി. അങ്ങേയ്ക്ക് അതിൽ ഉത്തരവാദിത്വം ഇല്ലേ? നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് അങ്ങുംകൂടിച്ചേർന്നല്ലേ ഇതുണ്ടാക്കിയത്? ഇവിടെ സത്യാഗ്രഹം ഇരിക്കുന്ന എന്റെ ബഹുമാന്യരായ പത്ത് സുഹൃത്തുക്കളോട് എനിക്ക് സഹതാപമുണ്ട്. അവർ നിയമസഭയിലെ അംഗങ്ങളാണ്. നിങ്ങൾ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി മനസ്സാക്ഷിയില്ലാതെ കേരളത്തിലെ ജനങ്ങളുടെ ഹൃദയത്തിൽ തെറ്റിദ്ധാരണ പരത്തുവാനുള്ള ഉദ്ദേശത്തോടുകൂടി പത്തു പാവപ്പെട്ട സഹപ്രവർത്തകരെക്കൊണ്ടുപോയി സഭാകവാടത്തിനു മുന്നിൽ ഇരുത്തിയിരിക്കുകയാണ്. പ്രിയപ്പെട്ട എ.കെ.ആന്റണിയോട് ഞാൻ അപേക്ഷിക്കുകയാണ്, കേരളത്തിലെ കാർഷിക മേഖലയോട് അങ്ങേയ്ക്ക് താല്പര്യമുണ്ടെങ്കിൽ, കേരളത്തിലെ കാർഷകരോട് അങ്ങേയ്ക്ക് താല്പര്യമുണ്ടെങ്കിൽ, അങ്ങ് ചെയ്യേണ്ടത് ഈ പത്ത് എം.എൽ.എ.മാരെ കൊണ്ടുപോയി ഡൽഹിയിൽ എ.ഐ.സി.സി. ഓഫീസിനു മുൻപിൽ ഇരുത്തണം. രണ്ടാമത് ചെയ്യേണ്ടത് അങ്ങ് ഉൾപ്പെടെയുള്ള പത്തുപേർ . . . . ക്ഷമിക്കണം, അങ്ങ് എന്ന് പറഞ്ഞത് ഞാൻ പിൻവലിക്കുന്നു, പത്ത് ബഹുമാനപ്പെട്ട മറ്റ് അംഗങ്ങളെ ഇന്ത്യൻ പാർലമെന്റിനു മുൻപിൽ കൊണ്ടുപോയി ഇരുത്തണം. അതിന് എന്തെങ്കിലും അർത്ഥം ഉണ്ടാകും. ഇവിടെ റബ്ബർ കാർഷികോല്പ്പന്നമായിരുന്നു. അതിനെ വ്യാവസായികോൽപന്നമായി മാറ്റി. അപ്പോൾ എന്തുപറ്റി? വിദേശ ഇറക്കുമതിച്ചുങ്കം 25 ശതമാനമാക്കി. കാർഷികോൽപ്പന്നമായിരുന്നെങ്കിൽ അത് 300 ശതമാനമായിരുന്നേനെ. അതിനെക്കുറിച്ച് എന്തുപറയാനുണ്ട്? അതു നിങ്ങളുടെ, കോൺഗ്രസ്സിന്റെ എഗ്രിമെന്റായിരുന്നില്ലേ? ഇൻഡ്യയിലെ കോൺഗ്രസ്സ് പാർട്ടിക്ക് സോണിയാഗാന്ധി എന്ന പ്രിയങ്കരിയായൊരു പ്രസിഡന്റുണ്ടല്ലോ; അവരെന്തു പറയുന്നു? ഇതിനെതിരെ ഡൽഹിയിൽപോയി ശബ്ദിക്കുവാൻ അങ്ങ് തയ്യാറാണോ എന്നു ഞാൻ ചോദിക്കുകയാണ്. അങ്ങ് ചെയർമാനായി ഒരു കമ്മിറ്റി ഉണ്ടല്ലോ; ആ കമ്മിറ്റിയുടെ തീരുമാനം എന്തായി? അത് എ.ഐ.സി.സി. ഓഫീസിന്റെ ചവറ്റുകുട്ടയിൽ കിടക്കുകയല്ലേ? പ്രണബ് മുഖർജി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചല്ലോ; ആ കമ്മിറ്റിയുടെ തീരുമാനം എന്തായിരുന്നു? എ.ഐ.സി.സി.യുടെ സാമ്പത്തികരൂപരേഖ? ഈ സാമ്പത്തി

LIBRARY ARCHIVES Kerala Legislative Assembly

കനയം ഇതേപടി തുടരണം എന്നു അതിൽ പറഞ്ഞിരിക്കുന്നു. ഈ നയം ഇതേപടി തുടർന്നാൽ കേരളത്തിലെ കൃഷിക്കാരനെ രക്ഷിക്കാൻ കഴിയുമോ? ഇന്ത്യാരാജ്യത്തെ കൃഷിക്കാരനെ എങ്ങനെ രക്ഷിക്കാൻ കഴിയും? അങ്ങ് പറയണം. ആന്ധ്രയിൽ 150 കൃഷിക്കാർ ആത്മഹത്യചെയ്തു. ഇനിയും ആയിരങ്ങൾ ഇവിടെ മരിച്ചുവീഴും. ഞാനും ഒരു കൃഷിക്കാരനാണ്. ഇതിനു നിങ്ങളും നിങ്ങളുടെ പാർട്ടിയും ഉത്തരവാദിയാണ്. ഇന്ന് രാജ്യം ഭരിക്കുന്ന ബി.ജെ.പി.ക്കാരുടെ നയത്തെ എതിർക്കേണ്ടത് ഇവിടത്തെ ഏറ്റവും വലിയ പ്രതിപക്ഷമായ കോൺഗ്രസ്സ് പാർട്ടിയാണ്. നിങ്ങൾ അതിനു ചൂട്ടുപിടിച്ചുകൊടുക്കുകയാണ്. എന്നിട്ട് കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കാൻ ഇടതുപക്ഷ ഗവൺമെന്റിനെതിരെ ആരോപണം ഉന്നയിക്കുകയാണ്. നിങ്ങളുടെ മനസാക്ഷിപോലും ചിരിക്കുന്നു. നമ്മുടെ പ്രിയങ്കരിയായ സോണിയാഗാന്ധി കഴിഞ്ഞ ദിവസം എഫ്.ഐ.സി.സി.ഐ.യിൽ . . . . എന്താണ് പറഞ്ഞത്? . . . . . (ബഹളം) എന്റെ പൊന്നു സുധാകരാ, കണ്ണൂരിലെ ചെറിയ പിച്ചാത്തി രാഷ്ട്രീയമൊക്കെ കളഞ്ഞിട്ട് ഈ രാജ്യത്തെ ജനങ്ങളെപ്പറ്റി ചിന്തിക്ക് സുധാകരാ . . . . നിങ്ങൾക്ക് വേദനയില്ലല്ലോ. നിങ്ങൾ എയ്തുവിട്ട അമ്പുപോലെ തുരന്ന് നടക്കുകയല്ലേ? രാഷ്ട്രീയമൊന്നും ഞാൻ കൂടുതൽ പറയുന്നില്ല. നിങ്ങൾ ഒരു ദിവാസ്വപ്നത്തിലാണ്. പതിമൂന്നിൽ ഒൻപതാണോ നാലാണോ വലുത്? കോൺഗ്രസ്സുകാർക്കും ചില പത്രക്കാർക്കും നാലാണ് വലുത്. ഒൻപത് ജില്ലാ പഞ്ചായത്തിൽ എൽ.ഡി.എഫ്.ആണ് ജയിച്ചത്. നാലെണ്ണത്തിലാണ് യു.ഡി.എഫ്. ജയിച്ചത്. എന്നിട്ട് കുറെ പത്രങ്ങളും കോൺഗ്രസ്സുകാരും അവർ ജയിച്ചെന്നാണ് പറയുന്നത്. ഒൻപതാണോ നാലാണോ വലുത്? അങ്ങനെ, ഈ രാജ്യത്തെ മുഴുവൻ കുട്ടിച്ചോറാക്കുന്ന നയങ്ങളുമായി കേന്ദ്ര ഗവൺമെന്റ് പോകുമ്പോൾ ആ നയത്തിനെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. അതിനെതിരെ ശക്തമായ നടപടികളുമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിമുൻപോട്ടു പോകുമ്പോൾ കേരളത്തിലെ കൃഷിക്കാരോട് ആത്മാർത്ഥതയുണ്ടെങ്കിൽ ഒരുമിച്ചു നിന്ന് സമരം ചെയ്യാൻ നിങ്ങൾ തയ്യാറാകണം. നിങ്ങൾ പ്രധാനമന്ത്രിയെ കാണാൻപോയി. അതിലെ ഒരു നേതാവ് എന്നോട് പറഞ്ഞു. വളരെ കഷ്ടപ്പെട്ടിട്ടാണ് രണ്ട് മിനിറ്റ് കിട്ടിയതെന്ന് കേരളത്തിലെ ജനപ്രതിനിധികളായ നിങ്ങളോട് അത്രമാത്രം മോശമായിട്ടാണ് ഇന്ത്യയുടെ പ്രധാനമന്ത്രി പെരുമാറിയതെന്നറിഞ്ഞതിൽ എനിക്ക് വിഷമമുണ്ട്. നിങ്ങൾ കടലാസ് കൊടുത്തു. എന്തെങ്കിലും പറഞ്ഞോ? എന്തൊരു മര്യാദകേട്! അപ്പോൾ ഇവയ്ക്കെല്ലാമെതിരെ ശക്തമായി പ്രതികരിക്കാൻ, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ശബ്ദിക്കാൻ നമുക്ക് ഒരുമിച്ചേ മതിയാകൂ എന്നാണെനിക്ക് പറയാനുള്ളത്. ആ നിലയിൽ പോകാനുള്ള മാനസികനില നിങ്ങൾക്കുണ്ടാകുന്നതിനു സർവ്വശക്തനായ ദൈവംതമ്പുരാനോട് ഞാൻ പ്രാർത്ഥിക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

<u>പ്രൊഫ: എ.വി. താമരാക്ഷൻ</u> : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. ആറു മാസത്തിനുള്ളിലെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്താൻ ഈ നിയമസഭയ്ക്ക് ലഭിക്കുന്നത് ഒരു ദിവസമാണ്, അതുകൊണ്ടുതന്നെ അങ്ങ് കരുണ കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് നിയമസഭയെ ഭയപ്പെടുകയാണ്. നിയമസഭയിലാണ് ഈ സംസ്ഥാനത്തെ ജനങ്ങളുടെ പ്രശ്നങ്ങളൊക്കെ അവതരിപ്പിക്കേണ്ടത്. ആറു മാസത്തിനിടയ്ക്ക് കിട്ടുന്ന നാലു ദിവസത്തിൽ ഒരു ദിവസം മാത്രമാണ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യാൻ അവസരം കിട്ടുന്നത്. കേരളത്തിലെ ഇന്നത്തെ അവസ്ഥ എന്താണ്? ഇത്തരമൊരു അവസ്ഥ കേരളത്തിലുണ്ടായിട്ടുണ്ടോ? 1996-ൽ ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുമെന്ന് ജനങ്ങൾക്ക് വാഗ്ദാനം നൽകിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. ഈ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുമ്പോൾ കേരളം പട്ടിണിമരണങ്ങളുടെയും സാമ്പത്തികത്തകർച്ചമൂലമുള്ള കുടുംബങ്ങളുടെ കൂട്ട ആത്മഹത്യകളുടെയും രാഷ്ട്രീയ കൊലപാതകങ്ങളുടേയും വിഷമദ്യ ദുരന്തങ്ങളുടേയും ശവപ്പറമ്പായി മാറിയിരിക്കുകയാണ്. ഈ ഗവൺമെന്റ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നാണ് പറയുന്നത്. 1957-ലും 67-ലും ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഗവൺമെന്റുണ്ടായിരുന്നു. 1970-ൽ ഇടതുപക്ഷസ്വഭാവമുള്ള ഒരു ഗവൺമെന്റുണ്ടായിരുന്നു. 1987-ൽ ഇടതുപക്ഷമുന്നണിയുടെ ഗവൺമെന്റായിരുന്നു. ഈ ഗവൺമെന്റിനെ ഇടതുപക്ഷജനാധിപത്യമുന്നണിയുടെ ഗവൺമെന്റാണെന്നു പറയാൻ പറ്റുമോ? ഒരു സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെയും തൊഴിലാളികളുടെയും-അടിസ്ഥാന ജനവിഭാഗത്തിന്റെ-താൽപര്യങ്ങൾക്കുവേണ്ടി നിലനിൽക്കുന്ന ഗവൺമെന്റിനെയാണ് ഇടതുപക്ഷ ഗവൺമെന്റ് എന്നു പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. 1957-ലെയും 67-ലെയും 70-ലെയും 87-ലെയും ഗവൺമെന്റുകൾ അത്തരത്തിൽ ഈ രാജ്യത്തെ അടിസ്ഥാന ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി നിന്ന ഗവൺമെന്റുകളായിരുന്നു. 1996-ൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് ഏതു വർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് നാലര വർഷം ഭരിച്ചത്? നാലര വർഷം കഴിഞ്ഞപ്പോൾ സംസ്ഥാനത്തെ കാർഷിക മേഖല മുഴുവൻ തകർന്നു, വ്യാവസായിക മേഖല മുഴുവൻ തകർന്നു, മത്സ്യമേഖല തകർന്നു, പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർന്നു. വ്യാപാര മേഖലകൾ തകർന്നു. ഇന്ന് കേരളത്തിൽ 100 രൂപ കടമെടുക്കാൻ പോലും ഇല്ലാതെ ജനജീവിതം ദുസ്സഹമായി മാറിയിരിക്കുന്നു. ഓട്ടോറിക്ഷാക്കാർക്ക് ഓട്ടമുണ്ടോ? ടാക്സി ഡ്രൈവർമാർക്ക് ഓട്ടമുണ്ടോ? സിനിമാ തിയേറ്ററുകളിൽ ആളുണ്ടോ? ഇത്രയധികം ക്ഷാമം കേരളത്തിൽ മുമ്പുണ്ടായിട്ടുണ്ടോ? എല്ലാ മേഖലകളും തകർന്നില്ലേ? നാലര വർഷക്കാലം ഇവർ ആരുടെ താൽപ്പര്യങ്ങൾക്കുവേണ്ടിയാണ് നിന്നതെന്ന കാര്യം ഞാൻ പറയാം. 1956-ൽ കേരള സംസ്ഥാനം നിലവിൽ വന്ന ശേഷം എത്രയോ ഗവൺമെന്റുകൾ ഈ സംസ്ഥാനം ഭരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിനെപ്പോലെ ഇത്രയും പിടിപ്പുകെട്ട, ഇത്രയും കഴിവില്ലാത്ത ഒരു ഗവൺമെന്റ് കേരളം കണ്ടിട്ടുണ്ടോ? 1996-ൽ ബഹു. എ.കെ. ആന്റണി മുഖ്യമന്ത്രിപദം ഒഴിയുമ്പോൾ 481,41,00,000 രൂപ ഖജനാവിൽ മിച്ചം വച്ചിട്ടല്ലേ പോയത്? അന്നു കേരളത്തിന്റെ റവന്യൂ കമ്മി 402 കോടി രൂപയാണ്. 1991-ൽ ബഹു. നായനാർ അധികാരത്തിൽ നിന്ന് ഇറങ്ങിപ്പോകുമ്പോൾ 422 കോടി രൂപയായിരുന്നത് ആണ് അഞ്ചു വർഷം ശ്രീ. എ.കെ. ആന്റണി ഭരിച്ചിട്ട് 402 കോടി രൂപയിൽ നിർത്തിയിട്ട് ഇറങ്ങിപ്പോയത്. 1956 മുതൽ 40 വർഷം ഭരിച്ച എല്ലാ ഗവൺമെന്റുകളും കൂടിയുണ്ടാക്കിയ കടം വെറും 10,113 കോടി രൂപയായിരുന്നു. ആ നിലയിൽ ഗവൺമെന്റിനെ അധികാരം ഏൽപ്പിച്ചിട്ട് നാലര വർഷം തികയുമ്പോൾ ഈ സ്റ്റേറ്റിന്റെ സ്ഥിതി എന്താണ്? 402 കോടി രൂപയായിരുന്ന റവന്യൂ കമ്മി ഈ സാമ്പത്തിക വർഷം 4,500 കോടി രൂപ കവിയാൻ പോകുകയാണ്. ഇതാണോ ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റ്? 10,113 കോടി രൂപയാണ് കടം. 40 വർഷം കൊണ്ടുണ്ടാക്കിയ കടം നാലുവർഷം കൊണ്ട് ഈ ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നു. ഇനി കടം വാങ്ങാൻ എവിടെയുണ്ട്? സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

ബാങ്കിൽ നിന്ന് 500 കോടി രൂപ വാങ്ങി. ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി എടുത്ത 507 കോടി രൂപയുണ്ട്. ആയിരത്തിൽപ്പരം കോടി രൂപ കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ട്. കർഷക തൊഴിലാളികൾക്ക് കൊടുക്കാനുണ്ട്. തൊഴിലാളിവർഗ്ഗത്തിന്റെ കാര്യങ്ങളാണ് ഈ ഗവൺമെന്റ് നോക്കുന്നത്. പട്ടിണി കിടന്നു, കിടന്നു കുഴിയിലേയ്ക്ക് കാലും നീട്ടിയിരിക്കുന്ന കർഷക ത്തൊഴിലാളികളുണ്ട്. അവരുടെ പെൻഷൻ നാൽപ്പത്തിയൊൻപതര കോടി രൂപ കൊടുക്കാനില്ലേ? തൊഴിലില്ലായ്മ വേതനം നാൽപ്പത്തിയേഴര കോടി രൂപ കൊടുക്കാനില്ലേ? അഗതികൾ, വിധവകൾ, കുഷ്ഠരോഗികൾ, ക്യാൻസർ രോഗികൾ, വികലാംഗർ എന്നിവരുടെ പെൻഷൻ ഇവർ കൊടുക്കാനുണ്ട്. ഇതാണോ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ്? ഇതാണോ സാധാരണക്കാരുടെ ഗവൺമെന്റ്? അവരുടെ കണ്ണീർ വീണാൽ ഈ ഗവൺമെന്റ് കരിഞ്ഞുപോകുകയില്ലേ? ആ പാപത്തിൽ നിന്ന് നിങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കുമോ? മൂന്നു കൊല്ലമായി പ്ലസ് ടു അദ്ധ്യാപകർക്ക് നിങ്ങൾ ശമ്പളം കൊടുത്തിട്ടുണ്ടോ? കോളേജദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിൽ നടപ്പിലാക്കാനായി 1996-ൽ പണം കൊടുത്തതാണ്. ആ പണം നിങ്ങൾ കൊടുത്തോ? ഈ ബാധ്യതയെല്ലാം കൂടി നിങ്ങൾ നാളെ ഏതു ഗവൺമെന്റിനു കൊടുക്കും? ആർക്കു കൊടുക്കാൻ പറ്റും? നാറിയ ഒരു ഭരണകൂടമാണിത്. ഖജനാവിൽ വല്ല വരുമാനവുമുണ്ടോ? കേരള സംസ്ഥാനമുണ്ടായിട്ട് ആദ്യമായിട്ടാണ് ഈ സംസ്ഥാനത്തിന്റെ എല്ലാ വരുമാനവും കുറയുന്നത്. വിൽപ്പന നികുതി കുറയുന്നു. എക്സൈസ് നികുതി കുറയുന്നു, ട്രാൻസ്പോർട്ട് നികുതി കുറയുന്നു, എല്ലാ നികുതികളും കുറഞ്ഞില്ലേ? നികുതികളെല്ലാം കുറച്ചുകൊണ്ട് നിങ്ങളിവിടത്തെ വനം കൊള്ളക്കാർക്കും മദ്യമുതലാളിമാർക്കും വിദ്യാഭ്യാസക്കച്ചവടക്കാർക്കും അനുകൂലമായ നിലപാട് സ്വീകരിച്ചിരിക്കുന്നു. ഇടതുപക്ഷപ്രസ്ഥാനം കെട്ടിപ്പടുക്കാൻ വേണ്ടി ജീവത്യാഗം ചെയ്ത പതിനായിരക്കണക്കിന് സഖാക്കളോടും നേതാക്കൻമാരോടും സ്നേഹമുണ്ടെങ്കിൽ നിങ്ങൾ ഇടതുപക്ഷജനാധിപത്യമുന്നണി എന്ന പേര് മാറ്റി മദ്യ-വന മാഫിയാ മുന്നണി എന്ന് ഈ മുന്നണിക്ക് പേരിടണമെന്നാണ് എന്റെ വിനീതമായ അപേക്ഷ.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, അൽപം സമയം കൂടി വേണം. ആറു മാസത്തിനിടയ്ക്ക് ഒരു ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ പറയാനല്ലേ?

മി. ചെയർമാൻ : ഇവിടെ തന്നിരിക്കുന്ന സമയമനുസരിച്ചല്ലേ സംസാരിക്കാൻ പറ്റൂ. അങ്ങ് കക്ഷിനേതാവായതുകൊണ്ടാണ്.........

പ്രൊഫ. എ.വി. താമരാക്ഷൻ : ആകെ ഒറ്റ ദിവസം മാത്രമെയുള്ളൂ സംസാരിക്കാനായിട്ട്. നാലര വർഷം ഭരിച്ച ഈ ഗവൺമെന്റിന് എന്തു നേട്ടമാണ് പറയാനുള്ളത്? ഈ ഗവൺമെന്റ് ആകെ പറയുന്നത് ഒരു കാര്യമാണ്. വൈദ്യുതി ഉൽപ്പാദനം ഉയർന്നു എന്നാണ്. വൈദ്യുതിബോർഡ് ഇപ്പോൾ 5,000 കോടി രൂപ കടത്തിലാണ്. 1966-ൽ ആയിരം കോടി രൂപയുണ്ടായിരുന്ന കടം ഇപ്പോൾ 5,000 കോടി രൂപയായി. ഒരു ദിവസം നാലു കോടി രൂപ നഷ്ടത്തിൽ. ഇന്ന് വൈദ്യുതിച്ചാർജ്ജ് രണ്ടിരട്ടിയോ മൂന്നിരട്ടിയോ വർദ്ധിപ്പിച്ചാൽ കടം മാറുമോ? ഒരൊറ്റ വർഷം പരസ്യം കൊടുക്കാൻ വേണ്ടി മാത്രം ഏഴു കോടി രൂപയാണ് ഇലക്ട്രിസിറ്റി ബോർഡ് പലിശയ്ക്ക് വാങ്ങിക്കുന്ന പണമെടുക്കുന്നത്. ഈ ഗവൺമെന്റിനെ പ്രോസിക്യൂട്ട് ചെയ്യണ്ടേ? പലിശയ്ക്കു വാങ്ങുന്ന പണമാണിത്. ഈ ഗവൺമെന്റിന്റെ നേട്ടം വിലയിരുത്താൻ വേണ്ടി ബഹു. മുഖ്യമന്ത്രിയുടെയും വൈദ്യുതി വകുപ്പുമന്ത്രിയുടെയും ഫോട്ടോ അടി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിറക്കാൻ വേണ്ടി പരസ്യത്തിനായി ഏഴു കോടി രൂപ ചെലവാക്കുന്നു. ഇങ്ങനെയൊരു ഗവൺമെന്റുണ്ടോ? ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത, തൊഴിലാളികളോട് താൽപ്പര്യമില്ലാത്ത ഈ രാജ്യത്തെ അടിസ്ഥാനവർഗ്ഗത്തെ വഞ്ചിച്ച, ചതിച്ച ഒരു ഗവൺമെന്റ് എന്ന നിലയിൽ ഈ ഗവൺമെന്റിന്, ഇടതുപക്ഷജനാധിപത്യഗവൺമെന്റിന്, ഇടതുപക്ഷ ഗവൺമെന്റ് എന്നു പറയാൻ അവകാശമില്ല. ഇവിടത്തെ മദ്യമുതലാളിമാരുടെയും വനം കൊള്ളക്കാരുടെയും വിദ്യാഭ്യാസക്കച്ചവടക്കാരുടെയും അധോലോകസംഘത്തിന്റെയും താൽപ്പര്യം സംരക്ഷിക്കാനായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. അവർക്കുവേണ്ടി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. രാഘവൻ : സർ. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് ബഹു.ധനകാര്യവകുപ്പുമന്ത്രി ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്നത്. ഇൻഡ്യക്ക് മുഴുവൻ മാതൃകയായിട്ടുള്ള നിരവധി വികസനപ്രവർത്തനങ്ങൾ, ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ കോൺഗ്രസ്സുകാർ ഭരിക്കുന്ന സംസ്ഥാനങ്ങളുണ്ട്. എത്രയോ മാസങ്ങളായി അവിടെ ശമ്പളം കൊടുക്കുന്നില്ല. ഇവിടെ ഒരു ദിവസം പോലും തെറ്റാതെ ശമ്പളം കൊടുക്കുകയാണ്. ഒരു ദിവസം പോലും ഖജനാവ് അടച്ചില്ലല്ലോ എന്നതാണ് ബഹു. ആന്റണിയുടെയും കാർത്തികേയന്റെയും സങ്കടം. ശ്രീ. ഉമ്മൻചാണ്ടി ധനകാര്യവകുപ്പുമന്ത്രി ആയിരുന്ന സമയത്ത് എത്ര ദിവസം ഖജനാവ് തുറന്നു? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻ ട്രഷറി പൂട്ടാൻ പോകുന്നു എന്നാണ് നിങ്ങൾ പറഞ്ഞത്. ഒരു ദിവസം പോലും പൂട്ടിയിട്ടില്ല. നിങ്ങളുടെ സങ്കടവും അതു തന്നെയാണ്. നിങ്ങളുടെ ഗവൺമെന്റ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ജനങ്ങൾക്കുവേണ്ടി വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനായി പഞ്ചായത്തുകൾക്ക് 1165 കോടി രൂപയാണ് കൊടുത്തത്. നിങ്ങൾ ഭരിക്കുന്ന പഞ്ചായത്തുകളുമുണ്ട്. അവിടെയും ജനക്ഷേമകരമായ നടപടികൾ നടപ്പാക്കുകയല്ലേ? കേരളത്തിൽ 28 ലക്ഷം വരുന്ന കുട്ടികൾക്ക് 10 കിലോ അരി സൗജന്യമായി ഈ ഗവൺമെന്റ് കൊടുക്കുകയാണ്. ഇന്നലെ ബഹു. പ്രതിപക്ഷനേതാവ് അതിനെ തമാശയാക്കി. 28 ലക്ഷം കുഞ്ഞുങ്ങൾക്കാണ് കൊടുത്തത്. അതിൽ കോൺഗ്രസ്സുകാരില്ലേ പത്തു കിലോ അരി കൊടുക്കുന്നത് നിങ്ങൾക്ക് സ്വപ്നം കാണാൻ കഴിയുമോ? കുഞ്ഞുങ്ങളുടെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹം മരിക്കുന്നതുവരെ ഒരു കിലോ അരി കൊടുത്തോ? ശ്രീ. വാജ്പേയിയുടെ കാര്യമാണെങ്കിൽ, അദ്ദേഹത്തിന് കുട്ടികളെപ്പറ്റി അറിയില്ല എന്നു പറയാം. ഒരു കിലോ അരി നിങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞോ? ഇവിടെ 28 ലക്ഷം കുഞ്ഞുങ്ങൾക്കാണ് അരി കൊടുക്കുന്നത്. ആ നിലയിലുള്ള നിരവധി കാര്യങ്ങൾ പറയാനുണ്ട്. ലോക് ആയുക്തയ്ക്കുവേണ്ടി പണം നീക്കിവച്ചിട്ടുണ്ട്. എന്തിനുവേണ്ടിയാണ്? അഴിമതിക്കെതിരായിട്ടാണ്. അഴിമതി എന്നു കേൾക്കുമ്പോൾ നിങ്ങൾക്കു പേടിയുണ്ടാകും. നിങ്ങളുടെ കൂട്ടത്തിൽപ്പെട്ട, അഴിമതിക്കെതിരായി അടിയന്തിരപ്രമേയം അവതരിപ്പിച്ച ആൾ ജാമ്യം കിട്ടിയതുകൊണ്ടുമാത്രം രക്ഷപ്പെട്ടു നിൽക്കുകയാണ്. എത്രയാൾ അകത്തുപോകുമെന്നു പറയാൻ സാധ്യമല്ല. ഇന്നു രാവിലെ അടിയന്തിരപ്രമേയം അവതരിപ്പിച്ച ആൾ കൊലക്കേസിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിയായിരുന്നു. ശ്രീ. കെ. സുധാകരനാണ്. ഇപ്പോൾ വിട്ടിരിക്കുന്നത് സാങ്കേതികമായ കാര്യങ്ങളാലാണ്.

ശ്രീ. കെ. സുധാകരൻ : ശ്രീ. ഇ.കെ. നായനാരും പ്രതിയല്ലേ?

ശ്രീ. പി. രാഘവൻ : ശ്രീ. ഇ.കെ. നായനാർ പ്രതിയായതുപോലെയാണോ ശ്രീ.കെ. സുധാകരൻ പ്രതിയായത്? ശ്രീ. ഇ.കെ. നായനാർ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു പ്രതിയായതും ശ്രീ. കെ. സുധാകരൻ നാൽപ്പാടിവാസുവിനെ കൊന്ന കേസ്സിൽ പ്രതിയായതും ഒരുപോലെ ആണോ? നല്ല ചരക്കു തന്നെ. ആ നിലയിലായിരിക്കുകയാണ്. നമ്മുടെ ശ്രീ. പി.വി. നരസിംഹറാവു ജയിലിൽ പോകുന്നതും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജയിലിൽ പോയതും ഒരുപോലെയാണോ? മഹാത്മാ ഗാന്ധി ജയിലിൽ പോയതും കേസരി ജയിലിൽ പോയതും ഒരുപോലെയാണോ? നല്ല കക്ഷികൾ തന്നെയാണ്. ശ്രീ. കെ. സുധാകരൻ അതും കണ്ടുകൊണ്ടാണോ നിൽക്കുന്നത്? ഞാൻ പറഞ്ഞുവന്നത് ശ്രീ. കെ. സുധാകരൻ ചില പീറക്കടലാസുമായിട്ട് വന്നല്ലോ, ധൈര്യമുണ്ടെങ്കിൽ അത് മാതൃഭൂമിയിൽ എഴുതിക്കൂടായിരുന്നോ? മനോരമയിൽ എഴുതിക്കൂടായിരുന്നോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കെതിരെ നാലക്ഷരം എഴുതാൻ ധൈര്യമുണ്ടെങ്കിൽ ഏതെങ്കിലും പത്രത്തിൽ എഴുതിക്കൂടായിരുന്നോ? ചിലപ്പോൾ നിങ്ങൾ എഴുതാനും കാശുകൊടുത്തിട്ടുണ്ടാകും. മണിച്ചന്റെ പത്രം. മണിച്ചന്റെ പാർട്ടി, മണിച്ചന്റെ പൈസ, അങ്ങ് കർണ്ണാടകയിൽ നിന്നും സ്പിരിറ്റ് കൊണ്ടുവരികയാണ്. കർണ്ണാടകയിലും ഭരിക്കുന്നത് കോൺഗ്രസ്സ്, ഇവിടെ സ്പിരിറ്റ് വിൽക്കുന്നതും കോൺഗ്രസ്സ്. രണ്ട് എം.എൽ.എ.മാർ ബാർ നടത്തുന്നുണ്ടല്ലോ? നിങ്ങളുടെ പാർട്ടിയിൽനിന്നും അവരെ പുറത്താക്കാൻ കഴിഞ്ഞോ? ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ്പിരിറ്റ് കേസ്സിൽ പ്രതികളായിട്ടുള്ള എത്ര കോൺഗ്രസ്സുകാർക്ക് നിങ്ങൾ സ്ഥാനാർത്ഥിത്വം കൊടുത്തു? 35 എണ്ണത്തിനെ നിങ്ങൾ കൊന്നില്ലേ? . . . . (ബഹളം) . . . . . പാലക്കാട് സ്ഥാനാർത്ഥി ആരാണ്? പാലക്കാട്ടുള്ള വേലുച്ചാമി ആരാണ്? ബ്ളോക്ക് പഞ്ചായത്തിൽ സ്ഥാനാർത്ഥിയാണ്. കോൺഗ്രസ്സിന്റെ നേതാവാണ്. നേരത്തേ ഇവിടെ പറഞ്ഞല്ലോ; താലിയെടുത്തു കൊടുക്കാൻ പോകുമ്പോൾ ആലോചിക്കണം! താലിയെടുത്തുകൊടുത്തിട്ട് ഇവിടെ വന്ന് മണിച്ചനെതിരായിട്ട് പ്രസംഗിക്കുകയാണ്. ഞാൻ ശ്രീ. ജി. കാർത്തികേയനോട് ചോദിക്കട്ടെ, ശ്രീ. പി.വി. നരസിംഹറാവു ഒരുകോടി രൂപ ഹർഷദ് മേത്തയിൽ നിന്നും വാങ്ങിയത് രസീത് കൊടുത്തിട്ടാണോ? മൊബൈൽ ഫോണിന്റെ 50 ആയിരം കോടി രൂപ വാക്ക്പേയി വാങ്ങിയില്ലേ? അത് രസീത് കൊടുത്തിട്ടാണോ? നിങ്ങൾ മണിച്ചന്റെ കൈയിൽ നിന്നും കാശുവാങ്ങുന്നു. അതിന് കാവൽ നിൽക്കുന്നു. നിരവധി ആളുകളുടെ പേര് പത്രങ്ങളിൽ വന്നല്ലോ. എന്നിട്ട് ഇതുവരെ നിങ്ങൾ വല്ലതും പറഞ്ഞോ? നിങ്ങൾ ആളെ കൊല്ലുകയാണോ? മണിച്ചന് ഇഷ്ടംപോലെ കാശുണ്ടാക്കുകയാണ്. ജോൺ എന്നുപറയുന്ന ഒരു മന്ത്രിയെസംബന്ധിച്ച് പത്രങ്ങളിൽ വന്നു. ആ മന്ത്രി ആരുടെ പാർട്ടിയാണ്? കോൺഗ്രസ്സിന്റെ മന്ത്രിയാണ്. അപ്പോൾ നിങ്ങൾ പറയുന്നത് കോൺഗ്രസ്സുകാർക്ക് എന്തും നടത്താം. തങ്ങളെ ചോദ്യം ചെയ്യാനാര് എന്ന രീതിയിലല്ലേ ചോദിക്കുന്നത്? മഹാദുരന്തങ്ങൾ മുഴുവൻ നിങ്ങൾ വരുത്തിവയ്ക്കുകയാണ്. എന്നിട്ട് ഞങ്ങൾക്കെതിരായി നിങ്ങൾ സമരം നടത്തുകയാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾക്കല്ലാതെ വേറെ ആർക്കെങ്കിലും ഈ നാണംകെട്ട പണിക്കുപോകാൻ പറ്റുമോ? ഒരുളുപ്പുമില്ലാതെ കേട്ടുനിൽക്കുകയാണ് ഈ താലികൊടുത്ത ആളുകളുടെ പേരുപറഞ്ഞപ്പോൾ. ഞങ്ങളുടെ നേതാവല്ലെന്നുപറയാൻ ഒരാൾക്കെ

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും ധൈര്യം വന്നോ? മണിച്ചൻ കോൺഗ്രസ്സല്ലെന്ന് തന്റേടത്തോടുകൂടി ധൈര്യമുണ്ടെങ്കിൽ പറയണം. ആരെങ്കിലുമൊരാൾ പറഞ്ഞോ? നിങ്ങളിവിടെ കുറെ ആളുകൾ പ്രസംഗിച്ചല്ലോ. മണിച്ചനും കൊച്ചനിയനും അതുപോലുള്ള ആളുകളും കോൺഗ്രസ്സിന്റെ ആളുകളാണെന്ന് ഇവിടെ പറഞ്ഞല്ലോ; എതിർക്കാൻ ധൈര്യമില്ല. ഇഷ്ടംപോലെ അവന്റെ ഉപ്പും ചോറും തിന്നിട്ട് ഇവിടെവന്ന് ഞങ്ങൾക്കെതിരായിട്ട് പ്രസംഗിക്കുകയാണ്. നാണമുണ്ടെങ്കിൽ ആരെങ്കിലും അവനെതിരായി പ്രസംഗിക്കുമോ? ഞങ്ങളുടെ ഭാഗത്തുനിന്നും ഇങ്ങനെയൊരബദ്ധം പറ്റിപോയി എന്ന് ഈ തരത്തിൽ ആരെങ്കിലും പ്രസംഗിക്കുമോ? അതല്ലേ നിങ്ങൾ പറയേണ്ടത്? ഞങ്ങളുടെ മണിച്ചൻ ഇങ്ങനെ സ്പിരിറ്റ് വിറ്റു എന്ന് പറയുകയാണ്, ക്ഷമിക്കണം നാട്ടുകാരേ, എന്നുപറയാതെ നിങ്ങളിവിടെവന്ന് ഞങ്ങളെപ്പറ്റി പ്രസംഗിക്കുകയാണ്. അതല്ലേ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്? നാണവും മാനവുമില്ലാത്ത നിങ്ങളുടെ ആസനത്തിൽ ഒരാൾ കുരുത്താൽ അതുമൊരു തണലായി സ്വീകരിക്കുന്ന കോൺഗ്രസ്സിനെ സംബന്ധിച്ച് എന്തു പറയാനാണ്? . . . . . .(ബഹളം) . . . . ശ്രീ. കെ. സുധാകരനെപ്പറ്റിയൊക്കെ നമുക്കറിയാമല്ലോ. കണ്ടിട്ടില്ലെങ്കിലും ശ്രീ. സുധാകരനെപ്പറ്റി കേൾക്കാൻ തുടങ്ങിയിട്ട് കുറെ കൊല്ലമായല്ലോ. ബഹു. എ.കെ. ആന്റണിയോട് ചോദിക്കട്ടെ, നിങ്ങളിവിടെ നേരത്തേ വളരെ വികാരാധീനനായി പറഞ്ഞല്ലോ. ബഹു. ഇന്ദിരാഗാന്ധിയാണ് ബാങ്കുകൾ ദേശസാൽക്കരിച്ചു നിയമം കൊണ്ടുവന്നത്, ഞാൻ അതിനെ സംബന്ധിച്ചാണ് ചോദിക്കുന്നതെന്ന്. ഞാൻ ബഹു. എ.കെ. ആന്റണിയോട് വിനീതമായി ചോദിക്കട്ടെ, നിങ്ങളുടെ സാമ്പത്തിക നയത്തിൽ മാറ്റം വരുത്താൻ നിങ്ങൾ തയ്യാറായോ? ബി.ജെ.പി. യുടെ സാമ്പത്തിക നയത്തെ എതിർക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? തന്റേടമുണ്ടോ? ഇവിടെ പറയാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അത് പാർലമെന്റിൽ പറയൂ. ഞങ്ങൾ ഈ സാമ്പത്തിക നയത്തെ എതിർക്കുന്നു എന്നു പറയണം. ഇപ്പോഴും ശ്രീമതി സോണിയാഗാന്ധി പറയുന്നത് ഞങ്ങൾ ഇനിയും സാമ്പത്തിക നയത്തിൽ അടിയുറച്ചുനിൽക്കുന്നു എന്നുള്ളതുതന്നെയാണ്. നിങ്ങളുടേയും ബി.ജെ.പി.യുടേയും ആ സാമ്പത്തികനയമാണ് ഇന്ത്യയെ കുത്തുപാളയെടുപ്പിച്ചത്. 20,000 ടൺ തേങ്ങാപ്പിണ്ണാക്ക് കേരളത്തിലെ കടലിൽ കപ്പലിൽ ഇറക്കാൻ കൊണ്ടുവന്നിരിക്കുകയാണ്. നമ്മുടെ ഇന്ത്യാഗവൺമെന്റ് കൊടുത്ത ലൈസൻസിന്റെ ഫലമായിട്ട്, ഇൻഡ്യാഗവൺമെന്റ് കൊണ്ടുവന്ന വ്യാപാര കരാറിന്റെ ഫലമായിട്ടാണ് അത് വന്നിരിക്കുന്നത്. എന്തിനാണ് തേങ്ങാപ്പിണ്ണാക്ക് ഇവിടേയ്ക്കു കൊണ്ടുവരുന്നത്? നമുക്കിവിടെ തേങ്ങയില്ലാത്തതുകൊണ്ടാണോ? കോൺഗ്രസ്സും ബി.ജെ.പി.യും കൊണ്ടുവന്നിരിക്കുന്ന ഇറക്കുമതി നയത്തിന്റെ ഫലമായിട്ടാണ് ആ തേങ്ങാപ്പിണ്ണാക്ക് കൊണ്ടുവരുന്നത്. നിങ്ങൾ ആ സാമ്പത്തിക നയത്തെ എതിർക്കൂ.........(ബഹളം)........... കേരളത്തിൽ ഉദ്പാദിപ്പിക്കുന്ന നാളികേരമടക്കമുള്ള സാധനങ്ങൾ വിദേശ രാജ്യത്തുനിന്നും ഇറക്കുമതി ചെയ്യുകയാണ്. ആ കരാറിൽ ഒപ്പിട്ടത് കോൺഗ്രസ്സാണ്. നിങ്ങളത് തെറ്റാണെന്നു പറയുമോ? ....(ബഹളം)..........ആ സാമ്പത്തികനയം തെറ്റാണെന്ന് ബഹു. എ.കെ. ആന്റണി പറയട്ടെ..............(ബഹളം)...........ബഹു. എ.കെ.ആന്റണിയുടെ ആ സാമ്പത്തികനയം തെറ്റാണെങ്കിൽ അതിനെതിരായി സംസാരിക്കുന്ന കാര്യത്തിൽ നിങ്ങളോട് യോജിക്കാൻ ഞങ്ങൾ തയ്യാറാണ്. ആ സാമ്പത്തികനയം ഇപ്പോൾ ശരിയാണെന്നു പറയുന്ന എ.ഐ.സി.സി. പ്രസിഡന്റിന്റെ കീഴിലാണ് ബഹു. എ.കെ. ആന്റണിയടക്കമുള്ള ആളുകൾ. ആ നിലയിൽ നമ്മുടെ കേരളത്തിന്റെ സാമ്പത്തികത്തകർച്ച ഇനിയും വരാൻ പോകുന്നു. ആന്ധ്രയിലെ ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ഇപ്പോൾ ഡൽഹിയിൽ പോയി കിഡ്നി വിൽക്കുകയാണ്. ആ നിലയിലേയ്ക്ക് എത്തിച്ചത് ആരാണ്? സാമ്പത്തികമായി തകർന്ന ജനങ്ങളുടെ കൈയിൽ ഇനി വിൽക്കാൻ അതു മാത്രമേ ബാക്കിയുള്ളൂ. അവരെ കിഡ്നി വിൽപ്പിക്കുന്ന ഒരു സ്ഥിതിയിലേയ്ക്ക് എത്തിച്ചത് കോൺഗ്രസ്സും ബി.ജെ.പി.യും ചേർന്നാണ്. അവരുടെ മുഖത്തു നോക്കിയിട്ട് നിരാഹാരസമരം കിടന്നാൽ കേരളത്തിലെ ജനങ്ങൾ വിഡ്ഢികളാകും എന്നാണോ നിങ്ങൾ വിചാരിക്കുന്നത്? അങ്ങനെ ജനങ്ങളെ വിഡ്ഢികളാക്കാൻ നിങ്ങൾക്ക് സാധിക്കുമോ? നിരാഹാരം കിടക്കുന്നത് കേരളത്തിലെ ഗവൺമെന്റിന് എതിരായിട്ടാണല്ലോ? നിങ്ങൾ ബി.ജെ.പി.ക്ക് എതിരായി ഒരക്ഷരം ഉരിയാടാൻ തയ്യാറായോ? 3.8 കോടിയോളം വരുന്ന കേന്ദ്ര ഗവൺമെന്റ് ജീവനക്കാരിൽ 10% ആളുകളുടെ എണ്ണം കുറയ്ക്കാൻ പോകുന്നു എന്ന് സിറ്റി സമ്മേളനത്തിൽ പോയി പ്രസംഗിച്ചത് ആരാണ്? ശ്രീ. വാജ്പേയിയാണ്. മൂന്നുലക്ഷം ജീവനക്കാരെ പിരിച്ചുവിടാൻ പോവുകയാണ്. അതേ സമ്മേളനത്തിലാണ് നമ്മുടെ സോണിയാ ഗാന്ധിയും പ്രസംഗിച്ചത്. ആ ജീവനക്കാരെ പിരിച്ചുവിടുന്നതിനെതിരായി ബഹു.എ.കെ. ആന്റണി ഒരക്ഷരം പറഞ്ഞോ? പ്രസംഗം മുഴുവൻ ഈ ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്കെതിരെയായിട്ടാണ്. ഈ നിലയിൽ നമ്മുടെ രാജ്യത്തെ യഥാർത്ഥ വസ്തുതയിൽ നിന്നും ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടിയാണ്, ഈ പറയുന്ന നിരാഹാരവ്രതവും വ്യാജവാറ്റുചാരായത്തിന്റെ കേസ്സുമൊക്കെ എടുത്തിടുന്നത്. അത് ബി.ജെ.പി. യെ രക്ഷിക്കുകയാണ് ചെയ്യുന്നത്. ഇന്നലത്തെ പത്രത്തിൽ മണിച്ചന്റെ കൈയിൽനിന്നും കാശുവാങ്ങുന്ന ശ്രീ. ധനഞ്ജയകുമാറിന്റെ ഫോട്ടോ വന്നല്ലോ, നിങ്ങൾക്കാർക്കെങ്കിലും വേവലാതിയുണ്ടോ? നിങ്ങളൊരക്ഷരം പറഞ്ഞോ? ശ്രീ.കെ. സുധാകരൻ ഇവിടെ ചില പീറപ്പത്രം കൊണ്ടുവന്നില്ലേ? എന്താണ് ശ്രീ. ധനഞ്ജയകുമാറിനെതിരായിട്ട് ഒരക്ഷരം ഉരിയാടാതിരിക്കുന്നത്? മണിച്ചന്റെ കമ്പനിയാണ് ധനഞ്ജയകുമാറും ശ്രീ. എ.കെ. ആന്റണിയടക്കമുള്ള കോൺഗ്രസ്സുകാരും. നിങ്ങൾക്ക് മണിച്ചനെതിരായിട്ട് പ്രസംഗിക്കാൻ കഴിയില്ല. ഒരേ അമ്മയുടെ സന്തതികൾ തന്നെയാണ് ബി.ജെ.പി.യും കോൺഗ്രസ്സും; ഒരേ സാമ്പത്തികനയം പിന്തുടരുന്നവരാണ് നിങ്ങൾ. കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ നിങ്ങളുടെ സ്ഥിതിയെന്താണ്? ഇവിടെ നിങ്ങൾ പ്രമേയം പാസ്സാക്കിയില്ലേ? ഇനി ബി.ജെ.പി. യുമായി ഞങ്ങൾക്ക് ബന്ധമില്ലെന്ന് നിയമസഭയിൽ കഴിഞ്ഞ പ്രാവശ്യം ശ്രീ. എ.കെ. ആന്റണി പ്രസംഗിച്ചതാണ്. കാസർകോടു ജില്ലയിൽ ബി.ജെ.പി.യുമായി ബന്ധമുള്ള സ്ഥാനങ്ങൾ രാജിവയ്ക്കാൻ നിങ്ങൾ തയ്യാറാണോ എന്ന് ഞാനന്ന് ബഹു. എ.കെ. ആന്റണിയോട് ചോദിച്ചു. ഇനി ബി.ജെ.പി.യുമായി ബന്ധമില്ലെന്ന് അന്ന് ശ്രീ. ആര്യാടൻ മുഹമ്മദുമൊക്കെ പ്രസംഗിച്ചതാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ എന്താണ് ചെയ്തത്? ബി.ജെ.പി.യുമായിട്ട് യോജിച്ചു. എന്റെ മണ്ഡലത്തിൽപ്പെട്ട നിരവധി പഞ്ചായത്തുകളിൽ ബി.ജെ.പി.യുമായി മുന്നണിയുണ്ടാക്കി നിങ്ങൾ അധികാരത്തിൽ വന്നു. ചെമ്മനാട് പഞ്ചായത്തിൽ ബി.ജെ.പി.യുടെ സഹായത്തോടുകൂടിയാണ് കോൺഗ്രസ്സുകാരൻ പ്രസിഡന്റായതും ലീഗുകാരൻ വൈസ്പ്രസിഡന്റായതും. പക്ഷേ ലീഗുകാരൻ രാജിവച്ചു, കോൺഗ്രസ്സുകാരൻ ഇപ്പോഴും പ്രസിഡന്റാണ്. വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുമായി നിങ്ങൾ ഐക്യമുണ്ടാക്കാൻ പോവുകയാണ്. കെ.ജി. മാരാരുടെ ജീവചരിത്രത്തിൽ എഴുതി 1991-ൽ ബി.ജെ.പി..യും കോൺഗ്രസ്സും തമ്മിൽ മഞ്ചേശ്വരത്തെ സീറ്റുകളിൽ ബന്ധമുണ്ടായിരുന്നു. എൽ.ഡി.എഫ്. സ്ഥാനാർത്ഥിയെ തോൽപ്പിക്കാൻ ബി.ജെ.പി.ക്ക് വോട്ടുചെ

LIBRARY ARCHIVES Kerala Legislative Assembly

യ്യാൻ അന്ന് യു.ഡി.എഫ്. ന്റെ നേതൃത്വം തയ്യാറായിരുന്നു എന്നാണ് കെ.ജി. മാരാരുടെ ജീവചരിത്രത്തിൽ കുഞ്ഞിക്കണ്ണൻ എന്ന ആർ.എസ്.എസ്.കാരൻ എഴുതിയത്. നിങ്ങളത് നിഷേധിക്കാൻ തയ്യാറാണോ? മാർക്സിസ്റ്റ് പാർട്ടി അന്ന് പരസ്യമായി പറഞ്ഞു, ഞങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പറഞ്ഞു, ഒരു ആർ.എസ്.എസ്.കാരന്റെയും വോട്ട് ഞങ്ങൾക്ക് ആവശ്യമില്ലെന്ന് തന്റേടത്തോടുകൂടി പറഞ്ഞ പാർട്ടിനേതാവാണ്. സഖാവ് പിണറായി വിജയൻ. ഒരു ആർ.എസ്.എസ്.കാരന്റെ വോട്ടും ഞങ്ങൾ വാങ്ങിയിട്ടില്ല. ആർ.എസ്.എസ്.നും കോൺഗ്രസ്സിനും എതിരായിട്ട് മത്സരിച്ചാണ് ഞങ്ങൾ എല്ലാ സീറ്റിലും ജയിച്ചത്. ലേലംപാടിയിലും ചെമ്മനാടും ആർ.എസ്.എസ്.ഉം കോൺഗ്രസ്സുകാരനും ലീഗുകാരനും ഒന്നിച്ചാണ് മത്സരിച്ചത്. ഞങ്ങളതിനെ എതിർത്തു. നിങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുക മാത്രമല്ല, കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ നാലു മാർക്സിസ്റ്റുകാരെ നിങ്ങളും ബി.ജെ.പി.യും ചേർന്ന് കൊന്നു. ഞാൻ ബഹു.എ.കെ. ആന്റണിക്ക് കത്തെഴുതി. കോൺഗ്രസ്സിന്റെ ഒരു നേതാവാണ് ഞങ്ങളുടെ പാർട്ടി നേതാക്കൻമാർ സഞ്ചരിച്ച ജീപ്പിനുനേരെ വെടിവച്ചത്. ബാലകൃഷ്ണനായക് എന്നു പറയുന്ന ഒരു പാവപ്പെട്ട കർഷകത്തൊഴിലാളിയെ, ഞങ്ങളുടെ പാർട്ടിയുടെ ബന്തടുക്ക ബ്രാഞ്ച് സെക്രട്ടറിയെ ആണ് കോൺഗ്രസ്സുകാരൻ അന്ന് വെടിവച്ചുകൊന്നത്. ആർ.എസ്.എസ്.കാരൻ കൊലപ്പെടുത്തിയ വിജയന്റെ ശവസംസ്ക്കാരച്ചടങ്ങിൽ പങ്കെടുത്ത് തിരിച്ചു വരുമ്പോഴാണ് കോൺഗ്രസ്സുകാർ ആ ജീപ്പിനുനേരെ വെടിവച്ചത്. ഞങ്ങളുടെ പാർട്ടി ലോക്കൽ കമ്മിറ്റി സെക്രട്ടറി, ഏരിയാ കമ്മിറ്റി മെമ്പർ അടക്കം സഖാക്കൾ തിരിച്ചു വരുമ്പോഴാണ്; ഇപ്പോൾ തലശ്ശേരിയിൽ നടന്നതുപോലെ തന്നെയാണ് നടന്നത്. തലശ്ശേരിയിൽ ബി.ജെ.പി. ക്കാർ 100 ബോംബ് എറിഞ്ഞു. ഇവിടെ സഞ്ചരിച്ചുകൊണ്ടിരുന്ന ജീപ്പിനുനേരെ കോൺഗ്രസ്സുകാർ വെടിവച്ചു. പാലോട് ഗോപാലൻ എന്നു പറയുന്ന കോൺഗ്രസ്സുകാരനാണ് വെടിവച്ചത്. ഒരാൾ മരിച്ചു. അന്ന് സഖാവ് പാലൊളി മുഹമ്മദ് കുട്ടി അടക്കമുള്ളവർ അവിടെയുണ്ടായിരുന്നു. ബാലകൃഷ്ണനായിക് അവിടെവച്ചു മരിച്ചു. മറ്റൊരു സഖാവ് വെടിയേറ്റ് ആശുപത്രിയിലായി. നാരായണ നായിക്കിനെ കാട്ടിൽ വന്ന് കാത്തു നിന്നു വെടിവച്ചു കൊന്നു. രണ്ടും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളാണ്. രണ്ടുപേരെയും കോൺഗ്രസ്സുകാരാണ് വെടിവച്ചു കൊന്നത്. ഇവിടെ ബഹു. ആന്റണി എന്തൊരു പ്രസംഗമാണ് നടത്തിയത്. ആർ.എസ്.എസ്.കാരും ബി.ജെ.പി.ക്കാരും ഒരു ഭാഗത്ത്, മാർക്സിസ്റ്റുകാർ മാത്രമല്ലേ മറുഭാഗത്ത്, തിരിച്ചു വെടിവയ്ക്കുന്നില്ലേ, എന്നു ചോദിച്ചു. നാലു പേരെയും ഒരു മാസം കൊണ്ട് വെടിവച്ചു കൊന്നിട്ടുപോലും ഞങ്ങൾ ഒരാളെപ്പോലും വെടിവച്ചു കൊന്നില്ല. അതു തന്നെയാണ് ശ്രീ. സുധാകരന് സങ്കടം. നിങ്ങൾ വിചാരിക്കുന്നുണ്ടോ ഞങ്ങൾക്ക് ശക്തിയില്ലാത്തതുകൊണ്ടാണ് തിരിച്ചു വെടിവയ്ക്കാത്തതെന്ന്? വെടിവയ്ക്കാൻ ഞങ്ങൾക്ക് കഴിവില്ലാത്തതുകൊണ്ടാണോ? ഞങ്ങൾ ചെയ്തില്ലല്ലോ? എന്തുകൊണ്ട് ബഹു.ആന്റണി അക്കാര്യം പറഞ്ഞില്ല? നാലു മാർക്സിസ്റ്റുകാരെ കൊന്നിട്ട് ഒരാളെപ്പോലും തിരിച്ചു കൊല്ലാതിരുന്നതിനു നന്ദി പറയാൻ, അതു നന്നായി എന്നു പറയാൻ നിങ്ങൾ തന്റേടം കാണിക്കാത്തതെന്താണ്? അതുകൊണ്ടാണ് ഞാൻ ബഹു.ആന്റണിക്ക് കത്തെഴുതിയത്. എന്തെങ്കിലുമൊരു പ്രശ്നമുണ്ടായാൽ ഉടനെ പ്രതികരിക്കുന്ന ആളാണ് ശ്രീ. ആന്റണി. നാലു മാർക്സിസ്റ്റുകാരെ കൊന്നിട്ട് എന്തുകൊണ്ടു പ്രതികരിക്കാൻ തയ്യാറായില്ല? ശ്രീ. ആന്റണിയുടെ ആൾക്കാർ പറഞ്ഞു. ഒരു ഭാഗത്തു ആർ.എസ്.എസ്.കാർ, മറു ഭാഗത്ത് മാർക്സിസ്റ്റുകാർ എന്ന്. ആർ.എസ്.എസ്.

LIBRARY ARCHIVES Kerala Legislative Assembly

കാരുടെ മുമ്പിൽ പഞ്ചമടക്കി മുട്ടുവിറച്ചു നിൽക്കുന്ന പാരമ്പര്യമുള്ളവരാണ് കോൺഗ്രസ്സും യു.ഡി.എഫ്.ഉം. അതുകൊണ്ടാണ് അവർ നിങ്ങളെ തല്ലാത്തത്. അവർക്കുമുമ്പിൽ മുട്ടുവിറയ്ക്കുന്നവരാണ് നിങ്ങൾ. ആർ.എസ്.എസ്. കാരെ ഞങ്ങൾ വെടിവച്ചാൽ അവർ മരിക്കില്ലേ? ഞങ്ങളുടെ നാല് സഖാക്കൾ ഒരുമാസം കൊണ്ടു മരിച്ചിട്ടും ഞങ്ങൾ തിരിച്ചൊന്നും ചെയ്തില്ലല്ലോ. എന്നിട്ട് ഇവിടെ വന്നു പറയുകയാണ്. മാർക്സിസ്റ്റുകാർ കൊല്ലുന്നവരാണ് എന്ന്. ആർ.എസ്.എസ്. കാർ കൊല്ലുന്നവരല്ലേ? അസ്നയുടെ കാലിന് ബോംബെറിഞ്ഞ് ആ കുഞ്ഞിന്റെ കാൽ നശിപ്പിച്ചപ്പോൾ അതിനെതിരായി പ്രതികരിക്കാൻ നിങ്ങൾക്ക് തന്റേടമുണ്ടായോ കോൺഗ്രസ്സുകാരേ? എന്നിട്ട് ഞങ്ങൾക്കെതിരായിട്ടാണ് പറയുന്നത്. ആ കൊച്ചുകുഞ്ഞ് ഇന്ന് എറണാകുളത്തു നിന്ന് വീട്ടിലേയ്ക്ക് തിരിച്ചു പോകുകയാണ്. ഒരു ജീവിതകാലം മുഴുവനും കാലില്ലാതെ ജീവിതഭാരവുമായി നടക്കേണ്ട ആ കുഞ്ഞ് കോൺഗ്രസ്സുകാരന്റെ മകളാണ്. എന്നിട്ടുപോലും പ്രതികരിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. കാരണം നിങ്ങളുടെ ബന്ധം അങ്ങനെയാണ്. മാർക്സിസ്റ്റുകാരൻ മരിച്ചാൽ മരിച്ചോട്ടെ; ആർ.എസ്.എസ്. കാരനല്ലേ കൊല്ലുന്നത്! എവിടെയെങ്കിലും മറ്റെന്തെങ്കിലും സംഭവിച്ചാലോ? ഇവിടെയൊരു കന്യാസ്ത്രീക്കെതിരെ സംബന്ധിച്ചു പറഞ്ഞു. കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്തപ്പോൾ പ്രതികരിക്കാൻ തയ്യാറായോ? ഒരു കന്യാസ്ത്രീക്ക് ഭക്ഷണമില്ലാതെ മരിച്ചപ്പോൾ വേദനിക്കുകയാണ് നിങ്ങൾ. നാണമില്ലാത്ത കോൺഗ്രസ്സുകാർ. വടക്കേ ഇന്ത്യയിൽ മുഴുവൻ അച്ചൻമാരെ തീയിട്ട് കൊല്ലുമ്പോൾ ആർ.എസ്.എസ്.കാർ ആർത്തട്ടഹസിക്കുമ്പോൾ പ്രതികരിക്കാൻ ശേഷിയില്ലാതെ, തന്റേടമില്ലാതെ കോൺഗ്രസ്സുകാരൻ ഇവിടെ നിന്നു പ്രസംഗിക്കുകയാണ്. പ്രസംഗിച്ചോ, ഒറീസ കോൺഗ്രസ്സുകാരന്റെ നാടാണ്. ഞങ്ങളുടെ പാർട്ടിക്കാർ, കമ്മ്യൂണിസ്റ്റുകാർ, ഇന്ത്യയിലുടനീളം, കേരളത്തിലങ്ങോളമിങ്ങോളം, ആർ.എസ്.എസ്. കാർക്കെതിരായി പ്രവർത്തിക്കുവാൻ തയ്യാറായി. നിങ്ങൾ ആർ.എസ്.എസ് കാരന്റെ കൂടെ നടക്കുകയാണ്. ആർ.എസ്.എസ്. കാരന്റെ വക്കാലത്ത് പിടിക്കുകയാണ്. ശ്രീ.കെ. സുധാകരന്റെ പ്രസംഗം മുഴുവൻ ആർ.എസ്.എസ്.ന്റെ ഉപ്പും ചോറും തിന്നുന്ന രീതിയിലാണ്. ഇവിടെയൊരു കന്യാസ്ത്രീ ഭക്ഷണമില്ലാതെ മരിച്ചപ്പോൾ എന്തൊരു വേവലാതിയാണ്. കന്യാസ്ത്രീകളെ ബലാൽസംഗം ചെയ്തപ്പോൾ അവർക്കു കുഴലൂത്തു നടത്തിയ കോൺഗ്രസ്സുകാരേ നിങ്ങളുടെ നാക്ക് വല്ലാത്ത നാക്കു തന്നെയാണ്. ഈ രീതിയിൽ രാഷ്ട്രീയ നപുംസകങ്ങളായിട്ടുള്ള കോൺഗ്രസ്സുകാരേ നിങ്ങളെ ഈ കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾ തിരിച്ചറിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾ കേരളാ ഗവൺമെന്റിന് എതിരായി നടത്തിക്കൊണ്ടിരിക്കുന്ന സമരമുണ്ടല്ലോ..........(ബഹളം) അവർ ആന്റണിയെക്കുറിച്ചും പറയും. തിരിച്ച് അങ്ങോട്ടും പറയും. അതൊന്നും ഒരു പ്രശ്നമല്ല. അതൊക്കെ ഒരു അഭിമാനമാണെന്നു പറഞ്ഞു നടക്കുന്നവരാണ് കോൺഗ്രസ്സുകാർ. തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്ന കോൺഗ്രസ്സിന് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരു സീറ്റെങ്കിലും കിട്ടണമെങ്കിൽ ബി.ജെ.പി. യുടെ വോട്ട് വേണം. അതിനുവേണ്ടി എന്തു വൃത്തികേടും ചെയ്യാൻ തയ്യാറുള്ളവരാണ് ഈ കോൺഗ്രസ്സുകാർ എന്നുള്ളതുകൊണ്ടാണ് അവർ ഇതു ചെയ്തുകൊണ്ടിരിക്കുന്നത്. തീർച്ചയായും കേരളത്തിലെ ജനങ്ങൾ നിങ്ങളെ തിരിച്ചറിയും. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ജനോപകാരപ്രദങ്ങളായ നടപടികളുമായി മുന്നോട്ടു പോകും. അതിൽ യാതൊരു സംശയവുമില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുകയാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ നാലരവർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തുടർന്നുവരുന്ന വികസനപ്രവർത്തനങ്ങളുടെ ഭാഗമായി വന്നു പോയിട്ടുള്ള ചെലവുകൾക്ക് അംഗീകാരം തേടുന്നതിനുവേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിട്ടുള്ളത്. പ്രതിപക്ഷങ്ങൾ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നത് എന്തുകൊണ്ടാണെന്ന് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല. വന്നുപോയിട്ടുള്ള ചെലവുകളിലേയ്ക്ക് ഒന്നു കണ്ണോടിച്ചാൽത്തന്നെ അതു നമ്മുടെ സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കിയിട്ടുള്ള, ദുർബല വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയിട്ടുള്ള, ചെലവുകളാണെന്നു കാണുവാൻ കഴിയും. ഇവിടെ സൂചിപ്പിച്ചിട്ടുള്ള ഒരു കാര്യം, നബാർഡിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കേണ്ടി വന്നിട്ടുള്ളത് 20 കോടി രൂപയാണ്. റോഡുകളില്ലാത്ത, വികസനമെത്തിനോക്കിയിട്ടില്ലാത്ത നമ്മുടെ സംസ്ഥാനത്തിന്റെ പിന്നോക്ക മേഖലയ്ക്കു പ്രയോജനം നൽകുവാൻ ഈ ചെലവ് ഉപകരിച്ചിട്ടുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല. പ്രകൃതിക്ഷോഭത്തിൽപ്പെട്ട ആളുകളെ സഹായിക്കാൻ ചെലവഴിച്ചത് മൂന്നു കോടി രൂപയാണ്. (*അദ്ധ്യക്ഷവേദിയിൽ ഡെ.സ്പീക്കർ)* അതുപോലെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുവേണ്ടി ചെലവഴിച്ചത് ഒന്നര കോടി രൂപയാണ്. കാപ്പെക്സിന്റെ വായ്പക്കുടിശ്ശിക തീർക്കുന്നതിന് 13 കോടി രൂപ ചെലവാക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്, അതു കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്, പതിനൊന്നു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി, ആലപ്പുഴ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പ്രൈമറി താലൂക്ക് ആശുപത്രികളുടെ വികസനത്തിന് വേണ്ടിയാണ് രണ്ടു കോടി രൂപ ചെലവാക്കിയിട്ടുള്ളത്. പരിയാരം മെഡിക്കൽ കോളേജിനുവേണ്ടി കൊടുത്തിട്ടുള്ളത് മൂന്നു കോടി രൂപയാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ഒരു കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇടുക്കിയിൽ ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് നടത്തുന്നതിന് 71 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ട്രഷറികളുടെ കമ്പ്യൂട്ടറൈസേഷനുവേണ്ടി 8 കോടി രൂപ ചെലവഴിച്ചു. അന്നപൂർണ്ണാ പദ്ധതി നടപ്പാക്കാൻ മന്നുകോടിരൂപ ചെലവഴിച്ചു. മൂന്നാറിൽ ഹോട്ടൽ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുവേണ്ടി 4 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഓണക്കാലത്ത് പച്ചക്കറി വിറ്റതിന് സബ്സിഡി കൊടുത്തതു മാത്രം 60 ലക്ഷം രൂപയാണ്. അടച്ചുപൂട്ടിയ ഫാക്ടറികളുടെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക്, ഫാക്ടറികൾ അടച്ചുപൂട്ടുമ്പോൾ, അതുപോലെ തോട്ടം മേഖലകളിൽ തൊഴിൽ ഇല്ലാതാകുമ്പോൾ, ആ മേഖലയിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്നതിനായി 28 ലക്ഷം രൂപ ചെലവഴിച്ചതായിട്ട് നമുക്ക് കാണാൻ കഴിയും. ശബരിമലയിൽ സാനിട്ടേഷൻ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കാസർഗോഡ് പ്രസ്സ്ക്ലബ്ബിന് 5 ലക്ഷം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഓണാട്ടുകര പദ്ധതിക്ക് 130 ലക്ഷം രൂപയാണ് കൊടുത്തിട്ടുള്ളത്. സ്വയം സഹായ സംഘങ്ങൾ നമ്മുടെ സംസ്ഥാനത്തൊട്ടാകെ ഇന്ന് വളരെ വ്യാപകമായ പ്രവർത്തനങ്ങൾ നടത്തുന്നു. വനിതകളെ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരാൻ സാധിക്കുന്ന കുടുംബശ്രീ പദ്ധതിക്ക് 10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എഫ്.ആർ.

LIBRARY ARCHIVES Kerala Legislative Assembly

ഐ.ക്ക് ഒരു കോടി രൂപയാണ് സഹായമായി നൽകിയിട്ടുള്ളത്. കെ.എഫ്.ഡി.സി.ക്ക് 30 ലക്ഷം രൂപ സഹായമായി നൽകിയിട്ടുണ്ട്. സർക്കാർ വനവൽക്കരണത്തിനുവേണ്ടി 59 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. നിലമ്പൂരിലുള്ള കേരളാ സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസിന് 165 ലക്ഷം രൂപയാണ് നൽകിയിട്ടുള്ളത്. കഴിഞ്ഞ നാലര വർഷക്കാലമായി ഈ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസനപ്രവർത്തനങ്ങൾ വീഴ്ച കൂടാതെ മുന്നോട്ടു കൊണ്ടുപോകാൻ, അതിന്റെ പൂർത്തീകരണത്തിനുവേണ്ടി, ഉണ്ടായിട്ടുള്ള ചെലവുകളാണ് ഇതെല്ലാം. ഈ ചെലവുകളെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ സർവ്വതോമുഖമായ വികസനത്തെ ലക്ഷ്യമാക്കിയുണ്ടായിട്ടുള്ള ചെലവുകൾ തന്നെയാണ്. ആർഭാടത്തിനുവേണ്ടി നടത്തിയിട്ടുള്ള ചെലവുകളാണ് ഇതെല്ലാമെന്ന് നമുക്കു പറയുവാൻ സാധിക്കുമോ? ആ തരത്തിലുള്ള ആക്ഷേപങ്ങൾ പ്രതിപക്ഷ ബെഞ്ചുകളിൽ നിന്ന് ഉയർന്നു കേട്ടില്ല. അതുപോലെ ജനക്ഷേമകരമായിട്ടുള്ള ധാരാളം പ്രവർത്തനങ്ങൾ നടത്തിയതായി നമുക്ക് കാണാൻ കഴിയും. പെൻഷൻ പദ്ധതിയുൾപ്പെടെ നിരവധി പദ്ധതികൾ നടത്തിയിട്ടുള്ളതായി കാണാൻ സാധിച്ചിട്ടുണ്ട്. ഈ സംസ്ഥാനം വികസനരംഗത്ത് പിന്നോക്കം പോയി, നിൽക്കക്കള്ളി ഇല്ലാതായിരിക്കുന്നു എന്നുള്ള ആക്ഷേപം ഉയർന്നുകേട്ടു. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് ഏറ്റവും കൂടുതൽ ഉൽപ്പാദനം ഉണ്ടായ ഒരു കാലഘട്ടം ഈ ഗവൺമെന്റിന്റെ കാലയളവിലാണെന്നു കാണാൻ കഴിയും. കാർഷിക മേഖലയിൽ പ്രത്യേകിച്ച് പച്ചക്കറി ഉൽപ്പാദന രംഗത്ത് ഈ ഗവൺമെന്റിന് വളരെ മുമ്പോട്ടു പോകുവാൻ കഴിഞ്ഞിട്ടുണ്ട്. അതിലേയ്ക്കൊന്നും വളരെ ദീർഘമായി ഞാൻ കടക്കുന്നില്ല. തകർന്നുകൊണ്ടിരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുവാനും സംരക്ഷിക്കുവാനും ഒട്ടേറെ പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിക്കുകയുണ്ടായി. ഈ നിയമസഭയിൽ കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളായി ഉയർന്നുകൊണ്ടിരിക്കുന്നത് കാർഷികമേഖലയിലെ പ്രശ്നങ്ങളാണ്. കേരളത്തിന്റെ ജനജീവിതത്തിൽ വളരെ സജീവമായി നിൽക്കുന്ന ഒരു പ്രശ്നമാണ് ഇത്. കാർഷികോല്പ്പന്നങ്ങളുടെ വിലയിടിവ് നമ്മുടെ സംസ്ഥാനത്തെയും രാജ്യത്തെയും തകർച്ചയിൽ എത്തിച്ചിരിക്കുകയാണ്. നമ്മുടെ ജനജീവിതം അങ്ങേയറ്റം ദുഷ്ക്കരമായിത്തീർന്നിരിക്കുന്നു. ഇടുക്കി ജില്ലയിലെ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾ പട്ടിണി മരണത്തെ അഭിമുഖീകരിക്കുകയാണ്. കുരുമുളക്, റബ്ബർ,കൊക്കോ തുടങ്ങിയവയെല്ലാം തകർച്ചയുടെ വക്കിലാണ്. ഇതിനുള്ള പരിഹാരമെന്താണ്? ഇതിനുള്ള പരിഹാരം അടിസ്ഥാനപരമായി ഈ പ്രശ്നങ്ങളുടെ കാരണം കണ്ടെത്തി അതിനെതിരായിട്ടുള്ള നിലപാട് സ്വീകരിക്കുക എന്നുള്ളതു തന്നെയാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കളോട് ചോദിക്കുകയാണ്, ഈ ഗവൺമെന്റിനോടുള്ള വിരോധത്തിന്റെ പേരിൽ, ഈ ഗവൺമെന്റിനെ എതിർക്കുവാനുള്ള അമിതാവേശത്തിന്റെ പേരിൽ, നിങ്ങൾ അറിയാതെയാണെങ്കിൽപ്പോലും കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിനെ വെള്ളപൂശുന്നില്ലേ എന്ന് നിങ്ങൾ സ്വയം ആലോചിക്കേണ്ടിയിരിക്കുന്നു. ഗൗരവമായ ഈ പ്രശ്നം നിങ്ങൾക്ക് തള്ളിക്കളയാൻ കഴിയുകയില്ല. ഈ പ്രശ്നത്തിൽ കുറെക്കൂടി ബോധപൂർവ്വമായ ഒരു സമീപനം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണം. ഈ പ്രശ്നത്തിൽ വളരെ ഗൗരവതരമായ ഒരു സമീപനം നമുക്ക് എടുക്കേണ്ടതായിട്ടുണ്ട്. ദേശീയതലത്തിൽ ഇന്ന് ഈ പ്രശ്നങ്ങൾ മുന്നിൽ നിർത്തിക്കൊണ്ടുള്ള രാഷ്ട്രീയ ധ്രുവീകരണമുണ്ടായിവരികയാണ്. കാർഷിക പ്രശ്നങ്ങൾ മുന്നോട്ടു വച്ചുകൊണ്ടു കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നയ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനെതിരെയുള്ള സജീവമായിട്ടുള്ള ഒരു മുന്നേറ്റം നമ്മുടെ രാജ്യത്ത് നാലു മുൻ പ്രധാനമന്ത്രിമാരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ഈ കഴിഞ്ഞ കാലത്തൊന്നും ഉണ്ടാകാത്ത നിലയിലുള്ള, ആവേശകരമായ മുന്നേറ്റമാണ് ഈ നയത്തിന് എതിരായി നടക്കുന്നതെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഇന്ന് ഈ മുന്നേറ്റത്തെ കണ്ടില്ലെന്നു നടിക്കുന്ന ആളുകൾക്ക് ഇതുമായി സഹകരിക്കാതെ മാറി നിൽക്കുന്ന ആളുകൾക്ക്, ഇതിൽ പങ്കാളികളാകേണ്ടി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ മുന്നേറ്റത്തെ അതിന്റേതായ ഗൗരവത്തിലെടുത്തുകൊണ്ട് കാർഷിക മേഖലയിലെ പ്രശ്നങ്ങളുടെ നേരെ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു നീക്കം പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുണ്ടാകണം. അതുണ്ടാകുന്നില്ലെന്നുള്ള യാഥാർത്ഥ്യം ഉൾക്കൊള്ളണമെന്നാണ് എനിക്ക് വിനീതമായി പറയാനുള്ളത്.

സർ, എന്റെ ജില്ലയിലുൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ ബാധിച്ചിട്ടുള്ളതും വളരെ ഭീതിജനകവും ദുഃഖകരവുമായ പ്രശ്നം കുറച്ചുകൂടി ഗൗരവത്തോടുകൂടിഗവൺമെന്റു കാണണമെന്ന ഒരു അഭിപ്രായം കൂടി എനിക്കുണ്ട്. 12-ാം തീയതിയും 13-ാം തീയതിയും ഈ സംസ്ഥാനത്തെയാകെ നടുക്കിക്കൊണ്ടു ഞങ്ങളുടെ ഇടുക്കി ജില്ലയിൽ ആളുകളെയാകെ ഭീതിയിലാഴ്ത്തിക്കൊണ്ട് ഉണ്ടായ ഭൂചലനത്തെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇന്നും വാസ്തവത്തിൽ ഞങ്ങൾ ഭയപ്പാടിലാണ്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തിയ, പഠനം നടത്തിയ, ഗവേഷണം നടത്തിയ, ആളുകൾ കൂടുതൽ ഭീതിജനകമായിട്ടുള്ള വാർത്തകളാണ് പുറത്തുവിടുന്നത്. എൻ.ജി.ആർ.ഐ.യുടെ ഡയറക്ടർ രസ്തോഗിയുടെ വെളിപ്പെടുത്തൽ നാം വായിച്ചു. ഇനിയും ഇത്തരം ഭൂചലനങ്ങളുണ്ടാകാമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. വാസ്തവത്തിൽ എന്റെ ജില്ലയിലെ എന്റെ മണ്ഡലത്തിലെ എന്റെ പഞ്ചായത്തിലെ എന്റെ നാട്ടിലെ ആളുകൾക്ക് വളരെ ഭീതിയോടുകൂടി മാത്രമേ ഇതിനെ കാണുവാൻ കഴിയുന്നുള്ളൂ. വാസ്തവത്തിൽ ആളുകൾ വീടിനുള്ളിൽ നിന്ന് പുറത്തിറങ്ങി മുറ്റത്ത് ചെറിയ ടെന്റുകൾ അടച്ചുകെട്ടി രാത്രികാലങ്ങളിൽ വീട്ടുമുറ്റത്ത് കിടക്കുന്ന ഒരു സ്ഥിതിയാണ് ഇടുക്കിയുൾപ്പെടെയുള്ള ചില പ്രദേശങ്ങളിലുള്ളതെന്ന യാഥാർത്ഥ്യം നാം കാണണം. ഈ കാര്യങ്ങളെക്കുറിച്ചു കുറെക്കൂടി ശാസ്ത്രീയമായ പഠനം വേണം, ഗവേഷണങ്ങൾ വേണം. ഈ പ്രശ്നങ്ങളെക്കുറിച്ച് ശാസ്ത്രീയമായിട്ടുള്ള ഗവേഷണവും പഠനവും നടത്താൻ എന്തു സംവിധാനമാണ് അവിടെയുള്ളത്. ആയിരക്കണക്കിന് ആളുകളുടെ ജീവൻ അപകടത്തിലായ സാഹചര്യത്തിലെങ്കിലും അതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുവാൻ നമുക്ക് കഴിയേണ്ടതല്ലേ? സെസ് എന്നു പറയുന്ന ദുർബലമായ സംവിധാനം മാത്രമാണ് ഇന്ന് അവിടെയുള്ളത്. എന്തുകൊണ്ട് ഈ രംഗത്ത് കൂടുതൽ പണം മാറ്റിവയ്ക്കുവാൻ കഴിയുന്നില്ല? എന്തുകൊണ്ട് കൂടുതൽ അത്യാധുനിക ഉപകരണങ്ങൾ വാങ്ങിച്ച് ഈ കാര്യങ്ങളെക്കുറിച്ച് പഠനം നടത്താൻ കഴിയുന്നില്ല? എന്തുകൊണ്ട് കൂടുതൽ ശാസ്ത്രജ്ഞൻമാരെ കണ്ടെത്താൻ കഴിയുന്നില്ല? കൂടുതൽ പണം മുടക്കി ഈ രംഗത്ത് ഫലപ്രദമായ പ്രവർത്തനം ഉണ്ടാകണം. ബഹു. വൈദ്യുതി മന്ത്രിയുടെ, വൈദ്യുതി ബോർഡിന്റെ കീഴിൽ ഇന്ന് നിലവിലുള്ള ഒരു സംവിധാനമുണ്ടല്ലോ റിസർച്ച് വിംഗ്. പക്ഷേ ഈ റിസർച്ചു വിംഗിന് ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ആ റിസർച്ചു വിംഗിനെ ശക്തിപ്പെടുത്തിക്കൊണ്ടും നമ്മുടെ സംസ്ഥാനത്ത് കൂടുതൽ കാര്യക്ഷമമായി ഗവേഷണത്തിന് അവസരമൊരുക്കിക്കൊണ്ടും ഈ കാര്യത്തിൽ കാര്യമായ നീക്കമുണ്ടാകണമെന്ന് ഞാൻ വിനീത

LIBRARY ARCHIVES Kerala Legislative Assembly

മായി അഭ്യർത്ഥിക്കുകയാണ്. ഒരു പ്രകൃതിക്ഷോഭ നിവാരണ അതോറിറ്റി തന്നെ രൂപീകരിച്ചുകൊണ്ട് അതിനാവശ്യമായ അധികാരങ്ങൾ കൊടുത്തു കൊണ്ട്, അതിനാവശ്യമായ പണം നൽകിക്കൊണ്ട് ഈ രംഗത്ത് ഫലപ്രദ മായി പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ ഇവിടെ ആയിരക്കണക്കായ ആളു കളുടെ വേർപാടിൽ വേദനിക്കേണ്ട സ്ഥിതി ഈ നാട്ടിലെ ആളുകൾക്കുണ്ടാ കും. അതിൽ സംശയമില്ല. അക്കാര്യത്തിൽ ഒരു ഗൗരവതരമായ നീക്കമുണ്ടാ കണം. ഞാനിതു പറയുമ്പോൾ നമ്മുടെ ജില്ലയിൽ നിന്നുള്ള, ഇടുക്കി ജില്ല യിൽ നിന്നുള്ള ദുഃഖവും ദുരിതവും മുഴുവൻ ഉൾക്കൊള്ളുന്ന ശ്രീ.എ.കെ. മണി പോലും അതിനെ അപഹസിച്ചതായിക്കാണുന്നത് വേദനാജനകമാണ്. എനിക്ക് ഇത്രമാത്രമെ പറയാനുള്ളൂ. ഞാൻ വളരെ ഗൗരവമായി ഈ പ്രശ്നം ഉന്നയിക്കുകയാണ്. ഈ പ്രശ്നത്തിൽ ഈ ഗവൺമെന്റ് കുറച്ചു കൂടി കാര്യ ക്ഷമമായി ഉണർന്നു പ്രവർത്തിക്കണമെന്നു കൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. ടി.എം. ജേക്കബ് : സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ 145 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് പല ഡിപ്പാർട്ടു മെന്റുകൾക്കും വേണ്ടി ധനകാര്യവകുപ്പുമന്ത്രിയും മറ്റു മന്ത്രി മാരും അവതരിപ്പിച്ചത്. ഇപ്പോൾ നമ്മുടെ കേരളത്തിന്റെ പൊതുവായ സ്ഥിതി യെന്ന് പറയുന്നത് ഭരണരംഗം ഇന്ന് സ്തംഭനാവസ്ഥയിലാണ്. ധനകാര്യവകു പ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്. ധനകാര്യ സെക്രട്ടറി ഓഫീസേഴ്സ് ഗാലറിയിൽ ഇരിപ്പുണ്ട്. സ്റ്റാഫും ഒക്കെയുണ്ട്. പന്തം കണ്ട പെരിച്ചാഴിയെപ്പോലെയാണ് ഇപ്പോൾ ധനകാര്യവകുപ്പുമന്ത്രി ഇരിക്കുന്നത്. അദ്ദേഹത്തിന്റെ കൈകൾ ബന്ധിച്ചിരിക്കുകയാണ്. ഇവിടെ ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. ഭരണ മെല്ലാം വളരെ ഭംഗിയായി പോകുന്നു. എല്ലാം വേഗതയിൽ പോകുന്നു, വിക സനങ്ങൾ നടക്കുന്നു. ഏതു മേഖലയിൽ വികസനപ്രവർത്തനങ്ങൾ നട ത്താൻ കഴിഞ്ഞിരിക്കുന്നു? ഇവിടെ അടുത്തകാലത്ത് മുഖ്യമന്ത്രിയോട് പത്ര ക്കാർ ചോദിച്ചു, പ്രകടനപത്രികയിൽ ഇങ്ങനെയൊക്കെ പറഞ്ഞിട്ടുണ്ടല്ലോ, അങ്ങ് എന്താണ് ഇതിനെക്കുറിച്ച് പറയുന്നത്? അദ്ദേഹം പറഞ്ഞു. പത്രിക വേറെ ഭരണം വേറെ. ഗവൺമെന്റിന്റെ കാലാവധി തീരാൻ പോകുകയാണ്. മാർച്ചിൽ നോട്ടിഫിക്കേഷൻ വരാൻ പോവുകയാണ്. രണ്ടു മാസത്തെ ഭരണം അവശേഷിക്കുമ്പോൾ ഈ ഗവൺമെന്റ് പ്രകടന പത്രികയിൽ 5 വർഷക്കാലം കേരളത്തിൽ ചെയ്യാമെന്നു പറഞ്ഞ കാര്യങ്ങൾ ചെയ്യേണ്ട സമയമാണ്. ധന കാര്യമന്ത്രി പറഞ്ഞു, 'ഞങ്ങൾ ഇനിയും വരാൻ പോവുകയാണെന്ന്'. അതിന് കാക്ക മലർന്നു പറക്കണം. കാക്ക മലർന്നു പറക്കുമെങ്കിൽ നിങ്ങൾ വീണ്ടും അധികാരത്തിൽ വരും. അദ്ദേഹത്തിന്റെ ആത്മ സംതൃപ്തിക്കുവേണ്ടി അദ്ദേഹം പറഞ്ഞതാണ്. എനിക്ക് ഇതിൽ വിരോധമൊന്നുമില്ല. ഇപ്പോൾ ഈ കേരളത്തിലെ സ്ഥിതി എന്താണ്? 13 ഓർഡിനൻസ് റീപ്ളെയിസ് ചെയ്യേണ്ട താണ്. ഒരു കാലത്ത് ഞങ്ങളെ കുറ്റം പറഞ്ഞുകൊണ്ട് നടന്നല്ലോ. ഓർഡി നൻസ് റീ-ഇഷ്യൂ ചെയ്യുകയാണ് എന്ന്. നിങ്ങൾ ഈ സഭ പിരിഞ്ഞാൽ മൂന്നാമത്തെ പ്രാവശ്യം ഇഷ്യൂ ചെയ്യേണ്ട ഓർഡിനൻസ് ഉണ്ട്. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയപ്പോൾ ഞങ്ങൾ പറഞ്ഞതാണ് അപ്പോൾവീണ്ടും ദിവസങ്ങൾ ഇരിക്കുകയാണ്, നമുക്ക് ചർച്ച ചെയ്യാമെന്ന് പറഞ്ഞു. നിങ്ങൾക്ക് സമയമില്ല. നിങ്ങൾക്ക് ചടങ്ങു മാത്രം. ഇനി രണ്ടു ദിവസം കൂടി മതിയെന്നു ഒരിക്കൽ മുഖ്യമന്ത്രി പറഞ്ഞു. രണ്ട് എന്നുള്ളത് നാലായി എന്നു മാത്രം. ഏറ്റവും കൂടുതൽ ഓർഡിനൻസ് ഇറക്കിയത് ഈ

4 PM

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റാണ്. അല്ലെങ്കിൽ മുഖ്യമന്ത്രി മറുപടി പറയുമ്പോൾ പറയട്ടെ. ലിസ്റ്റ് എടുത്ത് ഞങ്ങളും വച്ചിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങളിലേക്ക് കടക്കുന്നതിന് മുമ്പ് വേറൊരു കാര്യം പറയട്ടെ. ബഹു.ലാ മിനിസ്റ്റർ കേൾക്കാൻ വേണ്ടി പറയുകയാണ്. ഈ കഴിഞ്ഞ ദിവസം ഇന്നലെ തൃശ്ശൂർ സബ്ജഡ്ജും അവിടുത്തെ ഫസ്റ്റ്ക്ളാസ് മജിസ്ട്രേറ്റും സി.ബി.ഐ അടക്കം ജയിൽ സന്ദർശിക്കാൻ പോയി എന്നാണ് ഞാൻ കേട്ടത്. എന്താണെന്ന് അറിയണ്ടേ? അവിടെ കല്ലട രാമകൃഷ്ണൻ ഉൾപ്പെടെയുള്ള ആളുകളെ സ്പിരിറ്റ് ലോബിയുമായി ബന്ധപ്പെട്ട ആളുകളെ, റിമാന്റ് ചെയ്തു. ആ റിമാന്റ് ചെയ്തിരിക്കുന്ന പ്രതികളെ അവിടെനിന്നും മാറ്റി അസുഖമില്ലാത്ത ആളുകളെപ്പോലും വി.ഐ.പി ട്രീറ്റ്മെന്റിൽ ആശുപത്രിയിൽ കൊണ്ടാക്കിയിരിക്കുകയാണ്. ഇത് ഇന്നലെ തൃശ്ശൂരിൽ നടന്ന സംഭവമാണ്. അവിടുത്തെ പത്രങ്ങളിൽ വന്നിരിക്കുന്നു. ഇവിടത്തെ പത്രത്തിനകത്ത് റിപ്പോർട്ട് ചെയ്തു വന്നില്ല. പരാതി വന്നപ്പോൾ അന്വേഷിക്കാൻ പോയതാണ്. അവിടെ സർക്കാരിന് വക്കീലൻമാരുണ്ടല്ലോ. അസുഖം വരുന്ന ആളുകളെ ആശുപത്രിയിൽ കൊണ്ടുപോകണ്ടെന്നു ഞാൻ പറയുന്നില്ല. ഇവർ പൊളിറ്റിക്കൽ പ്രിസണേഴ്സ് ഒന്നും അല്ലല്ലോ.

നിങ്ങളുടെ ഈ സമീപനത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. എന്താണ് നമ്മുടെ കേരളത്തിലെ സാമ്പത്തികസ്ഥിതി? നിങ്ങൾ സ്ലാട്ടർ ടാപ്പിംഗ് നടത്തുകയല്ലേ? ഞങ്ങളുടെ നാട്ടിലൊക്കെ കടുംവെട്ട് എന്നു പറയും. അങ്ങേയറ്റം ഊറ്റിയെടുക്കും. മൂപ്പറുക്കുക എന്നു പറയും. ധനകാര്യവകുപ്പുമന്ത്രി കഴിഞ്ഞ മാർച്ച് 14-ാം തീയതി നമ്മുടെ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പി എന്റെ കയ്യിലിരിക്കുന്നു. അതിൽ 67-ാമത്തെ പേജിൽ 2000 -2001 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അദ്ദേഹം പറഞ്ഞു; (മറുപടി പറയുമ്പോൾ പറയാമോ ഈ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഈ സാമ്പത്തിക വർഷം കൊണ്ട് അവസാനിപ്പിക്കാൻ കഴിയുമെന്ന്?) ഞാൻ മുഴുവനും വായിക്കുന്നില്ല, ഇതിനകത്ത് റവന്യൂ കമ്മി 1951.42 കോടി ബഡ്ജറ്റ് കമ്മിയിൽ മൊത്തം പറഞ്ഞിരിക്കുന്നത് 193.70 കോടി രൂപ. ഇത് എവിടെ പോയി നിൽക്കും? നിങ്ങൾ ഇപ്പോൾ കേരളത്തിൽ നാലര വർഷം ഭരിച്ചു. 45 വർഷം ഈ കേരളത്തെ പുറകോട്ട് കൊണ്ടുപോയിട്ടുണ്ട്. സംശയമെന്താണ്? ഇവിടെ കമ്മിയുടെ സ്ഥിതിയെന്താണ്? മൂവായിരം കോടി രൂപയുടെ റവന്യൂ കമ്മിയും ആയിരം കോടി രൂപയുടെ മൂലധനക്കമ്മിയും കൂടി വരുമ്പോൾ നാലായിരം കോടി രൂപയാകും. അതിന് മുകളിലേയ്ക്ക് പോകുമെന്നാണ് കേൾക്കുന്നത്. പ്ലാൻ വിഹിതം 15 ശതമാനം വെട്ടിക്കുറയ്ക്കാനാണ് പറഞ്ഞിരിക്കുന്നത്. 15 ശതമാനത്തിൽ നിൽക്കുകയാണ്. അത് നാൽപ്പതിനു മുകളിൽ പോകുമെന്നാണ് ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ അർത്ഥമെന്താണ്? എന്റെ സുഹൃത്താണല്ലോ ശ്രീ. പി. രാഘവൻ. അദ്ദേഹത്തിന് അറിയാമല്ലോ. അങ്ങ് പറഞ്ഞല്ലോ ഇവിടെ വികസനം ഓടിനടക്കുകയാണെന്ന് പ്ലാൻ വിഹിതം വെട്ടിക്കുറച്ചാൽ ഇവിടെ എങ്ങനെ വികസനം നടക്കും? പ്ലാൻ സൈസ് കട്ട് ചെയ്താൽ എങ്ങനെ വികസനം നടത്താൻ സാധിക്കുമെന്ന് പറഞ്ഞു മനസ്സിലാക്കിത്തന്നാൽ കൊള്ളാം. ഞങ്ങളും ബഡ്ജറ്റും കാര്യങ്ങളുമൊക്കെ കണ്ടവരാണ്. ഞാൻ ഈ സപ്ളിമെന്ററി ഡിമാന്റ് നോക്കി. ഇവിടെ സമയമില്ലാത്തതുകൊണ്ട് ഞാൻ ഇപ്പോൾ ദീർഘമായിട്ട് പോകുന്നില്ല. ധാരാളം പ്ലസ് ടു സ്കൂളുകൾ കൊടുത്തിട്ടുണ്ട്. കൊടുത്ത സ്കൂളുകളിലെ വാദ്ധ്യാന്മാർക്ക് ശമ്പളം കൊടുക്കണ്ടേ? അഡീഷണൽ ബാച്ചസ് ഇഷ്ടംപോലെ വന്നു. അദ്ധ്യാപകരെ നിയമിക്കേണ്ടേ? എനിക്ക് കിട്ടിയ കണക്ക് തെറ്റാണെങ്കിൽ ധനകാര്യവകുപ്പുമന്ത്രി തിരുത്തിക്കൊള്ളണം. ഈ സാമ്പത്തികവർഷം 120 കോടി രൂപ ഈ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് വേണ്ടി വരും. ബഡ്ജറ്റിൽപ്പെടുത്തിയിരിക്കുന്നത് 15 കോടി രൂപയാണ്. സപ്ളിമെന്ററി ഡിമാന്റിൽ ഒന്നുമില്ല. സപ്ളിമെന്ററി ഡിമാൻറിൽ വിദ്യാഭ്യാസത്തിന് ഒരു കോടി രൂപയാണ്. അത് ഈ കാര്യത്തിനല്ല. അത് എലിമെന്ററി എഡ്യൂക്കേഷൻ എസ്.സി.ഈ.ആർ.ടി തുടങ്ങിയ സ്ഥാപനങ്ങൾക്കുമാണ്. എവിടെ നിന്ന് കൊടുക്കും. പിന്നെ പൊതുമരാമത്ത് വകുപ്പ്. പാവം നമ്മുടെ ചീഫ് സെക്രട്ടറി ഇപ്പോൾ എല്ലാ അമ്പലങ്ങളിലും പോയി പ്രാർത്ഥിക്കുകയാണ്. കുറച്ചു കാലമെയുള്ളൂ പുള്ളിക്ക് റിട്ടയർ ചെയ്യാൻ. അതിനു മുമ്പ് എന്റെ ദൈവമേ എന്നെ ഈ കോടതിയിൽ കയറ്റി നിർത്തരുതേ എന്നാണ്. സുപ്രീം കോടതിയിൽ നിന്നും ഒരു സ്റ്റേ വാങ്ങിച്ചു. പിന്നെ അവിടെത്തന്നെ പറഞ്ഞു ഒരു അവധി വാങ്ങിച്ച് അവിടെ നിൽക്കുകയാണ്. 1200 കോടി രൂപയോളം കരാറുകാർക്ക് കുടിശ്ശിക കൊടുക്കാൻ കിടക്കുകയാണ്. പക്ഷേ ഒരു ചീഫ് സെക്രട്ടറിയെ കോടതിയലക്ഷ്യത്തിന് കയറ്റി നിർത്തുകയെന്നു പറഞ്ഞാൽ ഒന്നല്ലല്ലോ, പയ്യാവൂർ സംഭവത്തിന് സൂട്ടും കോട്ടും ഇട്ട് വിയർത്ത് നിന്നത് നമുക്കറിയാം. ചീഫ് സെക്രട്ടറി ഇപ്പോൾ ആരാണ്? സർക്കാരിനെ പ്രതിനിധാനം ചെയ്തതാണ്. സർക്കാരിനെ പ്രതിക്കൂട്ടിൽ കയറ്റി നിർത്തുന്നതിനു തുല്യമല്ലേ ചീഫ് സെക്രട്ടറിയെ പ്രതിക്കൂട്ടിൽ കയറ്റി നിർത്തുന്നത്? ആ നിലയിലേക്ക് നമ്മുടെ സംസ്ഥാനത്തിന്റെ ഭരണരംഗത്തെ നിങ്ങൾ കൊണ്ടെത്തിച്ചു. ഇപ്പോൾ എന്താണ് സംസ്ഥാനത്തിന്റെ സ്ഥിതി? ഈ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ധനകാര്യമന്ത്രി ഒരു ധവളപത്രം ഇറക്കാമോ? മുഖ്യമന്ത്രി ചോദിച്ചു നിങ്ങൾ ദിവസവും പത്രം വായിക്കാറില്ലേയെന്ന്'' അതാണ് മുഖ്യമന്ത്രി. നിങ്ങൾ അത് ചോദിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ.

മദ്യലോബിയുടെ രാഷ്ട്രീയബന്ധം ഒന്ന് അന്വേഷിക്കണ്ടെ? തീർച്ചയായിട്ടും ഇത് ഇവിടം കൊണ്ടൊന്നും നിൽക്കുന്നില്ല. സി.ബി.ഐ.യുടെ അന്വേഷണത്തിൽ ആ ബന്ധത്തെ കുറിച്ച് ഒരു അന്വേഷണം നടത്തേണ്ടത് ആവശ്യമാണ്. ശ്രീ. പി. രാഘവൻ ചോദിച്ചു കന്യാസ്ത്രീ മരിച്ചപ്പോൾ നിങ്ങൾക്ക് എന്താണ് ഇത്ര വിഷമം, കന്യാസ്ത്രീ മരിച്ചാൽ വിഷമമില്ലേയെന്ന് കന്യാസ്ത്രീക്കുനേരെയും അച്ചൻമാർക്കു നേരെയും ബി.ജെ.പിക്കാരും ആർ. എസ്.എസ്.കാരും അതിക്രമം കാണിച്ചാൽ ഞങ്ങൾ അതിനെ ശക്തിയായി എതിർക്കും പക്ഷേ നിങ്ങൾ അതിന് കമ്പാരിസൺ കൊടുത്തു. ശ്രീ. എം.വി. രാഘവനോട് നിങ്ങൾക്ക് രാഷ്ട്രീയ വിരോധമുണ്ട്. മുഖ്യമന്ത്രിക്കും വിരോധം കാണും. പക്ഷേ പാവപ്പെട്ട മിണ്ടാപ്രാണികളായ പാമ്പും മുതലയും കുരങ്ങുമൊക്കെ എന്തു ചെയ്തു? നിങ്ങൾ അതിന്റെ വായെല്ലാംകൂടി മൂടി വരിഞ്ഞു കെട്ടി. രാജവെമ്പാല എന്നു പറയുന്ന സാധനത്തെ തൊട്ടാൽ മനുഷ്യൻ ചത്തുപോകും എന്നാണ് ഞാൻ കരുതുന്നത്. ആ രാജവെമ്പാലയെ നിങ്ങൾ കൊന്നു. അതല്ലേ സ്ഥിതി? രാഘവനോടുള്ള പ്രതികാരം തീർക്കാൻ വേണ്ടി പണ്ടു നിങ്ങൾ പോയി പെട്രോൾ ഒഴിച്ചു അതിനെയെല്ലാം കത്തിച്ചു ചാമ്പലാക്കി. അതു കഴിഞ്ഞ് വേറെ കുറെയെണ്ണത്തിനെ കിട്ടി. ഇപ്പോൾ ഇതിനെയെല്ലാം കൂടി പിടിച്ചു വലിച്ചുകെട്ടി വണ്ടിക്കകത്ത് കയറ്റിയിട്ടു. എന്തൊരു അനീതിയാണ് ഇത്. ഇത് ആരോടുള്ള ക്രൂരതയാണ്. ഇതിനെ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നിർദ്ദേശം പോയിട്ടുണ്ടെന്നാണ് കേൾക്കുന്ന വാർത്തകൾ. ശരിയോ തെറ്റോ? അന്വേഷിക്കണ്ടേ? അകാര്യം അന്വേഷിക്കേണ്ടത് ആവശ്യമാണ്. ഇവിടെ ഡി.വൈ.എഫ്.ഐ.ക്കാർ നടത്തിയ സമരത്തെക്കുറിച്ച് പറഞ്ഞല്ലോ. നിങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 32 ലക്ഷമാണ്. ഇപ്പോൾ അത് 40 ലക്ഷമായി. നിങ്ങൾ ട്രെയിൻ തടയാൻ

LIBRARY ARCHIVES Kerala Legislative Assembly

പോയി കിടന്നാലും ഞാൻ പറയുന്നതുപോലെ വെള്ളത്തിൽ കൂടി ഉപരോധം കടലിൽ ഏർപ്പെടുത്തിയാലുമൊന്നും തൊഴിലില്ലായ്മയുടെ തോത് കുറയാൻ പോകുന്നില്ല. എന്താണ് നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി? റവന്യൂ കമ്മി, 1995-96 ൽ 402 കോടി രൂപ, 1996-97 ൽ 643 കോടി രൂപ, 1997 -98-ൽ 1122 കോടി രൂപ, 1998-99-ൽ 2029 കോടി രൂപ. അതിന്റെ അവസാനത്തെ സ്ഥിതി ഞാൻ കുറച്ചുമുമ്പ് പറഞ്ഞു 4000 കോടിക്കും മുകളിലേക്ക് പോയി. എങ്ങോട്ടാ നമ്മുടെ കേരളം പോകുന്നത്? 1998-99 ൽ റവന്യൂ വരുമാനത്തിൽ ഒരു ശതമാനം വർദ്ധനവുണ്ടായപ്പോൾ റവന്യൂ ചെലവിന്റെ കാര്യത്തിൽ 12% വർദ്ധനവുണ്ടായി. വായ്പകളുടെ മൂന്നിൽ രണ്ടു ഭാഗവും റവന്യൂ ചെലവിലേക്കായി ഉപയോഗിച്ചു എന്ന് സി.എ.ജി. തന്നെ പറഞ്ഞിരിക്കുകയാണ്. എന്താ ധനകാര്യമന്ത്രിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്? 1995-96 ൽ 10,113,54 കോടി ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 20,000-കോടിയിലേക്ക് എത്തി. നേരെ ഇരട്ടി. എങ്ങനെ സംഭവിച്ചു? നിങ്ങളുടെ ഭരണകാലത്തല്ലേ ഉണ്ടായിരിക്കുന്നത്? ഞാൻ മുഴുവൻ കാര്യങ്ങളിലേക്കും കടന്നുപോകുന്നില്ല. മറ്റൊന്ന്, എക്സൈസ് വരുമാനത്തിന്റെ സ്ഥിതി എന്താ? 1995-96-ൽ എക്സൈസ് വരുമാനം 417.16 കോടി. 1999-2000 -ൽ വരുമാനം 470.89 കോടി. ഫെബ്രുവരിവരെയുള്ള കണക്കാണിത്. ഇതിനകത്ത് എക്സൈസിന്റെ കാര്യത്തിൽ ഈ കിസ്തിളവും പലിശയിളവും നിങ്ങൾ കൊടുത്തിരിക്കുന്ന ആനുകൂല്യങ്ങൾ എത്രയാ? ഇവിടെ കൃഷിക്കാരുടെ കാര്യം പറഞ്ഞല്ലോ? ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെക്കിടന്ന് തുള്ളുന്നതുകണ്ടു. എനിക്ക് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനോട് ഒരു വിരോധവുമില്ല. പക്ഷേ അദ്ദേഹം ഇന്നുരാവിലെ ഇവിടെ എടുത്ത നിലപാട് എന്താ? ഇവിടെ തന്ന ഒരു ചോദ്യം, 62-ാം നമ്പർ ചോദ്യവും 66-ാം നമ്പർ ചോദ്യവും കൂടി ക്ലബ് ചെയ്തു. അതിനകത്ത് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു ചോദിച്ചപ്പോൾ പ്രൊക്യൂവർ ചെയ്ത റബ്ബറിനെക്കുറിച്ചും കൊപ്രയെക്കുറിച്ചും നെല്ലിനെക്കുറിച്ചും പറയണമെന്നു പറഞ്ഞു. സ്റ്റാർഡ് ക്വസ്റ്റ്യനാണ് ചോദിച്ചത്. ചെയ്തില്ല അദ്ദേഹം. അതിനകത്ത് ഒരു പാർട്ട് "ഇതിനെത്തുടർന്ന് സർക്കാർതലത്തിൽ സ്വീകരിച്ച നടപടികൾ എന്താണ്"? അത് ക്ലബ് ചെയ്തുപറഞ്ഞിരിക്കുകയാണ്. ബഹു. സ്പീക്കറുടെ റൂളിംഗിനെ ഞാൻ മാനിക്കുന്നു. എനിക്ക് അദ്ദേഹത്തിന്റെ റൂളിംഗിനോട് ആദരവാണുള്ളത്. ഞാൻ ആ റൂളിംഗിനെയല്ല ചോദ്യം ചെയ്തത്. ഞങ്ങൾ ഇവിടെ പറഞ്ഞത് 10 എം.എൽ.എ. മാർ പുറത്ത് സത്യാഗ്രഹം ഇരിക്കുകയല്ലേ?................(ബഹളം) ശ്രീ. ജോർജ്ജേ ഞാൻ പഴയ ഒരു കാര്യം ഓർമ്മിപ്പിക്കാം, പണ്ടു പ്ലസ് ടു-ന്റെ കാര്യത്തിൽ പ്രീ-ഡിഗ്രി ബോർഡ്, ഓർക്കുന്നില്ലേ? നിയമസഭയുടെ കവാടത്തിൽ അന്നുനിങ്ങൾ ശ്രീമതി ഗൗരി അമ്മയെയല്ലേ കൊണ്ടുകിടത്തിയത്?

ശ്രീ. ടി.കെ. ഹംസ : അവർ കിടന്നതാണ്.

ശ്രീ. ടി.എം. ജേക്കബ് : ശ്രീ. ഹംസേ, നിങ്ങൾ സി.പി.എം. ൽ ചെല്ലുന്നതിനുമുമ്പ് കമ്മ്യൂണിസ്റ്റുകാരിയായിരുന്ന ആളാണ് ശ്രീമതി ഗൗരി അമ്മ. പാർട്ടി തീരുമാനമാണെന്ന് ശ്രീമതി ഗൗരി അമ്മ പറയുന്നു. ചോദിക്കുക. പാർട്ടി തീരുമാനമെടുത്ത് നിങ്ങൾ കൊണ്ടുകിടത്തി. അന്ന് ശ്രീ. വി.എം. സുധീരൻ എല്ലാ സൗകര്യങ്ങളുമായിട്ട് അവിടെ വന്നില്ലേ? ഇപ്പോൾ നമ്മുടെ സ്പീക്കറും വന്നു. കുഴപ്പമൊന്നുമില്ല. അപ്പോൾ അവിടെ എം.എൽ.എ മാർ ഇരിക്കുന്നത്, നമ്മളൊക്കെ ജനപ്രതിനിധികളാണ് അവരിരിക്കുന്നത് ഒരു വലിയ കാസിനുവേണ്ടിയാണ്. സംശയമെന്താ നിങ്ങൾക്ക്. ഞങ്ങൾ ആണുങ്ങളെപ്പോലെ ഡൽഹിയിൽ പോയി നിവേദനം കൊടുത്തു പ്രതിപക്ഷ നേതാ

LIBRARY ARCHIVES Kerala Legislative Assembly

വിന്റെ നേതൃത്വത്തിൽ. ഞങ്ങൾ എം.പി. മാരെ കൂട്ടിക്കൊണ്ടുപോയി. ഇവിടെ ഇപ്പോൾ ആരോ പറഞ്ഞല്ലോ രണ്ടു മിനിട്ടാ കിട്ടിയത് എന്ന്. ആരെങ്കിലുമാകട്ടെ. ഞാൻ ചോദിക്കട്ടെ, മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ നമ്മുടെ കൂടെ പോരേണ്ടതല്ലേ? നിങ്ങൾ എന്താ വരാതിരുന്നത്?

ശ്രീ. ടി.കെ. ഹംസ : ഞങ്ങൾ വേറെ പോയി.

ശ്രീ. ടി.എം. ജേക്കബ് : വേറെ എന്തിനാ ശ്രീ. ഹംസേ പോകുന്നത്. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യിക്കാൻ നമുക്ക് കൂട്ടായിട്ട് പറയാം. നിങ്ങളോട് ഞങ്ങൾ 100 ആവർത്തി ചോദിച്ചു കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുമോ എന്ന്. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അവിടെ ഇരിപ്പുണ്ട്, അദ്ദേഹം പറഞ്ഞു, ബാങ്കുകളുമൊക്കെയായിട്ട് ആലോചിക്കണം.

ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് സംസാരിച്ചപ്പോൾ പറഞ്ഞു ഞങ്ങൾ ആണുങ്ങളെപ്പോലെ ഡൽഹിയിൽ പോയി എന്ന് എന്നുപറഞ്ഞാൽ അത് പെണ്ണുങ്ങൾക്കു മുഴുവൻ...........

ശ്രീ. ടി.എം. ജേക്കബ് : അത് തിരുത്തിക്കോ, അത് നമ്മുടെ ഒരു നാടൻശൈലിയിൽ പറഞ്ഞു എന്നേയുള്ളൂ. അത് എങ്ങനെ വേണമെങ്കിലും തിരുത്തിക്കോ, കുഴപ്പമില്ല. നമ്മുടെ നാടൻശൈലിയിൽ പറഞ്ഞു എന്നു മാത്രം. ആണുങ്ങളുടേയും പെണ്ണുങ്ങളുടേയും കാര്യത്തിൽ ഉറച്ചുനിൽക്കണമല്ലോ.

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോൻ : ഡൽഹിയിൽ പോയി എന്നുപറഞ്ഞു, ഡൽഹിക്ക് ഇവിടന്ന് ടിക്കറ്റ് എടുത്താൽ അവിടെ പോയി ഇറങ്ങാം, അതിന് വലിയ ഉശിര് ഒന്നും വേണ്ട.

ശ്രീ. ടി.എം. ജേക്കബ് : ഇതാണ് നമ്മുടെ ധനകാര്യമന്ത്രിയുടെ സമീപനം. കണ്ടോ. ഞങ്ങൾക്കറിയാം ഇവിടന്ന് ടിക്കറ്റ് എടുത്ത് വിമാനത്തിൽ കയറിയാൽ ഡയറക്ട് ഫ്ളൈറ്റ് ആണെങ്കിൽ ബോംബെയിൽ ഇറങ്ങിയിട്ട് ഡൽഹിയിൽ പോയി ഇറങ്ങാം, അല്ലെങ്കിൽ ബാംഗ്ലൂർ വഴിയും പോകാം. അതല്ലെങ്കിൽ ബോംബെയിൽ ഇറങ്ങിയിട്ടും പോകാം. ഇപ്പോൾ അതല്ലല്ലോ പറഞ്ഞത്, ഞങ്ങൾ പ്രധാനമന്ത്രിയെ കണ്ട കാര്യമാണ് പറഞ്ഞത്. പ്രധാനമന്ത്രിയുടെ അടുക്കൽ പോയി ഞങ്ങൾ ഈ നിവേദനം നൽകിയതിന് നിങ്ങൾ ഇവിടെ കളിയാക്കുകയോ? ശ്രീമതി ഗൗരി അമ്മയെ മോശമാക്കിയിട്ടില്ല, ശ്രീമതി ഗൗരി അമ്മ ആണുങ്ങളെക്കാൾ മിടുക്കിയാ അല്ലേ? കമ്മ്യൂണിസ്റ്റുകാർക്ക് പണ്ടേ അറിയാമല്ലോ ശ്രീമതി ഗൗരി അമ്മയെക്കുറിച്ച് ഇപ്പോഴല്ലേ ശ്രീമതി ഗൗരി അമ്മ നിങ്ങൾക്ക് ഏഴാം കൂലിയായത്? പണ്ട് ശ്രീമതി ഗൗരി അമ്മ നിങ്ങൾക്ക് വീരശൂര പരാക്രമി ആയിരുന്നല്ലോ, ഞങ്ങൾക്കറിയാം. ശ്രീമതി ഗൗരി അമ്മ അപ്പുറത്തിരുന്നപ്പോൾ ഇപ്പുറത്തിരുന്നു സംസാരിച്ച ആളുകളാ ഞങ്ങളൊക്കെ. ഇപ്പോൾ നിങ്ങൾക്ക് ശ്രീമതി ഗൗരി അമ്മ ഏഴാംകൂലിയാ. പക്ഷേ വേണ്ട. ഗൗരി അമ്മ ഞങ്ങളുടെ കൂടെ ഞങ്ങളുടെ നേതാവായിട്ടുതന്നെ നിൽക്കുകയാ.........(ബഹളം)... എന്താ ശ്രീമതി മെഴ്സിക്കുട്ടി, മെഴ്സിക്കുട്ടി അമ്മ ജനിക്കുന്നതിനു മുമ്പേ രാഷ്ട്രീയത്തിൽ വന്ന ആളാ ശ്രീമതി ഗൗരി അമ്മ. ആ കഥയൊന്നും പറയിപ്പിക്കണ്ട, ചുമ്മാ ഇരുന്നു വല്ലതും പറയാതെ...(ബഹളം) ഇവിടെ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്ന് എവിടെക്കൊണ്ടെത്തിച്ചു നിങ്ങൾ? ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ ഒരു ധാരണ അദ്ദേഹം പ്രസ്താവന ഇറക്കിയാൽ കൃഷിക്കാരുടെ പ്രശ്നം തീരുമെന്നാണ്. മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട് നിങ്ങൾക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉത്തരവ് ഇറക്കാമോ? നിങ്ങളുടെ കൂടെ ഞങ്ങളും നിൽക്കാം.......(ബഹളം)........

ഡെപ്യൂട്ടി സ്പീക്കർ : പ്ളീസ്, പ്ളീസ്, പ്ളീസ്, ശ്രീ.ജേക്കബ്

ശ്രീ. ടി.എം. ജേക്കബ് : ഒരു കാര്യംകൂടി പറയാം. സഹകരണ ബാങ്കിൽ നിന്ന് ബഹു.മന്ത്രി കുറേ കടം എടുത്തിട്ടില്ലേ? മൊത്തം 497 കോടി രൂപ സർക്കാർ ജില്ലാ ബാങ്കിൽ നിന്നും കടം എടുത്തിട്ടുണ്ട്. ഇല്ലേ? കൃത്യമായ കണക്കാണ്. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്. റിസർവ് ബാങ്കിന്റെ നിർദ്ദേശമുണ്ടായിട്ടും നിങ്ങൾക്ക് തിരിച്ചുകൊടുക്കാൻ പറ്റിയോ? പറ്റിയിട്ടില്ലല്ലോ. ഈ 497 കോടിക്കുപുറമേ സംസ്ഥാന സഹകരണ ബാങ്കിൽ നിന്ന് 300 കോടി. ഈ വായ്പക്കെത്രയാ പലിശ? 15 ശതമാനം 2000 മാർച്ചിൽ മുഴുവൻ വായ്പയും പലിശയും തിരിച്ചടയ്ക്കണമെന്ന് ജില്ലാ ബാങ്കുകൾ ട്രഷറിയോട് ആവശ്യപ്പെട്ടിട്ട് നടന്നോ? നടന്നില്ല. 31-5-2000 ത്തിനകം തുക അടയ്ക്കാമെന്ന് മന്ത്രി അങ്ങ് വാഗ്ദാനം ചെയ്തു. അതും നടന്നില്ല. 3.10.2000 ത്തിന് പലിശയിനത്തിൽ ജില്ലാ ബാങ്കുകൾക്ക് 62.14 കോടിയും സഹകരണ ബാങ്കിന് 19.5 കോടിയും അടക്കം 81.64 കോടി രൂപ നിങ്ങൾ കൊടുക്കാൻ കിടക്കുകയാണ്. ഇതല്ലേ സ്ഥിതി? ഇവിടെ നിങ്ങൾ ഓരോ കാര്യങ്ങളെക്കുറിച്ച് പറയുന്നുണ്ടല്ലോ? മദ്യ മാഫിയാ സംഘത്തെക്കുറിച്ച് പറഞ്ഞില്ലേ? മണിച്ചനെക്കുറിച്ച് പറഞ്ഞു. ഞാൻ മണിച്ചന്റെ ഒരു വക്താവായിട്ട് സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. ആനത്തലവട്ടം ആനന്ദൻ ഇവിടെ ആരുടെയൊക്കെ പേരുകൾ പറഞ്ഞു. ഇരിക്കട്ടെ. പ്രശ്നമില്ല, മൂവാറ്റുപുഴയോ, എറണാകുളമോ എവിടെ വേണമെങ്കിലും അന്വേഷിക്കുക. ഞങ്ങൾ പറയുന്നത് അന്വേഷിക്കണം എന്നല്ലേ? ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം എന്താ, മണിച്ചന്റെ കല്ല്യാണവും മണിച്ചന്റെ വീട്ടിലെ പ്രശ്നവും ഒന്നുമല്ലല്ലോ? മണിച്ചൻ എന്നുമുതലാ പണക്കാരനായത്? 1996-നു ശേഷം. തർക്കമില്ലല്ലോ ആർക്കും?

ശ്രീ. ആനത്തലവട്ടം ആനന്ദൻ : മണിച്ചൻ തന്നെ മീഡിയാക്കാരോട് പറഞ്ഞത് ഞാൻ 1975-ൽ തുടങ്ങി, ഈ ബിസിനസ്സിൽ 25 വർഷത്തെ സർവീസ് ഉണ്ടെന്നാണ്. ഒരു കാര്യം മനസ്സിലാക്കണം. 10 വർഷം മുമ്പ് 1991-ൽ അയാൾ അബ്കാരി കോൺട്രാക്ടർ ആണ്. 25 വർഷത്തെ സർവീസ് ഉണ്ട്.

ശ്രീ. ടി.എം. ജേക്കബ് : 1996 മുതൽ എന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന ഇൻഫർമേഷൻ. അദ്ദേഹവുമായി കൂടുതൽ അടുപ്പം ഉള്ളതുകൊണ്ട് ഇത്രയും ഇൻഫർമേഷൻ തന്നതിന് വളരെ നന്ദി. അതിന്റെ സ്ഥിതി എന്താണെന്ന് എനിക്കറിഞ്ഞുകൂടാ, എനിക്കു കിട്ടിയ വിവരമാ ഞാൻ പറഞ്ഞത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : മണിച്ചന്റെ കാര്യത്തിൽ അവിടെ ഒരു തർക്കത്തിനു പോകണ്ട, അത് ശ്രീ. ജേക്കബിനെക്കാളും അദ്ദേഹത്തിനു തന്നെയാണ് അറിയുക.

ശ്രീ. ടി.എം. ജേക്കബ്: ഇതിനകത്ത് അങ്ങ് ബഹുമെമ്പർ മണിച്ചന്റെ ഇന്റർവ്യൂവിനെക്കുറിച്ചല്ലേ പറഞ്ഞത്? മണിച്ചൻ കൊടുത്ത ഇന്റർവ്യൂ ശരിയോ തെറ്റോ എന്ന് എനിക്കറിഞ്ഞുകൂടല്ലോ. മണിച്ചൻ കൊടുത്ത ഇന്റർവ്യൂവിൽ പറഞ്ഞിരിക്കുന്നത്, സത്യനേശനാണ് അവിടത്തെ ജില്ലാസെക്രട്ടറി, സത്യനേശന് 15,000 രൂപാവീതം പ്രതിമാസം കൊടുക്കും എന്നാണ് എന്ന് അദ്ദേഹം തന്നെ പറഞ്ഞിരിക്കുകയാണ്; അയാൾ പറഞ്ഞതായിട്ടാണ് റിപ്പോർട്ട്. പിന്നെ പറഞ്ഞിരിക്കുന്നത് ഓഫീസ് സെക്രട്ടറിക്ക് 50,000 രൂപ എന്നാണ്. ശ്രീ. പി. രാഘവൻ തന്നെയാണ് പറഞ്ഞത് ഇങ്ങനെയൊരു

LIBRARY ARCHIVES Kerala Legislative Assembly

സംഭവം മനോരമയും മാതൃഭൂമിയും റിപ്പോർട്ട് ചെയ്തിട്ടില്ലല്ലോ എന്ന്. മനോരമയോട് നിങ്ങൾക്ക് ഈ സ്നേഹം വന്നതിൽ സന്തോഷം, പോകട്ടെ, ഈ പത്രം അന്തിപ്പത്രമോ സായാഹ്ന പത്രമോ, ഫ്രീലാന്റോ ആകട്ടെ, അത് ക്വാട്ട് ചെയ്യുന്നില്ല, ഇതിനകത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, തിരുവനന്തപുരം ജില്ലാ കമ്മിറ്റി സംഭാവന രസീത് നമ്പർ 205-അതിനകത്ത് ഒന്നേകാൽ ലക്ഷം രൂപ: ഇതിനകത്ത് ഒപ്പിട്ടിരിക്കുന്നത് തിരുവനന്തപുരം ജില്ലാ സെക്രട്ടറി, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ്, തിരുവനന്തപുരം ജില്ലാ കമ്മിറ്റി; ഡേറ്റ് 2-9-99. റസീപ്റ്റ് നമ്പർ 0095 - രണ്ടു ലക്ഷം രൂപ. ഇതിനകത്ത് രണ്ടും ഒപ്പിട്ടിരിക്കുന്നത് തിരുവനന്തപുരം ജില്ലാ സെക്രട്ടറിയാണ്. ആകട്ടെ ഈ രണ്ടാം തീയതിക്കും 22-ാം തീയതിക്കും ഇടയിൽ രണ്ടും ഒന്നും മുന്നേകാൽ ലക്ഷം രൂപ മേടിച്ച് എടുത്തത് ശരിയാണോ? ഇതു ശരിയല്ലെങ്കിൽ നിങ്ങൾ ഈ പത്രത്തിനെതിരെ കേസ് കൊടുക്കുന്നേ! ആ ട്രിവാൻട്രം വൈൻസ് മണിച്ചന്റെ ബിനാമി സ്ഥാപനമാണ്. അതല്ലേ സിബി മാത്യു പറഞ്ഞത്? ആനത്തലവട്ടം നിങ്ങൾ വച്ച സിബി മാത്യു തന്നെയാണ് പറഞ്ഞത്. പോലീസ് റിപ്പോർട്ടിൽ പറയുന്നുണ്ട്. മണിച്ചന്റെ ബിനാമിയെക്കുറിച്ച്. നിങ്ങൾ അന്വേഷിച്ചോ? നിങ്ങൾ അന്വേഷിക്ക്, ഈ ഒപ്പിട്ടിരിക്കുന്നത് സത്യനേശനല്ലേ. അതിൽ തർക്കമില്ലല്ലോ. രസീത് നിങ്ങളുടെ തന്നെയാ. എന്തായാലും ജില്ലാ സെക്രട്ടറിയുടെ ഒപ്പ് അവിടെയുണ്ട്. റെസീപ്റ്റ് നമ്പർ ശരിയാണെന്ന് നിങ്ങൾ പറയുന്നു; വാർത്തയുടെ കണ്ടന്റിന്റെ പ്രശ്നമാണ്: ഇപ്പോൾ നിങ്ങൾ ഒരു മാസത്തിനിടയിൽ 3 ലക്ഷം രൂപ മേടിച്ചില്ലേ, ഇരുന്നൂറ്റിയഞ്ചും തൊണ്ണൂറ്റിയഞ്ചും? അപ്പോൾ ഇതിനിടയിൽ എത്ര ലക്ഷം മേടിച്ചുകാണും. ബാക്കിയുള്ളവരോട്? ബാക്കിയുള്ള കണക്കോ? അപ്പോൾ, നമുക്ക് ഇത് ഒന്ന് അന്വേഷിക്കണ്ടേ? ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം: എസ്.എഫ്.ഐ.യുടെ ഒരു നേതാവുണ്ട് 'ചൈനാ സുനിൽ' എസ്.എഫ്.ഐ. എന്നു പറഞ്ഞാൽ സ്റ്റുഡന്റ്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ. . . . . .

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സുനിലിനെ ഈ വ്യാജമദ്യം ഉണ്ടാക്കുന്ന ആൾ എന്നുള്ള നിലയ്ക്ക് രമേശ് ചന്ദ്രബാനുവിന് ഡയറക്ഷൻ കൊടുത്ത് ഞാൻ തന്നെയാണ് റെയിഡ് ചെയ്ത് പിടിപ്പിച്ചത്. അതോടുകൂടി ആ നിമിഷം പാർട്ടിയിൽനിന്ന് പുറത്താക്കിയിട്ട് ഒരു കൊല്ലം കഴിഞ്ഞു. എന്നിട്ടും ഇപ്പോഴും എസ്.എഫ്.ഐ. എന്നാണോ പറയുന്നത്?

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ ഇങ്ങനെ തിരുത്താം: മുൻ എസ്.എഫ്.ഐ. നേതാവ് എന്ന് തിരുത്തിയേക്കാം. എനിക്ക് ഇതൊരു പുതിയ ഇൻഫർമേഷനാണ്. ബഹു.മന്ത്രി പറഞ്ഞപ്പോഴാണ് ഞാൻ ഇത് മനസ്സിലാക്കിയത്. ഈ ആളിൽനിന്ന് വർക്കല റേഞ്ചിൽ ഇക്കഴിഞ്ഞ ദിവസം പതിമൂന്നായിരം ലിറ്റർ സ്പിരിറ്റ് പോലീസുകാർ പിടിച്ചു, ഇതേ റേഞ്ചിൽ മദ്യദുരന്തം നടന്നതിന്റെ മൂന്നാംപക്കം ആയിരം പാക്കറ്റ് കവർ ചാരായം പിടിച്ചു. സർ, അതുപോലെ തന്നെ മൂന്നാറിൽ ഇയാൾക്ക് മൂന്ന് വിദേശമദ്യ റീട്ടെയിൽ ഷോപ്പ് ഉണ്ട്, അവിടെനിന്നും പിടിച്ചു. അങ്ങേയ്ക്ക് അറിയാമല്ലോ മൂന്നാറിലെ കാര്യം? ഇടുക്കിയിലാണല്ലോ നമ്മുടെ ഡെപ്യൂട്ടി സ്പീക്കർ. അവിടന്ന് പിടിച്ച ഈ ഷോപ്പുകൾ പൂട്ടിയിട്ടില്ല. ഈ ആളെ അറസ്റ്റ് ചെയ്തിട്ടില്ല. എന്താണ് ചെയ്യാത്തത്? ഇയാൾക്ക് മാത്രമെന്താണ് ഇത്ര വലിയ പ്രത്യേകത? ബഹു. മന്ത്രി പറഞ്ഞത് ഞാൻ സമ്മതിച്ചു. ഇയാളെ അറസ്റ്റ് ചെയ്യണ്ടേ സർ? വേറൊന്നുള്ളത് - ധനകാര്യമന്ത്രി, അങ്ങ് ഇതൊന്ന് അന്വേഷിക്കുമോ? - ഈ സുനി

LIBRARY ARCHIVES Kerala Legislative Assembly

ലിന്റെ മൊബൈൽ ഫോണിലേയ്ക്ക് ഏറ്റവും കൂടുതൽ കോളുകൾ വന്നിരിക്കുന്നത് ചീഫ് മിനിസ്റ്ററുടെ ഓഫീസിൽ നിന്നാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. അന്വേഷിക്കണ്ടേ? ശരിയാകാം, തെറ്റുമാകാം. എനിക്ക് കിട്ടിയ വിവരം പറയാം. ഇതിന്റെ പ്രിന്റ്ഡ്ഔട്ട് ഉണ്ടല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ : മി. ജേക്കബ് പ്ളീസ്. . . . . .

ശ്രീ. ടി.എം. ജേക്കബ് : മൊബൈൽ ഫോണിന്റെ പ്രിന്റ് ഔട്ട് ഉണ്ട്. പ്രിന്റ് ഔട്ടിൽ ഇൻകമിംഗ് കാൾസും. ഔട്ട്ഗോയിംഗ് കാൾസും റിക്കോഡ് ചെയ്യും. പോലീസിന്റെ അന്വേഷണത്തിൽ പുറത്തുവന്നിട്ടുണ്ട്. ഈ കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ അന്വേഷിക്കാൻ തയ്യാറാണോ? നിങ്ങൾ തയ്യാറാകുകയില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ, സർ, കേരളത്തിലേയ്ക്ക് സ്പിരിറ്റ് കടത്തുന്നതിൽ ദാവൂദ് ഇബ്രാഹിമിന് വരെ പങ്കുണ്ട്. ഞാൻ ഒരു പുതിയ ഇൻഫർമേഷൻ സഭയ്ക്കു തരാം. കേരളത്തിലേയ്ക്കു വരുന്നത് പാലക്കാട്-ഒറ്റപ്പാലം വഴിയാണ്. നിങ്ങൾ ഇവിടെ പലരുടേയും പേര് പറഞ്ഞല്ലോ കോൺഗ്രസ്സുകാരുടെ മണിച്ചാമിയെന്നോ, വേലുച്ചാമിയെന്നോ ഒക്കെ പറഞ്ഞില്ലേ? എന്തോ ആകട്ടെ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ സി.പി.എം. മെമ്പർ ആണല്ലോ വേണുഗോപാൽ? വേണുഗോപാൽ ഇല്ലേ? പിന്നെ, ഈ വേണുഗോപാൽ ആരാ?

ശ്രീ. ടി. ശിവദാസമേനോൻ : ഒറ്റപ്പാലത്ത് രണ്ടായിരത്തിനും മൂവായിരത്തിനും ഇടയിൽ പാർട്ടി മെമ്പർമാരുണ്ട്, അതിൽ എത്ര വേണുഗോപാൽ ഉണ്ട് എന്ന് ഞാൻ എങ്ങനെയാണ് പറയുക?

ശ്രീ. ടി.എം. ജേക്കബ് : അപ്പോൾ ഞാൻ പറഞ്ഞുതരാം.

മി. ഡെപ്യൂട്ടി സ്പീക്കർ : മി.ജേക്കബ് പ്ളീസ് കൺക്ളൂഡ്.

ശ്രീ. ടി.എം. ജേക്കബ് : ബഹു.ശിവദാസമേനോന്റെ ഏറ്റവും അടുത്ത സുഹൃത്താണ് ഈ വേണുഗോപാൽ. അദ്ദേഹത്തിന്റെ വീട്ടിൽ ഇദ്ദേഹം പോയിട്ടുണ്ട്. ഈ വേണുഗോപാലിന്റെ മാനേജർ അഷറഫ് പോലീസിന്റെ നിരീക്ഷണത്തിലല്ലേ? അയാൾ പോലീസ് നിരീക്ഷണത്തിലാണെന്ന് പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിങ്ങൾ ബഹളം ഉണ്ടാക്കണ്ട. ഈ വേണുഗോപാലിനെക്കുറിച്ച് നിങ്ങൾ അന്വേഷിച്ചോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ജേക്കബ് പ്ളീസ് കൺക്ളൂഡ്. (ബഹളം)

ശ്രീ. ടി.എം. ജേക്കബ് : ഞാൻ ഒഴിവാക്കുന്നില്ല. ഞാൻ അടിവരയിട്ട് പറയുന്നു, ഇങ്ങോട്ട് സ്പിരിറ്റ് കടത്തുന്നതിന് ദാവൂദ് ഇബ്രാഹിമിന്റെ ഏജന്റായിട്ട് ഈ വേണുഗോപാൽ പ്രവർത്തിക്കുന്നു. അയാളുടെ മാനേജർ അഷറഫ് പോലീസിന്റെ നിരീക്ഷണത്തിലാണ്. മുഖ്യമന്ത്രി വേണമെങ്കിൽ അന്വേഷിക്കട്ടെ, ഈ അഷറഫ് ആരാണെന്നും ഈ വേണുഗോപാൽ ആരെന്നും അന്വേഷിച്ച് ഈ സഭയിൽ പറയട്ടെ. (തടസ്സം) കെ.സി. വേണുഗോപാലൊന്നുമല്ല. നിങ്ങളുടെ വേണുഗോപാൽ തന്നെ.

ഈ സാഹചര്യത്തിൽ, ഈ നടക്കുന്ന മദ്യമാഫിയയുമായിട്ടുള്ള ബന്ധം, ഇവിടെ നടക്കുന്ന അതിക്രമങ്ങൾ, അതുപോലെതന്നെ ഇവിടുത്തെ ധനകാര്യ മിസ്മാനേജുമെന്റ്, ഇവിടെ കണ്ണൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടത്തുന്ന അതിക്രമങ്ങൾ ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ, ഇതൊന്നും ഫലപ്രദമായി നിയന്ത്രിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റ് നിയമസഭയെപ്പോലും റബ്ബർ സ്റ്റാമ്പാക്കിക്കൊണ്ട് ഇവിടെ അങ്ങ് ഞങ്ങളെ നിയന്ത്രിക്കുന്നതിൽ ഞങ്ങൾ എതിരല്ല, സമയത്തിന്റെ പരിമിതിയാണ്. അത് എന്തുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സംഭവിക്കുന്നു? ഇവിടെ സഭയിൽ കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള അവസരമില്ല. അവസരം മുഴുവൻ ഗവൺമെന്റ് നിഷേധിച്ചിരിക്കുകയാണ്. അത്തരത്തിലുള്ള ഒരു ഗവൺമെന്റ് കൊണ്ടുവന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുകയാണ്. രണ്ടു ദിവസമായി ഈ നിയമസഭയിൽ വളരെ സീരിയസ് ആയിട്ടാണ് കൃഷിക്കാരുടെ പ്രശ്നങ്ങൾ ചർച്ചചെയ്തത്. അടിയന്തര പ്രമേയം വന്നു, അതിന് ചർച്ച അനുവദിക്കാതെ വന്നു, എം.എൽ.എ.മാർ നിരാഹാരം നടത്തുന്നു. പ്രശ്നം വിലയിടിവാണ്. വിലയിടിവിനെക്കുറിച്ച് സംസാരിക്കുമ്പോൾ സാധാരണ പറയുന്നത് ഉദാരവൽക്കരണം അതുപോലെതന്നെ ആഗോള വൽക്കരണം, അതിന്റെ ഫലമായിട്ട് വരുന്ന നടപടികളാണെന്നാണ്. തീർച്ചയായിട്ടും ഉദാരവൽക്കരണവും ആഗോളവൽക്കരണവും കുറെ ബാധിച്ചിട്ടുണ്ട്, ബാധിച്ചിട്ടില്ല എന്നു പറയുന്നില്ല. കൃഷിക്കാരന്റെ പ്രശ്നം . . . തേങ്ങയ്ക്ക് മുൻപുള്ള വില അഞ്ചു രൂപയായിരുന്നു, ഇപ്പോൾ വില രണ്ടു രൂപയാണ്. മണ്ഡരി രോഗമുള്ളതിന് ഒരു രൂപ കിട്ടും. കൃഷിക്കാരുടെ വരുമാനം തീരെ കുറഞ്ഞു. ഇതുകൊണ്ടുമാത്രം തീരുമോ. സർ? കേന്ദ്രത്തിൽ സമ്മർദം ചെലുത്തണം. ജനങ്ങളെ ബോധവൽക്കരിക്കണം പക്ഷേ ഇതിന്റെ നടപടി ഒരു ദീർഘകാല നടപടിയാണ്. കേന്ദ്രം പഴയകാലത്ത് ഒപ്പുവച്ചിട്ടുള്ള കരാറുകൾ ക്യാൻസൽ ചെയ്യത്തക്കതായിട്ടുള്ള ഒരു സ്ഥിതിവിശേഷത്തിൽ കൊണ്ടുചെന്നെത്തിക്കത്തക്ക വിധത്തിലുള്ള സ്ഥിതി വന്നപ്പോൾ അത് ക്യാൻസൽ ചെയ്തു. അതു കഴിഞ്ഞ് കൃഷിക്കാരനെ രക്ഷിക്കാനാണെങ്കിൽ കൃഷിയുണ്ടാകുന്നില്ലതാനും. ഒരു കൃഷിയും ഇവിടെ ഉണ്ടാകുന്നില്ല. ഒരു സംസ്ഥാന ഗവൺമെന്റിന്റെ ചുമതല ഈ ഗവൺമെന്റ് ചെയ്തിട്ടില്ല. അതിൽ അവർ പരാജയപ്പെട്ടു. ഒരു ബഡ്ജറ്റ് പാസ്സാക്കി പണം കയ്യിൽ കിട്ടിയാൽ അതാത് മന്ത്രിമാർ അവരുടെതായിട്ടുള്ള വകുപ്പുകളിൽ ഓരോന്നിനും എന്തു ചെയ്യണം, ആദ്യം ആലോചിക്കേണ്ടത് അതാണ്: അവരുടെ പ്രകടനപത്രിക ഉൾക്കൊണ്ടുകൊണ്ടുതന്നെ എന്തുചെയ്യണം. ഇതിനിടയിൽ കൃഷിക്കാരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ഇവർ ഉണ്ടാക്കിയിട്ടുണ്ടോ? താൽക്കാലികമായി, ആഗോളവൽക്കരണം ക്യാൻസൽ ചെയ്യുന്ന കാലംവരെ, ഇവിടത്തെ കൃഷിക്കാർ നിൽക്കുമോ? കൃഷിക്കാർ നിൽക്കുകയില്ല. ഈ ഗവൺമെന്റിനെപ്പറ്റി ഒരു കാര്യം പറയേണ്ടത് അവർ ചെയ്യേണ്ടതായിട്ടുള്ള ജോലി അവർ ചെയ്യുന്നില്ല എന്നുള്ളത് പരമാർത്ഥമാണ്. ബഡ്ജറ്റിൽ തുക കിട്ടിയാൽ മന്ത്രിമാർ അവരുടേതായിട്ടുള്ള പ്രോജക്ടുകൾ, അവർതന്നെ ചെയ്യേണ്ടതായിട്ടുള്ള നടപടികൾ, ആലോചിച്ച് ഏറ്റവുംവേഗം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കണം. ഇതിൽ കൃഷിക്കാരെ സഹായിക്കാൻ എന്തുചെയ്യും? ഞാൻ ഈ പറയുന്നത് - പച്ചതേങ്ങ വാങ്ങാൻ തീരുമാനമെടുത്തു. എവിടെനിന്നാണ്, വടക്കുനിന്ന്. മദ്ധ്യതിരുവിതാംകൂറിൽ തേങ്ങയ്ക്ക് വിലയില്ലാതായി. തേങ്ങതന്നെ ഇല്ല. നേരത്തെ റൂട്ട്വിൽറ്റ് ഡിസ്സീസ് ആയിരുന്നു. അതിവിടെ ഏതാണ്ട് ആറ്റിങ്ങൽ, തൊടുപുഴ വരെയായിരുന്നു. അപ്പുറത്ത് ചാലക്കുടി വരെയും. ഉള്ളതെല്ലാം തകർന്നു; തിരുവനന്തപുരത്തുമുണ്ട്. ഒരു ജില്ല മാത്രമാണ് അതിൽ നിന്നും വിട്ടു നിൽക്കുന്നത്: കാസർഗോഡ് ജില്ല. ബാക്കി മുഴുവൻ ജില്ലകളിലും മണ്ഡരി രോഗം വന്നു. ഗവൺമെന്റ് എന്തു ചെയ്തുവെന്നാണ് പറയുന്നത്? പഞ്ചായത്തിനെ ഏൽപ്പിച്ചുപോലും! ഇതാണോ ഉത്തരവാദിത്വം? ചെയ്യേണ്ട ജോലി ചെയ്യേണ്ടേ? 35 ലക്ഷത്തിൽപ്പരം കൃഷിക്കാരുണ്ട്. ഞാനും ഒരിടത്തരം കൃഷിക്കാരിയാണ്. തേങ്ങയില്ല. മദ്ധ്യതിരുവിതാംകൂറിലെ തീര

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ദേശം മുഴുവൻ നടക്കുകയാണെങ്കിൽ, രണ്ടു മാസത്തിലൊരിക്കൽ തെങ്ങിൽ കയറുന്ന സമ്പ്രദായം തന്നെ ഇല്ലാതായി. ഇപ്പോൾ 6 മാസത്തിലൊരിക്കലാണ് തെങ്ങിൽ കയറുന്നത്. തേങ്ങയില്ല. ഉള്ള തേങ്ങകൾ തന്നെ മോശം. രോഗപ്രതിരോധ പ്രവർത്തനങ്ങൾ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ട് മന്ത്രി കൈയ്യൊഴിയുന്നുവെന്നാണ് പറയുന്നത്.

സർ, ചെയ്യേണ്ട ജോലി ചെയ്യാതെ ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും കാര്യം പറയുകയാണ്. ഉദാരവൽക്കരണവും ആഗോളവൽക്കരണവും ഇന്നത്തെ പരിതഃസ്ഥിതിയിൽ എങ്ങനെയുണ്ടായെന്ന് മാർക്സിസ്റ്റുകാരും കമ്യൂണിസ്റ്റുകാരും പറയുന്നില്ല. സോവിയറ്റ് യൂണിയനെപ്പോലുള്ള സോഷ്യലിസ്റ്റ് ചേരിഇല്ലാതെ വന്നാൽ മൂന്നാം രാജ്യങ്ങൾ എവിടെ പോകും! ഈ ബുദ്ധിമുട്ടുകൾക്ക് കാരണം ഇന്നത്തെ പരിത:സ്ഥിതിയാണ്. ശ്രീ കൃഷ്ണൻകണിയാംപറമ്പിലിന്റെ പാർട്ടിക്കാരൻ മന്ത്രിയായിരുന്നപ്പോൾ മൂന്ന് എണ്ണപ്പാടങ്ങൾ വിദേശക്കുത്തകകൾക്ക് കൈമാറി. അവർക്ക് അന്ന് അത് കൈമാറാതിരിക്കാൻ പറ്റില്ലായിരുന്നോ? ചൈന എവിടെ എത്തിയെന്നുള്ളതല്ല; പക്ഷേ അത് എങ്ങനെ മാറാം, ഏതുവിധത്തിൽ മാറാം എന്നു സൂചിപ്പിക്കുന്നു. ദീർഘകാലമായി ആഗോളവൽക്കരണത്തിലേയ്ക്ക് ആളുകളെ സംഘടിപ്പിക്കുക. ഇറാക്കിന്റെ സ്ഥിതി എന്താണ്? ഇറാക്കിൽ ഉപരോധം ഏർപ്പെടുത്തി, കൊടുക്കാനുള്ള സാധനങ്ങൾ കൊടുക്കാതെ വന്നപ്പോൾ എത്ര കുട്ടികളാണ് അവിടെ മരിക്കുന്നത്. ഞാൻ അതുകൊണ്ട് അതിനെ ന്യായീകരിക്കുകയല്ല. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട വിധത്തിൽ ചെയ്തില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. പക്ഷേ, അതു കഴിഞ്ഞശേഷം ഇന്നുചെയ്യുന്നതുപോലെ ഇതും പറഞ്ഞുകൊണ്ട് ഒരു സംസ്ഥാന ഗവൺമെന്റിന് അവരുടെ ചുമതലയിൽനിന്നും ഒഴിഞ്ഞുമാറാൻ പറ്റുകയില്ല. ഈ ഗവൺമെന്റ് ചെയ്യേണ്ടതാണ്. രണ്ടാമത്, കടത്തിന്റെ കാര്യം പറഞ്ഞപ്പോൾ കഴിഞ്ഞ കാലത്ത് ഒരിക്കൽ 10,000 രൂപ വരെയുള്ളത് എഴുതിത്തള്ളി. അത് കേന്ദ്രഗവൺമെന്റിന്റെ അറിവോടെയാണ്. നിങ്ങൾ ഈ കടക്കാരെ എങ്ങനെ സഹായിക്കാമെന്ന് നോക്കേണ്ടതല്ലേ? ചെറിയ ചെറിയ വ്യവസായങ്ങൾ ഉണ്ടായിരുന്നവർ, വസ്തുക്കൾ വിൽക്കേണ്ടി വരുന്നവർ. ഇവിടത്തെ റവന്യൂ മന്ത്രിയോട് ചോദിച്ചാൽ അറിയാം, എന്തുമാത്രം റവന്യൂറിക്കവറിയാണ് വരുന്നത്! കോടതികളിൽ റവന്യൂ കേസുകൾ എത്രയാണ്! സർ സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് ഇതുപോലെ കടം വന്നപ്പോൾ ഡെറ്റ്റിലീഫ് ആക്ട് വന്നു. മറ്റ് സ്റ്റേറ്റുകളിൽ കുടിശ്ശിക ചിലത് കുറക്കേണ്ടത് കുറച്ചു. അതുകൊണ്ട്, ഇതൊക്കെ നോക്കേണ്ട സർ? കൃഷിക്കാർ നശിച്ചു. കാർഷിക രംഗം നശിച്ചു. ഇനി ആഗോളവൽക്കരണവും ഉദാരവൽക്കരണവും ക്യാൻസൽ ചെയ്യുന്ന അത്രയും കാലം നമ്മൾ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടു പോകുന്നതിനപ്പുറം ഈ മന്ത്രിമാർക്കും സംസ്ഥാന ഗവൺമെന്റിനും ജനങ്ങളോട് ഉത്തരവാദിത്വമുണ്ട്. അവർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ തയ്യാറാകണം. അതിലവർ പരാജയപ്പെട്ടിരിക്കുകയാണ്. അതാണ് കാർഷിക രംഗം.

രണ്ടാമത് സർ, വ്യവസായങ്ങളുടെയും സമുദ്രോൽപ്പന്ന വ്യവസായങ്ങളുടെയും സ്ഥിതി എന്താണ്? വ്യവസായം തകർച്ചയിലാണ്. ഒരു വ്യവസായവും ഇല്ല. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം ഒന്നേകാൽ ലക്ഷം തൊഴിലാളികൾ പീലിംഗ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഈ ഒന്നേകാൽ ലക്ഷം തൊഴിലാളികളും സ്ത്രീകളാണ്. അവരുടെ ബുദ്ധിമുട്ടുകളെക്കുറിച്ച് മന്ത്രിയോട് ചോദിച്ചപ്പോൾ മന്ത്രി പറഞ്ഞത് ഞങ്ങൾ അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കുന്നുവെന്നാണ്. ഈ മന്ത്രിസഭ ഇനി എന്നാണ് ആലോചിക്കുന്നത്! ഈ മന്ത്രിസഭയുടെ കാലാവധി കഴിഞ്ഞിട്ടാണോ? മന്ത്രിസഭയുടെകാലാവിധി കഴിഞ്ഞിട്ട് വല്ല കാര്യവും ഉണ്ടോ? അതിന് മുമ്പ് ചെയ്യാൻ കഴിയുന്നത് ചെയ്യുക. അവരുടെ വെൽഫെയർ സ്കീമിൽത്തന്നെ അവർ ചെറിയൊരു ആശ്വാസത്തിനു വന്നാൽ ഒരു കൈമടക്ക് കൊടുക്കാതെ അവർക്ക് ആശ്വാസം കിട്ടുന്നുണ്ടോ? ഞാൻ കുറച്ച് ധൈര്യത്തോടുകൂടി ചോദിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ നാലഞ്ചു ലക്ഷം തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലത്ത് വ്യവസായത്തിന്റെ സ്ഥിതി എന്താണ്? എന്റെ നിയോജകമണ്ഡലത്തിൽ മാത്രം ഞാൻ പറയുകയാണ്. കെൽട്രോൺ കൗണ്ടേഴ്സ് ഹൈദ്രാബാദിലെ സ്റ്റീൽ കമ്പനിക്ക് കൺട്രോൾസ് സപ്ളൈ ചെയ്തിരുന്ന സ്ഥാപനമാണ്. ആ സ്ഥാപനത്തിന് ഇന്നിപ്പോൾ വന്നിരിക്കുന്ന സ്ഥിതി എന്താണ്? ഞാൻ മന്ത്രിയായിരുന്ന കാലത്ത് വികലാംഗർക്ക് സൈക്കിൾ ഉണ്ടാക്കാനായി 2 കോടി രൂപയായിരുന്നു കെൽട്രോൺ കൺട്രോൾസിന് കൊടുത്തിരുന്നത്. ഇന്ന് വ്യവസായത്തിന്റെ സ്ഥിതി എന്താണ്? കെൽട്രോൺ കൺട്രോൾസ് തീർന്നു. അവിടെ ശമ്പളം കൊടുത്തിട്ടില്ല. അവിടെ കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റീൽ ഇൻഡസ്ട്രീസിൽ ശമ്പളം കൊടുത്തിട്ടില്ല. അനേകം വ്യവസായങ്ങൾ പൂട്ടുകയാണ്. ഈ 30-ാം തീയതി അലിൻഡ് പൂട്ടുകയാണെന്നാണ് ഞാൻ അറിഞ്ഞത്. ഗവൺമെന്റ് വ്യവസായങ്ങൾ മുഴുവൻ പൂട്ടുന്നു. മുഴുവൻ പൂട്ടുകയാണ്. അത് നോക്കണ്ടേ സർ? ഗവൺമെന്റ് വ്യവസായങ്ങൾ പൂട്ടുന്നു. ചെറുകിട വ്യവസായങ്ങൾ തകരുന്നു. സമുദ്രോൽപ്പന്ന വ്യവസായങ്ങൾ തകരുന്നു. നാടു പട്ടിണിയിലാണ് സർ, ആ പട്ടിണിയിലെ പരിതഃസ്ഥിതിയിലാണ് ഈ നിയമസഭയിൽ വന്ന് രാഷ്ട്രീയം പറഞ്ഞ് ജയിക്കാനുള്ള ശ്രമം നടത്തുന്നത്.

എനിയ്ക്ക് ശ്രീ. ആനത്തലവട്ടം ആനന്ദന്റെ പ്രസംഗം തീരെ പിടിച്ചില്ല. സപ്ളിമെന്ററി ഗ്രാന്റിനെക്കുറിച്ച് സംസാരിക്കുമ്പോൾ എനിയ്ക്ക് തോന്നുന്നത് അത് മണിച്ചൻ ആണെന്നാണ്. കാരണം മണിച്ചനെപ്പറ്റിയാണ് കൂടുതലും സംസാരിച്ചത്: മണിച്ചൻ ആരാണ്, അയാൾ ജനിച്ചത് എങ്ങനെ, വളർന്നുവന്നത് തുടങ്ങിയ കാര്യങ്ങളാണിവിടെ പറഞ്ഞത്. എനിയ്ക്ക് ഒരൊറ്റ കാര്യമാണ അറിയേണ്ടത്. മണിച്ചന്റെ രഹസ്യ അറകളിൽ ഒരു ലക്ഷത്തിൽ പരം സ്പിരിറ്റ് ഉണ്ടായിരുന്നത് പിടിച്ചു. ലഹരി പദാർത്ഥങ്ങൾ ലൈസൻസുള്ള ആളുകളേ വിൽക്കാൻ പാടുള്ളൂ അത് നിരോധിക്കപ്പെട്ട സാധനമാണ്. നിരോധിക്കപ്പെട്ട സാധനമാണെന്ന് പറഞ്ഞാണ് മുഖ്യമന്ത്രി അഭിമാനം കൊള്ളുന്നത്. ഞങ്ങളുടെ ലൈസൻസുള്ള ചാരായം കുടിച്ച് ആരും മരിച്ചില്ല എന്നാണ് അദ്ദേഹം പറയുന്നത്. ലൈസൻസില്ലാത്തിടത്തു നിന്ന് കുടിച്ച് ചാകാമോ? ലഹരി പദാർത്ഥങ്ങൾ നിരോധിച്ച സാധനങ്ങൾ വിതരണം ചെയ്താൽ എക്സൈസ് മന്ത്രിയും മറ്റ് ഡിപ്പാർട്ടുമെന്റുകളും എന്തിനാണ്, പ്രിവന്റീവ് സ്റ്റാഫ് എന്തിനാണ്? പ്രിവന്റീവ് സ്റ്റാഫിനെ ഉപയോഗിക്കാൻ വേണ്ടി ഉള്ളതല്ലേ? അവർ വ്യാജമദ്യം പിടിച്ചോ? മണിച്ചൻ മാത്രമാണോ ഇതിന് പിന്നിലുള്ളത്? എന്നിട്ട് ബാക്കിയുള്ളവരെ കുറ്റം പറയുകയാണ്! കോൺഗ്രസ്സും ബി.ജെ.പി.ക്കാരും ഇതിന് പിന്നിലുണ്ട് ഞങ്ങളാരും ഇല്ല എന്നാണ് നിങ്ങൾ പറയുന്നത് ഞങ്ങളുടെ ആളുകൾ ആയിരിക്കാം. പക്ഷേ നിങ്ങൾ അവരെ പിടിക്കണ്ടേ? കഴിഞ്ഞ നാലു കൊല്ലക്കാലമായി ഭരണം നടത്തുന്നവർ, നിരോധിക്കപ്പെട്ട സാധനങ്ങൾ വിതരണം ചെയ്യുന്നവരുടെ പേരു പറയുകയാണ്. ഒരാളല്ല, കൊച്ചനി, മണികണ്ഠൻ, മണിച്ചൻ ഇങ്ങനെ കുറേ പേരുകൾ പറയുകയാണ്. പെൺകുട്ടികൾ കിടക്കുന്ന കട്ടിലിന്റെ താഴെ വരെ രഹസ്യ അറയുണ്ടാക്കി സ്പിരിറ്റ് സൂക്ഷിച്ചിരുന്നു. ഇത് നമ്മുടെ നാട്ടിൽ നെയ്യാറ്റിൻകരയിലാണ്

LIBRARY ARCHIVES Kerala Legislative Assembly

സംഭവം. സർക്കാരിനല്ലേ ഇതിന് ഉത്തരവാദിത്വം? ഞാൻ പറയുന്നത് മുഖ്യ മന്ത്രി പറഞ്ഞിട്ടാണ്. സർക്കുലർ എഴുതിയെന്ന് അറിയുന്നത് 1999-ൽ, അവ സാനം പറഞ്ഞിരിക്കുന്നത് - 'You are directed to take all precautionary and enforcement measures to ensure that no opportunity is given for sale of illicit and spurious toddy/liquor by conducting regular, intensive and prolonged raids on toddy shops, tea-shops, godwons and other places where the illicit hooch/liquor will be stocked. The ring leaders behind also should be made accountable as most of the auctions in the toddy.........' ഇതാണ് പറഞ്ഞിരിക്കുന്നത്. ഇവർ ചെയ്യേ ണ്ടതായിട്ടുള്ള ചുമതലയില്ലേ? ഈ സമ്മേളനം ഒരവസാന സമ്മേളനം പോലെയാണ്. ഇത് ഈ ഗവൺമെന്റിന്റെ ബാക്കിപത്രമല്ലേ? 5 കൊല്ലം ഭരിച്ചു കഴിഞ്ഞിട്ട് നേട്ടങ്ങളും കോട്ടങ്ങളും പറയുമ്പോൾ കാർഷികരംഗവും വ്യാവ സായിക രംഗവും തകർന്നു. കോടിക്കണക്കിന് രൂപ വിലവരുന്ന സാധനങ്ങൾ പിടിച്ചെടുക്കപ്പെട്ടു. നിങ്ങൾ നാട്ടിൽ കള്ളുഷാപ്പ് റെയ്ഞ്ച് അനുസരിച്ച് പരി ശോധിക്കാതിരിക്കുവാൻ എന്താണ് ചെയ്യുന്നത്. ഒറ്റ തൊഴിലാളി ഇല്ലാത്ത ഷാപ്പുണ്ടോ? കുഴപ്പമൊന്നുമില്ലാതെ കച്ചവടം നടത്തുന്നവരുമുണ്ട്. പക്ഷേ ഒരു ഷാപ്പിൽ എക്സൈസ് പോലീസ് പരിശോധിക്കാതിരിക്കാൻ എന്താണ് ചെയ്യുക? പരിശോധിക്കാതിരിക്കുവാൻ ലക്ഷക്കണക്കിന് രൂപ മാസപ്പടി ഓരോ റെയ്ഞ്ചിൽനിന്നും കൊടുക്കപ്പെടുന്നുണ്ട്. ഇത് തുറന്ന സത്യമാണ്, ആർക്കും അറിയാവുന്ന സത്യമാണ്, നാട്ടിലുള്ളതാണ്. ഇത് നിറുത്തണ്ടേ? ഇത് നിറുത്തണം. ആ വിധത്തിലുള്ള നടപടികൾ എടുക്കാനാണ് നമ്മൾ ശ്രമി ക്കേണ്ടത്.

സർ, സംസ്ഥാനഗവൺമെന്റിന്റെ ഉത്തരവാദിത്വമെന്ന് പറയുന്നത് അത് ഭരണകക്ഷിക്കാണ്, ഭരണകക്ഷിയ്ക്കാണ് പ്രധാന ഉത്തരവാദിത്വം. നാട്ടിൽ നിയമസമാധാനം നിലനിറുത്തുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെ ട്ടിരിയ്ക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ബലാൽസംഗങ്ങൾ നടന്നു. 2,314 പരാതിയുണ്ട്. അതിൽ 5 പരാതി പട്ടികജാ തിക്കാരുടെ പരാതിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം കൂട്ടബലാൽസംഗം നടന്നത് 135. അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാ രുടേത് 42. ഇത് എഴുതിത്തന്ന മറുപടിയാണ്. സ്ത്രീകൾക്കെതിരെയുള്ള അക്രമം നടന്നത് 33,944. വീട്ടിലുള്ള സ്ത്രീകൾക്കെതിരായി അക്രമം നടന്നത് 10257. സ്ത്രീകളെ ഉപദ്രവിക്കുകയും മറ്റ് വിധത്തിൽ ബലാൽസംഗം ചെയ്യു കയും ചെയ്തിട്ടുണ്ട്. 2,058 കൊലപാതങ്ങൾ. ഇത് മുഖ്യമന്ത്രി തന്ന മറുപടി യാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ അല്ല പറയുന്നത്. ഈ വിധത്തിൽ ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ഇവരുടെ കഴിഞ്ഞ 5 കൊല്ലക്കാലത്തെ ഭര ണകാലത്തെ ബാക്കിപത്രം എഴുതുന്നത് എന്തെന്നാൽ, വ്യവസായത്തകർച്ച, കാർഷികത്തകർച്ച,നാട്ടിൽ പട്ടിണി, സ്ത്രീകൾക്ക് താമസിക്കാൻ പാടില്ലാത്ത വിധം ബലാൽസംഗങ്ങളുടെ കൂട്ടബലാൽസംഗം അതുപോലെ കൊലപാതക ങ്ങൾ, ചാരായമാഫിയ ഈ വിധത്തിലുള്ള നടപടികൾ എടുക്കത്തക്കവിധത്തി ലാണ് ഈ സർക്കാരിന്റെ ബാക്കിപത്രമായിട്ട് നമുക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിന്റെ എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂ ലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പരിമിതികളൊക്കെ എല്ലാവർക്കും അറിയാവുന്നതാണ്. വളരെ രൂക്ഷമായ പ്രതിസന്ധികൾ നമ്മുടെ സംസ്ഥാ നത്തെ കാർന്നുതിന്നുകയാണെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ, ഇവിടെ പ്രസംഗിക്കുമ്പോൾ പ്രതിപക്ഷത്തെ സുഹൃത്തുക്കൾ ആ കാര്യങ്ങളെല്ലാം വിട്ടുകളഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമതാല്പര്യങ്ങൾ വിട്ടുകളഞ്ഞുകൊണ്ട് രാഷ്ട്രീയമായ ഏതോ കാര്യസാദ്ധ്യത്തിനുവേണ്ടി യാഥാർത്ഥ്യങ്ങൾ വിട്ടുകളഞ്ഞുകൊണ്ട് ഇനിയും വിമർശനങ്ങൾ ഉയർത്തുകയാണ്. സ്വാഭാവികമായി ബഡ്ജറ്റ് വന്നു, ബഡ്ജറ്റിനുശേഷം പ്രശ്നങ്ങൾ ഉണ്ട്, ആ പ്രശ്നങ്ങൾ പരിഹരിക്കാനുള്ളത് ഉപധനാഭ്യർത്ഥനകൾ കൊണ്ടാണ്. ഉപധനാഭ്യർത്ഥന വരുന്നതുതന്നെ പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ ചെലവ് വരുന്നു എന്നതുകൊണ്ടാണ്. വളരെയേറെ കാര്യങ്ങൾ ചെയ്തു തീർക്കാനുണ്ട്. ഇതൊക്കെ ആർക്കാണ് അറിയാൻ പാടില്ലാത്തത്? അതുകൊണ്ട് ആ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി എത്രയോ അധികം ഈ സർക്കാർ മുൻ സർക്കാരുകളെ അപേക്ഷിച്ചു മുന്നോട്ടുപോയിട്ടുണ്ട്. 8 പഞ്ചവത്സരപദ്ധതികൾ അതായത് 40 കൊല്ലം തുലച്ച ആളുകൾ അങ്ങേപ്പുറത്തിരിക്കുന്നു. 9-ാം പഞ്ചവത്സരപദ്ധതി ക്കാലത്ത് ഈ അഞ്ചു വർഷത്തെ വികസന പ്രവർത്തനങ്ങളിൽ ന്യൂനതകൾ ഉണ്ടാകാം. അത് തെറ്റാണോ? ഒന്നും നടന്നില്ല എന്ന വാദഗതിയുണ്ടോ? ആ യാഥാർത്ഥ്യം ഉൾക്കൊള്ളാതെ കാടടച്ചുള്ള ഈ ജഗപൊഗ വർത്തമാനങ്ങൾ യഥാർത്ഥത്തിൽ കണ്ണടച്ച് ഇരുട്ടാക്കുന്നത് നമുക്ക് ഭൂഷണമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. മറ്റു വിമർശനങ്ങളിലേയ്ക്ക് കടക്കേണ്ട കാര്യമില്ല. പൊതുവെ ഇപ്പോൾ ഇവിടെ കാണുന്ന ഒരു പ്രവണത കഴിഞ്ഞ നാലരക്കൊല്ലമായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഒരു കാലഘട്ടത്തിൽ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ പെൻഷൻ ഗവൺമെന്റ് എന്ന് ആക്ഷേപിച്ചു. സാമൂഹ്യരംഗത്ത് നടപ്പാക്കുന്ന പദ്ധതികൾ എത്ര വിപുലമാണ് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത്. ദുർബലജനവിഭാഗങ്ങളെ ദരിദ്രവിഭാഗങ്ങളെ, ഒക്കെ സഹായിക്കാൻവേണ്ടിയുള്ള നമ്മുടെ പദ്ധതികൾ - അതെല്ലാം വച്ചുനോക്കുമ്പോൾ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചു മുന്നോട്ടുകൊണ്ടുപോകാനുള്ള സാമൂഹ്യബാദ്ധ്യത ഏറ്റെടുത്തു പ്രവർത്തിക്കുന്ന ഒരു സർക്കാരിന് സാമ്പത്തിക പ്രതിസന്ധികൾ വരാം. പക്ഷേ ഇവിടെ നമ്മുടെ പ്രശ്നം അതല്ല. ഈ സാമ്പത്തിക പ്രതിസന്ധി എങ്ങനെയുണ്ടായി? സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നതിന്റെ കാരണം യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടുപിടിക്കാതെ സർക്കാരിന്റെ നയവും നടപടിയും പിടിപ്പുകേടുമാണെന്ന് വാദിക്കുന്നവർ അല്ലേ, 1991 മുതൽ 1995 വരെയുള്ള ഗവൺമെന്റിന്റെ കാലത്ത്, നമുക്കറിയാമല്ലോ, എത്ര സമരങ്ങൾ സെക്രട്ടറിയേറ്റിനുള്ളിൽ നടത്തി. കശുവണ്ടി വ്യവസായരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അന്നത്തെ പ്രതിപക്ഷങ്ങൾ നിരാഹാര സത്യാഗ്രഹങ്ങൾ നടത്തിയിട്ടുണ്ട്. ഒരു പ്രശ്നം അതായിരുന്നു. അന്ന് രണ്ടും നാലും ദിവസങ്ങളിൽ മാത്രം കശുവണ്ടി മേഖലയിൽ തൊഴിൽ. അതുപോലെ ആ മേഖല സ്തംഭിപ്പിക്കാനിടയാക്കിയ നടപടികൾ- അന്നത്തെ കശുവണ്ടി മുതലാളിമാർക്കുവേണ്ടി - എടുത്തിട്ടുള്ള ഒരു ഗവൺമെന്റ് അല്ലേ അന്നത്തെ യു.ഡി.എഫ് ഗവൺമെന്റ്? അതിനെതിരായി പ്രതികരിച്ചുകൊണ്ട് നിയമസഭയിൽ സത്യാഗ്രഹം അനുഷ്ഠിച്ചു ഞങ്ങൾ. ഈ സത്യാഗ്രഹം എന്തിനാണ്? കാർഷികമേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാകണം. പരിഹാരമുണ്ടാകണ്ടായെന്ന് ആരെങ്കിലും പറഞ്ഞോ? കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് കാർഷികരംഗത്തെ കൃഷിക്കാരെ സഹായിക്കാം. പക്ഷേ നാം പ്രതിക്ഷിക്കുന്നത്ര പ്രയോജനം ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നുള്ളതിന് ഉത്തരം പറയണം കോൺഗ്രസ്സുകാർ. കേരളം

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല, നമ്മുടെ രാജ്യം പാടേ തകർന്ന് കാർഷിക-വ്യാവസായിക മേഖലയിലെ തൊഴിൽപ്രശ്നങ്ങൾ ഇന്നത്തെതിനേക്കാൾ കൂടുതൽ രൂക്ഷമാകാൻ പോകുകയാണ്. ഈ നയം കൊണ്ടുവരാൻവേണ്ടി റാവുവിന്റെ നേതൃത്വത്തിലും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുമൊക്കെ തുടക്കംക്കുറിച്ച ഗാട്ട് കരാറും മറ്റ് നടപടികളുമെല്ലാം ഇല്ലേ? എന്തിന് നിങ്ങൾ വിസ്മരിക്കുന്നു? അതൊന്ന് ചൂണ്ടിക്കാണിച്ചുക്കൊണ്ട് ഇവിടത്തെ ഇടതുപക്ഷപ്രസ്ഥാനങ്ങൾ ഈ രാജ്യത്ത് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാകത്തക്ക നിലയിൽ മുന്നറിയിപ്പു നല്കിയില്ലേ? രാഷ്ട്രീയസ്വാതന്ത്ര്യം നേടിയ ഇന്ത്യയിലെ സമ്പദ്ഘടന മുഴുവൻ ആ വിദേശികൾക്ക് എല്ലാ മുതലാളിത്ത രാജ്യങ്ങൾക്കും വേണ്ടി കൊള്ളയടിക്കാൻ തുറന്നുകൊടുത്ത നയം ആവിഷ്ക്കരിച്ചതാരാണ്? കോൺഗ്രസ്സുകാരാണ്. അതിന്റെ ഫലമല്ല ഇന്ന് അനുഭവിക്കുന്നതെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ? നമ്മുടെ രാജ്യത്തിന്റെ തകർച്ച, നമ്മുടെ സമ്പദ്ഘടനയുടെ തകർച്ച, ഇതെല്ലാം കോൺഗ്രസ്സുകാർ മുൻകൈയെടുത്തു കൊണ്ടുവന്നിട്ടുള്ള പുത്തൻ സാമ്പത്തിക നയത്തിന്റെ തിക്തഫലമല്ലെന്ന ശ്രീമാൻ എ.കെ.ആന്റണിക്ക് പറയാൻ കഴിയുമോ? ശ്രീമാൻ കാർത്തികേയന് പറയാൻ കഴിയുമോ? ഇന്നത്തെ പ്രസംഗം പോരാ, നിങ്ങൾ നാളെ ഇതിനേക്കാൾ രൂക്ഷമായി യാഥാർത്ഥ്യബോധം മറച്ചുവച്ചുകൊണ്ട് സംസാരിക്കേണ്ടിവരും. ഇവിടെ പ്രശ്നം അതാണ്. ഇരുട്ടുകൊണ്ട് ഓട്ടയടച്ച് തെരഞ്ഞെടുപ്പിനെ അതിജീവിക്കാം എന്നാണ് വ്യാമോഹമെങ്കിൽ ഓടരുത് അമ്മാവാ ആളറിയാം എന്ന് ജനങ്ങൾ പറയും. അത് മനസ്സിലാക്കണം. അതാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. പ്ലസ് ടൂവിന്റെ പേരിൽ ഇപ്പോൾ എത്രയോ സമരങ്ങൾ നിങ്ങൾ ആവിഷ്ക്കരിച്ചു - ഈ മന്ത്രിസഭയിലെ ഓരോ മന്ത്രിയും രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നടപടികൾ. പ്ലസ് ടൂവിനെതിരായ സമരം, അതിനൊരു കോലാഹലം. നിങ്ങൾ ആരെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് കോലാഹലങ്ങൾ ഉയർത്തിയോ ആ മേഖലയിൽ നിന്നെല്ലാം അതിശക്തമായ തിരിച്ചടി നിങ്ങൾ ഏറ്റിട്ടില്ലേ? ഇപ്പോൾ കാർഷികമേഖലയിലെ കൃഷിക്കാർക്ക് അറിയാം. ഇവിടത്തെ തൊഴിലാളികൾക്കറിയാം. വ്യവസായ മേഖല അടച്ചുപൂട്ടിക്കൊണ്ട് തൊഴിലില്ലായ്മയിലേയ്ക്ക് നീങ്ങാൻ പോകുന്നു. അതുപോലെ തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നിർദ്ദേശങ്ങളും നടപടികളും, ഇതെല്ലാം ഇവിടത്തെ തൊഴിലാളികൾ അറിയാത്തവരല്ല. കൃഷിക്കാർ, സാധാരണ ആളുകൾ - അവരെ ബോധവാന്മാരാക്കിക്കൊണ്ടുള്ള അതിശക്തമായ നടപടികൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കും. ഈ മുന്നണിയുടെ പിടിപ്പുകേടല്ല. ഇവിടെ കെടുകാര്യസ്തതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര ദിവസം ബാങ്ക് അടച്ചിട്ടിരുന്നു? അന്നത്തെ കെടുകാര്യസ്തതയുടെ ഫലമായി, സാമ്പത്തികത്തകർച്ചയുടെ ഫലമായി, പദ്ധതി വിഹിതം പോലും കേന്ദ്ര ഗവൺമെന്റ് അടയ്ക്കാനുള്ള കടത്തിലേയ്ക്ക് അഡ്ജസ്റ്റ്മെന്റ് ഉണ്ടാക്കിക്കൊടുത്തത് മറന്നുപോയോ? നാം കേന്ദ്രത്തിൽ അടയ്ക്കാനുള്ള തുക അടയ്ക്കാത്തതുകൊണ്ട് റിസർവ് ബാങ്കിൽ നമുക്കെതിരായ നിയന്ത്രണങ്ങൾ നിലനിൽക്കുന്നതുകൊണ്ട് ശമ്പളം കൊടുക്കാൻ കഴിയാതെ വന്നപ്പോൾ ആ വരാനിരിക്കുന്ന കൊല്ലത്തെ പദ്ധതി, ഫൈവ് ഇയർ പ്ലാനിന്റെ തുക നിങ്ങൾ അതിന്റെകൂടെ എടുത്ത് അഡ്ജസ്റ്റ് ചെയ്ത് കടംവീട്ടിയിട്ട് ഇത് തുറന്നുതരൂ എന്ന് പറഞ്ഞില്ലേ? എന്നാൽ ആ സ്ഥിതി മാറിക്കൊണ്ട് ഈ പുത്തൻ സാമ്പത്തിക നയത്തിന്റെ തിക്താനുഭവങ്ങൾ നമ്മുടെ സംസ്ഥാനത്തെ കാർന്നുതിന്നുമ്പോൾ അതിന് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയും എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം. ആ പ്രശ്നം ഉൾക്കൊണ്ടുകൊണ്ട് നമ്മൾ മുന്നോട്ടുപോകണം. അതുകൊണ്ട് മറ്റ് യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാതെ തെരഞ്ഞെടുപ്പ് വരുന്നു എന്നുള്ളതുകൊണ്ടുള്ള വിമർശനങ്ങളിൽ നിന്നും രക്ഷപ്പെടാൻ പോകുന്നില്ല. ആ കാര്യത്തിൽ വ്യാമോഹവും വേണ്ട. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നില്ല എന്നൊക്കെ ചില പുത്തൻ തൊഴിലാളിവർഗ്ഗത്തിന്റെ ആചാര്യന്മാർ. അത് വളരെ വ്യക്തമല്ലേ? ആ തൊഴിലാളിവർഗ്ഗത്തെ, ആ കൃഷിക്കാരനെ, ആ മുന്നണിയെ വഞ്ചിച്ചുകൊണ്ട് ഇങ്ങേക്കൊമ്പത്തിരിക്കുമ്പോൾ അങ്ങേക്കൊമ്പത്ത് ഒരു നോട്ടം, അങ്ങേക്കൊമ്പത്തിരിക്കുമ്പോൾ ഇങ്ങേക്കൊമ്പത്ത് ഒരു നോട്ടം. ഈ രീതിയിലുള്ള ഒരു നയവും ചാഞ്ചാട്ടവും! രണ്ടുവർഷം മുമ്പ് ഇവിടത്തെ നേതാക്കന്മാർ നടത്തിയ പ്രസംഗം എന്തായിരുന്നു? ഇതുപോലെ സംശുദ്ധമായ നടപടികളെടുക്കുന്ന, ഈ പ്രതിസന്ധിയെ അംഗീകരിച്ചുകൊണ്ടുള്ള ഒരു ഭരണം ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും ശ്രീ. ഇ.കെ. നായനാരും അല്ലാതെ കാഴ്ച വച്ചിട്ടുള്ള ചരിത്രം ഇല്ല എന്നുപറഞ്ഞിട്ടുള്ള ചില ആളുകൾ ഇപ്പോൾ അങ്ങേപ്പുറത്തോട്ടു മാറിയപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തോട് താല്പര്യമില്ല. നടപടികളില്ല എന്നല്ലേ വരുത്തിത്തീർക്കുന്നത്? എന്താണ് എന്റെ പൊന്ന് ആചാര്യന്മാരേ? നിങ്ങൾ ഈ കാര്യത്തിന് കണക്ക് പറയാതെ മുന്നോട്ടു പോകാൻ പറ്റില്ല. കോൺഗ്രസ്സ് തുടങ്ങിവച്ച നയത്തിൽനിന്നും ബി.ജെ.പി. ഗവൺമെന്റിന് മാറാൻ പറ്റില്ല. മാറുകയുമില്ല. നിങ്ങൾ നടപ്പാക്കിക്കോ എന്നല്ലേ കോൺഗ്രസ്സ് നേതാക്കന്മാർ പറഞ്ഞത്. എൽ.ഐ.സി ഭേദഗതി ബിൽ വന്നപ്പോൾ കോൺഗ്രസ്സുകാർ, പാർലമെന്റിലെ കോൺഗ്രസ്സുകാർ, രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള ധീര യുവജന പ്രസ്ഥാനത്തിന്റെ ആളുകൾ അടക്കം ബി.ജെ.പി. ക്ക് അനുകൂലമായിട്ട് പാർലമെന്റിൽ കൈ പൊക്കിയില്ലേ? അതുപോലെ ഓരോ മാറ്റങ്ങളും, നിങ്ങൾ ആവിഷ്കരിച്ച നയവും ബി.ജെ.പി. നടപ്പാക്കുമ്പോൾ പാർലമെന്റിൽ അവതരിപ്പിക്കുന്ന ബില്ലിന് കേരളത്തിൽനിന്നുമുള്ള യു.ഡി.എഫ് അംഗങ്ങൾ പിന്തുണ നൽകിയിട്ടില്ലേ? ഇല്ലേ ശ്രീ. ജി. കാർത്തികേയൻ? അങ്ങനെ ചെയ്തിട്ടുള്ള നിങ്ങൾ ജനത്തിനെതിരായ ബി.ജെ.പിയുടെ നയത്തിനനുകൂലമായി അവിടെ നൽകുമ്പോൾ ഇവിടെ നിയമസഭയിൽ ഈ കേരളത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണോ ഈ കോലാഹലങ്ങൾ? അതുകൊണ്ട്, ഈ തരത്തിലുള്ള നടപടികൾക്കൊണ്ട് കേരളത്തിലെ ജനങ്ങളെ പറ്റിക്കാമെന്ന് നിങ്ങൾ വ്യാമോഹിക്കണ്ട. നിങ്ങൾ ഒരു സമന്വയ രൂപത്തിൽ ചർച്ചചെയ്തുകൊണ്ട് ഈ വിപത്തിനെ അതിജീവിക്കാൻ നമ്മുടെ സംസ്ഥാനത്തിന്റെ താല്പ്പര്യങ്ങൾ സംരക്ഷിക്കാനുള്ള യഥാർത്ഥ മാർഗ്ഗത്തിലൂടെ സഹകരിച്ച് മുന്നോട്ട് പോകണം എന്നാണ് നിങ്ങളോട് അപേക്ഷിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനങ്ങളെ അനുകൂലിക്കുകയാണ്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ അവസരത്തിൽ ഇന്ത്യയുടെ 53-ാമത് സ്വാതന്ത്ര്യദിനം ആഘോഷവേളയിൽ കഴിഞ്ഞ ആഗസ്റ്റ് 14-ാം തീയതി ആരാധ്യനായ ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ. കെ.ആർ. നാരായണൻ രാഷ്ട്രത്തോട് നടത്തിയ പ്രക്ഷേപണം നിങ്ങളെല്ലാവരും ശ്രദ്ധിച്ചിട്ടുണ്ട് എന്നെനിക്കറിയാം. അത് എല്ലാ മാധ്യമങ്ങളിലൂടെയും ഇന്ത്യയിലെ കോടിക്കണക്കിന് ആളുകൾ കേൾക്കുകയും കാണുകയും ചെയ്തു. അതിൽ അദ്ദേഹം പ്രധാനപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, 53 വർഷങ്ങൾക്കുശേഷം അതിന്റെ കനകജൂബിലി ആഘോഷങ്ങൾക്കുശേഷവും

LIBRARY ARCHIVES Kerala Legislative Assembly

ആണ് രാഷ്ട്രപതി ഇത്തരത്തിൽ ഒരു പ്രക്ഷേപണം നടത്താൻ നിർബന്ധിത നായത് എന്നുള്ള വസ്തുത ഇവിടെ വിവിധ കാര്യങ്ങളെചൊല്ലി അന്യോന്യം പഴിചാരുന്നവർ ഓർക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ള ത്. അദ്ദേഹം പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം - ആഗോളവൽക്കരണത്തിന്റെ ആഘാതത്തിൽ ഭാരതത്തിന്റെ സ്വാതന്ത്ര്യം പോലും അപകടപ്പെട്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഇന്ത്യയുടെ പരമാധികാരത്തിന് ഭീഷണി ഉയർന്നിരി ക്കുന്നു. ഈ അവസ്ഥയെ നേരിടുന്നതിന് ജനപങ്കാളിത്തത്തോടുകൂടിയുള്ള വികസനപ്രവർത്തനങ്ങൾ കൊണ്ടുമാത്രമേ സാധ്യമാകുകയുള്ളൂ എന്നും അതിന് ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ ഇന്നുള്ളത് കേരളം മാത്രമാ ണെന്നും രാഷ്ട്രപതി പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ വാക്കുകൾ 'അന്ധകാരത്തിനിടയ്ക്ക് ഒരു വെള്ളി വെളിച്ചംപോലെ, ഒരു പ്രകാശബിന്ദു പോലെ, ചൂണ്ടിക്കാണിക്കാവുന്ന സ്ഥലം കേരളമാണ്' എന്നാണ്. ആ രാഷ്ട്ര പതിയുടെ അഭിപ്രായം സത്യം ഉൾക്കൊള്ളുന്നതാണെങ്കിൽ, തീർച്ചയായും കേരളത്തെ സംബന്ധിച്ചിടത്തോളം ഈ കഴിഞ്ഞ നാല് - നാലര വർഷ ക്കാലംകൊണ്ട് ഇന്ത്യയിൽ മറ്റൊരിടത്തും സംഭവിക്കാത്ത തരത്തിൽ ജനകീ യാസൂത്രണം കൊണ്ടുണ്ടായ വികസനം ഈ നാടിന്റെ വികസനം മാത്രമ ല്ലെന്നും ഇന്ന് മൂന്നാം രാജ്യങ്ങളെ മുഴുവൻ പ്രതിസന്ധിയിലാക്കിയിരിക്കുന്ന ആഗോളവൽക്കരണത്തിന് എതിരായിട്ടുള്ള ഒരു പ്രതിരോധ നിര കെട്ടിപ്പടു ക്കാനുള്ള മാതൃകയാണ് ഈ കേരളം സൃഷ്ടിച്ചിരിക്കുന്നതെന്നും അല്ലേ? ആ വസ്തുത കാണാതെ ഒരു നാടിന്റെ വികസനവും ഒരു സർക്കാരിന്റെ പ്രവർത്തനങ്ങളെയും വിലയിരുത്താൻ നാം ശ്രമിക്കുന്നത്, താൽക്കാലിക രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ടെങ്കിൽപ്പോലും ഭാവിയെ സംബന്ധിച്ചിടത്തോളം അഭിലഷണീയമായ കാര്യമല്ല.

സർ, കേരളം വിവിധ പ്രതിസന്ധികൾ നേരിടുന്നത്, സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ പ്രതിസന്ധികൾ, അതിന്റെ കുഴപ്പങ്ങൾ ഒരി ക്കലും കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്ത സംഭവങ്ങൾ ഇതൊക്കെ കേര ളത്തിന്റെ സംസ്കാരത്തെയും കേരളം ആർജ്ജിച്ചിട്ടുള്ള നവോത്ഥാനത്തെയും ഒക്കെതന്നെ ഇല്ലായ്മ ചെയ്യുന്ന, അല്ലെങ്കിൽ അതിനൊക്കെ കളങ്കം ചാർത്തുന്ന, രീതികളും പ്രവർത്തനങ്ങളുമാണ്. ഈ അടുത്തകാലത്ത് നമ്മുടെ എല്ലാ മേഖലയിലും അതാണുകാണുന്നത്. സാമ്പത്തികമായി വളരെ യേറെ പ്രതിസന്ധിയിലാണ് കേരളം. എന്നിട്ടുപോലും രാഷ്ട്രപതി പറഞ്ഞതു പോലെ ഈ പ്രതിസന്ധികളെ ഒരളവുവരെ അതിജീവിക്കാൻ കഴിയുന്നത് ജനപങ്കാളിത്തത്തോടുകൂടിയുള്ള ജനകീയാസൂത്രണവും വികസനവുംകൊ ണ്ടാണെന്നു നാം അംഗീകരിച്ചേ മതിയാകൂ.

കാർഷിക മേഖലയിൽ സംഭവിച്ചിട്ടുള്ള തകർച്ച ഏറ്റവുമധികം ബാധി ച്ചിട്ടുള്ളത് കേരളത്തെയാണെന്നുള്ളതും സത്യമാണ്. അത് കേരളീയരെ മുഴു വൻ ബാധിക്കുന്നു. പ്രത്യേകിച്ച്, നാണ്യവിളകൾ കൂടുതൽ ഉല്പാദിപ്പിക്കുന്ന ഒരു സംസ്ഥാനമെന്നുള്ള നിലയ്ക്ക് നാണ്യ-കാർഷിക ഉല്പന്നങ്ങളുടെ വില യിടിവ് ഏറ്റവുമധികം ബാധിച്ചിട്ടുള്ള സംസ്ഥാനവും കേരളംതന്നെ. പക്ഷെ ഈ അവസ്ഥ ഉണ്ടാകാനുള്ള കാരണമെന്താണെന്നുള്ളത് രാഷ്ട്രപതിയുടെ അഭിപ്രായത്തിലൂടെ തെളിഞ്ഞുകാണാം. അതെല്ലാവർക്കും അറിയാവുന്ന കാര്യവുമാണ്. ആഗോളവൽക്കരണത്തിന്റെ പരിണിതഫലമായി, ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾപോലും ഇറക്കുമതി ചെയ്ത് ഇവിടത്തെ കാർഷിക മേഖലയെ, സമ്പദ് വ്യവസ്ഥയെ മുഴുവൻ തകർത്ത് തരിപ്പണമാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുന്ന ഒരവസ്ഥയിൽ അതിന് മാറ്റം വരണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ സമീപനത്തിൽ, അവിടത്തെ സാമ്പത്തിക സമീപനത്തിൽ, മറ്റുള്ള സമീപനങ്ങളിൽ, മാറ്റം വന്നേ സാധ്യമാകൂ എന്നുള്ളത് പകൽപോലെ പരമാർത്ഥമായ ഒരു വസ്തുതയാണ്. അതിൽ നാം ചെയ്യേണ്ടതെന്താണ്? പ്രതിപക്ഷ-ഭരണ കക്ഷി വ്യത്യാസമില്ലാതെ കേരളത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി, തെറ്റായ സാമ്പത്തിക നയങ്ങൾക്കും തെറ്റായ സമീപനങ്ങൾക്കും എതിരായി കൂട്ടായ പോരാട്ടങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ്. ഇവിടെ പ്രതിപക്ഷത്തെ പത്തു സഹോദരന്മാർ ഉപവാസമനുഷ്ഠിക്കുന്നതിൽ വിഷമം തോന്നുന്നുണ്ട്. പക്ഷേ അവർ വളരെ സത്യസന്ധമായി, ആത്മാർത്ഥമായി രാജ്യതാല്പര്യങ്ങൾക്കുവേണ്ടിയോ അല്ലെങ്കിൽ നാടിന്റെ ഉത്തമമായ താല്പര്യത്തെ മുൻനിറുത്തിക്കൊണ്ടോ ഉപവാസമനുഷ്ഠിച്ചിരുന്നുവെങ്കിൽ കൊള്ളായിരുന്നു. ഡെൽഹിയിൽ പാർലമെന്റ് മന്ദിരത്തിനു മുമ്പിലായിരുന്നു ഇവർ ഉപവാസമനുഷ്ഠിക്കേണ്ടത്. ഇത് നമ്മുടെ നാട് നേരിടുന്ന യഥാർത്ഥമായ പ്രശ്നങ്ങൾക്കെതിരെയുള്ള ഒരു പ്രതിഷേധമല്ല. താല്ക്കാലികമായ രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടിയുള്ളതാണ്.

ഈ നാടിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് പരിശോധിച്ചുനോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന കാര്യങ്ങളും രാഷ്ട്രപതിയുടെ പ്രസംഗത്തിലുണ്ടായിരുന്നു. അദ്ദേഹം ഇന്ത്യയെ മൊത്തത്തിലാണ് പറഞ്ഞത്, രാഷ്ട്രീയക്കാരും അധോലോകവും സമ്പന്ന വർഗ്ഗവും ചേർന്നുകൊണ്ടുള്ള അവിഹിത കൂട്ടുണ്ട് നമ്മുടെ രാഷ്ട്രീയ അന്തരീക്ഷത്തെ മലീമസമാക്കിയിരിക്കുന്നുവെന്നാണ് പറഞ്ഞത്. രാഷ്ട്രീയക്കാരും അധോലോകവും ക്രിമിനൽസും എന്നുള്ള വാക്കുതന്നെ അദ്ദേഹം ഉപയോഗിച്ചു. ക്രിമിനൽസും സമ്പന്നരും ചേർന്നിട്ടുള്ള ഒരു അവിഹിത കൂട്ടുകെട്ട് നമ്മുടെ രാജ്യത്തെ അപകടപ്പെടുത്തിയിരിക്കുന്നുവെന്നാണ് രാഷ്ട്രപതി പറഞ്ഞത്. രാഷ്ട്രീയം ദുഷിക്കുമ്പോൾ അതിന്റെ ബന്ധങ്ങൾ ജനങ്ങളിൽനിന്നും അകന്ന് ജനവിരുദ്ധമായ സമ്പന്നരുമായിട്ടാകുമ്പോൾ സ്വാഭാവികമായും രാഷ്ട്രീയം ചീത്തയാകും. സമൂഹം ചീത്തയാകുമ്പോൾ സമൂഹത്തിൽ സംഭവിക്കുന്ന കാര്യങ്ങളൊക്കെ അപകടകരമായ മേഖലയിലാകും. ക്രമേണ കേരളവും അക്രമവൽക്കരിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം; അത് സാംസ്കാരികമായും സാമൂഹ്യമായും നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണെന്നുള്ളതാണ് യാഥാർത്ഥ്യം. കണ്ണൂരിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കണ്ണുനീരിന്റെ കഥകൾ വാസ്തവത്തിൽ നമ്മുടെ ഓരോരുത്തരുടെയും മനസ്സ് ദുഃഖപൂരിതമാക്കുന്നതിനുപകരം അത്തരം സന്ദർഭങ്ങൾ ഒരു രാഷ്ട്രീയ മുതലെടുപ്പിനുള്ള വേദികളായിട്ട് ഉപയോഗിക്കാൻ ശ്രമിക്കുന്നത് ഏറ്റവും അപകടകരമായ സൂചനയാണെന്നുപറയാൻ എനിക്ക് താല്പര്യമുണ്ട്. ഇത് കാണുമ്പോൾ കുട്ടിക്കാലത്ത് ഞാൻ പഠിച്ച പഞ്ചതന്ത്രത്തിലെ ഒരു കഥയാണ് എനിക്ക് ഓർമ്മവരുന്നത്. അത് ഒരു കവിതയായിട്ടാണ് ഞാൻ പഠിച്ചിട്ടുള്ളത്.

'ഉദ്ധതന്മാരാം രണ്ടു മേഷങ്ങൾ പരസ്പരം
യുദ്ധമങ്ങാരംഭിച്ചു, വാഹിനീതീരം തന്നിൽ'

രണ്ടു ആടുകൾ തമ്മിലുള്ള യുദ്ധമാണ്. രണ്ട് മുട്ടനാടുകൾ തമ്മിൽ ഇടിക്കുമ്പോൾ നെറ്റിയൊക്കെ പൊട്ടി ചോര ഒഴുകിക്കൊണ്ടിരിക്കുമ്പോൾ അത് കണ്ടുകൊണ്ടിരുന്ന കുറുക്കൻ പറഞ്ഞു. 'കൊള്ളാം യുദ്ധം നടക്കട്ടെ ! ആ ചോര എനിക്ക് നക്കിക്കുടിക്കാമല്ലോ എന്നുള്ള ധാരണയോടുകൂടി, ആടുകൾ തമ്മിൽ കൂട്ടിയിടിച്ചുകൊണ്ടിരിക്കുമ്പോൾ ആ കുറുനരി ചോര കുടിക്കാൻ

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി. അപ്പോൾ അതിന്റെ ഇടയ്ക്കുപെട്ട് കുറുനരി ചത്തുപോയി എന്നാണ് പഞ്ചതന്ത്രം കഥ. വളരെ ദു:ഖത്തോടുകൂടി പറയട്ടെ, ഇന്നത്തെ കോൺഗ്രസ്സിന്റെയും നിലപാട് ഇതുപോലെയാണ്. ക്ഷമിക്കണം, ഈ കൂട്ടിയടിയിലുണ്ടാകുന്ന ചിന്തുന്ന ചോരയെടുത്ത് രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ അത് ആത്യന്തികമായ മരണത്തിലേ കലാശിക്കൂ എന്നുള്ളതാണ് യാഥാർത്ഥ്യം. ഏതു തരത്തിലുള്ള നേട്ടത്തിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തുമ്പോഴും ആ പരിശ്രമത്തിൽ ആത്യന്തികമായി ഉണ്ടാകുന്ന ഫലത്തെക്കുറിച്ച് നാം ചിന്തിക്കണം. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു സ്ഥലത്തുവച്ചാണ് ആർ.എസ്.എസ്.കണ്ണൂരിലെ കലാപം ശക്തിമത്തായി നടത്താനുള്ള തീരുമാനമെടുത്തത് എന്നുള്ള റിപ്പോർട്ടുകൾ ഞാൻ വായിച്ചു. ആ റിപ്പോർട്ടേ എനിക്കറിയാവൂ. അവിടെ നിന്നുള്ള ആസൂത്രണമാണ് കണ്ണൂരിലേക്ക് വ്യാപിച്ചത്. കണ്ണൂരിന്റെ ചരിത്രമെന്താണ്? കണ്ണൂർ കലാപഭൂമിയല്ല. ദേശാഭിമാനത്തിന്റെ ഉത്തമപ്രതീകമായ ഭൂമിയാണ് കണ്ണൂർ. സ്വാതന്ത്ര്യ സമരകാലത്തും മുന്നേറ്റങ്ങളുടെ കാലത്തും നവോത്ഥാനത്തിന്റെ കാലത്തും മനുഷ്യന്റെ മോചനത്തിനും മനുഷ്യന്റെ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളുടെ മുന്നിൽ എന്നും അടിപതറാതെ നിന്നിട്ടുള്ള നാട്ടിൽനിന്ന് മനുഷ്യത്വരഹിതമായ ഒരു അവസ്ഥ സൃഷ്ടിക്കാൻവേണ്ടി ഒരു വശത്ത് വർഗ്ഗീയ ശക്തികൾ ജനശക്തിയുടെ സ്വാധീനം ഇതിൽ ചെലുത്താനുള്ള കഠിനമായ, ആത്മഹത്യാപരമായ, പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് എന്നുള്ള വസ്തുത നാം മനസ്സിലാക്കണം. കണ്ണൂരിൽ ഈ പാരമ്പര്യമല്ലയുള്ളത്. മഹാത്മാഗാന്ധി പോലും വന്ന് സത്യാഗ്രഹമനുഷ്ഠിച്ചിട്ടുള്ള സ്ഥലമാണ് കണ്ണൂർ. അങ്ങനെയുള്ള ഒരു നാട്ടിൽ ഇന്നു നടക്കുന്ന പോരാട്ടങ്ങളുടെ പിന്നിൽ ആഗോളവൽക്കരിക്കപ്പെട്ട സാമൂഹ്യചേതനയും, അധികാരത്തിലേറാൻ വേണ്ടിയുള്ള ഏറ്റവും ദുഷ്ടമായ മാർഗ്ഗവും ജനശക്തിയും തമ്മിലുള്ള ഏറ്റുമുട്ടലുകളാണെന്നുള്ള സത്യം മറച്ചുവയ്ക്കുന്നത് അപകടകരമായിരിക്കും. അവിടെ നടക്കുന്നത് ആർക്കും തൃപ്തികരമായ കാര്യമല്ല. ആരെയും വേദനിപ്പിക്കുന്നതാണ്. ഇന്നുരാവിലെ ബഹു. പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ നമുക്കെല്ലാവർക്കുംകൂടി ഒന്നിച്ചു തീരുമാനമെടുക്കേണ്ടതാണ്. കണ്ണൂരല്ല, കേരളം കലാപഭൂമിയാകാൻ പാടില്ല രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടാകാൻ പാടില്ലായെന്നുള്ള ദൃഢനിശ്ചയത്തോടുകൂടെ നാം പോകണം.

ഇവിടെ മദ്യദുരന്തത്തെക്കുറിച്ചു പറഞ്ഞു. ആരാണ് മദ്യദുരന്തത്തിനടിമയായി തകർന്നുപോയത്? അധ്വാനിക്കുന്ന പാവപ്പെട്ട തൊഴിലാളികൾ. അവരെ ഇന്ന് മദ്യദുരന്തത്തിലേക്കു നയിച്ച സാഹചര്യങ്ങളെന്താണെന്ന് അവധാനതയോടുകൂടി നാം വിലയിരുത്തണം. മദ്യമെന്നുപറയുന്നത് മനുഷ്യനെ ഏറ്റവും വികൃതമായി ദുർബലനാക്കുന്ന ഒരു കാര്യമാണ്. അതിന്റെ അപകടങ്ങൾ കുറയ്ക്കത്തക്കരീതിയിലുള്ള സമീപനങ്ങൾ കൊണ്ടുമാത്രമേ അതിനെ നേരിടാൻ കഴിയൂ. ഈ സമൂഹത്തിൽ ധനസമ്പാദത്തിന് അധോലോകങ്ങൾ സ്വീകരിക്കുന്ന നീചമായ മാർഗ്ഗങ്ങൾക്ക് ഒത്താശ കൊടുക്കുന്നത് ആരായാലും അവർ സമൂഹദ്രോഹികളാണ്. പക്ഷേ എന്താണ് ഇവിടെ സംഭവിച്ചിരിക്കുന്നത്? മദ്യദുരന്തത്തിൽ കുറേപേരുടെ പേരു പറഞ്ഞല്ലോ. വ്യാജമദ്യത്തിന്റെ കഥ പുതിയ കഥയല്ല. പണ്ട് പത്തനംതിട്ടയിൽ ഒരു യമഹാ സുരേന്ദ്രനെ അറസ്റ്റു ചെയ്തു. അപ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ മദ്യത്തിന്റെ ഇടപാടൊന്നുമില്ലല്ലോ എന്നു വിചാരിച്ചു. അങ്ങനെയിരിക്കെ കഴിഞ്ഞ ഒരു ദിവസം പത്തരമണിക്ക് പെട്ടെന്ന് എനിക്കൊരു ഫോൺ കിട്ടി. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു വീട്ടിൽനിന്ന് ഡി.ഐ.ജി. ഉൾപ്പെടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ വന്ന് സ്പിരിറ്റ് കണ്ടെടുത്തിരിക്കുന്നു. പണ്ട് ഞങ്ങളുടെയൊക്കെ വീട്ടിൽ ശർക്കരപ്പാട്ട നിരത്തിവയ്ക്കുന്നതുപോലെ രണ്ടുനിലയുള്ള ആ വീട്ടിന്റെ രണ്ടു മുറിക്കകത്ത് നിരത്തിവച്ചിരിക്കുകയാണ്. ഞാൻ ചോദിച്ചു. ആരുടെ വീടാണിത്? അപ്പോൾ അറിഞ്ഞു, കള്ളുഷാപ്പിലെ ജോലിക്കാർക്ക് താമസിക്കാൻവേണ്ടി വാടകയ്ക്ക് എടുത്തിരിക്കുന്ന വീടാണെന്ന്. ഇത് ജോണി സാറിന്റെ വീടാണ്. ഞാൻ ചോദിച്ചു, ആരാണ് ജോണിസാർ? ജോണി സാറിന് എന്താണ് ജോലി? അപ്പോൾ അറിഞ്ഞു, ജോണിസാർ പ്രധാനപ്പെട്ട ഒരു കോൺഗ്രസ്സ് പ്രവർത്തകനാണ്. ജോണിസാർ അവിടത്തെ (കള്ളുഷാപ്പിലെ) ജോലിക്കാർക്ക് താമസിക്കാൻ രണ്ടുനില വാടകകെട്ടിടം എടുത്തിരിക്കുന്നു. അതുകഴിഞ്ഞ് വേറൊരു വീട്ടിലും സ്പിരിറ്റ് ഉണ്ടെന്നറിഞ്ഞു. അവിടെയും പോകണമെന്നുപറഞ്ഞു. പോലീസ് അവിടെപ്പോയി. ഞാനും കൂടെ പോയി. അവിടെ ഇതിനേക്കാൾ വിചിത്രമാണ്. അവിടെ രണ്ടുനിലയിലുള്ള പഴയ ഒരു കെട്ടിടമുണ്ട്. അതു നിറച്ച് സ്പിരിറ്റ്. ഞാൻ ചോദിച്ചു. ഇത് ആരുടെ വീടാണ്. അപ്പോൾ പറഞ്ഞു, ഇത് അദ്ധ്വാനിയുടെ വീടാണെന്ന്. ഞാൻ ചോദിച്ചു 'അദ്ധ്വാനിയോ?' അപ്പോൾ പറഞ്ഞു. അതെ ഇവിടുത്തെ ലോക്കൽ അദ്ധ്വാനി, അദ്ദേഹത്തിന്റെ യഥാർത്ഥപേര് ഭാസ്കരൻ നായർ എന്നാണ്. നാലുവീടുകളിൽനിന്നാണ് 29000 ലിറ്റർ ചാരായം പിടിച്ചെടുത്തത്. നാലു വീടുകളിലും താമസിക്കുന്നത് കള്ളുഷാപ്പുകാരന്റെ ജോലിക്കാരാണ്. ഇത്രയും സൗകര്യങ്ങൾ അവിടെ ഉണ്ടാക്കിക്കൊടുക്കുവാൻ അവിടത്തെ പ്രബുദ്ധരായ ആൾക്കാർ സമ്മതിച്ചിരിക്കുന്നു. അവിടത്തെ രാഷ്ട്രീയ പ്രബുദ്ധതയുള്ള ആൾക്കാർ തയ്യാറാകുക എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? ഞാൻ ആരെയും കുറ്റപ്പെടുത്തുവാൻവേണ്ടി പറഞ്ഞതല്ല.ഇതിന്റെയൊക്കെ അർത്ഥം എന്താണ്? അഞ്ചാറുമാസം മുമ്പ് വ്യാജചാരായം കുടിച്ച് കുറെ മണ്ണു തൊഴിലാളികൾ മരിച്ച സംഭവം ഉണ്ടായി, അന്ന് അവിടത്തെ പോലീസുകാരോട് ഞാൻ പറഞ്ഞതാണ് ഇതു അപകടമേഖലയാണ് ഇവിടെ നിങ്ങൾ ശ്രദ്ധിക്കണമെന്ന്. എന്നിട്ട് കുഴപ്പം സംഭവിച്ചപ്പോഴാണ് പോലീസ് വരുന്നത്. എനിക്ക് പറയുവാനുള്ളത്, കറുപ്പിനെ കറുപ്പെന്നും വെളുപ്പിനെ വെളുപ്പെന്നും പറയുവാനുള്ള ആർജ്ജവം നേടുകയും ആശയപരമായ രംഗത്ത് വസ്തുതാപരമായ കാര്യങ്ങൾക്ക് രാഷ്ട്രീയമായ ഏറ്റുമുട്ടൽ നടത്തുകയും അതേ സമയത്ത് ഇതിനുപരിയായി ജനങ്ങളുടെ താല്പര്യമാണെന്നു കണക്കാക്കിക്കൊണ്ട് പ്രവർത്തിക്കുകയും വേണം. ഇവിടെ ശ്രീ.കെ. എം. മാണി ബി.ജെ.പി. ബന്ധത്തെക്കുറിച്ച് പറഞ്ഞു, കോഴഞ്ചേരി എന്റെ സ്ഥലമാണ്, അവിടത്തെ പഞ്ചായത്ത് ഭരിക്കുന്നത് ഒരു ബി.ജെ.പി. ക്കാരനും ശ്രീ. കെ.എം മാണിയുടെ കോൺഗ്രസ്സും കൂടി യോജിച്ചുകൊണ്ടാണ്. (അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വിക്ടർ എന്റെ അടുത്ത സുഹൃത്താണ്. അപ്പോൾ, ബന്ധമില്ലെന്നു പറയണ്ട. ഉണ്ടെന്നുള്ളതാണ് ശരി,) അത് അപകടമാണെന്നാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയ ആദർശവും രാഷ്ട്രീയ സത്യസന്ധതയും രാഷ്ട്രീയ നിഷ്ഠയും- പ്രത്യേകിച്ച് വളരെ അപകടകരമായ ലോകാവസ്ഥയിൽ-കാത്തു സൂക്ഷിച്ചില്ലെങ്കിൽ നമുക്ക് നഷ്ടമാകുന്നത് നമ്മുടെ ജനാധിപത്യവും സ്വാതന്ത്ര്യവും ആയിരിക്കും. ഒരു പ്രധാനമന്ത്രി കർഷകരുടെ മേഖല, തൊഴിലാളികളുടെ മേഖല, ഉദ്യോഗസ്ഥന്മാരുടെ മേഖല, പൊതുമേഖലാ സ്ഥാപനങ്ങൾ ഒക്കെ സ്വകാര്യവൽക്കരിക്കുവാൻ ഒരുങ്ങുന്നു. തൊഴിലാളികളെ പിരിച്ചുവിടുന്നു. പട്ടിണിമരണം സംഭവിക്കുന്നു. തൊഴിൽരഹിതരുടെ എണ്ണം വർധിക്കുന്നു. ഇതൊക്കെ ആയിട്ടും ഉത്തരവാദപ്പെട്ട ഒരു പ്രധാനമന്ത്രി പറയുന്നു. ഇവിടത്തെ ദേശീയ വികാരം ഒന്നേയൊ

LIBRARY ARCHIVES Kerala Legislative Assembly

ന്ന്, അത് അയോദ്ധ്യയിൽ പള്ളിപൊളിച്ചിടത്തുതന്നെ രാമക്ഷേത്രം പണിയുക എന്നുള്ളതാണ്. അതാണ് യഥാർത്ഥ ദേശീയ വികാരമെന്ന് നിങ്ങൾക്ക് ആർക്കെങ്കിലും അഭിപ്രായമുണ്ടോ? ഇല്ലെങ്കിൽ വളരെ ആർജ്ജവത്തോടുകൂടി ഇവിടത്തെ ജനാധിപത്യ ശക്തികൾ മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അതി ശക്തമായി നേരിടുകതന്നെ വേണം. അതു കഴിഞ്ഞിട്ടാകാം., ചെറിയ ചെറിയ രാഷ്ട്രീയ കാര്യങ്ങൾ. ദീർഘമായി സംസാരിക്കുവാൻ സമയമില്ല. ഇനിയും പലതും പറയുവാനുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് വളരെ ദീർഘമായി സംസാരിച്ചിട്ടുണ്ട്.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : ഇവിടെ മറ്റു പലരും സംസാരിച്ചതിനെക്കാൾ താരതമ്യേന കുറച്ചു മാത്രമേ സംസാരിച്ചിട്ടുള്ളു.

ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് നാലുമിനിറ്റ് സമയമാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 15 മിനിറ്റായി.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഭരണ പ്രതിപക്ഷ കക്ഷികൾ രാജ്യത്തിന്റെ താല്പര്യത്തിനുവേണ്ടി നിലകൊള്ളണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ഡെപ്യൂട്ടി സ്പീക്കർ : ഡോ. സെബാസ്റ്റ്യൻ പോൾ................

ഡോ. സെബാസ്റ്റ്യൻ പോൾ : സർ, ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. അത്ര സന്തോഷകരമല്ലാത്ത ചുറ്റുപാടിലാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. ഈ സഭയിലെ ബഹുമാന്യരായ പത്ത് അംഗങ്ങൾ സഭാകവാടത്തിൽ നിരാഹാര സത്യാഗ്രഹം നടത്തുകയാണ്. എന്തിനുവേണ്ടിയാണ് അവർ ഇങ്ങനെ ഒരു ത്യാഗം അനുഷ്ഠിക്കുന്നതെന്ന് നമുക്കറിയാം. കാർഷിക പ്രതിസന്ധിയെക്കുറിച്ച് അവർ ആവശ്യപ്പെട്ട സമയത്ത് ആവശ്യപ്പെട്ടതുപോലെ ചർച്ചയ്ക്ക് തയ്യാറായില്ല എന്നതാണ് അവരുന്നയിക്കുന്ന കാരണം. ചർച്ചയ്ക്ക് ഗവൺമെന്റ് വിരോധം കാണിച്ചതായി ഞങ്ങൾക്ക് മനസ്സിലായിട്ടില്ല. പക്ഷേ ആർജ്ജവത്തോടെയും ആത്മാർത്ഥതയോടെയുമുള്ള ഒരു തുറന്ന ചർച്ചയ്ക്ക് പ്രതിപക്ഷം തയ്യാറാകുമോ എന്ന് സംശയമാണ്. അങ്ങനെയുള്ള ചർച്ചയ്ക്കും ആത്മപരിശോധനയ്ക്കും തയ്യാറാകുകയാണെങ്കിൽ എനിക്കു മുമ്പേ ചില സുഹൃത്തുക്കൾ ചൂണ്ടിക്കാണിച്ചതുപോലെ സത്യാഗ്രഹവും പ്രത്യക്ഷ സമരവും നടത്തേണ്ടത് ഇവിടെയല്ല, കുറെക്കൂടി വടക്ക് ഡൽഹിയിലാണ് എന്ന സത്യം നമുക്ക് ബോധ്യമാകും. എന്റെ ബഹുമാന്യനായ സുഹൃത്ത് ടി.എം. ജേക്കബ് അല്പം മുമ്പ് ഡി.വൈ.എഫ്.ഐ. നടത്തിയ തുറമുഖ റെയിൽവേ ഉപരോധ സമരത്തെ പരിഹസിച്ച് പരാമർശിക്കുകയുണ്ടായി. അതിന്റെ അർത്ഥവും പ്രാധാന്യവും അദ്ദേഹത്തിനു മനസ്സിലാകാതെ പോയതിൽ അത്ഭുതമില്ല. പക്ഷേ കേരളത്തിൽ സമീപകാലത്തു നടന്ന അവിസ്മരണീയവും ഐതിഹാസികമെന്ന് വിശേഷിപ്പിക്കാവുന്നതുമായ വളരെയേറെ സവിശേഷതയും പുതുമയുള്ള ഒരു സമരമായിരുന്നു അരങ്ങേറിയത്. മാതൃഭൂമി ആ സമരത്തെക്കുറിച്ച് എഴുതിയ മുഖപ്രസംഗം എന്റെ പ്രിയ സുഹൃത്തുക്കൾ വായിച്ചാൽ നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. 'ഇറക്കുമതി നയത്തിനെതിരായ ജനവികാരം' എന്ന തലക്കെട്ടിൽ മാതൃഭൂമി എഴുതിയ മുഖപ്രസംഗം അവസാനിക്കുന്നത് 'കേന്ദ്രം അതിന് (അതിന് എന്നു പറഞ്ഞാൽ ബഹുരാഷ്ട്രകുത്തകകളുടെ ആക്രമണത്തിന്) കൂട്ടുനിൽക്കുമ്പോൾ രണ്ടാം സ്വാതന്ത്ര്യ സമരത്തിന് ഇറങ്ങുകയേ ജനങ്ങൾക്ക് വഴിയുള്ളൂ'

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. 53 വർഷത്തിനു മുമ്പ് നാം നേടിയെടുത്ത സ്വാതന്ത്ര്യവും 50 വർഷം പിന്നിട്ട റിപ്പബ്ളിക്കൻ ജനാധിപത്യവും നിലനിറുത്താൻ രണ്ടാം സ്വാതന്ത്ര്യ സമരത്തിനു ജനങ്ങളെ സന്നദ്ധരാക്കുന്നതിനുള്ള തയ്യാറെടുപ്പിൽ ഇടതുപക്ഷ പാർട്ടികൾ ഏർപ്പെട്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് നാളെ അഖിലേന്ത്യാ വ്യാപകമായി ബാങ്ക് ജീവനക്കാർ പണിമുടക്കുന്നത്. ബാങ്കിംഗ് മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ദീർഘകാലം നീണ്ടു നിൽക്കാവുന്ന തീവ്ര പോരാട്ടത്തിന്റെ മുന്നോടി എന്ന നിലയിൽ നാളെ ബാങ്ക് ജീവനക്കാർ പണിമുടക്കുകയാണ്. ഈ സത്യങ്ങൾ മറന്നുകൊണ്ടോ മറച്ചു വെച്ചുകൊണ്ടോ ആണ് ഈ നിയമസഭയിൽ ഒരു പുകമറ സൃഷ്ടിക്കുന്നത്. കഴിഞ്ഞ ദിവസം പത്രങ്ങളിൽ, കോഴിക്കോട് വിചിത്രമായ രോഗം ബാധിച്ച രോഗിയുടെ ചിത്രം കണ്ടിരുന്നല്ലോ. യൂറോപ്പിൽനിന്ന് നാട്ടിൽ എത്തിയ രോഗം. ഭ്രാന്തിപ്പശു രോഗമെന്നും വെകിളിമാട് രോഗമെന്നുമാണ് ആദ്യം കേട്ട തെങ്കിലും ഇന്നലെ പത്രത്തിൽ അതിന്റെ മെഡിക്കൽ ടേം കണ്ടത് ജേക്കബ്സ് ഡിസീസ് എന്നാണ്. രോഗത്തിന്റെ ലക്ഷണം ആദ്യം മറവി, കാര്യങ്ങൾ മറന്നു പോകും. പിന്നെ ശാരീരികമായ അവശത, ആത്യന്തികമായി മരണം, എനിക്ക് തോന്നുന്നത്, യു.ഡി.എഫിനു ഇപ്പോൾ ബാധിച്ചിരിക്കുന്നത് ഈ ജേക്കബ്സ് ഡസീസാണ്. അവർ ആദ്യം കാര്യങ്ങൾ മുഴുവൻ മറന്നുപോകുന്നു. അതിനെ ത്തുടർന്നുള്ള അവശതയിലേക്ക് കടക്കുന്നു. ആത്യന്തികമായി മരണം സംഭവി ക്കുന്നു. അതുകൊണ്ടാണ് 1991 മുതലുള്ള കാര്യങ്ങൾ മുഴുവൻ അവർ മറന്നു പോകുന്നത്. അത് അവരുടെ കുറ്റമല്ല. അത് ആ രോഗത്തിന്റെ പ്രത്യേകതയാ ണ്. ചികിത്സിച്ച് ഭേദപ്പെടുത്തുവാൻ കഴിയാത്ത രോഗമാണ്. ജേക്കബ് ഡിസീ സസ് എന്ന് ഡോക്ടർമാർ പറയുന്നു. ഈ അവസ്ഥയിൽ ഞങ്ങൾ നിസ്സഹായ രാണ്. 1991- മുതലുള്ള കാര്യങ്ങൾ മുഴുവൻ മറന്നുകൊണ്ട് അല്ലെങ്കിൽ മറവി യുടെ ഭാവം നടിച്ചുകൊണ്ട് ജനങ്ങളെ വഴിതെറ്റിക്കുന്നതിനുള്ള പരിശ്രമത്തി ലാണ് പ്രതിപക്ഷം ഏർപ്പെട്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സി.എഫ്. തോമസ് പ്രസംഗിച്ചപ്പോൾ ഒരു കാര്യം പറഞ്ഞു. സത്യത്തിൽ ഞെട്ടിപ്പോയി. ന്യൂന പക്ഷ സമുദായങ്ങളെ സി.പി.എം. ന്റെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടു ത്താൻ ഇനി ആശ്രയം ബി.ജെ.പി.യാണ് എന്ന് അദ്ദേഹം പറഞ്ഞു. ഒരു ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട അംഗം, മതനിരപേക്ഷതയിലും മതസ്വാത ന്ത്ര്യത്തിലും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളിലും മറ്റാരെക്കാളും കൂടുതൽ താല്പര്യമുണ്ടാകേണ്ട ഒരംഗം, എത്ര ലാഘവത്തോടെ പറഞ്ഞതാണെങ്കിലും അതു കേൾക്കുമ്പോൾ വളരെയേറെ ഭയവും ഉത്കണ്ഠയും തോന്നുകയാണ്. ഇതാണ് ഈ നാട്ടിലെ അവസ്ഥ. ഇവിടെ പലരും പറഞ്ഞല്ലോ, രണ്ടുമൂന്നു മാസത്തിനുശേഷം നടക്കുവാൻപോകുന്ന വലിയ കാര്യത്തെ സംബന്ധിച്ച്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട്, സത്യം മറച്ചുവെച്ചുകൊണ്ട്, ജനങ്ങളെ വഴിതെറ്റിച്ചുകൊണ്ട്, അപവാദ പ്രചരണത്തിൽ ഏർപ്പെട്ടുകൊണ്ട്, തെറ്റായ വാദമുഖങ്ങൾ അണിനിരത്തിക്കൊണ്ട്, തെറ്റായ പാതയിലൂടെ സഞ്ചരിക്കുന്ന തിനെ ന്യായീകരിച്ചുകൊണ്ട്, പ്രതിപക്ഷം പ്രസംഗിക്കുമ്പോൾ, സത്യത്തിൽ ഭയം തോന്നുകയാണ്.

സർ, ഇവിടെ 'കൊലയ്ക്ക് കൊല പാടില്ല' എന്നുപറഞ്ഞു. കൊലയ്ക്ക് കൊല എന്നതു മോശയുടെ നിയമമാണ് ആ നിയമം തിരുത്തിക്കൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത്. 'ഒരു കരണത്തടിച്ചാൽ മറു കരണവും കാണി ക്കണം' എന്ന്. ആ നയംതന്നെ എല്ലാക്കാലത്തും പിൻതുടരണമെന്നു പറ ഞ്ഞാൽ.............. ഒരു പഴയ ഇംഗ്ലീഷ് സിനിമയിലെ ചെറിയൊരു സംഭവം മാത്രം പറയട്ടെ. ബറാബാസിന്റെ സിനിമയാണ്. ബറാബാസ് യേശുക്രിസ്തു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിനുപകരം മോചിപ്പിക്കപ്പെട്ട ആളാണ്. കള്ളനും കൊലപാതകിയുമാണ് ബറാബാസ്. അദ്ദേഹം യേശുക്രിസ്തുവിന്റെ കുരിശുമരണം കണ്ടശേഷം മനസ്താപപ്പെട്ട് പശ്ചാത്തപിച്ച് ക്രിസ്ത്യാനിയായി മാറുകയാണ്. റോമൻ പടയാളികൾ ബറാബാസിനെ അറസ്റ്റ് ചെയ്തുകൊണ്ടുവന്നു. റോമൻ കമാൻഡർ അയാളെ പീഡിപ്പിക്കുകയാണ്. അദ്ദേഹം ചോദിക്കുന്നു, യേശുക്രിസ്തു പഠിപ്പിച്ചതെന്താണ്? ഉത്തരം ക്ഷമിക്കാനാണ് പഠിപ്പിച്ചത്. എങ്ങനെ ക്ഷമ? ഒരു കരണത്തടിച്ചാൽ മറു കരണവും കാണിക്കണമെന്നാണ് യേശുക്രിസ്തു പഠിപ്പിച്ചത്. റോമൻ കമാൻഡർ ബറാബാസിന്റെ ഒരു കരണത്ത് ആഞ്ഞടിക്കുമ്പോൾ അയാൾ മറുകരണവും കാണിച്ചുകൊടുത്തു. മറുകരണത്തും അടിച്ചു കഴിഞ്ഞപ്പോൾ ബറാബാസിന്റെ അടുത്ത നടപടി റോമൻ കമാൻഡറെ ആക്രമിച്ചു കീഴ്പ്പെടുത്തുകയാണ്. അതിന് അദ്ദേഹം നൽകിയ മറുപടി, യേശുക്രിസ്തു അത്രയേ പറഞ്ഞിട്ടുള്ളൂ എന്നാണ്; ഒരു കരണത്തടിച്ചാൽ മറു കരണം കാണിക്കണമെന്നേ പറഞ്ഞിട്ടുള്ളൂ മറു കരണത്തുകൂടി അടി കൊണ്ടാൽ പിന്നെ എന്തു ചെയ്യണമെന്നു പറഞ്ഞിട്ടില്ല; പിന്നെ ചെയ്യേണ്ടത് ഇതാണ്. ഇവിടെ ശ്രീ. സി.എഫ്. തോമസും കൂട്ടരും സുവിശേഷവും ക്രിസ്തുവചനവും ഉദ്ധരിച്ചുകൊണ്ട് ദയയുടെയും മാപ്പിന്റെയും കാരുണ്യത്തിന്റെയും പാഠം പഠിപ്പിക്കാൻ നിന്നാൽ ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അതിക്രമത്തിന്, മതനിരപേക്ഷതയെ തകർക്കുന്നതിനുള്ള പരിശ്രമത്തിന്, വർഗ്ഗീയതയുടെ ത്രിശൂലം ഇന്ത്യയുടെ മതനിരപേക്ഷ ഗാത്രത്തിൽ ആഞ്ഞുതറയ്ക്കുന്നതിനെയൊക്കെ ന്യായീകരിക്കലാകും. ബി.ജെ.പി.യുടെ സാമ്പത്തിക നയത്തെ മാത്രമല്ല, ബി.ജെ.പി. യുടെ വർഗ്ഗീയ നയത്തെക്കൂടി, മതനിരപേക്ഷതയ്ക്ക് വിരുദ്ധമായ നീക്കങ്ങളെക്കൂടി, എതിർക്കുന്ന രാഷ്ട്രീയപ്രസ്ഥാനമെന്ന നിലയിൽ ന്യൂനപക്ഷങ്ങൾക്കും സാമാന്യജനങ്ങൾക്കുംവേണ്ടി മാത്രമല്ല, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കും വേണ്ടി, കാർഷികമേഖലയ്ക്കുവേണ്ടി ജീവിതത്തിന്റെ സമസ്തമേഖലകളെയും ഗ്രസിക്കുന്ന എല്ലാ മാരകമായ വിപത്തുകൾക്കെതിരെയും-മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമെന്ന നിലയ്ക്ക് ഞങ്ങൾ ശക്തമായി മുന്നോട്ടുപോകുന്നു. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങികൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഇന്നു രാവിലെ മുതൽ സഭയിൽ മുഴങ്ങിക്കേട്ടത് കണ്ണൂർ ജില്ലയുമായി ബന്ധപ്പെട്ട സമാധാനശ്രമവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ബഹു. പ്രതിപക്ഷനേതാവും ശ്രീ.കെ. സുധാകരനും ഇപ്പോൾ സഭയിൽ ഇല്ല. ഈ സഭയിൽ ഞങ്ങൾക്കെല്ലാം സംസാരിക്കാൻ സൗകര്യം ലഭിച്ചതുതന്നെ യാദൃച്ഛികതയുടെ ആനുകൂല്യം കൊണ്ടാണ്. അല്ലെങ്കിൽ എനിക്കും ശ്രീ. എം. വി. ജയരാജനും ശൈലജടീച്ചർക്കും ടി.കെ. ബാലേട്ടനുമൊക്കെ സഭയിൽ വരാൻ സാധിക്കുമായിരുന്നില്ല. യാദൃച്ഛികത ചിലപ്പോഴെല്ലാം അനുകൂലമായ ഒന്നായി രൂപാന്തരപ്പെടുന്നുവെന്നുള്ളതുകൊണ്ടാണ് നൂറോളം ബോംബുകൾ ഞങ്ങൾ സഞ്ചരിക്കുന്ന വാഹനങ്ങൾക്കെതിരെ ആർ.എസ്.എസ്.- കാർ ഉപയോഗിച്ചിട്ടും വലിയ കുഴപ്പമില്ലാതെ ഇവിടെ വന്ന് സംസാരിക്കാൻ +ഞങ്ങൾക്കു സാധിച്ചത്. ഇവിടെ ഒരുപാട് നേതാക്കന്മാർ പ്രസംഗിച്ചു. ഞങ്ങൾക്കെതിരായി ആർ.എസ്.എസ്- ബി.ജെ.പി. ക്കാർ റോഡ് സൈഡിൽ നിന്ന് ഞങ്ങളെ ആക്രമിച്ചിട്ട് ഞങ്ങളാരും മരിച്ചില്ല. ആ ഒരൊറ്റ കാരണമാണ് ശ്രീ. കെ. സുധാകരന് പറയാനുണ്ടായിരുന്നത്. അക്രമമെന്നു പറഞ്ഞാൽ മരണം എന്നാണോ? അതിലേക്കു മാത്രമേ അക്രമം എത്തുകയുള്ളൂ

എന്നാണ് ധാരണ. മുൻ എം.എൽ.എ.യും സി.പി.എം. ന്റെ ജില്ലാ സെക്രട്ടറിയും ആയ കണ്ണൂർ ജില്ലയിലെ അറിയപ്പെടുന്ന നേതാവായ ശ്രീ. ഇ.പി. ജയരാജനെതിരായി ബോംബാക്രമണം നടന്നു. ഞങ്ങൾക്കെതിരെയും ബോംബാക്രമണം നടന്നു. ഞങ്ങളെല്ലാം യാദൃച്ഛികമായി രക്ഷപ്പെട്ട് അവിടെയും ഇവിടെയുമൊക്കെ പ്രവർത്തിക്കാൻ സാധിക്കുന്നു എന്നുള്ളത് വസ്തുതയാണ്. ആർ.എസ്.എസ്-ബി.ജെ.പി.ക്കാർ നടത്തിക്കൊണ്ടിരിക്കുന്ന കടന്നാക്രമണങ്ങളേയും സി.പി.ഐ.(എം)-ഉം ഇടതുപക്ഷപ്രസ്ഥാനങ്ങളും അതിനെതിരായി ചെറുത്തുനിന്ന് മുന്നോട്ടുപോകുന്നതിനെയും സമാനമായ രീതിയിലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതെല്ലാം പറയുന്നത് ബഹു. സുധാകരനാണെന്നു വരുമ്പോഴാണ് അതിലും പ്രധാനപ്പെട്ട കാര്യം. 'ചെകുത്താൻ വേദമോതുന്നു' എന്ന തോന്നലാണ് ഇന്ന് രാവിലെ ശ്രീ. കെ. സുധാകരന്റെ രാഷ്ട്രീയ പ്രസംഗം കേട്ടപ്പോൾ തോന്നിയത്. യു.ഡി.എഫിന്റെ അഞ്ചു വർഷക്കാലത്തെ ഭരണമെന്നു പറയുന്നത്. കോൺഗ്രസ്സിന്റെ എല്ലാ ഘടകകക്ഷികളെയും പിരിച്ചുവിട്ട് ഗുണ്ടാ കമ്മിറ്റികളുണ്ടാക്കി, ആ ഗുണ്ടാ കമ്മിറ്റികളാണ് കണ്ണൂർ ജില്ലയിലെ എല്ലാ തരത്തിലുമുള്ള പ്രവർത്തനങ്ങളെയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. അവിടെ കോൺഗ്രസിന്റെ ഒരൊറ്റ കമ്മിറ്റിയുമുണ്ടായിരുന്നില്ല. ജില്ലാ പ്രസിഡന്റായി ശ്രീ. സുധാകരൻ വരുന്നതു തന്നെ തോക്കുപയോഗിച്ചുകൊണ്ടാണ്. ഗുണ്ടകളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. ശ്രീ. കെ.സി. ജോസഫ് ഉൾപ്പെടെയുള്ള എല്ലാവർക്കും വളരെ വ്യക്തമായി അറിയാവുന്ന കാര്യങ്ങളാണിത്. അവരെല്ലാം അത് പ്രതിഷേധിച്ചിട്ടുള്ളതുമാണ്. ശ്രീ. കെ. സുധാകരനെയും അദ്ദേഹം നടത്തിയിട്ടുള്ള അഞ്ചുകൊല്ലക്കാലത്തെ പോലീസിനെ ഉപയോഗിച്ചുള്ള തേർവാഴ്ചയെയും നന്നായി അനുഭവിച്ചവരാണ് കണ്ണൂർ ജില്ലയിലെ കോൺഗ്രസ്സുകാർ ഉൾപ്പെടെയുള്ള മുഴുവൻ രാഷ്ട്രീയപാർട്ടികളുടെയും നേതാക്കന്മാർ. അത്തരത്തിലുള്ള ഒരുപാട് സംഭവങ്ങളുണ്ട്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. കോൺഗ്രസ്സിന്റെ ഡി.സി.സി. ഓഫീസിൽ ഡി.സി.സി. സെക്രട്ടറി പത്രസമ്മേളനം നടത്തിയിട്ട് മൂന്നു തരം ബോംബുകൾ, പേടിപ്പിക്കാനുള്ള ബോംബ്, കുറേശ്ശേ അപകടപ്പെടുത്തുവാനുള്ള ബോംബ്, പൂർണ്ണമായി കൊല്ലാനുള്ള ബോംബ് എന്നിങ്ങനെ കാണിച്ചു കൊടുക്കുന്ന ചിത്രങ്ങൾ കേരളശബ്ദമുൾപ്പെടെയുള്ള പത്രങ്ങളിൽ ഉൾപ്പെടെ നമ്മൾ വായിക്കുകയും ചെയ്തിട്ടുണ്ട്. ആരാണ് കൊലപാതകത്തിന്റെ തുടക്കം നടത്തിയത്? കോൺഗ്രസ്സുകാരനായിരുന്ന മൊയ്യാരത്തു ശങ്കരനെ - കോൺഗ്രസ്സായിട്ട് കമ്മ്യൂണിസ്റ്റായ, കോൺഗ്രസ്സിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ള സ്വാതന്ത്ര്യസമരസേനാനി മൊയ്യാരത്ത് ശങ്കരനെ തേങ്ങകൊണ്ടും കല്ലു കണ്ടും ഇടിച്ചുകൊന്നവരാണ് കണ്ണൂരിലെ കോൺഗ്രസ്സുകാർ. എന്നിട്ട് കോൺഗ്രസ്സുകാർ ഇവിടെ വന്ന് സമാധാനത്തിന്റെ അപ്പോസ്തലൻമാരായി പ്രസംഗിക്കുകയാണ്. ആദ്യമായി കണ്ണൂർ ജില്ലയിൽ രാഷ്ട്രീയ രംഗത്ത് ബോംബാക്രമണം നടത്തിയത്. അതിന്റെ വക്താക്കൾ ആരാണ്? ഒരു സംശയവും വേണ്ട. അടിയന്തിരാവസ്ഥയുടെ കാളരാത്രിയിൽ കുളങ്ങരേത്ത് രാഘവൻ എന്നുപറയുന്ന ബീഡിത്തൊഴിലാളി പണിയെടുത്തുകൊണ്ടിരുന്ന കമ്പനിയിലേക്ക് ആരെങ്കിലും മരിക്കട്ടെ എന്നു വിചാരിച്ച് ബോംബെറിഞ്ഞ് മൃഗീയമായി കൊന്നത് ആരാണ്? ആദ്യത്തെ ബോംബാക്രമണത്തിന്റെ രക്തസാക്ഷി കുളങ്ങരേത്ത് രാഘവനാണ്. കോൺഗ്രസ്സ് ആണ് നേതൃത്വം കൊടുത്തത്. ആരാണ് ആദ്യമായി തോക്കുപയോഗിച്ച് കമ്മ്യൂണിസ്റ്റുകാരനെ കൊന്നത്? നാൽപ്പാടി വാസു എന്നു പറയുന്ന ചെറുപ്പക്കാരനെ തോക്കുപയോഗിച്ച് കൊല്ലാൻ നേതൃത്വം കൊടുത്തിട്ടുള്ള പ്രധാന വക്താവ് ശ്രീ. സുധാകരനാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുസംബന്ധിച്ച് പ്രധാനപ്പെട്ട കേസ്സുണ്ടല്ലോ? ഇപ്പോഴും ഇല്ല എന്നു പറയുന്നില്ല. സാഹചര്യത്തെളിവുകളെ അടിസ്ഥാനപ്പെടുത്തി ശ്രീ. സുധാകരനെ കോടതി വെറുതെ വിട്ടിരിക്കുകയാണ്. അതിന്റെയർത്ഥം നാൽപ്പാടി വാസു മരിച്ചിട്ടില്ല എന്നല്ല നാൽപ്പാടി വാസുവിനെ വെടി വച്ചിട്ടില്ല എന്നല്ല, നാൽപ്പാടി വാസു യഥാർത്ഥത്തിൽ വെടിയേറ്റു മരിച്ചിരിക്കുന്നു എന്നുള്ളത്, രക്തസാക്ഷിയായിരിക്കുന്നു എന്നുള്ളത് കോടതിപോലും അംഗീകരിച്ചിട്ടുള്ളതാണ്. അതാണ് കോൺഗ്രസ്സിന്റെ പാരമ്പര്യം. കമ്മ്യൂണിസ്റ്റുകാരോടും ബി. ജെ.പി-ക്കാരോടും ഒരുപോലെ സമദൂരസിദ്ധാന്തമാണ് ഞങ്ങൾ അംഗീകരിക്കുന്നതെന്നു പറഞ്ഞ്, രണ്ടിനെയും ഒരുപോലെ കാണുന്നതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരുന്നത്. ഞാനതിന്റെ മറ്റുവിശദീകരണങ്ങളിലേക്കു കടക്കുന്നില്ല. കണ്ണൂരിലെ 'സവോയ്' ഹോട്ടലിൽ ബോംബാക്രമണം നടത്തിയിട്ടാണ് ചോറ് വിളമ്പിക്കൊടുത്തുകൊണ്ടിരുന്ന നാണു എന്ന പാർട്ടിപ്രവർത്തകനെ മൃഗീയമായി കൊന്നത്. ഒരു കോൺഗ്രസ്സുകാരൻ ജയന്റെ കൈപ്പത്തി തെറിച്ചുപോകുന്ന അവസ്ഥയിലേക്ക് എത്തി. ഭക്ഷണം കഴിക്കാൻ വന്നിട്ടുള്ള ആളുകളെയാണ് ഹോട്ടലിലാണ്, ബോംബെറിഞ്ഞത്. വിളമ്പുകാരനെയും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നവരെയും ആണ് ആക്രമിച്ചിട്ടുള്ളത്. അവരെയാണ് പരിക്കേൽപ്പിച്ചിട്ടുള്ളത്. അതുപോലെ കോ-ഓപ്പറേറ്റീവ് പ്രസ്സ് ഇട്ടിരുന്ന പ്രശാന്തൻ, വിനോദൻ എന്നിവരെയെല്ലാം ആക്രമിക്കാൻ നേതൃത്വം കൊടുത്തത് ഡി.സി.സി. ഓഫീസ് കേന്ദ്രീകരിച്ചുകൊണ്ടാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അഞ്ചു കൊല്ലമായി നിങ്ങൾ നടത്തിയിട്ടുള്ള ക്രിമിനൽ സംവിധാനത്തിന്റെ ഭാഗമായി ഞങ്ങളെയെല്ലാം തകർത്ത് തരിപ്പണമാക്കുമ്പോൾ കമ്മ്യൂണിസ്റ്റുപാർട്ടി ഇനി മുന്നോട്ടുപോകുകയില്ല എന്നൊക്കെയാണ് നിങ്ങൾ ധരിച്ചതെങ്കിൽ ഇപ്രാവശ്യം പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പിന്റെ ഭാഗമായി 58 ശതമാനം വോട്ടാണ് ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ലഭിച്ചത്. ചരിത്രത്തിൽ ഇന്നുവരെ ഏതെങ്കിലുമൊരു തെരഞ്ഞെടുപ്പിന്റെ ഭാഗമായി 58 ശതമാനം വോട്ട് ഇടതുമുന്നണിക്ക് അവിടെ കിട്ടിയിട്ടുണ്ടോ? കിട്ടിയിട്ടില്ല.

ശ്രീ. ജി. കാർത്തികേയൻ : ആരെയും വോട്ട് ചെയ്യാൻ നിങ്ങൾ സമ്മതിക്കുകയില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : അതു നിങ്ങൾ മുമ്പും പറയുന്നുണ്ട്. ആദ്യം 50 ശതമാനം വോട്ടായിരുന്നത് പിന്നീട് 51.11 ശതമാനമായി. ഇപ്പോൾ 58 ശതമാനം വോട്ട് ഇടതുപക്ഷജനാധിപത്യമുന്നണിക്ക് കണ്ണൂർ ജില്ലയിൽ ലഭിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചിത്രം. ശ്രീ. കെ.സി. ജോസഫെല്ലാം ഇപ്പോൾ തോറ്റു കിടക്കുകയാണ്. അദ്ദേഹം കഴിഞ്ഞ പ്രാവശ്യം 17,000 വോട്ടിനു ജയിച്ചതാണ്. ഇപ്പോഴദ്ദേഹം ആയിരം വോട്ടിനു പിന്നിലാണെന്നുള്ള കാര്യം നല്ലതുപോലെ ധരിക്കുന്നതു നല്ലതാണ്. അതുകൊണ്ട് അടുത്തപ്രാവശ്യം കോട്ടയത്തേക്കോ മറ്റോ വന്ന് മത്സരിക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ തരത്തിലുമുള്ള അക്രമപ്രവർത്തനങ്ങളേയും അതിജീവിക്കുന്ന പാരമ്പര്യമുള്ള ഒരു മണ്ണാണ് കണ്ണൂരിലെ മണ്ണ്. 1940 സെപ്റ്റംബർ മാസം 15-ാം തീയതിയിലെ മൊറാഴ സംഭവം, അതുപോലെ തന്നെ തലശ്ശേരിയിലെ അബുപാത്തുക്കുട്ടി ഉൾപ്പെടെയുള്ള സഖാക്കളുടെ ധീരമായ ചിത്രം, കരിവള്ളൂർ, മണിയൻകുന്ന്, വാരിക്കുന്ന്, തിലങ്ങേരി എന്നിവയുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്ന വളരെ ഉജ്ജ്വലമായ പോരാട്ടത്തിന്റെ സമരകേന്ദ്രമായ കണ്ണൂർ ജില്ല. ആ കണ്ണൂർ ജില്ലയുടെ പാരമ്പര്യം ഉയർത്തിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ടിക്കുന്നതിനുവേണ്ടിത്തന്നെയാണ് ഇടതുപക്ഷജനാധിപത്യ പ്രസ്ഥാനം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനെ തകർക്കാൻവേണ്ടി ആവനാഴിയെ മൂടുവോളം അസ്ത്രവുംകൊണ്ട് നിങ്ങൾ പോലീസിനെയും ഭരണത്തെയും ഉൾപ്പെടുത്തി കഴിഞ്ഞ 5 കൊല്ലക്കാലം യു.ഡി.എഫ്. ന്റെ ഭരണകാലത്ത് ശ്രമിച്ചിട്ടുണ്ട്. അന്നതിനെ ശക്തിമത്തായി ചെറുക്കാനും എതിർക്കാനും അതിന്റെ ഭാഗമായി ജനങ്ങളെ അണിനിരത്തി മുന്നോട്ടുപോകാനും ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇപ്പോഴും വളരെ സജീവമായി വന്നുകൊണ്ടിരിക്കുന്നത് ആർ.എസ്.എസ്. കാരും ബി.ജെ.പി.ക്കാരുമാണ്. ശ്രീ. കെ.സി. ജോസഫിനോട് ഞാൻ ഒരു കാര്യം ഉറപ്പിച്ചുപറയുകയാണ്. ഇപ്പോൾ ഞങ്ങൾക്കെതിരായിട്ടാണെങ്കിൽ അങ്ങിങ്ങായി നിങ്ങൾക്കെതിരായിട്ടും വന്നുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിനെതിരായിട്ടും വന്നുകൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സിനെപോലെയോ സി.പി.എം. നെപോലെയോ മറ്റേതെങ്കിലും ജനാധിപത്യരീതിയിൽ പ്രവർത്തിക്കുന്ന ഒരു പാർട്ടിയെപ്പോലെയോ അല്ല ആർ.എസ്.എസ്. പ്രവർത്തിക്കുന്നതെന്ന് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കുന്നത് നല്ലതാണ്. നമുക്കെല്ലാം പ്രാദേശിക കമ്മിറ്റികളുണ്ട്. സി.പി.ഐ.(എം.) ന് ബ്രാഞ്ച് കമ്മിറ്റിയുണ്ട്, ലോക്കൽ കമ്മിറ്റിയുണ്ട്, ഏരിയ കമ്മിറ്റിയുണ്ട്, ജില്ലാ കമ്മിറ്റിയുണ്ട്, സംസ്ഥാന കമ്മിറ്റിയുണ്ട്, സെൻട്രൽ കമ്മിറ്റിയുണ്ട്. പക്ഷെ ആർ.എസ്.എസ്സിന് നിങ്ങൾക്കെല്ലാം അറിയുന്നതുപോലെ ഒരു കമ്മിറ്റിയുമില്ല, ആകെയുള്ളത് ശാഖമാത്രം. ആ ശാഖയിൽ നടന്നുകൊണ്ടിരിക്കുന്നത് ഏറ്റവും ഫലപ്രദമായി എവിടെ കുത്തിയാലാണ് മനുഷ്യനെ കൊല്ലാൻ കഴിയുക എന്നുള്ളതാണ്. അതിനപ്പുറം ഒരു പഠനവും അവർ നടത്തുന്നില്ല, ഒരു സാംസ്ക്കാരിക പ്രവർത്തനവും അവിടെ നടത്തുന്നില്ല. അവർ നടത്തുന്ന പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സാമ്പിളാണ് നമ്മൾ തലശ്ശേരിയിൽ കണ്ടത്. കഴിഞ്ഞ ഡിസംബറിൽ അവിടെയുണ്ടായ സംഘർഷാവസ്ഥ അവസാനിപ്പിക്കുന്നതിനുവേണ്ടി ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ മുൻകൈയെടുത്ത് ഒരു സമാധാന യോഗം വിളിച്ച സമാധാനപരമായ അന്തരീക്ഷമുണ്ടാക്കാനുള്ള ശ്രമം നടത്തി. എല്ലാവരും സഹകരിച്ചു. എന്നിട്ട് എന്താണ് സംഭവിച്ചത്? കോയിവേലൻ എന്നുപറയുന്ന സ്ഥലത്ത് ബസ് സ്റ്റാൻഡിലിരുന്ന് സജീവൻ എന്നുപറയുന്ന ചെറുപ്പക്കാരനും മറ്റുമൂന്നുനാലുപേരും വർത്തമാനം പറയുമ്പോൾ അതുവഴി ജോജോ എന്നുപറയുന്നയാൾ വന്നു. ആ പ്രദേശത്ത് ആർക്കും അറിയാത്തയാൾ, അയാളെ എല്ലാവരും കണ്ടിട്ടുണ്ട്, പരിചയമുണ്ട്, ഒറ്റപ്പെട്ട ഒരു വ്യക്തിയാണ് ജോജോ. ആ ജോജോ നടന്നുവരുമ്പോൾ സജീവൻ ഉൾപ്പെടെയുള്ള മൂന്നുനാലുപേർ എന്തോ പറഞ്ഞു ചിരിച്ചു. അപ്പോൾ ആ ചിരിക്കുന്നത് അദ്ദേഹത്തെയാണെന്നു കരുതി ഉടനെവന്ന് എന്താണ് ചിരിക്കുന്നതെന്ന് ചോദിച്ചു. അപ്പോൾ ഞങ്ങളിങ്ങനെ വെറുതെ ചിരിക്കുകയാണെന്ന് അവർ പറഞ്ഞു, ഇനി ചിരിക്കുമോ എന്നുചോദിച്ചപ്പോൾ ചിരിക്കുമെന്ന് പറഞ്ഞു. അതു പറഞ്ഞുതീരേണ്ട താമസം കൈയിലുണ്ടായിരുന്ന ആയുധമെടുത്ത് അപ്പോൾ കൊല്ലുകയാണ്. നിങ്ങൾ മനസ്സിലാക്കേണ്ടത് അത് ആർ.എസ്.എസ്സിന്റെ കണ്ണൂർ ജില്ലയിലെ, കേരളത്തിലെ എല്ലാ ക്രിമിനൽ സംഭവത്തിന്റെയും ഭാഗമായി പ്രവർത്തിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രവർത്തകനായിരുന്നു ജോജോ. അത് അവിടെയുള്ള പാർട്ടിക്കറിയില്ല, അവിടെയുള്ള നാട്ടുകാർക്കറിയില്ല, അവിടെയുള്ള മറ്റേതെങ്കിലും പ്രവർത്തകർക്കറിയില്ല. ഇയാൾ ഇങ്ങനെയൊരു ആർ.എസ്.എസ്. കാരനായിരുന്നു, ക്രിമിനലായിരുന്നു, എല്ലാ സ്ഥലത്തും ഇങ്ങനെയുള്ള സംഭവത്തിന് നേതൃത്വം കൊടുക്കുന്ന ആളായിരുന്നു എന്ന് ആർക്കും അറിയില്ലായിരുന്നു. ആ സംഭവം കഴിഞ്ഞ് പോലീസിന് ഡയറി

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ കിട്ടിയപ്പോഴാണ് അയാളുടെ ആയോധന മുറകളെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും പൂർണ്ണമായും മനസ്സിലാക്കാൻ സാധിച്ചത്. ഒരു ഒറ്റപ്പെട്ട സംഭവമാണത് എന്ന് ഞങ്ങൾ പറഞ്ഞു. സംസ്ഥാന സെക്രട്ടറിതന്നെ സമാധാനയോഗത്തിൽ പങ്കെടുത്തുകൊണ്ട് ഇനി ഇങ്ങോട്ട് ആക്രമണമുണ്ടായാലും ഞങ്ങളങ്ങോട്ട് അതേ ആയുധത്തിൽ തിരിച്ചടിക്കാൻ ഉദ്ദേശിക്കുന്നില്ലായെന്നു പറഞ്ഞു. സജീവൻ കൊലചെയ്യപ്പെട്ടതിനുശേഷം ഒരു സംഭവവും ഉണ്ടായിട്ടില്ലല്ലോ? ആ സംഭവത്തിനുശേഷമാണ് വർക്ക്ഷോപ്പിൽ പണിയെടുത്തുകൊണ്ടിരുന്ന 19 വയസ്സുമാത്രം പ്രായമുള്ള ജിതീഷ് എന്നുപറയുന്ന ചെറുപ്പക്കാരനെ കൊന്നത്. അന്ന് ഒരു സംഘട്ടനവും ഉണ്ടായില്ലല്ലോ ഒരു സംഘർഷവുമുണ്ടായില്ലല്ലോ? അതിനെപ്പറ്റി ഒറ്റയക്ഷരം ശ്രീ. കെ. സുധാകരൻ പറഞ്ഞോ? ഒരു സംഘർഷവുമില്ലാതെ വർക്ക്ഷോപ്പിൽ പണിയെടുത്തുകൊണ്ടിരുന്ന ആ 19 വയസ്സുകാരനെ മാത്രം വിളിച്ചിറക്കി വെട്ടിക്കൊന്നു. അയാൾ അവിടെ തന്നെ മരിച്ചു. ആ കേസ്സിലാണ് തലശ്ശേരിയിൽ 9-ാം ക്ളാസ്സിൽ പഠിക്കുന്ന 13 വയസുമാത്രം പ്രായമുള്ള ഒരു കുട്ടി ആർ.എസ്.എസ് കാരൻ പ്രതിയായത്. എല്ലാ തരത്തിലുള്ള ആയുധവുമേന്തി ആ ചെറുപ്പക്കാരനെ കൊല്ലാൻ പോയ കൂട്ടത്തിൽ അവസാനം 13 വയസ്സുകാരൻ പ്രതിയായിരിക്കുന്നു എന്നാണ് മനസ്സിലായത്. നമ്മുടെ നാട്ടിൽ അമ്മമാരും സഹോദരിമാരും ആർ.എസ്.എസ്സിനെപ്പറ്റി പറയുമ്പോൾ തടി നന്നാവും തരക്കേടില്ല എന്റെ മകൻ ആർ.എസ്.എസ്. കാരനാകട്ടെ എന്നുവിചാരിക്കുമ്പോൾ 5-ാം വയസ്സിലും 6-ാം വയസ്സിലും ബാലഗോകുലത്തിലേക്ക് അയയ്ക്കുമ്പോൾ 13-ഉം 16-ഉം വയസ്സുകഴിഞ്ഞ് തിരിച്ചുവരുന്നത് കൊലയാളിയായിട്ടാണെന്നുള്ള കാര്യം വളരെ ഗൗരവപൂർവ്വമായി കാണേണ്ടതാണ്. അങ്ങനെ എല്ലാ അർത്ഥത്തിലും ഇവിടെ വർഗ്ഗീയവാദികൾ അഴിഞ്ഞാടിക്കൊണ്ടിരിക്കുന്ന ഒരു പശ്ചാത്തലത്തിൽ അതിനെ ചെറുത്തു പരാജയപ്പെടുത്തുകയല്ലാതെ എങ്ങനെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങളും കോൺഗ്രസ്സിനുപോലും മുന്നോട്ടുപോകാൻ കഴിയുക? അവിടെ അസ്നമോളെ മൃഗീയമായി ആക്രമിച്ചല്ലോ, നേരത്തേ ഇവിടെ സംസാരിച്ചപ്പോൾ ബഹുമാന്യനായ പ്രതിപക്ഷനേതാവു പറഞ്ഞുനടക്കുന്ന എല്ലാ സംഭവങ്ങളിലും ഒന്നുകിൽ മാർക്സിസ്റ്റ് മറുഭാഗത്ത് ആർ.എസ്.എസ്. അല്ലെങ്കിൽ കോൺഗ്രസ്സ് മറുഭാഗത്ത് മാർക്സിസ്റ്റ് ഇങ്ങനെയാണെന്നു പറഞ്ഞല്ലോ. അസ്ന സംഭവത്തിനു പിന്നിൽ മാർക്സിസ്റ്റും കോൺഗ്രസ്സുമാണോ? എല്ലാത്തിന്റെയും ഒരു പ്രതിയായിട്ടുവരുന്നത് മാർക്സിസ്റ്റുകാരാണെന്ന് പറയാൻ നിങ്ങൾക്ക് കഴിയുമോ? അവിടെ കോൺഗ്രസ്സും ബി.ജെ.പി.യുമാണ്. സമാധാന യോഗത്തിൽ പറഞ്ഞത് അവിടെ കോൺഗ്രസ്സുകാരാണ് ബോംബാക്രമണം നടത്തിയതെന്നാണ്. അതിനു മറുപടി പറയാൻ ശ്രീ.കെ. സുധാകരനുണ്ടായിരുന്നില്ല. കോൺഗ്രസ്സ് നേതാക്കന്മാരുണ്ടായിരുന്നില്ല. ഞങ്ങളാണ് അന്ന് മറുപടി പറഞ്ഞത്. ആർ.എസ്.എസ്. കാരാണ് അവിടെ ബോംബാക്രമണം നടത്തിയതെന്ന് ഞങ്ങൾ പറഞ്ഞു. അവിടെ കോൺഗ്രസ്സുകാർക്ക് പറയാൻ ധൈര്യമുണ്ടായിരുന്നില്ല. കാര്യമെന്താണ്? കോൺഗ്രസ് (ഐ)യും ബി.ജെ.പിയും ചേർന്നുകൊണ്ട് രാഷ്ട്രീയമേഖലയിൽ ഐക്യമുണ്ടാക്കി മുന്നോട്ടുപോകാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി അവിടെ വലിയ കുഴപ്പങ്ങൾ ഉണ്ടാകുന്നു. ഓണത്തിനു തലേദിവസം സഖാവ് ഇ.പി. ജയരാജനെതിരായിട്ട് ബോംബാക്രമണം നടന്നു. മൃഗീയമായ രീതിയിൽ വെടിവച്ചു കൊല്ലുകയായിരുന്നു അവരുടെ പരിപാടി. ആ കൊലപാതകം നടന്നില്ല. ആ കൊലപാതകം നടക്കാത്തതുകൊണ്ട് സ്വാഭാവികമായും കൈ അറ്റുപോയി, എന്നിട്ട് ഇപ്പോഴും ജീവിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സഖാവ് ജയരാജനെ കൊല്ലുന്നതിന് എന്തിനാണ് ശ്രമിക്കുന്നത്? ഇലക്ഷൻ സന്ദർഭത്തിൽ സംഘർഷമുണ്ടാകണം. പട്ടാളത്തെ അയയ്ക്കണമെന്ന് ബഹുമാന്യനായ എ.കെ. ആന്റണി പറഞ്ഞു. അപ്പോൾ പട്ടാളത്തെ അയയ്ക്കണമെന്നു പറഞ്ഞതിനു ന്യായീകരണമെന്താണ്? അവിടെ സംഘർഷമുണ്ടാകണമെന്നാണ്. അവിടെ സംഘർഷമില്ലാതിരിക്കുന്നതിലാണ് വലിയ വിഷമം. അങ്ങനെ സംഘർഷമുണ്ടാക്കാൻ വേണ്ടിയാണ് ശ്രീ. ഇ.പി. ജയരാജന് എതിരായി ഇലക്ഷൻ സമയത്തുതന്നെ കടലാക്രമണമുണ്ടായത്............................ (ബഹളം)............................ ശ്രീ ടി.എം. ജേക്കബിന് കാര്യം മനസ്സിലാകാത്തതുകൊണ്ടാണ്. എത്രയോ കാലമായി, 1970 മുതലിങ്ങോട്ട് എത്രയോ സംഭവങ്ങൾ ആർ.എസ്.എസ് കാരും ബി.ജെ.പി.ക്കാരുമായി തലശ്ശേരി താലൂക്കിന്റെ വിവിധ മേഖലകളിൽ നടത്തിയിട്ടുണ്ട്. പാനൂരും തലശ്ശേരിയും അതിന്റെ ഭാഗമായിട്ടു നിൽക്കുകയാണ്. ഇപ്രാവശ്യവും ആസൂത്രിതമായി പ്ളാൻ ചെയ്തതാണ്. ശ്രീ. ഇ.പി. ജയരാജനെതിരെ ബോംബാക്രമണമുണ്ടായെന്നറിഞ്ഞ് ഞങ്ങൾ തലശ്ശേരിയിലെത്തി. ബോംബാക്രമണത്തിന്റെ അടിസ്ഥാനമെന്താണെന്ന് മനസ്സിലാക്കാൻവേണ്ടി ഞങ്ങൾ തലശ്ശേരിയിലെത്തി ശ്രീ. ഇ.പി. ജയരാജനുമായി സംസാരിച്ച് പിരിഞ്ഞു. അപ്പോൾ ഞങ്ങളൊക്കെ ധരിക്കുന്നത് ഇതിലെ ക്രിമിനൽ സംവിധാനവും നേതൃത്വവുമൊന്നും അറിയാതെ നടത്തിയിട്ടുള്ള ബോംബാക്രമണവുമായിരിക്കുമെന്നാണ്. പിറ്റേദിവസം രാവിലെ പത്രം വായിക്കുന്നതുവരെ ഞങ്ങളൊക്കെ ധരിച്ചിരുന്നത് അതായിരുന്നു. പക്ഷേ കഴിഞ്ഞ 3-ാം തീയതി രാവിലെ പത്രത്തിൽ ഒരു വാർത്ത വന്നു. ആ വാർത്തയിൽ പറയുന്നത് ബി.ജെ.പി. നേതൃത്വമാകെ അതിന്റെ ജില്ലാ നേതൃത്വത്തിന് ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തിരിക്കുന്നു. ശ്രീ.ഇ.പി. ജയരാജനെതിരായിട്ട് ഒരു ആക്രമണവും നടന്നിട്ടില്ല. മാർക്സിസ്റ്റുകാർ കെട്ടിച്ചമച്ചുണ്ടാക്കി ബോധപൂർവ്വം കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുകയാണെന്നാണ് അതിൽ പറയുന്നത്. ആ വർത്ത കണ്ടപ്പോഴാണ് മനസ്സിലാകുന്നത് ഇതൊരു അഖിലേന്ത്യാ സംസ്ഥാന ജില്ലാ നേതൃത്വമെല്ലാം തന്നെ ആലോചിച്ചു നടത്തിയിട്ടുള്ള ബോധപൂർവ്വമായ പ്രവർത്തനമാണെന്ന്. പിന്നീട് മൂന്നാം തീയതിമുതൽ കാര്യങ്ങൾ ശരിയാണെന്ന് ഞങ്ങൾക്ക് ബോധ്യമാകാൻ തുടങ്ങി. ശ്രീ. ഇ.പി. ജയരാജനെ ബോംബെറിഞ്ഞുകൊല്ലാനാണ് അവർ ഉദ്ദേശിച്ചത്. അവിടെയെല്ലാം പത്തൻപത് ആളുകൾ ആയുധങ്ങളുമായി നിൽക്കുകയായിരുന്നു. ശ്രീ. ജയരാജന്റെ വണ്ടി തകർത്ത് അദ്ദേഹത്തെ അവിടെതന്നെ വെട്ടിക്കൊന്നാൽ പിന്നെയുണ്ടാകുന്ന സംഭവമെന്താണെന്ന് ഞാൻ വിശദീകരിക്കേണ്ട കാര്യമില്ലല്ലോ. കണ്ണൂർ ജില്ല പോലെയുള്ള ഒരു ജില്ലയിൽ ശ്രീ. ഇ.പി. ജയരാജനെ കൊല്ലുന്ന ഒരവസ്ഥയുണ്ടായാൽ അവിടത്തെ ജനങ്ങൾ എങ്ങനെയാണ് പ്രതികരിക്കുകയെന്ന് അവർക്ക് നന്നായിട്ടറിയാം. സ്വാഭാവികമായും അവർ അവരുടെ കേന്ദ്രം സുരക്ഷിതമാക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലും കേരളത്തിന്റെ വിവിധ മേഖലകളിലും കേരളത്തിനു വെളിയിൽ കർണ്ണാടകയിലുമുള്ള ആളുകളെക്കൊണ്ടുവന്ന് വളരെ മുൻകൂട്ടിതന്നെ വിന്യസിച്ചിരിക്കുന്നു. എല്ലാ ക്രിമിനൽ സംവിധാനത്തിന്റെയും ഭാഗമായിട്ട് ആർ.എസ്.എസ് പോക്കറ്റുകളിൽ വിന്യസിച്ചിരിക്കുകയാണ്. അങ്ങനെ വിന്യസിച്ചിരിക്കുന്ന കാര്യം മനസ്സിലായപ്പോഴാണ് ഇവിടെ ബഹുമാന്യനായ കടമ്മനിട്ട രാമകൃഷ്ണൻ പറഞ്ഞതുപോലെ ചെറുകോൽപ്പുഴ തീരുമാനത്തിന്റെ ഭാഗമായി ആർ.എസ്.എസ് അഖിലേന്ത്യാ നേതൃത്വം തലശ്ശേരി താലൂക്കിനെ ദത്തെടുത്തിരിക്കുന്നു എന്ന് മനസ്സിലാകുന്നത്. അതുമാത്രമല്ല, തലശ്ശേരി താലൂക്കിനെ ദത്തെടുത്തുകൊണ്ട് രണ്ടുകോടി രൂപ ഞങ്ങൾ നൽകുന്നു എന്നാണ് പറഞ്ഞത്. ശ്രീ. ധന

LIBRARY ARCHIVES Kerala Legislative Assembly

ജ്ഞയ കുമാറിനെപ്പോലെയുള്ള മന്ത്രിമാർ അടിയ്ക്കടി കേരളത്തിൽ വരുന്നത് മണിച്ചനെ കാണാൻ വേണ്ടിമാത്രമായിരുന്നില്ല, കൊച്ചനിയനെ കാണാൻ വേണ്ടി മാത്രമായിരുന്നില്ല, മദ്യമാഫിയയുമായി ബന്ധപ്പെടാൻ വേണ്ടിമാത്രം ആയിരുന്നില്ല, ക്രിമിനൽ സംവിധാനം എങ്ങിനെയാണ് ഫലപ്രദമായി കണ്ണൂർ ജില്ലയിൽ പ്രത്യേകിച്ചും തലശ്ശേരി താലൂക്കിൽ വിന്യസിക്കേണ്ടത് എന്നകാര്യം ആലോചിക്കാൻ വേണ്ടികൂടിയായിരുന്നു അവർ വന്നുകൊണ്ടിരുന്നത്. ചെറുകോൽപ്പുഴ പരിപാടിയിൽ പങ്കെടുത്തത് അവരുടെ അഖിലേന്ത്യാ ഉപാദ്ധ്യക്ഷനായ ശേഷാദ്രിയാണ്. ആ ശേഷാദ്രി ഇപ്പോൾ ഈ സംഭവം നടന്നതിനുശേഷം വീണ്ടും കണ്ണൂരിലേക്കു വന്നു, തലശ്ശേരിയിൽ പോയി, വിവിധ കേന്ദ്രങ്ങളിൽ പോയി ഞങ്ങൾ പ്ലാൻ ചെയ്ത പരിപാടി എത്രത്തോളം ഫലപ്രദമായി നടന്നു, എത്രത്തോളം ഫലപ്രദമായില്ല എന്ന കാര്യം റിവ്യു ചെയ്ത് വീണ്ടും തിരിച്ചുപോയി. കണ്ണൂർ സന്ദർശിക്കാൻ വരുന്ന എം.പി.മാരുടെ നിരന്തരമായ വരവിന്റെ ഉദ്ദേശം ഇപ്പോൾ ഞങ്ങൾക്ക് പകൽവെളിച്ചം പോലെ വ്യക്തമായി. നമ്പർ പ്ളേറ്റില്ലാത്ത, അല്ലെങ്കിൽ ഉണ്ടെങ്കിൽതന്നെ വ്യക്തതയില്ലാത്ത, ഒരുപാടു ജീപ്പുകളിലും വാഹനങ്ങളുമായി ക്രിമിനൽ സംഘം വിന്യസിപ്പിക്കാൻ വേണ്ടി അവിടെ എത്തി. 5-ാം തീയതിയോടുകൂടി സമാധാനമുണ്ടായി എന്നുവന്നപ്പോൾ അവരെയെല്ലാം തിരിച്ചു കൊണ്ടുപോയി. തിരിച്ചു കൊണ്ടുപോകുന്നതിന് ഏറ്റവും കൂടുതൽ പ്രധാനമായിട്ടുവേണ്ടിവരുന്നത് അവർക്കുള്ള സൗകര്യങ്ങളാണ്. ആ സൗകര്യങ്ങൾ സൃഷ്ടിക്കാൻ വേണ്ടിയാണ് എം.പി. മാരുടെ യാത്ര പ്ളാൻ ചെയ്യുന്നത്. ഇത് ഓരോ പ്രാവശ്യവും ആദ്യമാദ്യം ഞങ്ങൾക്ക് മനസ്സിലായിരുന്നില്ല. ഇപ്പോൾ കൃത്യമായി മനസ്സിലായി, ആ സംഘത്തോടൊപ്പംതന്നെ അവർ അങ്ങോട്ടേയ്ക്കു പോകുകയാണ്......................... (ബഹളം).............. നൂറു ബോംബെറിയുമ്പോൾ ഞങ്ങൾക്കു മുമ്പിൽ പോലീസുണ്ട്. പോലീസ് വണ്ടിയാണ് മുമ്പിൽ. ഞാൻ ഈ പറയുന്ന കാര്യങ്ങളൊന്നും നിങ്ങൾക്ക് മനസ്സിലാകില്ല. നൂറു ബോംബെറിയുന്ന സന്ദർഭത്തിൽ ഞാൻ രണ്ടാമത്തെ വണ്ടിയിലായിരുന്നു. ഒന്നാമത്തെ വണ്ടിയിൽ പോലീസാണ്. പോലീസിനു ഞങ്ങൾക്കു മുമ്പിൽ പോകാൻ മാത്രമല്ലേ പറ്റൂ. അല്ലാതെ അവർക്ക് എന്തു ചെയ്യാനാണ് സാധിക്കുക? ബോംബെറിയുമ്പോൾ വണ്ടി നിർത്തിയിട്ട് നോക്കാൻ പറ്റുമോ? നിങ്ങളുടെ ക്രിമിനൽ സംവിധാനത്തിന്റെ ഭാഗമായി ഒരു ജില്ലയേയും അതിന്റെ ഭാഗമായി നിൽക്കുന്ന പാർട്ടിയേയും പ്രസ്ഥാനത്തേയും തകർക്കാൻവേണ്ടി മുന്നോട്ടു വരുമ്പോൾ ഞങ്ങൾക്ക് ആശ്രയിക്കേണ്ടി വരുന്നത് ജനങ്ങളെ തന്നെയാണ്. ജനങ്ങളെ ആശ്രയിച്ചുകൊണ്ടു മുന്നോട്ടു പോകുകയല്ലാതെ വേറൊരു വഴിയും നമ്മുടെ മുമ്പിലില്ല. അങ്ങനെ വരുമ്പോൾ കോൺഗ്രസ്സിനെപ്പോലെയുള്ള രാഷ്ട്രീയ പാർട്ടികൾ ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്ന പാർട്ടികൾ ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണ്, ഇതിനെ എങ്ങനെയാണ് നേരിടേണ്ടത് എന്ന്. ഇടതുപക്ഷ പാർട്ടികൾക്ക്, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റു പാർട്ടികൾക്ക് എതിരായ കടന്നാക്രമണങ്ങളും അതിന്റെ ശാരീരികമായ അതിക്രമങ്ങളുമുണ്ടാകുമ്പോൾ ഈ അതിക്രമങ്ങളെയെല്ലാം അതിജീവിക്കുന്നതിന് സാധിക്കണമെങ്കിൽ ഇതിനെതിരായ ജനകീയമായ ചെറുത്തു നിൽപ്പുണ്ടായേ പറ്റൂ. സമാധാനമുണ്ടാക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ഞങ്ങൾ സമാധാനത്തിനുവേണ്ടി അങ്ങേയറ്റം പോകാൻ തയാറാണ്. ഒരു തരത്തിലുള്ള പ്രശ്നങ്ങളും ഞങ്ങൾ മുൻകൈ എടുത്ത് ഉണ്ടാവില്ലെന്ന് ഉറപ്പിച്ച് ആദ്യം മുതലേ പറഞ്ഞിട്ടുള്ളവരാണ് ഞങ്ങൾ. സമാധാനപരമായ അന്തരീക്ഷമുണ്ടാകുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടിയുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിൽ തീർച്ചയായും ഞങ്ങൾക്ക് മുമ്പോട്ടു പോകേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ കൃഷ്ണൻ രാഷ്ട്രീയ കാരണങ്ങളാലല്ല കൊല ചെയ്യപ്പെട്ടിട്ടുള്ളതെന്ന് സുധാകരൻ പറയുകയുണ്ടായി. പിന്നെ എന്തു കാരണത്താലാണ് കൊലചെയ്യപ്പെട്ടത്? റോഡിൽ അടിയുണ്ടാക്കിയതിനാണോ? മൃഗീയമായ കൊലപാതകമാണ് നടത്തിയിരിക്കുന്നത്. ലീഗിലെ ഒരു വിഭാഗം തീവ്രവാദികളാണ് കൊലചെയ്തതെന്ന് നിങ്ങൾ പറഞ്ഞു. ലീഗുകാർ പറഞ്ഞു ഞങ്ങളിൽ തീവ്രവാദികളില്ല എന്ന്. അപ്പോൾ ഞങ്ങൾ തറപ്പിച്ചു പറഞ്ഞു. എന്നാൽ ലീഗുകാർ തന്നെയാണ്. കൊല ചെയ്തതെന്ന്. ലീഗിലെ ചില ആൾക്കാർ ഒരു സ്റ്റേറ്റുമെന്റ് ഇറക്കിയിട്ടാണ് പറഞ്ഞത്, ഞങ്ങളിൽ തീവ്രവാദികളില്ല എന്ന്. എല്ലാവരേയും അറസ്റ്റു ചെയ്യുകയുണ്ടായി. ഒരാളെപ്പോലും ബാക്കി വച്ചിട്ടില്ല. ശരിയായ രീതിയിൽ, കൊലപാതകത്തിൽ പങ്കെടുത്ത എല്ലാവരേയും പിടിച്ചു, പങ്കെടുത്തവരിൽ എല്ലാവരും തന്നെ അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ ലീഗിലെ ആളുകൾ തന്നെയാണ്. പക്ഷേ അവർ തീവ്രവാദി നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുന്നവരാണ്. കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നവരാണ്. അതു മനസ്സിലാക്കണം. അതിനെയടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കാനും അവർക്ക് ബാധ്യതയുണ്ട് എന്നുള്ള കാര്യം ഞങ്ങൾ അവരോട് ചൂണ്ടിക്കാണിക്കുകയും ചെയ്തു. പന്നിയൂർ അക്രമത്തെ സംബന്ധിച്ചാണ് നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. പന്നിയൂർ അക്രമമുൾപ്പെടെയുള്ള പല പ്രശ്നങ്ങളെ സംബന്ധിച്ചും ഞങ്ങൾ സമാധാന യോഗത്തിൽ പങ്കെടുത്തു സംസാരിക്കുകയുണ്ടായി. ഇവിടെ അതു സംബന്ധിച്ച് പരിശോധിക്കുന്നതിനാവശ്യമായ രീതിയിലുള്ള ലിസ്റ്റുകൾ തന്നെയാണ് ഞങ്ങൾ തയ്യാറാക്കിക്കൊണ്ടുവന്നിട്ടുള്ളത്. ഞങ്ങൾ പറഞ്ഞിട്ടുള്ള ഒരു കാര്യം വളരെ വ്യക്തമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു തന്നെയാണ്. അവിടെ നടന്ന എല്ലാവിധ സാമൂഹ്യവിരുദ്ധ പ്രവർത്തനത്തെയും കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇന്ത്യയ്ക്കോ മാർക്സിസ്റ്റു പാർട്ടിയ്ക്കോ മറ്റു പ്രസ്ഥാനങ്ങൾക്കോ അംഗീകരിക്കാൻ കഴിയുന്നതല്ല. അങ്ങനെയുള്ളതല്ലാത്ത നിലപാടാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളതെന്നാണ് അതുമായി ബന്ധപ്പെടുത്തി ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. വരാൻ പോകുന്ന തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് കമ്മ്യൂണിസ്റ്റു പാർട്ടിയ്ക്കെതിരായി, ജനാധിപത്യ മുന്നണിയ്ക്കെതിരായി ശക്തിമത്തായ കടന്നാക്രമണം ഇപ്പോൾ തന്നെ നടത്തി മുന്നോട്ടു പോകാം. അതിനുവേണ്ടി നിങ്ങളെല്ലാവരും ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് ശ്രീ. നായനാരെയാണ്, നായനാരെ പിടിക്കുക എന്നുള്ളതാണ് നിങ്ങളുടെ ലക്ഷ്യം. കാരണം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ പാർട്ടികളുടെയും നേതാവായ സഖാവ് ഇ.കെ. നായനാരെ തൊട്ട് നമുക്ക് ആരംഭിക്കാമെന്നാണ് നിങ്ങൾ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എനിക്ക് നിങ്ങളോട് ഒറ്റകാര്യം മാത്രമേ പറയാനുള്ളൂ. നക്ഷത്രശോഭയോടുകൂടി കേരള രാഷ്ട്രീയത്തിൽ പ്രശോഭിക്കുന്ന ശ്രീ. ഇ.കെ. നായനാരെ വ്യക്തിപരമായി തകർക്കുന്നതിനുവേണ്ടി നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനത്തിൽ നിങ്ങൾ മാത്രം രക്ഷപ്പെടാൻ പോകുന്നില്ല എന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. ശ്രീ. നായനാരുടെ കുടുംബത്തെപ്പറ്റിയും അവരുടെ സ്വൈരജീവിതത്തെപ്പറ്റിയും വിദേശ യാത്രയെപ്പറ്റിയുമൊക്കെ ഇവിടെ പറഞ്ഞത് ശുദ്ധ അസംബന്ധമാണ് അത്തരം അസംബന്ധങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ കഴിയുമെന്ന് നിങ്ങൾ വ്യാമോഹിക്കണ്ട. ഇടതുപക്ഷജനാധിപത്യമുന്നണി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഒരു ടേം, അതു കഴിഞ്ഞാൽ യു.ഡി.എഫ് രണ്ടാമത്തെ ടേം. ഇങ്ങനെയാണ് കേരളത്തിന്റെ പാരമ്പര്യം എന്നു ധരിച്ചുകൊണ്ട് പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ മനപായസം കണ്ടുകൊണ്ട് അഞ്ചുകൊല്ലം കഴിഞ്ഞാൽ പിന്നെ വരാൻപോകുന്നത് യു.ഡി.എഫ്. ആണെന്നു വിചാരിച്ചാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു കാര്യം ഉറപ്പാണ്. വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി നടപ്പിലാക്കിയിട്ടുള്ള ജനോപകാരപ്രദങ്ങളായിട്ടുള്ള പരിപാടികളെ അടിസ്ഥാനപ്പെടുത്തി ജനങ്ങളെ സമീപിച്ചുകൊണ്ട് വീണ്ടും കേരളത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണി അധികാരത്തിൽ വരാൻ പോകുന്ന രാഷ്ട്രീയ സാഹചര്യം നിയമസഭയിൽ ഉണ്ടാകാൻ പോകുകയാണ്. അതുകൊണ്ട് ഇപ്പോഴേ വല്ലാതെ മോഹിച്ച് അവസാനം മോഹഭംഗമുണ്ടാകുന്ന അവസ്ഥയലേക്ക് പോകരുതെന്നുമാത്രം ചൂണ്ടികാണിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ.എൻ. അനിരുദ്ധൻ</u> : സർ, മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ നടപടികൾക്കുവേണ്ടിയുള്ള ഈ ഉപധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. ഇവിടെ ബഹുമാന്യനായ ശ്രീ. ടി.എം. ജേക്കബ് റവന്യു കമ്മിയുടെ കാര്യം പറയുകയുണ്ടായി. പദ്ധതി വിഹിതത്തിന്റെ 40 ശതമാനം പഞ്ചായത്തുകൾക്ക് നൽകുന്നതുമൂലം ഉണ്ടാകുന്ന ചെലവ് മൂലധനച്ചെലവിൽ അല്ല കണക്കാക്കുന്നത്. അതു ചെലവിലാണ് കണക്കാക്കുന്നത്. എന്നാൽ അങ്ങനെ ലഭിക്കുന്ന സംഖ്യയുടെ 70 ശതമാനം പഞ്ചായത്തുകൾ മൂലധനച്ചെലവിലേക്ക് വേണ്ടിയാണ് ചെലവഴിക്കുന്നത്. അതുകൊണ്ട് സ്വാഭാവികമായി യു.ഡി.എഫിന്റെ ഭരണകാലത്തുണ്ടായിരുന്ന റവന്യൂ ചെലവും എൽ.ഡി.എഫ് ഭരണകാലത്തുണ്ടായിരുന്ന റവന്യു ചെലവും തമ്മിൽ താരതമ്യപ്പെടുത്തുന്നത് വസ്തുതകൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് ശ്രീ. ജേക്കബിന്റെ നിഗമനം പാടേ അബദ്ധജടിലമാണ്. കടബാധ്യത വദ്ധിക്കുന്നുവെന്നുള്ളതാണ് മറ്റൊരു ആരോപണം. കടബാധ്യതകൾ വദ്ധിക്കുന്നുവെന്നുള്ളത് ശരിയാണ്. കടബാധ്യത വർധിക്കാത്ത ഏതെങ്കിലുമൊരു സംസ്ഥാന ഗവൺമെന്റ് ഇന്ത്യയിലുണ്ടോ? ഇന്ത്യാ ഗവൺമെന്റിലുണ്ടോ? ഇല്ലെന്ന് എല്ലാവരും തലകുലുക്കി സമ്മതിക്കുമല്ലോ. കടബാധ്യത വർധിക്കുന്നതെന്തുകൊണ്ടാണ്? യഥാർത്ഥത്തിൽ യു.ഡി. എഫ് ന്റെ ഭരണകാലത്ത് അന്ന് കടബാധ്യത അവർ ഭരണമേൽക്കുമ്പോൾ 4717 കോടി രൂപയായിരുന്നു. പിരിയുമ്പോൾ 10,114 കോടി രൂപയായിരുന്നു. അന്നുമൊത്തം പദ്ധതി അടങ്കൽ 5,520 കോടി രൂപയും. യഥാർത്ഥത്തിൽ കടബാധ്യതയുടെ വദ്ധനവ് 115 ശതമാനമായി. എൽ.ഡി.എഫ്. ഭരണം ഏൽക്കുമ്പോൾ 10,114 കോടി രൂപയുടെ ബാധ്യത 20,176 കോടി രൂപയായി വദ്ധിച്ചുവെന്നുള്ളത് ശരിയാണ്. എന്നാൽ അതു ആകെ വദ്ധനവിന്റെ 99 ശതമാനം മാത്രമാണ്. പദ്ധതിച്ചെലവുകൾക്കായി ഈ ഗവൺമെന്റ് ചെലവാക്കിയത് 15,000 കോടി രൂപയാണ്. 5522 കോടി രൂപ ചെലവാക്കിയ യു.ഡി.എഫ്. ഭരണത്തിന് വ്യത്യസ്തമായി 15,000 കോടി രൂപ പദ്ധതിച്ചെലവുകൾക്ക് നൽകിയതുകൊണ്ടുള്ള കടബാധ്യതയാണ് ഈ ഗവൺമെന്റിനുള്ളത്. ഏതു കടം വദ്ധിപ്പിക്കുമ്പോഴും അത് എന്തിനുവേണ്ടിയെന്നുള്ളതാണ് വിഷയം. ചുരുക്കത്തിൽ കേന്ദ്ര ഗവൺമെന്റ് നൽകിയിരിക്കുന്ന, പുതിയ സാമ്പത്തിക നയത്തിന്റെയടിസ്ഥാനത്തിൽ നൽകിയിരിക്കുന്ന നിയന്ത്രണങ്ങൾ എൽ.ഡി.എഫ്. സർക്കാരിന് അംഗീകരിക്കാൻ നിവൃത്തിയില്ല. നിങ്ങളും അംഗീകരിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല. പദ്ധതിച്ചെലവ് വെട്ടിക്കുറയ്ക്കണം, സബ്സിഡികളും ആശ്വാസ പെൻഷനും കുറയ്ക്കണം, ജീവനക്കാരുടെ എണ്ണം പടിപടിയായി

LIBRARY ARCHIVES Kerala Legislative Assembly

കുറയ്ക്കണം. ക്ഷാമബത്ത മരവിപ്പിക്കണം, നികുതികൾ വർധിപ്പിക്കണം. എന്നീ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഈ കട ബാധ്യത കുറയ്ക്കുവാൻ എൽ.ഡി.എഫ്. ഗവൺമെന്റിനു സാധ്യമല്ല. അങ്ങ നെയുള്ളതുകൊണ്ടാണ് ഈ കടബാധ്യത ഇപ്പോഴും വദ്ധിച്ചുകൊണ്ടിരിക്കുന്ന ത്. എന്നാൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക പ്രതിസന്ധിക്കുള്ള കാരണമെ ന്താണ്? അതു കേന്ദ്ര ഗവൺമെന്റിന്റെ നയ സമീപനമാണെന്നു പറഞ്ഞാൽ തീർച്ചയായും അത് കേന്ദ്ര ഗവൺമെന്റ് എടുത്ത, 1991-ൽ എടുത്ത സാമ്പത്തി കനയത്തിന്റെ പരിണിതഫലമാണ് ഈ കടബാധ്യത. എന്നാൽ സംസ്ഥാന ഗവൺമെന്റ് ഈ കടബാധ്യതകൾ ഏറ്റെടുത്തുകൊണ്ടുതന്നെ വികസന പ്രവർത്തനങ്ങളിൽ ഏതു ഭാഗത്തേയ്ക്കാണ് ഈ കടബാധ്യതയുണ്ടാക്കി ക്കൊണ്ട് ധനം ചെലവാക്കിയതെന്നു പരിശോധിച്ചാലാണ് യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ സ്വഭാവം വ്യക്തമാക്കുന്നത്. തീർച്ചയായും ഈ കടബാധ്യത കൾ ഏറ്റെടുക്കുമ്പോൾ ആദ്യംതന്നെ ഞങ്ങൾ പറഞ്ഞ ഒരു കാര്യം, ഈ പുതിയ സാമ്പത്തിക നയം ഇന്ത്യയുടെ സ്വാതന്ത്ര്യത്തെയും പരമാധികാര ത്തെയും ഇല്ലായ്മ ചെയ്യുമെന്നുള്ളതാണ്. അതു പറഞ്ഞപ്പോൾ കോൺഗ്രസ്സും കോൺഗ്രസ്സിനുവേണ്ടി പേനയുന്തുന്ന ആളുകളും പുച്ഛിച്ചുത ള്ളി. ഒരു അമേരിക്കൻ ഇക്കോണമിസ്റ്റിന്റെ നിഗമനം സഭയുടെ ശ്രദ്ധയിൽകൊ ണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ പേര് കോൾകോൺമാൻ എന്നാണ്. അദ്ദേഹം ഒരു പുസ്തകമെഴുതിയിട്ടുണ്ട്. പ്രസിദ്ധനായ ഒരു ഇക്ക ണോമിസ്റ്റാണ്. അദ്ദേഹത്തിന്റെ പുസ്തകത്തിന്റെ പേര് 'ഡിപ്രഷൻ ഇക്കോ ണമി' എന്നാണ്. അദ്ദേഹം പറഞ്ഞിരിക്കുന്നത് ഈ സാമ്പത്തിക നയസമീ പനം തീർച്ചയായും മൂന്നു രംഗങ്ങളുള്ള ഒരു ദുരന്ത നാടകമാണ്. ആ മൂന്ന് രംഗങ്ങളുള്ള ദുരന്ത നാടകത്തിലെ ഒന്നാം രംഗം 1995-ൽ അവർ മെക്സിക്കോ യിൽ അരങ്ങേറിക്കഴിഞ്ഞു. രണ്ടാം രംഗം 1997-98-ൽ തെക്കുകിഴക്കൻ ഏഷ്യ യിൽ 'ഏഷ്യൻ ടൈഗർ' എന്നു പറയുന്ന ഇൻഡോനേഷ്യയുടെ തൊട്ടടു ത്തുള്ള രാജ്യങ്ങളിൽ അരങ്ങേറി സമാപിച്ചു. മൂന്നാം രംഗം ഇന്ത്യയിൽ ആരം ഭിച്ചിരിക്കുന്നു. അതു തീർച്ചയായും ഇന്ത്യയിലെ ജനങ്ങളെ മാത്രമല്ല, ഒരു ജനതയേയും ഒരു സംസ്ക്കാരത്തെയും ഒരു ഭൂഖണ്ഡത്തെയും പ്രതികൂല മായി ബാധിക്കുന്ന ദു:ഖപര്യവസായിയായ ഒരു സംഭവമായിരിക്കും. ആ സംഭ വത്തിന് ഉത്തരവാദി കോൺഗ്രസ്സേ നീ തന്നെയാണ് എന്ന് വിവരമുള്ളവർ പറയും. ഈ സാമ്പത്തികനയം തിരുത്താൻ തയ്യാറുണ്ടോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം. ശ്രീ.എ.കെ. ആന്റണിയും ഞാനും മാതൃഭൂമി കൊല്ലം എഡിഷന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തപ്പോൾ ഈ സാമ്പത്തിക നയത്തെ നിശിതമായി വിമർശിച്ച് പ്രസംഗിച്ചതിന് ബദലായി/ശ്രീ. എ.കെ ആന്റണി ഞാൻ ഒരു റിപ്പോർട്ട് ഈ എക്കണോമിക് നയം തിരുത്തുന്നതിനു വേണ്ടി നൽകിയിട്ടുണ്ടെന്നു പറഞ്ഞു. ശ്രീമാൻ ഇ. ചന്ദ്രശേഖരൻ നായരും ആ സമ്മേളനത്തിൽ പങ്കെടുത്തു. അദ്ദേഹം പറഞ്ഞു ശ്രീ. എ.കെ. ആന്റണി ഈ സാമ്പത്തികനയം തിരുത്തുന്നതിന് റിപ്പോർട്ട് കൊടുത്താൽ പോരാ, തിരു ത്തേണ്ടത് മുകളിലാണ്, ശ്രീമതി സോണിയാ ഗാന്ധി. അവിടെ സമ്മർദ്ദം ചെലുത്തണമെന്ന് പറഞ്ഞപ്പോൾ ശ്രീ. എ.കെ. ആന്റണി ചിരിച്ചു തള്ളിയതേ യുള്ളു. അങ്ങനെ സമ്മർദ്ദം ചെലുത്തണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തി ലാണ് ശ്രീമതി സോണിയാഗാന്ധി ഫിക്കിലെ സമ്മേളനത്തിൽ പറഞ്ഞതെന്താ ണെന്ന് അറിയാമോ congress needs no certificate of its commitment to the economic reforms from anybody. ഒരുത്തന്റേയും ഔദാര്യം എനിക്ക് ആവ ശ്യമില്ല എന്നാണ് പറഞ്ഞത്. അതിൽ ശ്രീമാൻ എ.കെ. ആന്റണി ഉൾപ്പെടുമോ

LIBRARY ARCHIVES Kerala Legislative Assembly

എന്നെനിക്കറിയില്ല. ശ്രീ. എ.കെ. ആന്റണി മാന്യനാണ്. അവർ പറയുകയുണ്ടായി 'whether it was with the Insurance Bill or W.T.O – related to matters or the Company Law Amendment, we have always co-operated. ' ഞങ്ങൾ ഇത് സഹകരിച്ചുതന്നെയാണ് പോകുന്നത്. ആരൊക്കെയായിട്ട് കോ- ഓപ്പറേറ്റ് ചെയ്യുന്നു? ബി.ജെ.പിയുമായി കോ-ഓപ്പറേറ്റ് ചെയ്യുന്നു. ഈ നയസമീപനത്തിന്റെ അടിസ്ഥാനത്തിലുണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കുന്നതിന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ കൃഷി പരിഷ്ക്കരിച്ചുകൊള്ളണം എന്നാണ് പറയുന്നത്. മുകളിൽപോയി ഈ സാമ്പത്തിക നയം സ്വീകരിച്ച് ഈ രാജ്യത്തെ സാമ്പത്തികമായി മാത്രമല്ല രാഷ്ട്രീയമായും ഒരു പ്രതിസന്ധിയിലെത്തിച്ചതിനുശേഷം കൃഷ്ണൻ കണിയാപറമ്പിൽ കൃഷി പരിഷ്കരിച്ചുകൊള്ളണമെന്ന് പറഞ്ഞുകൊണ്ട്; അതിന്റെ പ്രതീകമായി, പ്രതീകാത്മകമായി പത്ത് സ്നേഹിതൻമാരെ സഭാകവാടത്തിൽ കിടത്തുന്നത് വഞ്ചനയാണ്. തികഞ്ഞ വഞ്ചനയാണ്. ഈ സാമ്പത്തിക നയത്തിന്റെ ഫലമായി ഇവിടെയുണ്ടായിരിക്കുന്ന പ്രതിസന്ധിയെക്കുറിച്ച് ഇവിടെയുള്ള കൃഷിക്കാരന് നല്ല ബോധ്യമാണ്. ഒരു കാര്യം ഞാൻ പറയാം റബ്ബറിന്റെ വില പാതാളത്തോളം താഴുമ്പോൾ ടയറിന്റെ വില താഴുന്നില്ല. തേയിലനുള്ളുന്ന ആളിന് ശമ്പളം കൊടുക്കാനില്ലാതാകുമ്പോഴും കമ്പോളത്തിൽ തേയിലയുടെ വില കുറയുന്നില്ല. തേങ്ങയുടെ വില പാതാളംവരെ താഴുമ്പോഴും വെളിച്ചെണ്ണകൊണ്ടുണ്ടാക്കുന്ന കുളിസോപ്പിന്റെയും ഷാമ്പുവിന്റെയും ഹെയർ ഓയിലിന്റെയും വില കുറയുന്നില്ല. കൃഷിക്കാരൻ കൊടുക്കുന്ന എല്ലാ സാധനങ്ങൾക്കും വില കുറയുകയും അവൻ വാങ്ങുന്ന എല്ലാ സാധനത്തിനും വില വർദ്ധിപ്പിക്കുകയും ചെയ്യുന്ന പൊതു സാമ്പത്തികനയം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുണ്ടാക്കിയതാണെന്ന് നെഞ്ചത്ത് കൈവച്ചുകൊണ്ട് ഒരു കോൺഗ്രസ്സുകാരന് പറയാൻ കഴിയുമോ? അല്ലെന്നുള്ളത് ബോധ്യമല്ലേ. നമ്മൾ ഈ അധിക തുക എന്തിനുവേണ്ടി ഉപയോഗിച്ചു? നിങ്ങൾ 13 ദിവസം മാത്രം ജോലികൊടുത്ത രണ്ടരലക്ഷം വരുന്ന കൊല്ലം ജില്ലയിലെ കശുവണ്ടി തൊഴിലാളികൾക്ക് 200 ദിവസത്തെ ജോലി കൊടുത്ത അവർക്ക് 47 രൂപ മിനിമം കൂലി നിശ്ചയിച്ചത് 76 രൂപയായി പുതുക്കി കൊടുത്തതിനുവേണ്ടി കാശ് ഉപയോഗിച്ചാൽ നിങ്ങൾക്ക് ദഹിക്കത്തില്ല. നൂറ്റാണ്ടുകളായ വഴിനടക്കാൻ അവകാശമില്ലാതെ, വസ്തുക്കൾ വാങ്ങാൻ കാശില്ലാതെ വിദ്യാഭ്യാസം ചെയ്യാൻ അവകാശമില്ലാതെ പൊതുധാരയിൽ നിന്ന് മാറിനിൽക്കുന്നവന് കിടപ്പാടമെന്ന് സങ്കല്പം പോലുമില്ലാതിരുന്ന ആളുകളെ കൈപിടിച്ചുയർത്തി ഒന്നര സെന്റ് ഭൂമിയും വീടും വച്ചുകൊടുത്ത കാര്യത്തിന് ചെലവാക്കിയ കാര്യം അഴിമതിയാണോ? നിങ്ങൾ ആലോചിക്കണം. നിങ്ങൾക്ക് ദഹിക്കത്തില്ല. മാത്രമല്ല കുടിവെള്ളത്തിനുവേണ്ടി കേണിരുന്ന എത്രയോ ലക്ഷം ആളുകൾക്ക് കുടിവെള്ളമുണ്ടാക്കാനുള്ള പദ്ധതിക്കുവേണ്ടി പണം ചെലവാക്കിയത് അഴിമതിയാണോ? നിങ്ങൾ ആലോചിക്കണം. കവിതാസദസ്സുകളിൽ പറയുന്നതുപോലെ

" വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം"

എന്നുപാടി അഞ്ചുകൊല്ലം ഭരിച്ച ഈ സംസ്ഥാനത്തിന് ആവശ്യമുള്ള വിദ്യുച്ഛക്തി ഉല്പാദിപ്പിച്ച് നൽകുന്നതിനുവേണ്ടി പണം ചെലവാക്കിയത് തെറ്റാണെന്നു പറഞ്ഞാൽ ആരെങ്കിലും വകവയ്ക്കുമോ? ഈ സഭയിൽ നിങ്ങൾ പറയുന്നത് കേട്ടാൽ ആർ.എസ്.എസ് കാരൻ പറയുന്നതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തോന്നും അത് ഞാൻ മറ്റൊന്നും കണ്ട് പറയുന്നതല്ല. ബോംബെയിൽ ആർ.എസ്.എസ്. കാർ പറഞ്ഞു മഹാത്മാഗാന്ധി ദേശദ്രോഹി, നാഥുറാം വിനായക് ഗോഡ്സെ ദേശഭക്തൻ എന്ന നാടകം അവതരിപ്പിച്ചു. സ്വാതന്ത്ര്യാനന്തരം അൻപത് വർഷം കഴിഞ്ഞപ്പോൾ അങ്ങനെ വന്നില്ലേ? ഇവിടെപറയുന്നത് കേട്ടാൽ മണിച്ചൻ മഹാമാന്യൻ, മേനോൻ മഹാപാപി എന്നല്ലേ നിങ്ങൾ പറയുന്നതിന്റെ അർത്ഥം. ഇതിന് ഞാൻ സാക്ഷ്യം വഹിച്ചതാണ്. എന്റെ മണ്ഡലത്തിൽ 17 ആളുകൾ പിടഞ്ഞുമരിച്ചു. ആ പിടഞ്ഞുമരിക്കുന്ന ഓരോ ആളിന്റെയും മരണം അഭിമുഖമായി കണ്ടവനാണ് ഞാൻ. പിടഞ്ഞ് മരിക്കുന്നവർക്ക് കൂട്ടുനിന്നവർ താങ്ങിയവർ, ഇടതുമുന്നണി ഗവൺമെന്റിന്റെ ആളുകളാണ്. ആ റോഡിൽ അട്ടഹസിച്ചുകൊണ്ട് നിന്നവർ യു.ഡി.എഫ്. ആണ്. വണ്ടി തടഞ്ഞവർ നിങ്ങൾ, അവരെ കൊണ്ടുപോകാൻ അനുവദിക്കാതെ നിന്നവർ നിങ്ങൾ. നിങ്ങൾക്കുണ്ടായിരിക്കുന്ന രോഗം ശ്രീ. സെബാസ്റ്റ്യൻ പോൾ പറഞ്ഞതായിരിക്കണമെന്ന് എനിക്കില്ല. പക്ഷേ ഒരു രോഗമുണ്ട്. നിങ്ങൾ മരണം കണ്ടേ വിജയം കാണൂ എന്നെത്തിയിരിക്കുന്നു. ശ്രീമതി ഇന്ദിരാഗാന്ധിയുടെ മരണത്തിന് മുമ്പ് കോൺഗ്രസ്സിന് പ്രതിസന്ധിയുണ്ടായി. ശ്രീമതി ഇന്ദിരാഗാന്ധി മരിച്ചു കോൺഗ്രസ്സ് ജയിച്ചു. അടുത്ത പ്രാവശ്യം ശ്രീ. രാജീവ് ഗാന്ധി വന്നു. പിന്നത്തെ തെരഞ്ഞെടുപ്പിൽ ആരും മരിച്ചില്ല കോൺഗ്രസ്സിനു പ്രതിസന്ധിയുണ്ടായി. അടുത്ത തെരഞ്ഞെടുപ്പിൽ ശ്രീ. രാജീവ് ഗാന്ധി മരിച്ചു നരസിംഹറാവു അധികാരത്തിൽ വന്നു പിന്നത്തെ തെരഞ്ഞെടുപ്പിൽ ആരും മരിച്ചില്ല കോൺഗ്രസ്തോറ്റു. അതുകഴിഞ്ഞുള്ള തെരഞ്ഞെടുപ്പിൽ ആരുമേ മരിച്ചില്ല കോൺഗ്രസ്പാടേ തോറ്റു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കോൺഗ്രസ് ജഡം കണ്ടേ വിജയംകാണൂഎന്ന്. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ദേശീയ നേതാവ് മരിക്കണമെന്നില്ല കല്ലുവാതുക്കൽ ഗ്രാമവാസി മരിച്ചാൽ മതി. മദ്യമെന്നു പറയുന്നത് ഒരു സാമൂഹ്യ വിപത്താണ്. തികഞ്ഞ പ്രതിബദ്ധതയോടും ആർജ്ജവത്തോടും കൂടി എനിക്ക് പറയാൻ കഴിയും ഇതൊരു സാമൂഹ്യവിപത്താണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ മദ്യവിരുദ്ധ പ്രസംഗം നടത്തുന്നതുകേട്ട് ഞാൻ കണ്ണുതള്ളിപ്പോയി. അതൊരു വിപത്തുതന്നെയാണ്. ഇതിന്റെ ഉത്തരവാദികൾ യഥാർത്ഥത്തിൽ ചാരായ നിരോധനത്തിന്റെ രക്തസാക്ഷികളാണ് ഈ 17 ആളുകളെന്ന് ഞാൻ പറയും. എന്റെ മണ്ഡലത്തിലെ കാര്യമാണ് പറഞ്ഞത്. ചാരായ നിരോധനത്തിനു ശേഷം ഇവിടെ ആളുകൾ മരിച്ച് വീഴുമ്പോൾ എന്റെ മണ്ഡലത്തിൽ ഞാൻ ഉൾപ്പെടെയുള്ള ആളുകൾ അവരെ ആശുപത്രിയിൽ കൊണ്ടുപോകാൻ പോയപ്പോൾ സമ്മതിക്കാതെ കെ.പി.സി.സി യുടെ അധ്യക്ഷൻപോലും റോഡ് ബ്ളോക്കുചെയ്തുനിന്നു. അവർക്ക് പ്രശ്നം അതല്ല. രാഷ്ട്രീയമാകണം, രാഷ്ട്രീയമാക്കാൻ നിൽക്കുകയാണ്. അതിനെ അതിജീവിച്ച് ആശുപത്രിയിൽകൊണ്ടുപോയി. പതിനൊന്ന് ശവശരീരങ്ങൾ തിരിച്ചുകൊണ്ടുവരുമ്പോൾ ഇവർ കൂവി വിളിക്കുകയായിരുന്നു. അവർ മരിച്ചുകിട്ടിയപ്പോൾ സന്തോഷമായി. ശ്രീമാൻ രാജീവ്ഗാന്ധി മരിച്ചപ്പോൾ എന്റെ മണ്ഡലത്തിലെ കോൺഗ്രസ്സ് സ്നേഹിതർ കോളടിച്ചു എന്നാണ് പറഞ്ഞത്. ഈ ആളുകൾ മരിച്ചുകിട്ടിയപ്പോൾ തെരഞ്ഞെടുപ്പിൽ കോളടിച്ചുവെന്ന് പറഞ്ഞുകൊണ്ട് അട്ടഹസിക്കുകയായിരുന്നു. പക്ഷേ ഒരുകാര്യം അതിനുശേഷം എന്റെ മണ്ഡലത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ആ തെരഞ്ഞെടുപ്പിൽ 6600 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എൽ.ഡി.എഫ് സ്ഥാനാർത്ഥി ജയിച്ചുവെന്ന കാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ മണിച്ചൻ, കൊച്ചനി, താത്ത എന്നൊക്കെ പറഞ്ഞ് പ്രതിഷേധ പ്രകടനങ്ങൾ നടത്തിയല്ലോ. കല്ലുവാതു

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ ജംഗ്ഷനിൽനിന്നും നൂറുവാര അകലെയാണ് ഹയറുന്നിസയുടെ കൊട്ടാരം. ഈ പ്രതിഷേധ പ്രകടനം നടത്തിയ കോൺഗ്രസ്സുകാർ ആരെങ്കിലും ഒരു തരി മണ്ണുവാരി ഹയറുന്നീസയുടെ കൊട്ടാരത്തിലെറിഞ്ഞോ? ഇല്ല, അവിടെയാണ് എനിക്ക് സംശയം.

(അധ്യക്ഷവേദിയിൽ മി.സ്പീക്കർ)

ആ ദുരന്തത്തിൽ എത്രകണ്ട് രാഷ്ട്രീയമായി കുന്തമുന ഈ ഗവൺമെന്റിനെതിരെ തിരിച്ചുവയ്ക്കുമോ അത്രകണ്ട് മണിച്ചനും താത്തയും

6 pm

കൊച്ചനിയും രക്ഷപ്പെടും. നിങ്ങൾ ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ രാജിവയ്ക്കണമെന്നു പറഞ്ഞാൽ അതിനർത്ഥം കൊച്ചനി രക്ഷപ്പെടണമെന്നാണ്. നിങ്ങൾ ബഹുമാനപ്പെട്ട ടി.ശിവദാസമേനോൻ രാജിവയ്ക്കണമെന്നു പറഞ്ഞാൽ അതിനർത്ഥം താത്ത രക്ഷപ്പെടണം, മണിച്ചന് ഒരു പോറൽപോലും ഏൽക്കാതെ രക്ഷപ്പെടണമെന്നാണ്. ഈ സാഹചര്യത്തിൽ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന് പിന്തുണ നൽകി ഈ സാമൂഹ്യതിന്മയ്ക്കെതിരെ ഈ ദുരന്തത്തിന് പരിഹാരം കാണാൻ ശ്രമിക്കുകയല്ലേ വേണ്ടത്? ആർജ്ജവമുള്ള രാഷ്ട്രീയപ്രവർത്തകർ അത് ചെയ്യണം. മദ്യദുരന്തം ഉണ്ടാക്കിയതിനുശേഷം ഗവൺമെന്റ് നടപടി എടുത്തില്ലേ? ഈ മദ്യദുരന്തം നടന്നതിനുശേഷം ഉണ്ടായിട്ടുള്ള റെയ്ഡും പ്രതികളെ പിടിച്ചതുമെല്ലാം സൂചിപ്പിക്കുന്നത് തീർച്ചയായും മദ്യലോബിയുമായി ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന് എന്തെങ്കിലും ബന്ധം ഉണ്ടെങ്കിൽ നടക്കുകയില്ലായിരുന്നു എന്നുള്ളതാണ്. മണിച്ചൻ പറയുന്ന വാക്യങ്ങളെല്ലാം ആപ്തവാക്യങ്ങളാണ് എന്നാണ് നേരത്തെ എന്റെ സ്നേഹിതൻ പ്രസംഗിച്ചപ്പോൾ എനിക്കു തോന്നിയത്. മണിച്ചൻപറയുന്നു ഇയാൾക്ക് രണ്ടു ലക്ഷം, മറ്റേയാൾക്ക് മൂന്നുലക്ഷം, അപ്പോൾ മണിച്ചൻ പറയുന്നതെല്ലാം ശരി. മണിച്ചൻ എത്ര മാന്യൻ. റിലയബിളാണെന്ന് പറയാൻ കഴിയുന്ന ഒരു വ്യക്തി മണിച്ചൻ മാത്രമാണ്. നിങ്ങൾക്ക് മണിച്ചനും താത്തയും കൊച്ചനിയും നല്ലവർ. ഗവൺമെന്റും ഗവൺമെന്റിന്റെ പ്രതിനിധിയായ എക്സൈസ് വകുപ്പുമന്ത്രിയും മോശക്കാർ, കഷ്ടമാണ്. നിങ്ങൾ ഈ രീതിയിൽ മുന്നോട്ടുപോകരുത്. പൊതുധാരയിൽനിന്നും അകറ്റി നിർത്തിയിരുന്നവരെ അടുത്തുകൊണ്ടുവരാൻ ശ്രമിച്ചു എന്നുള്ളതല്ലേ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെതിരായി നിങ്ങൾ ആരോപിക്കുന്ന കുറ്റം? ദാരിദ്ര്യരേഖയ്ക്കുതാഴെ താമസിക്കുന്നവരെ കൈത്താങ്ങ് കൊടുത്ത് പൊതുധാരയിലേക്ക് കൊണ്ടുവരേണ്ടത് ഗവൺമെന്റിന്റെ കടമയാണെന്ന് പ്രഖ്യാപിച്ച മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ പൊതുമേഖല തൂത്തെറിഞ്ഞവരാണ് നിങ്ങൾ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇൻഷ്വറൻസ് കമ്പനി ദേശസാത്ക്കരിച്ചപ്പോൾ അദ്ദേഹത്തിന്റെ കൊച്ചുമകന്റെ ഭാര്യ രണ്ട് കയ്യും പൊക്കി അത് മുതലാളിമാർക്കു കൊടുത്തു. ശ്രീമതി ഇന്ദിരാഗാന്ധി ദേശസാൽക്കരിച്ച ബാങ്ക് തിരിച്ചുകൊടുക്കാൻ പോകുന്നതിനെ എതിർക്കുമെന്ന് ശ്രീ. എം.കെ. ആന്റണി പറഞ്ഞു. എതിർത്താൽ കൊള്ളാം, കാണാൻ പോകുന്ന പൂരം പറഞ്ഞു കേൾക്കണ്ട, അത് കണ്ടറിയാം. ഇപ്പോൾ ബാങ്ക് ദേശസാൽക്കരിച്ചിട്ടുപോലും മുതലാളിമാർ ബാങ്കിൽനിന്നുമെടുത്ത 55,000 കോടി രൂപ തിരിച്ചടയ്ക്കാതെ കിട്ടാകടമായി ബി.ജെ.പി. ഗവൺമെന്റ് എഴുതിതള്ളാൻ പോകുകയാണ്. കിട്ടാക്കടമായി 55,000 കോടി രൂപ എഴുതിതള്ളുന്ന ആ ഗവൺമെന്റ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പാവപ്പെട്ടവർക്ക് നൽകുന്ന റേഷൻ പരിമിതപ്പെടുത്തി സബ്സിഡി എടുത്തുകളഞ്ഞു. കടലിൽ കളഞ്ഞാലും ഇവർക്ക് കൊടുക്കുക

LIBRARY ARCHIVES Kerala Legislative Assembly

യില്ലെന്ന വൈരാഗ്യബുദ്ധിയോടുകൂടി നിൽക്കുന്ന ആ ഗവൺമെന്റിന്റെ സാമ്പത്തികനയങ്ങളെ പിന്താങ്ങുന്ന നിങ്ങളെ മനുഷ്യത്വമില്ലാത്തവരാണെന്ന് ചരിത്രം പറയുകയില്ലേ? ഇത് നിങ്ങൾ തിരുത്തണം. തിരുത്തേണ്ടത് നിങ്ങളല്ല, ഞങ്ങളാണ്. അനുഭവമല്ലേ ഗുരു. ആ അനുഭവം നിങ്ങൾക്കിപ്പോൾ ഉണ്ടായിരിക്കുകയാണ്. അതുകൊണ്ട് ഈ കവാടത്തിൽ കിടക്കുന്നവരെ ഇപ്പോൾതന്നെ പിൻവലിച്ച് നമുക്ക് യോജിപ്പിലെത്താം. ഞാൻ വെറുതെ വാചകം പറയുന്നതാണോ? ഞങ്ങൾ എം.എൽ.എ. മാരെല്ലാംകൂടി ഡൽഹിയിൽപോയി എരിയുന്ന വെയിലത്ത്, പാർലമെന്റ് മന്ദിരത്തിന്റെ കുറെയിപ്പുറത്താണെങ്കിലും ജേക്കബ് പോകുന്നതിന് എത്രയോ നാൾ മുമ്പേ പോയി പ്രതിഷേധിക്കുകയും പ്രധാനമന്ത്രിയെക്കണ്ട് നിവേദനം കൊടുക്കുകയും ചെയ്തു. അല്ലാതെ യുദ്ധം ചെയ്യാൻ പറ്റുമോ? പറയാനുള്ള ചുമതല ജനാധിപത്യപരമായി നിർവ്വഹിച്ച ഞങ്ങളോടാണ് നിങ്ങൾ ഇത്തരത്തിൽ സംസാരിക്കുന്നത്. അത് കയ്യിലിരുന്നാൽ മതി. ഇതെല്ലാം ഒരു തരം ജാടകളാണ്. എത്രയോ രാവണവധം കണ്ടവരാണ് കേരളത്തിലെ ജനങ്ങൾ. അവരെ തെറ്റിദ്ധരിപ്പിക്കരുത്. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി കുരുമുളകിന്റെ വില കൂട്ടിക്കൊള്ളണം, തേങ്ങയുടെ വില കൂട്ടണം. റബ്ബറിന്റെ വില കൂട്ടണം, സകലതിന്റെയും വില കൂട്ടണം. ഞങ്ങളവിടെയിരുന്ന് സകലതിന്റെ വിലയും കുറയ്ക്കാനുള്ള നടപടി ചെയ്തുകൊള്ളാമെന്നു പറയുന്ന കൊച്ചുബുദ്ധി കേരളത്തിലെ എല്ലാ ജനങ്ങൾക്കും മനസ്സിലായിട്ടുണ്ട്. ആ വെള്ളം ഇനി വാങ്ങി വച്ചാൽ മതി. ഇവിടെ വേവത്തില്ല. അതുകൊണ്ടാണ് സാധാരണ ജനങ്ങൾക്കും ദാരിദ്ര്യരേഖയ്ക്കു താഴെ താമസിക്കുന്നവർക്കും വേണ്ടിയുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നത്.

മി. സ്പീക്കർ : ചെയറിന് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുമ്പോൾ സമയനിഷ്ഠ പാലിക്കണം. എങ്കിൽ മാത്രമേ 9.00 മണിക്കുമുമ്പ് തീർക്കാൻ പറ്റുകയുള്ളൂ.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഇവിടെ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് അഞ്ചാമത്തെ വർഷം പൂർത്തിയാക്കാൻ പോകുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ ജനങ്ങളുടെ ജീവൽപ്രശ്നമായിട്ടുള്ള ആവശ്യങ്ങൾക്ക് പരിഹാരം കാണാൻ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾക്ക് വേഗതകൂട്ടുന്നതിനു വേണ്ടി ചെലവാക്കിയ പണത്തിന് അംഗീകാരം വാങ്ങുന്നതിനാണ് ഈ ഉപധനാഭ്യർത്ഥനകൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങളെക്കുറിച്ചൊന്നും പറയാതെ ചില രാഷ്ട്രീയമായ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് ഒരു പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിച്ചത്. ഇവിടെ ബഹു. കെ. സുധാകരൻ വസ്തുതകളെ മറച്ചുവച്ചുകൊണ്ട് വേശ്യയുടെ ചാരിത്രപ്രസംഗമാണ് നടത്തിയത്. ബഹു. ടി.എം. ജേക്കബ് ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. ഞങ്ങൾ ബഹു. കെ.ആർ. ഗൗരിയമ്മയോട് ബഹുമാനക്കുറവൊന്നും കാണിച്ചിട്ടില്ല. ബഹു. ടി.എം. ജേക്കബിന് ഗൗരിയമ്മയോട് വലിയ ബഹുമാനമാണ്. കഴിഞ്ഞ നിയമസഭയിൽ ശ്രീ. ടി.എം. ജേക്കബ്, ഗൗരിയമ്മയെ മണർക്കാട് പാപ്പനുമായി ബന്ധപ്പെടുത്തിയാണ് സംസാരിച്ചത്. മണർക്കാട് പാപ്പന് ഗൗരിയമ്മയെ ഭാര്യയെക്കാൾ കൂടുതൽ സ്നേഹമാണെന്ന് ഗൗരിയമ്മയെ നോക്കി ടി.എം. ജേക്കബ് പറയുകയുണ്ടായി. ഇപ്പോൾ ജേക്കബിന് ഗൗരിയമ്മയോട് വലിയ സ്നേഹം! പിന്നെ ഇവർ പ്രധാനമന്ത്രിയെപോയി കണ്ടു എന്നാണ് പറയുന്നത്. ഇന്നലെ ബഹു.

LIBRARY ARCHIVES Kerala Legislative Assembly

കുഞ്ഞാലിക്കുട്ടി പ്രധാനമന്ത്രിയെ പോയി കണ്ടതിന്റെ അവസ്ഥ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രധാനമന്ത്രിയെ കണ്ട് നിവേദനം കൊടുത്തു. പ്രധാനമന്ത്രി തലയാട്ടി. എന്താണ് പറഞ്ഞതെന്ന് പോയവർക്കും മനസ്സിലായില്ല. പ്രധാനമന്ത്രിക്കും മനസ്സിലായില്ല. രണ്ടുമാകാമെന്നാണ് ബഹു. കുഞ്ഞാലിക്കുട്ടി ഇവിടെ പറഞ്ഞത്. പ്രധാനമന്ത്രിയെ കണ്ടത് വലിയൊരു കാര്യമായിട്ടാണ് പ്രതിപക്ഷത്തുള്ളവർ ഇവിടെ സംസാരിച്ചത്. പ്രധാനമന്ത്രി തലയാട്ടിയെന്ന് പറയുന്നു. എന്താണ് അതിന്റെ അർത്ഥമെന്ന് അവർക്കേ അറിയൂ. പിന്നെ ബഹുമാനപ്പെട്ട ടി.എം. ജേക്കബ്, പ്ലാനൊക്കെ കട്ട് ചെയ്തു. ഒന്നും നടപ്പിലാകുന്നില്ല എന്ന രീതിയിലാണ് ഇവിടെ പ്രസംഗിച്ചത്. ശ്രീ. ടി.എം. ജേക്കബ് അഞ്ചുകൊല്ലക്കാലം വിദ്യാഭ്യാസമന്ത്രിയായിരുന്നപ്പോൾ ഒരു സ്കൂളിൽ ഒരു മൂത്രപ്പുരപോലും കെട്ടിയിട്ടില്ല. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കഴിഞ്ഞ നാലരക്കൊല്ലത്തെ ഭരണത്തിനിടയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തിയിട്ടുള്ളതെന്ന് ഒന്ന് പോയി നോക്കണം. പുതിയ കെട്ടിടങ്ങൾ. മൂത്രപ്പുര, ഫർണീച്ചർ., അദ്ധ്യാപകരുടെ നിയമനം തുടങ്ങിയ പരിഷ്ക്കാരങ്ങളെല്ലാം പോയി നോക്കണം. ബഹു. ടി.എം.ജേക്കബ് മന്ത്രിയായിരുന്നപ്പോഴുള്ള അവസ്ഥയല്ല ഇപ്പോൾ സ്കൂളുകളിലുള്ളത്. ഇവിടെ ഒരു പ്ലാനും കട്ട് ചെയ്തിട്ടില്ല. 40% വരെ കേന്ദ്രവും മറ്റ് സംസ്ഥാന ഗവൺമെന്റുകളും പ്ലാനുകൾ കട്ട് ചെയ്തപ്പോൾ നമ്മുടെ സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തിയ സംഖ്യ ഒരു പൈസപോലും കുറവു വരുത്താതെ സംസ്ഥാനത്തിന്റെ പുരോഗതിക്കും വികസനത്തിനുംവേണ്ടി പ്രതിജ്ഞാബദ്ധമായി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. വൈദ്യുതിമേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ചയെ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. നിങ്ങൾ കേരളത്തെ ഇരുട്ടിലേയ്ക്കാണ് നയിച്ചത്. ഞങ്ങൾ അതിൽനിന്നും വ്യത്യസ്തമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ പവർകട്ട് ഇല്ലാത്ത, ലോഡ്ഷെഡ്ഡിംഗ് ഇല്ലാത്ത ഏകസംസ്ഥാനമായി കേരളത്തെ മാറ്റി. അതുകൊണ്ടാണല്ലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് അനുകൂലമായി ജനങ്ങൾ വോട്ട് രേഖപ്പെടുത്തിയത്. വിലക്കയറ്റം തടയാൻ നടപടികൾ സ്വീകരിച്ചു. മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ. നീതി മെഡിക്കൽ സ്റ്റോറുകളെല്ലാം ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പരിഷ്ക്കാരങ്ങളാണ്. അതിന്റെ ഭാഗമായി സാമൂഹ്യ ജീവിതത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക് ഒട്ടേറെ പരിഹാരം ഉണ്ടായിട്ടുണ്ട്. 8-ാം പഞ്ചവൽസര പദ്ധതി ക്കാലത്ത് കേരളത്തിൽ ഏഴായിരം കി.മീറ്റർ റോഡാണ് പൂർത്തിയായത്. അത് 17,000 ആയിട്ട് ഉയർന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേട്ടത്തിന്റെ പട്ടികയിൽ നിങ്ങൾ ഉൾപ്പെടുത്തിയില്ലേ? കൃഷിക്കാർക്ക് കൊടുത്ത ആനുകൂല്യങ്ങൾ എന്തെല്ലാമാണ്? അഞ്ച് ഏക്കർ വരെയുള്ളവർക്ക് വൈദ്യുതി സൗജന്യം. 20 ഹെക്ടർ വരെയുള്ള റബ്ബർ തോട്ടം ഉടമകളെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കി. 28 ലക്ഷം കുട്ടികൾക്ക് 10 കിലോ അരി വീതം കൊടുത്തു. 50 ശതമാനം വരെ രാസവള സബ്സിഡി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തുകൊണ്ടിരിക്കുന്നു. 10 ലക്ഷം കർഷകർക്ക് കർഷകരക്ഷ പദ്ധതി നടപ്പാക്കി. കൃഷിക്കാരെ സഹായിക്കാൻവേണ്ടി റബ്ബർ, തേയില, തുടങ്ങിയവയുടെ പർച്ചേസ് ടാക്സ് ഒഴിവാക്കി. അതുപോലെ സംഭരണ സംവിധാനങ്ങൾ ഉണ്ടാക്കി കൃഷിക്കാരെ സഹായിക്കാനുള്ള നടപടി സ്വീകരിച്ചു. വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ പരിഷ്ക്കാരങ്ങൾ വരുത്തി. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ജനകീയാസൂത്രണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നേട്ടങ്ങൾ എന്തെല്ലാമെന്ന് അനുഭവിച്ചറിഞ്ഞവരാണ്. ഈ ഗവൺമെന്റ് വന്ന തിനുശേഷം പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒന്നേമുക്കാൽ ലക്ഷം വീടുകൾ നിർമ്മിച്ചു കൊടുത്തു. ഇപ്പോഴും അതിന്റെ പണി നടന്നുകൊണ്ടിരി ക്കുകയാണ്. പി.എസ്.സി മുഖേന 75,000 പേർക്ക് നിയമനം. 60,000 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം. 6,500 കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെ നിയമിച്ചത് ഈ ഗവൺമെന്റ് വന്നതിന് ശേഷമാണ്. 4500 കണ്ടക്ടർമാർക്ക് പി.എസ്.സി. മുഖേന നിയമനം കൊടുത്തത് ഈ ഗവൺ മെന്റ് വന്നതിനുശേഷമാണ്. ഈ നേട്ടങ്ങളെല്ലാം മൂടിവച്ചുകൊണ്ട് വെറും മദ്യ ത്തിന്റെ പ്രശ്നവും ഒറ്റപ്പെട്ട ചില കാര്യങ്ങളും പറഞ്ഞുകൊണ്ടാണ് ഈ ഗവൺമെന്റിനെതിരായിട്ടാണ് ജനങ്ങളെ അണിനിരത്താൻ നിങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ശ്രീമാൻ എ.കെ. ആന്റണിയെ കരുണാകരൻ എന്തോ പറഞ്ഞു അദ്ദേഹത്തിന് രണ്ട് കുട്ടികൾ ഉണ്ടായിട്ടും അദ്ദേഹത്തെ എന്തോ പറഞ്ഞു എന്നാണ് ആന്റണിയെ ചൊടിപ്പിച്ചത്. വീര്യം പോര പൗരുഷം ഇല്ല എന്തൊക്കെ പറഞ്ഞു എന്നാണ്. അത് കരുണാകരൻ പിൻവലിച്ചു. പ്രതിപക്ഷ നേതാവിനെപ്പറ്റി പറഞ്ഞത് ശ്രീ. കരുണാകരൻ പിൻവലിച്ചതിനു കാരണം പ്രതിപക്ഷ നേതാവിനെ മുഖ്യമന്ത്രിയാക്കാം, ആന്റണിയെ മുന്നിൽ നിർത്തി യാണ് അടുത്ത തെരഞ്ഞെടുപ്പ് എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരാഴ്ച കഴി ഞ്ഞിട്ടും ആന്റണിയുടെ മറുപടി കിട്ടിയില്ല. ശ്രീ. കരുണാകരൻ പ്രതീക്ഷിച്ചത് അങ്ങനെ പറഞ്ഞാൽ ശ്രീ. കരുണാകരന്റെ മകൻ മുരളിയെ കെ.പി.സി.സി പ്രസിഡന്റ് ആക്കാമെന്ന് ആന്റണി പറയാത്തതുകൊണ്ടാണ് കരുണാകരൻ പറഞ്ഞത് ഞാൻ പറഞ്ഞത് പിൻവലിച്ചു തെരഞ്ഞെടുപ്പു കഴിഞ്ഞതിനു ശേഷം ആലോചിക്കാമെന്ന് പറഞ്ഞത്. പിന്നെ എന്തിനാണ് ഈ എടുത്തു ചാട്ടം. ഇനിയിപ്പോൾ ആരെ മുന്നിൽ നിർത്തിയാണ് നിങ്ങൾ തെരഞ്ഞെടു പ്പിനെ നേരിടുക എന്നു പറഞ്ഞു. ഇപ്പോൾ ആന്റണിയെ മാറ്റി. ഇനിയാര് താത്തയോ? ഇനി നിങ്ങൾക്ക് മുന്നിൽ നിർത്താൻ താത്തയല്ലേയുള്ളു. വേറെ ആരെ നിർത്തിയാണ് തെരഞ്ഞെടുപ്പിനെ നേരിടുക? ആ സ്ഥിതിയിലേക്ക് എത്തിയില്ലേ? ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും എതിർക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ ചെയ്തത്? കോൺഗ്രസ്സിന് ഒരു മദ്യനയം ഉണ്ടോ? എന്താണ് കോൺഗ്രസ്സിന്റെ മദ്യ നയം? നിങ്ങളുടെ എം.എൽ.എ മാരും മന്ത്രിമാരും ഒക്കെ ബാർ നടത്തുകയാണ്. ഈ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്നതുകൊണ്ട് ഇവിടെ ഈ നയം. അഖിലേന്ത്യാടിസ്ഥാന ത്തിൽ മദ്യത്തെ സംബന്ധിച്ച് നിങ്ങൾക്ക് വേറൊരു നയം. നിങ്ങളുടെ മന്ത്രി മാരും എം.എൽ.എ മാരും ബാർ നടത്തുന്നത് നിർത്തിയാൽ ഇവിടെ പകുതി കുറയില്ലേ? ഞങ്ങൾക്ക് ചാനൽ ഉണ്ടായി. ഞങ്ങൾക്ക് പത്രം ഉണ്ടായി. നിങ്ങൾക്ക് ബേജാറാണ്. ദേശാഭിമാനിക്ക് ആറ് എഡിഷൻ ഉണ്ടായി. ഞങ്ങൾ ഉദ്ദേശിക്കുന്നത് 14 എഡിഷൻ ഉണ്ടാക്കാനാണ്. അത് മനസ്സിലായില്ല അല്ലേ? ഞങ്ങൾ ഇനിയും വർദ്ധിപ്പിക്കും. കാരണം ഞങ്ങളെപ്പറ്റി കേരളത്തിലെ പത്ര ങ്ങളൊക്കെ എഴുതിപിടിപ്പിച്ചിരിക്കുന്നത് എന്താണ്? ഞങ്ങൾ അതിന് മറുപടി പറയണ്ടേ? നിങ്ങളെല്ലാം ചേർന്ന് ഞങ്ങളെ ഒതുക്കാൻ നോക്കുമ്പോൾ, ഞങ്ങളെ ഒറ്റപ്പെടുത്താൻ നോക്കുമ്പോൾ, തകർക്കാൻ നോക്കുമ്പോൾ അതി നെതിരായി ഞങ്ങളുടെ ആശങ്കകൾ പ്രകടിപ്പിക്കാനുള്ള പത്രം വേണം. ആ പത്രത്തിന് ഞങ്ങൾ ജനങ്ങളിൽ നിന്നും പൈസ പിരിച്ചുണ്ടാക്കി ജനങ്ങളുടെ വിശ്വാസം എടുക്കുന്ന പാർട്ടിയാണ് ഈ സി.പി.ഐ(എം). ജനങ്ങൾ ഈ പാർട്ടിയിൽ ഉള്ളിടത്തോളം പത്രങ്ങളുടെ എഡിഷൻ ഇനിയും കൂടും. കഴിയു

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിൽ താലൂക്ക് തോറും എഡിഷൻ ഉണ്ടാക്കും. നിങ്ങൾക്ക് തടയാൻ പറ്റുമോ? കൈരളി ചാനൽ വന്നപ്പോൾ നിങ്ങൾക്ക് ബേജാറ്. കൈരളി ചാനലിൽ ആർക്കും ഷെയർ എടുക്കാം. ആവശ്യമെങ്കിൽ ഷെയർ തിരിച്ചു വാങ്ങാം. അത് ട്രാൻഫർ ചെയ്യാം. ആർക്ക് വേണമെങ്കിലും ഷെയർ എടുക്കാം. ചോദിക്കുന്നവർക്കൊക്കെ കൊടുക്കും. ഞങ്ങൾ ഒരു ചാനൽ കൊണ്ടു വന്നപ്പോൾ എന്താ ഇത്ര ബേജാറ്?

ശ്രീ. ജോൺ ഫെർണാണ്ടസ് എറണാകുളം, ജില്ലയിൽ ഇളംകുളം മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റിയുടെ ഓഫീസ് വിൽക്കാൻ ഇവിടത്തെ ഒരു പ്രതിപക്ഷ എം.എൽ.എ ശ്രമിച്ചതിനെതിരായിട്ട് ഡി.സി.സി യുടെ സെക്രട്ടറി കോടതിയിൽ കേസ് കൊടുത്തത് അങ്ങേയ്ക്ക് അറിയാമോ? (ബഹളം)

ശ്രീ. സി.കെ. രാജേന്ദ്രൻ : നിങ്ങൾക്ക് ചാനലിനോട് ഇത്ര വിരോധം എന്താണ്? വസ്തുതകൾ കുറെയൊക്കെ ജനങ്ങളുടെ മുൻപാകെ അവതരിപ്പിക്കാൻ ഇടയ്ക്കു കൈരളി ചാനൽ നിങ്ങൾ തിരിച്ച് നോക്കുമല്ലോ. ആ ചാനൽ വന്നപ്പോൾ കുറെ വസ്തുതകൾ ജനങ്ങളുടെ മുൻപാകെ എത്തിക്കാൻ സാധിക്കുന്നു. അതല്ലേ നിങ്ങൾക്ക് അതിലുള്ള വിരോധം? അല്ലാതെ എന്താണ് വിരോധം? ശ്രീ. മുനീർ ഇപ്പോൾ ഒരു പുതിയ ചാനൽ തുടങ്ങാൻ പോകുന്നു. ആരും ഒന്നും പറയുന്നില്ലല്ലോ. വേറെ ആർക്കും എന്തും ചെയ്യാം. ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒന്നും പാടില്ല. ഈ കാര്യങ്ങൾ ജനങ്ങളെ അറിയിക്കാൻ പാടില്ല. അതാണ് നിങ്ങളുടെ ഉള്ളിലിരിപ്പ്. ഒന്നും നടക്കാൻ പോകുന്നില്ല. ഞങ്ങളുടെ സ്വത്തിനെപ്പറ്റിയും ഓഫീസിനെപ്പറ്റിയും പത്രത്തെപ്പറ്റിയും ഒക്കെ പറയാൻ നിങ്ങൾക്ക് എന്താണ് മാന്യത? എന്താണ് യോഗ്യത? നിങ്ങൾ പൈസ പിരിച്ച് ഏതെങ്കിലും ഒരു ഓഫീസോ ഏതെങ്കിലും സ്ഥാപനമോ ഇതേവരെ ഉണ്ടാക്കിയിട്ടുണ്ടോ പിരിച്ച പൈസയുടെ കണക്ക് നിങ്ങൾ പറഞ്ഞിട്ടുണ്ടോ? ശ്രീ. സി.എം. സ്റ്റീഫനുവേണ്ടിയും ശ്രീ. സി.കെ. ഗോവിന്ദൻ നായർക്കുവേണ്ടിയും ഒക്കെ സ്മാരകം പണിയാൻ പൈസ പിരിച്ചിട്ട് പുട്ടടിച്ചില്ലേ? എവിടെയെങ്കിലും അതിന്റെ കണക്കുണ്ടോ? വീക്ഷണം പത്രം എവിടെപ്പോയി? എ.ഐ.സി.സി.യിൽ നിന്നും കൊടുത്ത 85 ലക്ഷം രൂപ ഇപ്പോൾ എവിടെപ്പോയി? വീക്ഷണം ജീവനക്കാർ ഓണത്തിന് നിരാഹാരം ഇരിക്കുന്നതുപോലെ ഇരുന്നില്ലേ? അതിനെപ്പറ്റി എന്താണ് പറയാനുള്ളത്? വ്യാജമദ്യത്തെപ്പറ്റി പറഞ്ഞ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ പ്രതിക്കൂട്ടിൽ നിർത്തി, ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രിയെ പ്രതിക്കൂട്ടിൽ നിർത്തി ഞങ്ങളെ ഒറ്റപ്പെടുത്തി തകർക്കാമെന്നാണ് നിങ്ങളുടെ വിചാരം. ഇന്നേവരെ അറസ്റ്റ് ചെയ്തവരിൽ ആരെങ്കിലും സി.പി.എം കാർ ഉണ്ടോ? ഏതെങ്കിലും ഒരാളിന്റെ പേരിൽ കേസ്സെടുത്തോ? യമുനാ ബാറിൽ ഒരാൾ മദ്യം കഴിച്ചു കുഴഞ്ഞുവീണു. യമുനാ ബാർ ആരുടേതാണെന്ന് ചോദിച്ചപ്പോൾ ഒരു എം.എൽ.എ പറഞ്ഞത് എന്റേതല്ല, എന്റെ അമ്മയുടേത് എന്നാണ്. ഈ കേരളത്തിൽ മുഴുവനും ആനമയക്കി കള്ളും പടയപ്പയും മണവാട്ടിയും എട്ടടി വീരനും ഒക്കെ എത്തിച്ചു കൊടുക്കുന്ന ഒരാൾ നിങ്ങളുടെ കൂടെ ഇരിക്കുന്നില്ലേ? (ബഹളം) .... പിടിച്ചല്ലോ. കേസ്സുണ്ടല്ലോ. പിടിച്ചപ്പോൾ എം.എൽ.എയുടെ പേരിലല്ല. ഞാനല്ല എന്റെ അനുജനാണെന്ന് പറഞ്ഞില്ലേ? ഇയാൾ എം.എൽ.എ ആയതിനുശേഷമല്ലേ അനുജന്റെ പേരിൽ മാറ്റിയത്? ആ നാട്ടിലുള്ള ഞങ്ങൾക്കെല്ലാവർക്കും അറിയാവുന്നതല്ലേ?

ശ്രീ. എം.വി. ജയരാജൻ : ബഹുമാനപ്പെട്ട ഒരു അംഗം ഇവിടെ പറഞ്ഞല്ലോ, പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ യുടെ അനുജൻ ഈ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ വ്യാജമദ്യ കേസിൽ പ്രതിയാണെന്ന്. അതു മാത്രമല്ല, പ്രതിപക്ഷ ത്തുള്ള മറ്റൊരു എം.എൽ.എ യുടെ അനുജൻ കള്ളനോട്ട് കേസ്സിൽ പ്രതിയാ ണ്. ബാംഗ്ലൂരിൽ ഇപ്പോൾ ജയിലിലാണെന്നുള്ള വിവരം അങ്ങേയ്ക്ക് അറി യാമോ?

ശ്രീ. സി.കെ. രാജേന്ദ്രൻ : അത്തരം പ്രശ്നങ്ങൾ പുറത്തു വരാതിരി ക്കാൻ വേണ്ടിയാണ് അന്വേഷണത്തിൽ രാഷ്ട്രീയ പാർട്ടികളെ ഉൾപ്പെടുത്ത ണമെന്ന് ആവശ്യപ്പെടുന്നത്. യാഥാർത്ഥ്യം പുറത്തു വരാതിരിക്കാൻ വേണ്ടി യാണ്. പാലക്കാട് ജില്ലയിൽ രണ്ടുപേരെ പിടിച്ചു. ഒന്ന് വേലുച്ചാമിഗൗണ്ടർ. വേലുച്ചാമി ഗൗണ്ടർ ആരാണ്? കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ചു. അതിന് മുൻപ് പാർലമെന്റ് തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചയാളാണ്. പഞ്ചാ യത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച് തോറ്റു. അതാണ് വേലുച്ചാമി ഗൗണ്ടർ, പണ്ട് എപ്പോഴോ സി.പി.എം ന്റെ പ്രസിഡന്റായിരുന്നു എന്ന് പറഞ്ഞ് എഴുതി പിടിപ്പിച്ച് അങ്ങനെയും നിങ്ങളെ രക്ഷിക്കാൻവേണ്ടി പത്രങ്ങൾ ശ്രമിച്ചു. ആ നാട്ടിലുള്ള ആളുകൾക്ക് അറിയില്ലേ? പിന്നെ ചെർപ്പുളശ്ശേരിയിൽ ഒരാളെ പിടി ച്ചു. അഡ്വക്കേറ്റ് മോഹൻദാസ് കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റ്. വല്ലപ്പുഴ സർവ്വീസ് ബാങ്കിന്റെ പ്രസിഡന്റ്. വേറൊരാൾ ഏൽപ്പിച്ച വാടക വീട്ടിൽ 15 ലക്ഷം രൂപയുടെ വിദേശമദ്യം കൊണ്ടുപോയി സ്റ്റോക്ക് ചെയ്ത് അവിടെ നിന്നും ഈ അഡ്വക്കേറ്റ് മോഹൻദാസും അനുജനും കൂടി ചേർന്ന് വിൽപ്പന നടത്തി. ഇതല്ലേ കോൺഗ്രസ്സ്. കോൺഗ്രസ്സിന് ഇതിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ പറ്റുമോ? റാഫിയെപ്പറ്റി ഇവിടെ പറഞ്ഞു. റാഫിക്ക് ബാറിന്റെ ലൈസൻസ് ആരാണ് കൊടുത്തത്? 1995-96-ൽ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോടുള്ള സിറ്റി ലേക്ക് ബാർ എന്ന ബാർ അറ്റാച്ച്ഡ് ഹോട്ടൽ യു.ഡി.എഫ് സർക്കാർ നിയമവിരുദ്ധമായി വഴിവിട്ട് സഹായിച്ചു കൊണ്ടാണ് തുറന്നത്. 15 വർഷമായി മുടങ്ങിക്കിടന്ന പാച്ചലൂരിലെ വെള്ളയം എന്ന ബാർ അറ്റാച്ച്ഡ് ഹോട്ടലിന്റെ ലൈസൻസാണ് നിയമവിരുദ്ധമായി പോത്തൻകോട് മാറ്റിയത്. 1995-96-ൽ ആരാണ് ഭരിച്ചത്? ബഹുമാന്യനായ ശ്രീ. ആന്റണിയായിരുന്നു കേരളത്തിലെ മുഖ്യമന്ത്രി. ആരാണ് ഈ റാഫിക്ക് ലൈസൻസ് കൊടുത്തത്? എന്നിട്ട് അതും ഇപ്പോൾ ഞങ്ങളുടെ മേൽ കെട്ടി വയ്ക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്.

ഈ കേരളസംസ്ഥാനത്ത് ഇപ്പോൾ ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിലുള്ള ബന്ധം എന്താണെന്ന് നമുക്കറിയാമല്ലോ. ആ ബി.ജെ.പി. കോൺഗ്രസ്സ് ബന്ധമല്ലേ ഇന്നലെയും ഇന്നും നടന്ന ചർച്ചയിൽ മുഴങ്ങിക്കേട്ട ത്. എവിടെ ബഹുമാന്യനായ ശ്രീ. കെ.എം. മാണി? കുറുവിലങ്ങാട് ജില്ലാപ ഞ്ചായത്ത് മണ്ഡലത്തിൽ മൽസരിച്ച സ്ഥാനാർത്ഥി കേരളാ കോൺഗ്രസ്സിന്റെ പ്രതിനിധിയാണെന്ന് അവരും, ബി.ജെ.പി. യുടേതാണെന്ന് അവരും. പക്ഷേ ഇവർക്കു രണ്ടുപേർക്കുമറിയാം ആരാണെന്ന്. ടി.കെ. സന്ധ്യ സ്ഥാനാ ർത്ഥിയായി നിൽക്കുമ്പോൾ രണ്ടുകൂട്ടരുംകൂടി സഹായിച്ചു. ജയിച്ചപ്പോൾ ബി. ജെ.പി. ഓഫീസിലാണ് സന്ധ്യ ആദ്യം പോയത്, ബി.ജെ.പി. ഓഫീസിൽ പോയി സ്വീകരണം കിട്ടി. അവിടന്ന് പിന്നെ കേരളാ കോൺഗ്രസ്സ് (ശ്രീ. മാണിയുടെ) ഓഫീസിലേക്കും പോയി. ഇതായിരുന്നില്ലേ? ഇതല്ലേ കേരള ത്തിൽ ആകെ നടന്നുവരുന്നത്?

ശ്രീ. പി.സി. ജോർജ്ജ് : സന്ധ്യ ജയിച്ച ഉടനെതന്നെ ബി.ജെ.പി.യുടെ ജില്ലാകമ്മിറ്റി അവിടെ ആദ്യം സ്വീകരണം കൊടുത്തു. അതുകഴിഞ്ഞ് ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

മാണിക്ക് അവിടെ സ്വീകരണം കൊടുക്കാൻ പറ്റുന്നില്ല. ഇപ്പോൾ അവർ ശ്രീ. കെ.എം. മാണിയെ വിളിക്കുന്നത് ശ്രീ. കെ.എം. മണി എന്നാണ്. ആ നിലയിൽ ആയിട്ടുണ്ട്.

ശ്രീ. സി.കെ. രാജേന്ദ്രൻ : അത് ഇന്ത്യാരാജ്യത്ത് ആകെ വളർന്നുവരുന്ന അപകടമാണ്. ഇപ്പോൾ കേരളാ കോൺഗ്രസ്സിന്റെ ചെയർമാൻ ശ്രീ. സി. എഫ്. തോമസ് ഇവിടെ പറഞ്ഞു കേരളത്തിൽ ബി.ജെ.പി.യെ വളർത്തിക്കൊണ്ടുവരുന്നത് സി.പി.എം. ആണെന്ന്. ആണോ? മണിപ്പൂരിൽ ബി.ജെ.പി.യെ വളർത്തുന്നത് സി.പി.എം. ആണോ? ഇംഫാലിൽ പള്ളിയിലെ അച്ചനെ, വികാരിയെ, ആർ.എസ്.എസ്. കാർ വെട്ടിക്കൊന്നത് അവിടെ സി.പി.എം. ആർ.എസ്.എസ്.നെ വളർത്തിക്കൊണ്ടാണോ? ഈ രാജ്യത്താകെ വളർന്നുവരുന്ന ഇത്തരം പ്രസ്ഥാനങ്ങൾക്കെതിരായി ശക്തമായി പ്രതികരിക്കാനുള്ള ഇച്ഛാശക്തി കാണിക്കണം, നട്ടെല്ല് കാണിക്കണം. അതിനുപകരം താത്ക്കാലികമായി അധികാരത്തിലേക്ക് വരുന്നതിനുവേണ്ടിയുള്ള കൂട്ടുകെട്ട് ഉണ്ടാക്കുകയാണ് ഇവർ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമാണിത്. ഈ കേരളത്തിൽ വളർന്നുവരാൻ പോകുന്ന അപകടത്തെക്കുറിച്ച് തിരിച്ചറിഞ്ഞുകൊണ്ട് ശക്തമായി പ്രതികരിക്കാൻ എല്ലാവരും ഒന്നിച്ചുനിൽക്കേണ്ട ഒരു സാഹചര്യമാണിത്. അല്ലാതെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർത്ത് അധികാരത്തിലേയ്ക്ക് വരാനുള്ള കുറുക്കുവഴിയായി. ഇത്തരം കാര്യങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നത് ഒരിക്കലും കേരളത്തിന്റെ രക്ഷയ്ക്ക് നല്ലതല്ല, ജനങ്ങളുടെ രക്ഷയ്ക്ക് നല്ലതല്ല എന്നു മനസ്സിലാക്കാൻ പ്രതിപക്ഷം ഇനിയെങ്കിലും തയ്യാറാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്.

ശ്രീ. വി. ബാലറാം : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. പഴയ ചില തറവാടുകളിൽ ധൂർത്ത്പുത്രൻമാർ ജനിക്കാറുണ്ട് അവസാനം അവർ അടുത്തവർഷത്തേക്ക് കൃഷിക്ക് വച്ചിട്ടുള്ള വിത്ത് എടുത്തിട്ട് കുത്തി അതുംകൂടി ഉപയോഗിക്കുന്ന സ്വഭാവം കാണിക്കാറുണ്ട്. അങ്ങനെ കേരളത്തിലെ ജനങ്ങളെ മുഴുവൻ കുത്തുപാളയെടുപ്പിക്കുന്ന ഒരു ധൂർത്ത്പുത്രനായിട്ടാണ് ബഹു. ധനകാര്യമന്ത്രിയെ ഇപ്പോൾ കേരളത്തിലെ ജനങ്ങൾ കാണുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്താ? കേരളത്തിന്റെ പ്രതിശീർഷ വരുമാനം ഇപ്പോഴും ദേശീയശരാശരിക്കൊപ്പം എത്തിയിട്ടില്ല. ഓരോ പദ്ധതി കഴിയുംതോറും അത് കുറഞ്ഞുകുറഞ്ഞു വരികയാണ്. അതുപോലെതന്നെ കാർഷിക മേഖല. ഓരോ വർഷം കഴിയുംതോറും കാർഷിക മേഖലയിലുള്ള വിസ്തൃതിയും കുറയുകയാണ്. ഉൽപ്പാദനം കുറയുകയാണ്. പ്രത്യുൽപ്പാദനപരമായിട്ടുള്ള മേഖലകൾ തകർച്ചയിലും നിശ്ചലാവസ്ഥയിലുമാകുന്ന, സേവന മേഖലകളിൽ ചെലവ് വർദ്ധിക്കുകയും ചെയ്യുന്ന, ഏറ്റവും ദുർബലമായ ഒരു സമ്പദ്ഘടനയാണ് നിർഭാഗ്യവശാൽ നമ്മുടെ സംസ്ഥാനത്തിനുള്ളത്. തൊഴിലില്ലായ്മയെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു; കുറേ ആളുകൾക്ക് തൊഴിൽ കൊടുത്തു എന്നുപറഞ്ഞു എന്താ സ്ഥിതി? 40 ലക്ഷത്തോളം ചെറുപ്പക്കാർ ഒരുപക്ഷേ ഇന്ത്യയിൽ ഏറ്റവുംകൂടുതൽ തൊഴിലില്ലാത്ത ചെറുപ്പക്കാരുള്ളത് കേരളത്തിലാണ്. ഡി.വൈ.എഫ്. ഐ. ഈ അടുത്തകാലത്ത് തൊഴിലില്ലായ്മയ്ക്ക് എതിരായിട്ട് സമരാഭാസങ്ങൾ നടത്തിയതായി കേട്ടു. എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? നമ്മുടെ സംസ്ഥാനത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ വ്യവസായികളെ അന്വേഷിച്ച് എത്ര തവണ വിദേശരാജ്യങ്ങളിൽ പോയി. ഏതെങ്കിലും ഒരു വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സായി വന്നിട്ട് ഈ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ഒരു പുതിയ വ്യവസായം നമ്മുടെ രാജ്യത്ത് തുടങ്ങാൻ സാധിച്ചിട്ടുണ്ടോ? തൊഴിലില്ലാത്ത ജനങ്ങളിൽ 76% എസ്.എസ്.എൽ.സി. വിജയിച്ചവരും 55% വനിതകളുമാണ്. എന്തെങ്കിലും ഒരു വ്യവസായ സ്ഥാപനം നമ്മുടെ സംസ്ഥാനത്ത് തുടങ്ങാൻ സാധിച്ചിട്ടുണ്ടോ? ഈ അഞ്ചു വർഷക്കാലം വിദേശത്തുപോയ മന്ത്രിമാരുടെ ചെലവ് കണക്കാക്കിയാൽ. ആ പൈസ ഉണ്ടായിരുന്നുവെങ്കിൽ നമുക്ക് ഒരു വ്യവസായമെങ്കിലും കേരളത്തിൽ തുടങ്ങാമായിരുന്നു. അതുപോലെതന്നെ ഗൾഫ് മലയാളികളുടെ സ്ഥിതി. 16 ലക്ഷം മലയാളികളാണ് ഗൾഫ് രാജ്യങ്ങളിൽ ഉള്ളത്. ഇവരൊക്കെ തിരിച്ചുവരുന്ന ഒരു സാഹചര്യത്തിലാണ്. 10,085 കോടി രൂപ ഒരു വർഷം കേരളത്തിലേക്ക് അയയ്ക്കുന്ന ഗൾഫ് മലയാളികളുടെ സ്ഥിതി പരമദയനീയമാണ്. അവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും ഒരു നടപടി നമ്മുടെ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ അഞ്ചുവർഷക്കാലമായി ചെയ്യാൻ സാധിച്ചിട്ടുണ്ടോ? ആസൂത്രിത വികസനത്തിൽ വ്യവസായികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പരമ്പരാഗത വ്യവസായ രംഗത്ത് കയർ, കശുവണ്ടി, ഖാദി തുടങ്ങിയ മേഖലകളിലൊക്കെ ഈ അടുത്തകാലത്ത് ഉണ്ടായിട്ടുള്ള മുരടിപ്പും തൊഴിലില്ലായ്മയും കാണുമ്പോൾ ഇത്രയും രൂക്ഷമായിട്ടുള്ള ഒരു കാലഘട്ടം നമ്മുടെ സംസ്ഥാനത്ത് ഇതിനുമുൻപ് ഉണ്ടായിട്ടില്ല. കൃഷിയുടെ കാര്യമെടുത്തു പരിശോധിച്ചാൽ നാളികേരത്തിന്റെ ഉൽപ്പാദനം: ഇവിടെ എല്ലാവരും പറഞ്ഞതുപോലെ, ഒരു കാലത്ത് ഇന്ത്യയിൽ 90% നാളികേരം ഉൽപ്പാദിപ്പിച്ചിരുന്ന നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ അത് കുറഞ്ഞുകുറഞ്ഞ് വന്ന് 40% മായിട്ട് മാറിയിരിക്കുകയാണ്. ഇവിടെ ബഹു. ശ്രീമതി ഗൗരി അമ്മ ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞതുപോലെ ഒരു രൂപയാണ് ഇപ്പോൾ നാളികേരത്തിനു കിട്ടുന്ന വില. പണ്ട് കൊപ്രയുടെയും വെളിച്ചെണ്ണയുടേയുമൊക്കെ വില നിശ്ചയിച്ചിരുന്നത് കൊച്ചി മാർക്കറ്റ് ആയിരുന്നെങ്കിൽ ഇന്നത് ബോംബെയും

കർണ്ണാടകവുമായിട്ട് മാറിയിരിക്കുകയാണ്. അതുപോലെ നെല്ലുൽപ്പാദനം, അതിന്റെ ഭൂവിസ്തൃതി: ഇവിടെ ബഹു. കൃഷിവകുപ്പുമന്ത്രി-അദ്ദേഹം മന്ത്രിയായതിനുശേഷം ഇറക്കിയിട്ടുള്ള പ്രസ്താവനകളുടെ കണക്കുപറഞ്ഞാൽ- 'പൊൻമണി വർഷം' അങ്ങനെ എന്തൊക്കെ പദ്ധതികളാണ് അദ്ദേഹത്തിന്റെ ഭാവനയിൽ ഉണ്ടായിട്ടുള്ളത് എന്ന് പറയാൻ പറ്റില്ല. പക്ഷേ നെല്ലുൽപ്പാദനത്തിന്റെ വിസ്തൃതിയും കുറഞ്ഞു, ഉൽപ്പാദനവും കുറഞ്ഞു. ദയവുചെയ്ത് കൃഷിക്കാർക്ക് ഒന്നും ചെയ്തില്ല എങ്കിലും വിരോധമില്ല, അവർക്ക് യു.ഡി.എഫ്.-ന്റെ ഭരണകാലത്തുണ്ടായിരുന്ന വൈദ്യുതി സൗജന്യം കൊടുക്കുക. അത് നേരിട്ടാണ് യു.ഡി.എഫ്.ന്റെ ഭരണകാലത്ത് കൊടുത്തിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് കൃഷിവകുപ്പ് കൃഷിഭവൻ മുഖേന വൈദ്യുതി ബോർഡിന് അടയ്ക്കാം എന്നു പറഞ്ഞു. ഇപ്പോൾ എല്ലാ കൃഷിക്കാർക്കും നോട്ടീസ് വന്നിരിക്കുകയാണ്, 11 മാസത്തെയൊക്കെ കുടിശ്ശിക ഒന്നിച്ച് അടച്ചില്ലെങ്കിൽ വൈദ്യുതി ഡിസ്കണക്ട് ചെയ്യുമെന്നു പറഞ്ഞ് വൈദ്യുതി ബോർഡിന്റെ പത്രക്കുറിപ്പ് വന്നിരിക്കുകയാണ്. അടയ്ക്കാൻ സാധിക്കാതെ കർഷകർ കിടന്ന് നട്ടം തിരിയുകയാണ്. കേരളത്തിലെ പാവപ്പെട്ട കൃഷിക്കാർ മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ വൻകിട കൃഷിക്കാരല്ല, ചെറുകിട കൃഷിക്കാരാണ്. ആ ചെറുകിട കൃഷിക്കാർക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എങ്കിലും ഒരു കാര്യം ചെയ്താൽ മതി, അല്ലെങ്കിൽ നമ്മുടെ ബഹു. കൃഷിമന്ത്രി ഒരു മാസം അദ്ദേഹത്തിന്റെ വായ അടച്ചുപൂട്ടിക്കെട്ടുക, പ്രസ്താവന ഇറക്കാതിരിക്കുക. അല്ലെങ്കിൽ അദ്ദേഹത്തെ വല്ല

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ആൻഡമാൻ ദ്വീപിലേക്കോ നിക്കോബാർ ദ്വീപിലേക്കോ പറഞ്ഞയയ്ക്കുക. എന്നാലേ ഈ കൃഷിക്കാർ സമാധാനമായി ഒന്നു കിടന്നുറങ്ങൂ, അവർക്ക് സമാധാനമായി കിടന്നുറങ്ങാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കണം. ഈ ഗവൺമെന്റിന് ചെറുകിട കൃഷിക്കാരെ സംരക്ഷിക്കാൻ ആത്മാർത്ഥമായി ആഗ്രഹമുണ്ടെങ്കിൽ എന്തെങ്കിലും ചെയ്യണം. അദ്ദേഹത്തിന്റെ വായ് തുറന്നാൽ ആഗോളവൽക്കരണമോ ഗാട്ട് കരാറോ ഉദാരവൽക്കരണമോ ഒക്കെയേ കേൾക്കൂ. ഇത് കേട്ടു കേട്ട് ഞങ്ങളുടെ ചെകിട് തഴമ്പിച്ചു. ഇത് ഉണ്ടാക്കിയത് ആരാ? 1991-ൽ ശ്രീ. നരസിംഹ റാവു ഗവൺമെന്റാണ് ഈ ആഗോളവൽക്കരണം കൊണ്ടുവന്നത് എന്നുപറയുന്നു. ശ്രീ. ചതുരാനൻ മിശ്ര കേന്ദ്രത്തിൽ കൃഷിവകുപ്പുമന്ത്രിയായിട്ട് എത്രകാലം ഉണ്ടായിരുന്നു, ആ കാലത്ത് അത് മാറ്റാമായിരുന്നില്ലേ? രണ്ടു മന്ത്രിസഭയിൽ ശ്രീ. ചതുരാനൻ മിശ്ര കൃഷിവകുപ്പുമന്ത്രി ആയിരുന്നില്ലേ? മാറ്റാൻ കഴിഞ്ഞോ? മാറ്റാൻ കഴിഞ്ഞില്ല. ഇപ്പോൾ ആർക്കും മാറ്റാൻ കഴിയാത്ത ഒരു കാര്യത്തെക്കുറിച്ച് ആഗോളവൽക്കരണം ഉദാരവൽക്കരണം എന്നു പറഞ്ഞ് പാവപ്പെട്ട കർഷകരെ പേടിപ്പിക്കുന്ന കൃഷിമന്ത്രിയുടെ ഈ പ്രസ്താവനാ സംരംഭമെങ്കിലും തൽക്കാലത്തേക്ക് ഒന്ന് നിർത്തിവച്ചാൽ പാവപ്പെട്ട കൃഷിക്കാര് സ്വസ്ഥമായിട്ടൊന്നു കിടന്നുറങ്ങും. അതെങ്കിലും ദയവുചെയ്ത് ചെയ്യണം, പ്രതിപക്ഷത്തിന് വേറെ ഒന്നും ചെയ്യേണ്ട, അങ്ങനെ ചെയ്യാൻ തീരുമാനിച്ചാൽ ഞങ്ങൾ സമരക്കാരെ അവിടുന്ന് പിൻവലിപ്പിക്കാം.

കേരളത്തിലെ സമസ്ത മേഖലകളിലും സ്തംഭനാവസ്ഥയാണ്. അധിക പണം ചെലവാക്കിയതിനെക്കുറിച്ച് ധനാഭ്യർത്ഥനയിൽ ചോദിക്കുന്നുണ്ടല്ലോ? എന്താ നമ്മുടെ നാട്ടിലെ സ്ഥിതി, റോഡുകളുടെ സ്ഥിതിയെന്താ? വികസന പ്രവർത്തനങ്ങൾ എന്താണ് നടക്കുന്നത്? വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകർക്ക് ശമ്പളമില്ല, പ്രൊട്ടക്ഷനില്ല. പ്ലസ് ടു അനുവദിച്ച സർക്കാർ സ്കൂളുകളിൽ ബെഞ്ചും ഡസ്ക്കും ഇല്ല; നാട്ടുകാർ കാശ് പിരിച്ചു കൊടുക്കണമെന്നു പറഞ്ഞിരിക്കുകയാണ്. ഉച്ചക്കഞ്ഞിയുടെ കാശ് നമ്മുടെ പ്രധാനപ്പെട്ട അദ്ധ്യാപകൻമാർ ഹെഡ്മാസ്റ്ററുടെ കൈയിൽ നിന്നും പി.ടി.എ.യുടെ കൈയിൽനിന്നും എടുത്ത് ചെലവാക്കിയിട്ട് പാവപ്പെട്ട കുട്ടികൾക്കുകൊടുത്ത ഉച്ചക്കഞ്ഞിയുടെ കാശുകൊടുക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ? സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ പോലും കൊടുക്കാൻ കഴിയുന്നില്ല. ഇവിടെ മത്സ്യത്തൊഴിലാളികളുടെ വീട് തകർന്നിട്ട് അവർക്ക് സാമ്പത്തികമായിട്ടുള്ള സഹായം കൊടുക്കുന്നില്ല. വിധവകളുടെ പെൻഷൻ പോലും കൊടുക്കുന്നില്ല. എന്നിട്ട് പറയുന്നതുകേട്ടാൽ ഇവിടെ ഈ രാജ്യം മുഴുവൻ സ്വർണ്ണമാക്കി, പൊന്നാക്കുന്നു, എന്നുള്ള രീതിയിലുള്ള കാര്യങ്ങളാണ് പറയുന്നത്. എന്തിനേറെ പറയുന്നു, നബാർഡ് കൊടുത്ത ഫണ്ട്, നബാർഡ് കേരളത്തിലെ റോഡുകളുടെ വികസനത്തിനും, പാലങ്ങളുടെ വികസനത്തിനും വേണ്ടി അഡ്വാൻസായി കൊടുത്ത ഫണ്ടുപോലും, കരാറുകാർക്ക് കൊടുത്തിട്ടില്ല. എം.പി. മാരുടെ ഫണ്ടുപോലും കൊടുക്കുന്നില്ല. ജനകീയാസൂത്രണം എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്, ആ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇങ്ങനത്തെ ഒരു സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുമ്പോൾത്തന്നെ, ഇവിടെ വിൽപ്പന നികുതി പിരിഞ്ഞു കിട്ടാനുള്ളതിൽ എത്ര ശതമാനം കിട്ടിയിട്ടുണ്ട്? പകുതിപോലും പിരിക്കാൻ കഴിഞ്ഞിട്ടില്ല. എക്സൈസ് ഡ്യൂട്ടി കുറയുന്നു, സ്റ്റാമ്പ് ഡ്യൂട്ടി കുറയുന്നു. മൊത്തം കടബാദ്ധ്യതയെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. എത്ര ആയിരം കോടി രൂപയായി അഞ്ചുവർഷം കൊണ്ട് വർദ്ധിപ്പിച്ചു, എങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിച്ചു? എന്തു വിപ്ലവമാണ് നമ്മുടെ നാട്ടിൽ ഉണ്ടായത്, എന്തു മാറ്റമാ ഉണ്ടാക്കാൻ സാധിച്ചത്? ഇവിടെ മാനവീയം നടത്തുന്നു, കേരളീയം നടത്തുന്നു, മാനവീയത്തിന്റെ സ്ഥിതിയെന്താ? ഏഴര ലക്ഷം ഉറുപ്പിക കൊടുത്തിട്ടാണ് ഗിത്താറിസ്റ്റ് രവിശങ്കറിനെ കൊണ്ടുവന്നത്. മാണി മാധവചാക്യാർക്ക് 500 ഉറുപ്പിക! സർ, കലാമണ്ഡലത്തിൽ മാർക്സിസ്റ്റുകാർക്ക് മാത്രമേ പ്രവേശനമുള്ളൂ. സി.പി.ഐ കാരെപ്പോലും അവിടെ അടുപ്പിക്കില്ല. ഇവിടെ കുംഭമേള നടക്കുന്നതുപോലെ, മാമാങ്കം നടക്കുന്നതുപോലെ വർണ്ണശബളമായിട്ടുള്ള മൂന്നു ദിവസം നീണ്ടുനിൽക്കുന്ന കേരളീയം, ഞാൻ തൊട്ടടുത്ത നിയോജക മണ്ഡലക്കാരനാണ്. ഇതുവരെ എന്നെ വിളിച്ചിട്ടില്ല. അവിടെ പരിപാടി നടത്താൻ തീരുമാനിച്ചു. അതിന്റെ കണക്ക് ഇതുവരെ അവതരിപ്പിച്ചിട്ടില്ല. പിന്നെ മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇതൊന്നും അവർക്ക് പ്രശ്നമല്ല. കാരണം അവർ വളരെ സമ്പന്നൻമാരാണ്. അവരുടെ സ്ഥിതിയെന്താണെന്നുവച്ചാൽ അഞ്ചു വർഷക്കാലത്തിനിടയിൽ ചാനലിൽ എത്ര കോടിയാണ് മുടക്കിയെന്ന് അറിഞ്ഞുകൂടാ. അതുപോലെ തന്നെ ദേശാഭിമാനിക്ക് എല്ലാ സ്ഥലത്തും എഡിഷൻ. ഞങ്ങൾക്ക് ആർക്കും അതിൽ വിരോധമില്ല. അംബരചുംബികളായിട്ടുള്ള മണിമന്ദിരങ്ങൾ നാട്ടിൽ മുഴുവൻ മാർക്സിസ്റ്റ് പാർട്ടിയുടെ ചെങ്കൊടി കെട്ടിപ്പടുത്തുയർത്തുന്നതിൽ ഒന്നും ഞങ്ങൾക്ക് വിരോധമില്ല, പക്ഷെ ഈ പാവപ്പെട്ടവരുടെ കാര്യം നോക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല.സർ, ചാനലിന്റെ വാടകയ്ക്കെടുത്ത ഡൽഹിയിലെ സ്ഥലം അതിന്റെ അകത്തളം മോടിപിടിപ്പിക്കാൻ വേണ്ടി അഞ്ചു കോടി രൂപ ചെലവാക്കിയെന്നാണ് പറയുന്നത്. നിങ്ങൾ അന്വേഷിച്ചോ? നേതാക്കൻമാർക്ക് താമസിക്കാൻ ഫ്ളാറ്റ് പണിയുന്നു. നിങ്ങൾ പറയുന്നതെന്താണെന്നു വച്ചാൽ ഞങ്ങൾ പിരിക്കുന്ന കാശിന് കണക്കുണ്ടാകും അത് ഞങ്ങൾ ചെലവാക്കും. കോൺഗ്രസ്സുകാർ പിരിക്കുന്ന കാശിനു കണക്ക് ഉണ്ടാകില്ല എന്നാണ്. സർ, ഇത് ടുഡെ സ്പെഷ്യൽ ആണ്. മണിച്ചന്റെ അഭിമുഖം. അതിൽ പറഞ്ഞിരിക്കുന്നതെന്താണെന്നു അറിയാമോ? ഇന്നത്തെ കാര്യം ഒക്ടോബർ 25 ാം തീയതി രാത്രി. ഒക്ടോബർ 21 -ാം തീയതിയാണ് മണിച്ചനെ അറസ്റ്റ് ചെയ്തത്. സർ, നമ്മുടെ ബഹു. മെമ്പർ ശ്രീ.ആനത്തലവട്ടം ആനന്ദൻ പറഞ്ഞില്ലേ, മണിച്ചനെ ഞങ്ങൾ അറസ്റ്റുചെയ്തു ഇന്നതു ചെയ്തു, എന്നൊക്കെ. 27 ാം തീയതി മണിച്ചൻ ഒരു സ്വകാര്യ ചാനലിൽ ടി.വി സംഭാഷണം കൊടുത്തു പത്രക്കുറിപ്പ് ഇറക്കി. കേരളത്തിൽ വച്ച് അറസ്റ്റ് ചെയ്യാൻ സാധിച്ചോ? എങ്ങനെയാണ് മണിച്ചനെ പിടിച്ചത്? മണിച്ചൻ നാഗർകോവിലിൽ 12 മണിക്ക് മുറിയെടുത്തിട്ട് പന്ത്രണ്ടര മണിക്ക് മണിച്ചൻ സത്യത്തിൽ പറഞ്ഞാൽ സറണ്ടർ ചെയ്യുകയല്ലേ ചെയ്തത്. അങ്ങനെയല്ലേ ചെയ്തത്. പിന്നെ മണിച്ചൻ പഴയ കോൺഗ്രസ്സുകാരൻ ആണെന്ന് ഇപ്പോൾ ആനത്തലവട്ടം കണ്ടുപിടിച്ചിരിക്കുന്നു. ഇതിൽ പറഞ്ഞിരിക്കുന്നത് ഓക്ടോബർ 25-ാം തീയതി അർദ്ധരാത്രി 12.45.ന് ആണ് മണിച്ചൻ ഞങ്ങളുടെ ഓഫീസിൽ എത്തുന്നത്. മറ്റ് നാല് പേരോടൊപ്പം ഓഫീസിൽ എത്തുമ്പോൾ ഏഷ്യാനെറ്റ് ക്യാമറാ ടീം ഇവരുടെ പുറകെ എത്തുകയുണ്ടായി. അര മണിക്കൂർകൊണ്ട് ഏഷ്യാനെററ് ഇന്റർവ്യൂ നടത്തി മടങ്ങുമ്പോൾ മണിച്ചനെ ഭീതിയും പരിഭ്രമവും വേട്ടയാടുകയായിരുന്നു. പിന്നെ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. "ചാനലിന് ഇരുപത്തിയഞ്ചു ലക്ഷം രൂപ ആവശ്യപ്പെട്ടു. പക്ഷെ പത്തു ലക്ഷം രൂപ കൊടുക്കാമെന്നു പറഞ്ഞു. അവസാനം സമ്മതിച്ചു. ഒരു സർക്കിൾ ഇൻസ്പെക്ടറെ ഇവിടെനിന്ന് സ്ഥലം മാറ്റാൻ അഞ്ചു ലക്ഷം രൂപയാണ് കൊടുത്തത്. ചിറയിൻകീഴ് സർക്കിൾ ആയിരുന്ന ഒരു രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നെ ഉപദ്രവിച്ചുകൊണ്ടിരുന്നു. മറ്റൊരു കോൺട്രാക്ടറുടെ പിണിയാൾ ആയിരുന്നു അയാൾ, അയാൾ എന്നെ നിരന്തരം ഉപദ്രവിച്ചു. പലതരത്തിലും അയാളോട് അണഞ്ഞിട്ടും അയാൾ അടുത്തില്ല. അനാവശ്യ റെയ്ഡുകൾ കൊണ്ട് എന്നെ ശല്യം ചെയ്തു. ഒടുവിൽ അയാളെ മാറ്റാൻ എനിക്ക് അഞ്ചു ലക്ഷം മുടക്കേണ്ടിവന്നു.'' അപ്പോൾ ചോദ്യം ''ആർക്കാണ് കൊടുത്തത്.'' ''ഒരു സർക്കിളിനെ മാറ്റാൻ അധികാരം ഉള്ളതാർക്കാണ് അയാൾക്ക്തന്നെ''. പിന്നെ ചോദിക്കുകയുണ്ടായി ''കൈരളി ഷെയർ എത്രയാണ്?'' ''ഇരുപത്തിയഞ്ചു ലക്ഷം അവർ ചോദിച്ചു;'' ജില്ലയിലെ ഒരു ഉന്നതനായ നേതാവ് എന്നെ കൂട്ടിക്കൊണ്ടുപോയിരുന്നു. പാർട്ടിയുടെ നേതാവ് അത്രയും തുക എന്നോട് ചോദിച്ചു. ഞാൻ പത്തുലക്ഷം രൂപ നല്കാമെന്നു പറഞ്ഞു. അവർ തൃപ്തരായില്ല. വളരെ നേരം സംസാരിച്ചു. ഒടുവിലാണ് ധാരണയിൽ എത്തി പിരിഞ്ഞത്. ഇതാണ് ഈ ഫ്രീലാൻസ് പത്രം. നിങ്ങൾക്ക് ദഹിക്കില്ല. കുറച്ചു കഴിഞ്ഞാൽ നിങ്ങൾക്ക് പറ്റും, ഈ പത്രത്തിലുള്ള കാര്യം അതാണ്. അങ്ങനെയുള്ള മണിച്ചൻ സ്വകാര്യ ചാനലിന് ഇന്റർവ്യൂ കൊടുത്ത് പത്രക്കുറിപ്പ് ഇറക്കി എന്നിട്ട് മണിച്ചൻ സറണ്ടർ ചെയ്യുന്നതുവരെ മണിച്ചനെ അറസ്റ്റുചെയ്യാൻ കേരളത്തിലെ കാക്കി ഉടുപ്പുധാരിയായ പോലീസിനു കഴിഞ്ഞില്ല എന്നു പറഞ്ഞാൽ അത് ഞങ്ങൾക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. സി.പി.എം ന് മാത്രമേ ഈ ബന്ധമുള്ളൂ. എന്നാണ് മനസ്സിലാക്കിയത്. മണിച്ചനുമായിട്ടും മദ്യലോബിയുമായിട്ടുമുള്ള ബന്ധം സി.പി.എം.ന് മാത്രമേയുള്ളൂ എന്നാണ് വിചാരിച്ചത്. പക്ഷെ ഇപ്പോൾ അനിരുദ്ധന്റെ പ്രസംഗം കേട്ടപ്പോൾ പുള്ളി ഹരിശ്ചന്ദ്രന്റെ കുടുംബത്തിൽ ജനിച്ചമാതിരി ഒരാളെപ്പോലെ സംസാരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഈ ഹയറുനിസ അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട സ്ത്രീയാണ്. അവിടെ ആകാശം പോലുള്ള ഒരു കൊട്ടാരത്തിൽ രണ്ടുമൂന്നു വർഷക്കാലമായി, പിന്നിൽ മാസപ്പടി കൊടുക്കാൻ ഒരു കിളിവാതിൽ, മുന്നിൽ സാധനം കൊടുക്കാൻ ഒരു കിളിവാതിൽ. അവരുടെ വീട്ടിൽ മനോഹരമായിട്ടുള്ള സ്വീകരണമുറിയിൽ വച്ച് അത്യാവശ്യം വി.ഐ.പി കൾക്ക് മദ്യം കൊടുത്തു. ഇങ്ങനെയുള്ള ഒരു സ്ഥലം, ആ സ്ഥലത്ത് പോലീസ് റെയിഡിന് ചെന്നിട്ട് പോലീസിന് അകത്തു കടക്കാൻപോലും - അനിരുദ്ധന്റെ നിയോജകമണ്ഡലമാണ്. ആ നിയോജകമണ്ഡലത്തിൽ ഹയറുനിസ ഇത്രയുംകാലം ഇങ്ങനെ ഒരു ബിസിനസ്സ് നടത്തിയിരുന്നു എന്നുള്ളത് അവിടുത്തെ സ്ഥലം എം.എൽ.എ യ്ക്ക് അറിയില്ല എന്നുപറഞ്ഞാൽ സി.പി.ഐ യ്ക്ക് പങ്കുണ്ട് എന്ന് ആളുകൾ പറഞ്ഞിരുന്നു. ഞങ്ങൾ വിശ്വസിച്ചില്ല, കാരണം സി.പി.ഐ ക്കാർ കുറച്ചു മര്യാദക്കാരാണെന്നാണ് വിചാരിച്ചത്. ഇപ്പോൾ സി.പി.ഐ യ്ക്ക് അതിൽ പങ്കുണ്ടെന്നു മനസ്സിലായി. ആ ഹയറുനിസ്സയെ പോറ്റിവളർത്തിയ അനിരുദ്ധൻ പറയുന്നത് അവിടെ മരിച്ച ആളുകളെ കൊണ്ടുപോകുമ്പോൾ കോൺഗ്രസ്സുകാർ ചെന്നില്ല, കോൺഗ്രസ്സുകാർ ഹയറുനിസയുടെ വീട്ടിൽ കല്ല് എറിഞ്ഞില്ല എന്നൊക്കെയായിരുന്നു. എം.എൽ.എ യുടെ ആളുകൾക്ക് എന്തായിരുന്നു പണി? നിങ്ങൾക്കും ഈ കാര്യത്തിൽ പങ്കുണ്ട് എന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. സി.പി.ഐ ക്കാർ വിഷമിച്ചിട്ട് കാര്യമില്ല കാരണം സി.പി.ഐ ക്കാരെ കുറിച്ച് ഇന്നലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി പറയുന്നത് കേട്ടോ ''സി.പി.ഐ യ്ക്ക് ബി.ജെ.പി യുമായി രഹസ്യബന്ധം ഉണ്ടെന്നു സി.പി.എം ന്റെ മുന്നറിയിപ്പ് . സംസ്ഥാനത്ത് സി.പി.ഐ, ബി.ജെ.പി രഹസ്യ ധാരണയുള്ളതായി സി.പി.എം സംസ്ഥാന കമ്മിറ്റി മുന്നറിയിപ്പ് കൊടുത്തിരിക്കുന്നു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിലെ ആതിരപ്പള്ളി പഞ്ചായത്തിൽ ബി.ജെ.പി യുമായി സി.പി. ഐ മഹാസഖ്യമുണ്ടാക്കിയതായി സി.പി.എം ആരോപിക്കുന്നു." ഇതിൽ ഒരു കാര്യം കൂടി പറയാനുണ്ട്. നിങ്ങൾ ആലോചിക്കേണ്ട ഒരു കാര്യമാണ്. സി.പി. ഐ യുടെ സീറ്റ് ഉറപ്പിക്കാൻ മുന്നണി തകർക്കുന്നതിനും അവർക്ക് മടിയില്ല എന്ന സമീപനം രാജ്യസഭാ സീറ്റ് പ്രശ്നത്തിലും കണ്ടതാണ്. ഓരോ പഞ്ചായത്തുകളിലും സ്വാധീനശക്തിയുമായി ബന്ധമില്ലാത്തത്രഎണ്ണം സീറ്റുകളിലേക്ക് മൽസരിക്കാൻ ഏകപക്ഷീയമായി സി.പി.ഐ തീരുമാനിക്കുന്നു. നിങ്ങളുടെ കാര്യം കഴിഞ്ഞു. അതുകൊണ്ട് സി.പി.ഐ ക്കാർ വലിയ ആദർശവാദികൾ ഒന്നും ആകണ്ട. നിങ്ങൾക്കും ഈ മദ്യലോബിയുമായി അടുത്തബന്ധം ഉണ്ട് നിങ്ങൾക്ക് ബി.ജെ.പിയുമായിട്ട് ബന്ധമുണ്ട്, എല്ലാ ആളുകളുമായിട്ട് നിങ്ങൾക്ക് ബന്ധമുണ്ട്, നിങ്ങൾക്ക് എന്തെങ്കിലും നക്കാപ്പിച്ച കിട്ടാൻ ആരുമായിട്ടും കൂട്ടുകൂടും. ഞങ്ങൾ തെരഞ്ഞെടുപ്പിന് മുന്നോടിയായിട്ട് പറയുന്നതാണ് എന്നാണ് സി.പി. ഐ കാരും സി.പി.എം കാരും പറയുന്നത്. ഞങ്ങൾക്ക് തെരഞ്ഞെടുപ്പിന് മുന്നോടിയായിട്ട് ഒന്നും പറയേണ്ട കാര്യമില്ല. ഗുജറാത്തിലെ സ്ഥിതിയെന്താണെന്ന് അറിയാമോ? ബി.ജെ.പി ക്കാർ ഭരിച്ച 23 ജില്ലാ പഞ്ചായത്തുകളിൽ 21 എണ്ണം അവിടെ കോൺഗ്രസ്സിന് കിട്ടി. അവിടെ 200 താലൂക്ക് പഞ്ചായത്തിൽ 170 എണ്ണം കോൺഗ്രസ്സിനാണ്. അവിടെ സി.പി. ഐ പഞ്ചാബിൽ ഞങ്ങൾ നക്കാപ്പിച്ച കൊടുത്തതുകൊണ്ട് ഞങ്ങളുടെ കൂടെ നിൽക്കുന്നുണ്ട്. ശരിയാണ് ഇനിയും നിങ്ങൾക്ക് ഞങ്ങളുടെകൂടെ നിൽക്കേണ്ടിവരും. അതുകൊണ്ട് വല്ലാതെ തുള്ളണ്ട എന്നു മാത്രമേ ഈ കാര്യത്തിൽ പറയാനുള്ളൂ. പിന്നെ ഒരു കാര്യം പറയാനുള്ളത് മുഖ്യമന്ത്രി ഡൽഹിയിൽ പോയ കാര്യമാണ്. നായനാർ ഇപ്പോൾ ഡൽഹിയിൽ പോയത് ഈ പ്രശ്നങ്ങൾ പ്രധാനമന്ത്രിയെ ധരിപ്പിക്കാനാണ് എന്നാണ് ജനങ്ങളുടെ ധാരണ, ഞാൻ അലോചിച്ചുപോയി ആറുപേർ നാലുദിവസം കൊണ്ട് , ഒരു ദിവസം ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ രണ്ടുപേർ മരിച്ചു. കണ്ണൂർ ജില്ലയിലെ ആളുകൾ മരിച്ചുവീഴുമ്പോൾ ഇവിടെ ഡൽഹിയിൽ ഷോപ്പിംഗ് നടത്തുകയായിരുന്നു. പോകുന്നവഴിക്ക് ഡൽഹിയിൽ ഒന്ന് ഇറങ്ങിയിട്ട് - ഡൽഹിയിൽ ഇറങ്ങി പ്രധാനമന്ത്രിയെ കാണാൻ പോയത് എന്തിനെന്ന് അറിയാമോ? പി. ജെ. ജോസഫിന്റെ വിസ ശരിയായിരുന്നില്ല. ആ വിസ ശരിയാക്കാൻവേണ്ടി പ്രധാനമന്ത്രിയെ ഒന്നു കണ്ടു എന്നല്ലാതെ അവർ നേരെ ലണ്ടനിലേയ്ക്ക് പോയി എന്നാണ് പറഞ്ഞത്. കണ്ണൂരിലെ പ്രശ്നം തീർക്കാൻവേണ്ടി പോലീസിനെ ഏൽപ്പിച്ചിട്ടുണ്ടെന്നും വേറൊരു മന്ത്രിയ്ക്ക് ചുമതല ഏൽപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞതല്ലാതെ ഈ രാജ്യത്ത് ഈ പ്രശ്നം കത്തിക്കാളുമ്പോൾ തീമഴ പെയ്യുമ്പോൾ ഈ രീതി പറയുന്നത് ശരിയാണോ? അതുകൊണ്ട് ഈ രാജ്യത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ എല്ലാം മറന്നുകൊണ്ട് ഒരു ഭരണം നടത്തുന്ന ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ടി.കെ.ഹംസ : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ 5 കൊല്ലക്കാലത്തെ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കാൻ പോകുകയാണ്. സമാധാനത്തിന്റെയും വികസനത്തിന്റെയും കാലഘട്ടമായിരുന്നു. പ്രതിപക്ഷത്തിന് അത് സഹിക്കാൻ കഴിയുന്നില്ല. സമനില തെറ്റിയ സ്വഭാവത്തിലാണ് ഇവിടെ നിങ്ങൾ പെരുമാറുന്നത്. ഇന്ദ്രൻ പറഞ്ഞു ശ്രീ. ആന്റണി ശൈലി മാറ്റിയിരിക്കുന്നുവെന്ന് . ഈ മാതിരി വെടക്ക് സാധനങ്ങൾ എവിടെ നിന്നു വന്നു സർ? ഇതു നന്നായി പോകുന്നതു കാണുമ്പോൾ അവർക്ക് ബേജാറാണ്. ഈ മുന്നണി ഗവൺമെന്റ് ഒരുപാട് പ്രശ്നങ്ങൾ ഇവിടെ പരിഹരിച്ചു. അതൊന്നും ഇവർ കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുരാജ് സമ്പ്രദായം: ജനകീയാസൂത്രണം നടപ്പിലാക്കി. ഇലക്ട്രിസിറ്റിയുടെ ഉൽപ്പാദനരംഗത്ത് വലിയ മുന്നേറ്റമുണ്ടായി. അതുവഴി കൃഷിയ്ക്കൊക്കെ വളരെ ഉപകാരമുണ്ടായിട്ടുണ്ട്. പക്ഷെ ഇവിടെ ഇവർ പറയുന്നതു പോലെ തന്നെ ഇവിടുത്തെ പ്രശ്നങ്ങൾ മറ്റൊരു തരത്തിലാകരുത്. ആ പ്രശ്നങ്ങൾ കേരളാ ഗവൺമെന്റുമായിട്ട് ബന്ധപ്പെട്ട പ്രശ്നങ്ങളല്ല. അത് ഈ നാട്ടിലെ ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. കഴിഞ്ഞ 5 കൊല്ലക്കാലത്തെ ഭരണം ജനോപകാരപ്രദമെന്നു ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞല്ലോ. ചില കുത്തക പത്രങ്ങളും കോൺഗ്രസ്സുകാരും പറയുന്നത് അവർ ജയിച്ചുവെന്നാണ്. 5 കോർപ്പറേഷനുകളിൽ 4 എണ്ണവും ഇടതുജനാധിപത്യ മുന്നണിയാണ് ഭരിക്കുന്നത്. 5 എണ്ണത്തിൽ 4 എണ്ണവും ഭരിക്കാൻ ഇടതുജനാധിപത്യമുന്നണിയ്ക്ക് കഴിഞ്ഞു. അതിന്റെ അർത്ഥം തോറ്റുവെന്നാണോ? 13 ജില്ലാ പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പുകഴിഞ്ഞപ്പോൾ 9 എണ്ണത്തിലും ഞങ്ങളാണ് വിജയിച്ചത്. അത് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? കഴിഞ്ഞ പ്രാവശ്യം 10 എണ്ണം, ഇനി ഒന്നിലെ ഇലക്ഷൻ നടക്കാനിരിക്കുന്നു. മഹാഭൂരിപക്ഷം പഞ്ചായത്തുകളിലും ഇടതുപക്ഷ മുന്നണി ഭരിക്കുന്നു. എന്നിട്ടവർ ജയിച്ചുവെന്നാണ് പ്രചരണം. ഐക്യജനാധിപത്യ മുന്നണി കൺവീനർ ശ്രീ. ശങ്കരനാരായണൻ പറയുന്നത് മദ്യദുരന്തത്തിലെ അപാകതകൾ അടുത്തുവരുന്ന ഞങ്ങളുടെ ഗവൺമെന്റ് അന്വേഷിക്കുമെന്നാണ്. വല്ലാത്ത പൂതി തന്നെയാണ്. ശ്രീ. എ.കെ. ആൻണി ശ്രീ. കെ. കരുണാകരൻ പറയുന്നത് കേട്ട് മുഖ്യമന്ത്രിയുടെ കുപ്പായമിട്ട് നടക്കുകയാണ്. അത് അത്ര പെട്ടന്ന് സാധിക്കുകയില്ല. ജനങ്ങൾ വോട്ടു ചെയ്യണം. പഞ്ചായത്തിലെ വോട്ടുകൾ ഒന്നും നിങ്ങൾ കാണുന്നില്ലേ? മുഖ്യമന്ത്രി സ്ഥാനത്തിനുവേണ്ടി പൊട്ടൻ മമ്മത് ബിരിയാണി കണ്ട മാതിരി ചാടുകയാണ്. തെരഞ്ഞെടുപ്പു നടത്തുമ്പോൾ അറിയാം അത് പെട്ടന്ന് സാധിക്കുകയില്ല. അടുത്ത ഗവൺമെന്റ് അന്വേഷിക്കുമെന്നാണ് പറയുന്നത്. അവർ ഗവൺമെന്റിനെ പ്രഖ്യാപിക്കുകയാണ്. അടുത്ത ഗവൺമെന്റ് നിങ്ങളുടെതാണെന്ന് വോട്ട് എണ്ണാതെ എങ്ങനെയാണ് നിങ്ങൾ പ്രഖ്യാപിക്കുന്നത്? ആ പൂതി കെടുത്തുകയാണ് നല്ലത്. ഈ പിടിപ്പുകെട്ട പ്രതിപക്ഷം ഒരുപാട് വിമർശനങ്ങൾ പറഞ്ഞു. ഈ 5 കൊല്ലത്തിനിടയിൽ ഒരു ജനകീയ പ്രശ്നം എടുത്തുകൊണ്ട് ഒരു ദിവസമെങ്കിലും നിങ്ങൾ സമരം ചെയ്തോ? എന്തൊക്കെ പ്രഖ്യാപനങ്ങളാണ് ശ്രീ. എ.കെ. ആന്റണി ഇവിടെ വന്ന ഉടനെ ചെയ്തത്. സമരങ്ങളുടെ കൊടുങ്കാറ്റ്. സമരത്തിന്റെ നാളുകൾ എന്തെല്ലാം പ്രഖ്യാപനങ്ങൾ! 1. പയ്യാവൂർ സമരം നടത്തിയില്ലേ? എന്ത് ചെയ്തു. പ്ലസ് ടു സമരം നടത്തിയിട്ട് അവസാനം എന്താണ് പറഞ്ഞത്. പഞ്ചായത്ത് തെരഞ്ഞടുപ്പ് വരുന്നതുകൊണ്ട് ഞങ്ങൾ നിർത്തുകയാണെന്നാണ്. പഞ്ചായത്ത് തെരെഞ്ഞെടുപ്പ് കഴിഞ്ഞിട്ട് എന്താണ് വരാത്തത്? ഇന്നിപ്പോൾ സമരം നടത്തുന്നു, ഈ സമരത്തിന്റെ മുദ്രാവാക്യം എന്താണ്? നാണ്യവിളകളുടെ വിലയിടിവ് പരിഹരിക്കണമെന്നല്ലേ? ബഹു. ആന്റണി ഇങ്ങനെ അവർ പറയുന്നതു പോലെ ചെയ്യാൻ പാടുണ്ടോ? നാണ്യവിളകളുടെ വില കുറഞ്ഞത് ഞങ്ങളുടെ കുറ്റം കൊണ്ടാണോ? മാതൃഭൂമി ദിനപത്രം എഴുതിയ മുഖപ്രസംഗം നിങ്ങളൊന്നു വായിച്ചു നോക്കണം. ശ്രീ. ആര്യാടൻ മുഹമ്മദ് വായിച്ചിട്ടുണ്ടോ? ഞാൻ വായിച്ചുതരാം. ആ ഭാഗം മാത്രം വായിക്കാം. ഇത് നിങ്ങളുടെ കുഴലൂത്ത് നടത്തുന്ന പത്രമാണ്. "ഇറക്കുമതി നയത്തിനെതിരെ സമരങ്ങൾ അനിവാര്യമായിരിക്കുന്നു. രാജ്യത്തെ കർഷകരുടേയും വ്യവസായങ്ങളുടേയും തോട്ടമുടമകളുടേയും സാധാരണക്കാരുടെയും ജീവിതത്തെ ദുരിതപൂർണ്ണമാക്കിയത് കേന്ദ്ര സർക്കാർ പിൻതുട

LIBRARY ARCHIVES Kerala Legislative Assembly

രുന്ന ഈ ദുർനയമാണ്. ഇറക്കുമതി ചെയ്യുന്ന ഒരുൽപ്പന്നവും കർഷകന് കൃഷി ചെയ്യാനോ വ്യവസായികൾക്ക് നിർമ്മിക്കാനോ സാധിക്കാതിരിക്കുന്നു.'' ആ ഇറക്കുമതി ആരാണിവിടെ കൊണ്ടുവന്നത്? നിങ്ങൾ ആരോടാണ് സമരം ചെയ്യുന്നത്? ബഹു. നായനാരോടാണോ? ഈ ഇറക്കുമതി നയം ശ്രീ. നരസിംഹറാവുവാണ് ഇവിടെ കൊണ്ടുവന്നതെന്നു പറയുമ്പോൾ നിങ്ങൾ കലിതുള്ളുന്നത് എന്തിനാണ്? രണ്ടാമതും പറയുന്നത് മാതൃഭൂമി പത്രത്തിൽ തന്നെയാണ്. '' സാമ്പത്തിക പരിഷ്ക്കാരങ്ങൾക്കെതിരെ കൂടുതൽ ശക്തമായ ബഹുജനമുന്നേറ്റംതന്നെ വേണം. ബഹുരാഷ്ട്ര കുത്തകകൾ അവരുടെ അദൃശ്യമായ ചങ്ങലകൊണ്ട് ഇൻഡ്യയിലെ ജനങ്ങളെ വരിഞ്ഞുമുറുക്കിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് അതിന് കൂട്ടുനിൽക്കുമ്പോൾ രണ്ടാമതൊരു സ്വാതന്ത്ര്യസമരത്തിനിറങ്ങുകയേ ജനങ്ങൾക്ക് വഴിയുള്ളു.'' ചിലപ്പോൾ കാര്യം പറയുന്ന ഒരു ദേശീയ പാരമ്പര്യം മാതൃഭൂമിക്കുണ്ടല്ലോ. ഇനി പറയുന്നത് കേൾക്കൂ. എങ്ങനെയാണ് സമരം ചെയ്യുന്നതെന്ന് മാതൃഭൂമി പറയുകയാണ്: ''ഇറക്കുമതി നയത്തിനെതിരെ നടക്കുന്ന ഏതു സമരവും ജനകീയ സമരമായി മാറുന്നതാണ്. ഡി.വൈ.എഫ്.ഐ സംഘടിപ്പിച്ച ഉപരോധം ഈ ജനകീയ ആവേശം കണ്ടു.'' ആ ജനകീയ ആവേശമുള്ള സമരം ഡി.വൈ.എഫ്.ഐ യാണ് നടത്തിയത് അല്ലാതെ നിങ്ങളല്ല. നിങ്ങൾ ഇവിടെ ഇടങ്ങേറ് ഉണ്ടാക്കാൻ വേണ്ടി ഇവിടെ കയറിയിരിക്കുകയാണ്. നിങ്ങൾ കുറെ എം.എൽ.എ മാർ മറ്റ് എം.എൽ.എ മാർ പോകുമ്പോൾ വഴി തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഡി.വൈ.എഫ്.ഐ കരയിലും കടലിലും സമരം നടത്തുകയാണ്. മാതൃഭൂമി ദിനപത്രം പറയുന്നത് നിങ്ങൾ വായിച്ചു നോക്കൂ. ജനകീയാവേശംകൊണ്ട് പതിനായിരക്കണക്കിനു യുവാക്കൾ കടലിലും കരയിലും ആവേശഭരിതരായി വന്നുവെന്നാണ് മാതൃഭൂമി പറയുന്നത്. അപ്പോൾ സമരം നടത്തേണ്ടത് ശ്രീ. അനിരുദ്ധൻ പറഞ്ഞതുപോലെ നമ്മൾ ഒരുമിച്ച് കേന്ദ്രത്തോടല്ലേ നടത്തേണ്ടത്? ആ സമരം നടത്താൻ നിങ്ങൾ വൈമുഖ്യം കാണിക്കുന്നത് എന്തിനാണ്? ഇറക്കുമതി നയം തുടങ്ങിയത്, അതിന്റെ പിതാവ് നിങ്ങളാണ്. ബി.ജെ.പി വളർത്തച്ഛനാണ്. അതുകൊണ്ടാണ് സാധിക്കാത്തത്. ഒന്നാം പ്രതിയല്ലേ? അത് പറയാതിരിക്കാൻ നിവൃത്തിയില്ല. നിങ്ങളുടെ സമരം ആരോടാണ്. ഞാൻ ചോദിക്കട്ടെ. നാളെ നിങ്ങൾ അടിയന്തിരപ്രമേയമായി പാമ്പിനെ കൊണ്ടുവരും. പിന്നെ പല്ലിയെ കൊണ്ടുവരും, കുറച്ചുകഴിയുമ്പോൾ പാറ്റയെ കൊണ്ടുവരും. എലിവാൽ കൊണ്ടുവരും. അപ്പോൾ നമുക്ക് പ്രസംഗിക്കാം. പാമ്പ്, എലി, പാറ്റ, പൂച്ച അവിടെയല്ലേ പ്രതിപക്ഷം ഇപ്പോൾ നിൽക്കുന്നത്? ഭൂമികുലുക്കം ശ്രീ. നായനാർ ഇടപെട്ട് നിർത്തി വയ്ക്കണമെന്ന് പറഞ്ഞ് അടിയന്തിരപ്രമേയം നാളെ കൊണ്ടുവരും. ഭൂമികുലുക്കം നായനാർ വേണ്ടത്ര ശ്രദ്ധിച്ചില്ല. അതുകൊണ്ട് അടിയന്തിരപ്രമേയം, ശ്രീ. നായനാർ രാജിവയ്ക്കണം. നിങ്ങൾക്ക് നാണവും മാനവും ഉണ്ടോ? പോക്കുകെട്ട പ്രതിപക്ഷം, കേന്ദ്ര ഇറക്കുമതി നയം നിങ്ങൾ ഉണ്ടാക്കി. അത് നടപ്പാക്കിയതിന് നമ്മോടല്ല സമരം. മമ്മുവിന്റെ കാലിനു വീക്കം വന്നാൽ ഗോമുവിന്റെ കാലാണ് ഉഴിയുന്നത്. മമ്മുവിന്റെ കാലിനു വീക്കം വന്നാൽ മമ്മുവിന്റെ കാല് ഉഴിയണം. അവിടെ പോയി ഉഴിയണം. നമ്മൾ പറഞ്ഞല്ലോ നമുക്ക് ചർച്ച ചെയ്യാം. നിങ്ങൾക്ക് സഭ നിർത്തി വച്ച് അടിയന്തിര പ്രമേയം തന്നെ ചർച്ചചെയ്യണം. ഞങ്ങൾ ചർച്ച ചെയ്യാമെന്നു പറഞ്ഞു. അപ്പോൾ സഭ നിർത്തി വയ്ക്കുന്നതിലാണ് നിങ്ങൾക്ക് കമ്പം. ചർച്ച ചെയ്യുന്നതിലല്ല. വകുപ്പ് 130 ഓ 120 ഓ ഏതു വകുപ്പ് അനുസരിച്ചും ചർച്ച ചെയ്യാമെന്നു മുഖ്യമന്ത്രി പറഞ്ഞല്ലോ. നിങ്ങൾക്ക് വിലക്കയറ്റത്തെക്കുറിച്ചല്ല

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ചെയ്യേണ്ടത്, നിങ്ങൾക്ക് സഭ നിർത്തി വച്ച് ചർച്ചചെയ്യണം. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനം നിങ്ങൾ പൂർണ്ണമായി കലക്കിയില്ലേ? ജനാധിപത്യത്തോടു എന്തെങ്കിലും ബഹുമാനം നിങ്ങൾക്കുണ്ടോ? ഈ നാട്ടിലെ ജനങ്ങളോടു ഞങ്ങളുടെ പോരായ്മകളും ഗവൺമെന്റിന്റെ കുറ്റവും തുറന്നു കാണിക്കാൻ നിങ്ങൾക്ക് കിട്ടിയ അവസരമല്ലേ ഇത്. അതിന് നിങ്ങൾ സമ്മതിച്ചോ? അതിന് സമ്മതിച്ചില്ല. ഇപ്പോൾ ഈ സഭ 18-ാം തീയതി വന്നു അന്നും കുഴപ്പം ഇന്നലെയും കുഴപ്പം. നിങ്ങൾക്ക് ഒരു സമരവും നടത്താൻ കഴിയുകയില്ല. നിങ്ങൾക്ക് പുറത്ത് സമരം നടത്താൻ കഴിയുകയില്ല. ജനങ്ങളുടെ പിൻതുണ നിങ്ങളുടെ സമരത്തിന് കിട്ടുകയില്ല. പിൻതുണ കിട്ടാൻ വേണ്ടി നിങ്ങൾ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തി. ആ സമരത്തിന്റെ സാമ്പിൾ ഞാൻ പറഞ്ഞുതരാം. ഐക്യജനാധിപത്യ മുന്നണി സംഘടിപ്പിച്ച സെക്രട്ടേറിയറ്റ് മാർച്ച് അക്രമാസക്തമായി. ഐക്യജനാധിപത്യ മുന്നണി പ്രവർത്തകർ നടത്തിയ കല്ലേറിൽ ആർ. ബാലകൃഷ്ണപിള്ളയ്ക്ക് ഏറ് കൊണ്ടു. അതിന്റെ തമാശയെന്ന് പറയുന്നത് കല്ലുകളും കൊടി കെട്ടിയ കമ്പുകളും ഉപയോഗിച്ചാണ് ഏറ്. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് മാത്രമല്ല ഏറ് കൊണ്ടത്. ഏറു രൂക്ഷമായപ്പോൾ പ്രവർത്തകർ ഇടപെട്ട് കെ. കരുണാകരൻ ഉൾപ്പെടെയുള്ള നേതാക്കളെ അവിടെനിന്നും മരത്തിന്റെ പിന്നിലേക്ക് മാറ്റുന്ന ചിത്രം (ഫോട്ടോ സഭയിൽ ഉയർത്തിക്കാണിച്ചു). എന്ത് സമരമാണ് നിങ്ങൾ നടത്തുന്നത്. നിങ്ങൾക്ക് ജനങ്ങളോട് എന്തെങ്കിലും ബഹുമാനമുണ്ടോ? ജനകീയ പ്രശ്നങ്ങളെ കുറച്ചുകൂടി ഉയർത്തിക്കൊണ്ടുവന്ന് സമരം നടത്താൻ നിങ്ങൾക്ക് കഴിയുകയില്ല. നിയമസഭ സ്തംഭിപ്പിക്കുക, അതിനകത്ത് അടിപിടിയുണ്ടാക്കുക, ഇവിടെ കയറിയിരിക്കുക. തെങ്ങിൻമേൽ കയറുന്ന മാതിരിയല്ലേ വിജയകുമാർ കയറിയത്. സ്റ്റേജിന്റെ മുകളിൽ കയറുക, തേങ്ങയ്ക്ക് വില കുറഞ്ഞതിന് സ്പീക്കറുടെ മേക്കിട്ട് കയറിയിട്ട് എന്താണ് കാര്യം. നമ്മുടെ സഭാനടപടികൾ തീർത്തിട്ട് ചർച്ചചെയ്യാമെന്നു പറഞ്ഞു. ഇത്തരത്തിൽപ്പോകുന്നത് ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണ്. ഇറക്കുമതി നയം നിങ്ങളാണ് തുടങ്ങിയത്. ശക്തിയായി ഇപ്പോൾ ശ്രീ. വാജ്പേയി നടപ്പാക്കുന്നു. 1427 സാധനങ്ങളാണ് ഇറക്കുമതി ചെയ്യുന്നത്. തേങ്ങയുടെ പാൽ അവരെടുക്കുകയും പീര ഇറക്കുമതി ചെയ്യുകയുമാണ് ചെയ്യുന്നത്. തേങ്ങാപ്പാൽ സായിപ്പ് കുടിക്കുക. തേങ്ങാപ്പീര സാധുക്കളായ കേരളത്തിലുള്ളവർക്ക്. നിങ്ങൾ കുറച്ച് നേതാക്കൻമാർ പ്രധാനമന്ത്രിയെ കാണാൻപോയി. പ്രധാനമന്ത്രിയെ കാണാൻ പോയപ്പോൾ അദ്ദേഹം തലയാട്ടിയെന്നാണ് ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്. ഞങ്ങളുടെ നാട്ടിൽ ഒരു കുഞ്ഞിക്കുതിരയുണ്ട്. കുഞ്ഞിക്കുതിരയ്ക്ക് വെള്ളം വേണമോ, കുഞ്ഞിക്കുതിരയ്ക്ക് ഭക്ഷണം വേണമോ എന്തുകേട്ടാലും കുഞ്ഞിക്കുതിര തലയാട്ടും. അങ്ങനെ പ്രധാനമന്ത്രി തലയാട്ടി. നിങ്ങളും തലയാട്ടി ഇങ്ങോട്ടു പോന്നു. നമ്മൾ ഒരുമിച്ച് സമരം ചെയ്തില്ലേ? ഞങ്ങൾ സമരത്തിന് പോയപ്പോൾ നിങ്ങളെ വിളിച്ചു. പക്ഷെ നിങ്ങൾ വിളിച്ചില്ല. നിങ്ങൾ സ്വകാര്യമായിട്ട് പോയി.അങ്ങനെ പോവാതെ നമുക്കൊരുമിച്ച് പോയാൽ നിങ്ങളാണ് ഇതിന്റെ തുടക്കമെന്ന് പറയുമെന്ന് വിചാരിച്ചിട്ടാണോ ? അതാണ് സഭ നിറുത്തി വയ്ക്കൽ, ഇറങ്ങിപ്പോക്ക്, സ്തംഭിപ്പിക്കൽ അതിനെ നിങ്ങൾക്ക് താൽപ്പര്യമുള്ളു. നമ്മുടെ പ്രതിപക്ഷസമരത്തെക്കുറിച്ച് മാതൃഭൂമി തന്നെ എഴുതിയ ഒരു ഭാഗം കൂടി ഞാൻ വായിക്കാം: ''പ്രതിപക്ഷം സഭയിൽ അടിയന്തിരപ്രമേയം കൊണ്ടുവന്നു. രാഷ്ട്രീയലക്ഷ്യത്തോടെയായിരുന്നു അതെന്ന കാര്യത്തിൽ തർക്കമില്ല'' മാതൃഭൂമിയുടെ പ്രത്യേക ലേഖകൻ എഴുതിയതാണ്. ആത്മാർത്ഥമായിട്ട് മദ്യത്തെ സംബന്ധി

LIBRARY ARCHIVES Kerala Legislative Assembly

ച്ചോ മറ്റ് കാര്യത്തെ സംബന്ധിച്ചോ നിങ്ങൾക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ? വിലക്കയറ്റത്തെ സംബന്ധിച്ച് ഉണ്ടോ ? ഞാൻ കൂടുതൽ ആവർത്തിച്ചാവർത്തിച്ച് സംസാരിക്കുന്നില്ല. ഇവിടെ മദ്യദുരന്തത്തെക്കുറിച്ച് പറയുന്നതു കേട്ടാൽ മണിച്ചന്റെ വിവരങ്ങളൊക്കെ നിങ്ങൾക്ക് എങ്ങനെയാണ് ബാലറാം കിട്ടിയത്?..(ബഹളം)..... മണിച്ചൻ അല്ലേ? ഞങ്ങൾക്ക് പേരു പോലും അറിയില്ല. നിങ്ങൾക്ക് അറിയാം. മണിച്ചൻ അങ്ങനെ പറഞ്ഞു. മണിച്ചൻ ഇങ്ങനെ പറഞ്ഞു. മണിച്ചന്റെ പത്രം. ഇതുവരെ മണിച്ചൻ എവിടെയായിരുന്നു? അതിന്റെ എല്ലാ വിവരവും നിങ്ങളുടെ കൈയ്യിലുണ്ട്. താത്താന്റെ വിവരവും നിങ്ങൾക്ക് അറിയാമോ? താത്താന്റെ വീട് നമ്മുടെ അനിരുദ്ധൻ കണ്ടിട്ടില്ല. അനിരുദ്ധന് താത്താന്റെ വീട്ടിൽ പോയിട്ട് സംഗതി ഒപ്പിക്കുന്ന പണിയില്ല. അത് പരിചയമുള്ളവർക്കേ സാധിക്കുകയുള്ളൂ. താത്താന്റെ വീട്ടിൽ പോകുന്നത് അല്പം കഴിക്കാൻ അല്ലേ? താത്താന്റെ അടുത്തുപോയി ചാരായം കഴിക്കുന്ന പണി അനിരുദ്ധന് ഇല്ല. അതുകൊണ്ട്, അനിരുദ്ധന് എങ്ങനെ അറിയാം. നിങ്ങൾക്ക് എങ്ങനെ മണിച്ചന്റെ കാര്യം അറിയാമെന്നുള്ളതിനെക്കുറിച്ച് ഞങ്ങൾക്ക് അറിയില്ല. കേന്ദ്രത്തിനെതിരായി നിങ്ങളുടെ നയത്തിനെതിരായി ഞങ്ങൾ പ്രതിഷേധവും പ്രകടനവും അതിശക്തമായി ഉയർത്തിക്കൊണ്ടുവരുന്നു. നിങ്ങളൊക്കെ ഇത് മനസ്സിലാക്കുന്നുണ്ടോ? നിങ്ങൾ ഇതൊക്കെ ഏർപ്പാടാക്കി. ബി.ജെ.പി യുടെ കൈയിൽ ഏൽപ്പിച്ചുകൊടുത്തിട്ട് നിങ്ങളും ബി.ജെ.പി യും ഒത്തുകളിക്കുകയാണ്. ഈ 18-ാം തീയതി സഭ തുടങ്ങി, അന്ന് സഭ സ്തംഭിപ്പിച്ചു. ബഹു. ശിവദാസമേനോൻ രാജിവയ്ക്കണം. ബഹുമാനപ്പെട്ട ശിവദാസമേനാന്റെ ഭരണകാലത്ത് കുടിച്ച ചാരായം ഏതാണ്? നിയമ വിരുദ്ധമായി അർദ്ധരാത്രി വിഷം ചേർത്ത്, പച്ച വെള്ളം കൂട്ടി ആരുമറിയാതെ നിയമത്തെ വെല്ലുവിളിച്ച് ചാരായം കുടിച്ചതുകൊണ്ടല്ലേ മരിച്ചത്? നിങ്ങളുടെ ഗവൺമെന്റ് കൊടുത്ത ഡിപ്പോ ചാരായം, ലൈസൻസ് ചാരായം കുടിച്ച് പുനലൂരിൽ 78 ആളുകൾ മരിച്ചിട്ട് നിങ്ങൾ ആരെങ്കിലും രാജിവച്ചോ?..........(ബഹളം).......

ശ്രീ. എ.കെ. ആന്റണി : പുനലൂർ അല്ല വൈപ്പിൻ ആണ്.

ശ്രീ. ടി.കെ. ഹംസ : ബഹു. പ്രതിപക്ഷനേതാവ് ഒരു വാക്കിലെ സ്ലിപ്പ് നോക്കിയിട്ട് ഇടപെടരുത്. അത് ശരിയല്ല. 78 ആളുകൾ മരിച്ചത് വൈപ്പിനിലാണ്. അന്ന് ആരാണ് മുഖ്യമന്ത്രി? അന്ന് ശ്രീ. കെ. കരുണാകരനാണ് മുഖ്യമന്ത്രി. രാജിവച്ചോ? ആര് മന്ത്രി എന്നുള്ളതല്ല, രാജിവച്ചോ എന്നാണ് അറിയേണ്ടത്. ഇപ്പോൾ നിയമവിരുദ്ധമായി ചാരായത്തിൽ വിഷം കൂട്ടി കുടിച്ചതിന് ശിവദാസമേനോൻ രാജിവയ്ക്കണമെന്നു പറഞ്ഞു. നിങ്ങൾ എന്താണ് രാജിവയ്ക്കാത്തത്? ചർച്ച ചെയ്യുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല, പക്ഷേ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം! സഭയിൽ ഒന്നും ഉണ്ടാകാൻ പാടില്ല! ജൂലൈ മാസത്തിലും അങ്ങനെ തന്നെ. ബഹുമാനപ്പെട്ട ആന്റണി ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുണ്ട്. 'അബ്കാരികൾക്ക് സഹായം ചെയ്തുകൊടുത്തു, അബ്കാരികൾക്ക് ടാക്സ് ഒഴിവാക്കിക്കൊടുത്തു.' പലതിനും രേഖ ഉദ്ധരിച്ച്, അതിന് രേഖ ഉദ്ധരിച്ചോ? അതിന് കടലാസ് വല്ലതും കാണിച്ചോ? ബഹു. മന്ത്രി പരസ്യമായി നിഷേധിച്ചല്ലോ, അങ്ങനെയില്ലാ എന്ന്. ഇന്ന് രേഖ കൊണ്ടുവന്നോ? ഏത് അബ്കാരിക്ക്, എപ്പോൾ കൊടുത്തു. ഏത് കാലത്ത് എങ്ങനെ ഒഴിവാക്കിക്കൊടുത്തു എന്നു പറയണം....(ബഹളം).......നിങ്ങളോടുള്ള പേടികൊണ്ട് ഞങ്ങൾ ബേജാറാകുന്നില്ല. പക്ഷേ ഇങ്ങനെ ആന്റണിയെപ്പോലെ ഒരാൾ ഈ വിധത്തിൽ പറഞ്ഞുകൂടാ. എന്തും പറയാമെ

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ന്നാണോ? നിങ്ങളാണ് ഈ നയം കൊണ്ടുവന്നതെന്ന് നിങ്ങൾ തന്നെ പറയുന്നുണ്ടല്ലോ? ബഹുമാനപ്പെട്ട ആന്റണി, ഈ ഇറക്കുമതി നയം ഞങ്ങൾ മാറ്റാൻ പോകുന്നുവെന്ന് നിങ്ങൾ പറയുന്നുണ്ടല്ലോ. ശ്രീ. നരസിംഹറാവുവും ശ്രീ. മൻമോഹൻസിംഗും കൊണ്ടുവന്ന ഉദാരവൽക്കരണ നയത്തിൽനിന്നുള്ള സുപ്രധാന ചുവടുമാറ്റമായി ഇത് മാറും. പത്രക്കാരോട് സംസാരിക്കുമ്പോൾ പ്രവർത്തകസമിതി അംഗം എന്ന നിലയിൽ ആന്റണി പറഞ്ഞതും നിങ്ങളുടെ കമ്മിറ്റിയിലെ റിപ്പോർട്ടിൽ പറയുന്നതും എന്താണെന്ന് അറിയണ്ടേ? "ഇടതു ചായ്‌വുള്ള സാമ്പത്തിക നയത്തിലേയ്ക്ക് കോൺഗ്രസ്സ് മടങ്ങും. ശ്രീ. ആന്റണി ഇത് ദേശാഭിമാനിയിൽ പറയുന്നതല്ല, ഈ ആന്റണി എങ്ങനെ ഇവിടെ വന്നിട്ട് മറിച്ചു പറയുന്നു. നാണ്യവിളകളുടെ വിലയിടിവിന് കാരണം ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലാണ് എന്ന് നിങ്ങൾ തന്നെ പറയുന്നു, എന്നിട്ട് നിങ്ങൾ തന്നെ പറയുന്നു സാമ്പത്തിക നയത്തിന്റെ തകരാറാണെന്ന്. നിങ്ങൾ അദ്ധ്യക്ഷനായി നിയമിച്ച കമ്മിറ്റി പറയുന്നു, ഞങ്ങൾ മാറാൻ പോകുകയാണ്. അതുപോലെ തന്നെയല്ലേ ഈ മദ്യത്തിലും നിങ്ങൾ പറയുന്നത്? മദ്യദുരന്തം ഒരു ദുരന്തം തന്നെയാണ്, ആ ദുരന്തത്തെ എല്ലാപേരും ഒരുമിച്ച് നേരിടണമെന്നല്ലാതെ ആരുടേയും തലയിൽ വച്ചുകെട്ടുന്നതു ശരിയല്ല. ശ്രീ. കരുണാകരൻ പറഞ്ഞു.....(നിങ്ങൾ വാശിപ്പിടിപ്പിക്കുന്നു, നിങ്ങൾ എന്തിനാണ് ഇങ്ങനെ ചാടുന്നത്?) നിങ്ങൾ കൊള്ളുകയില്ല, നേതൃത്വം മാറ്റണമെന്ന്. നിങ്ങൾ പണ്ട് പറഞ്ഞത് അയാളുടെ ശൈലി മാറ്റണമെന്നാണ്. പടച്ചോൻ വിചാരിച്ചാൽ മാറാത്ത ശൈലിയാണ് അദ്ദേഹത്തിന്റേത്. എന്റെ ശൈലി ഈ വയസുകാലത്ത് മാറുകയില്ല എന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ

7 P.M നിങ്ങൾ മാറ്റി. അതിന് അദ്ദേഹം പറഞ്ഞു നേതൃത്വം മാറണമെന്ന്. നിങ്ങളുടെ ശൈലി നിങ്ങൾ മാറ്റിക്കൊള്ളുമെന്ന് അദ്ദേഹത്തിനറിയാം. നേതൃത്വത്തിലിരിക്കാനും സംഗതി തുടരാനും നിങ്ങൾ ശൈലി മാറ്റുമെന്ന് കരുണാകരന് മുമ്പേ അറിയാം. അതുകൊണ്ടാണ് ആ വാക്ക് അയാൾ പറയാത്തത്. ആന്റണി ശൈലി മാറ്റണമെന്ന് അയാൾ പറഞ്ഞില്ലല്ലോ. നേതൃത്വം കേരളത്തിൽ മാറ്റണമെന്നാണ് പറഞ്ഞത്. ഈ കഴിഞ്ഞ രണ്ട് സഭയിലും എന്തൊക്കെയാണ് നിങ്ങൾ കാട്ടിക്കൂട്ടിയത്. നിങ്ങളിൽ നിന്നും ഞങ്ങൾ ഇതൊന്നും പ്രതീക്ഷിക്കുന്നില്ല. ആ നിലയ്ക്ക് ഉയർന്ന നിലവാരം പുലർത്തി പ്രതിപക്ഷത്തിന്റെ കടമ നിങ്ങൾ നിർവഹിച്ചോ? ഭരണത്തിന്റെ വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കാനും വ്യക്തികളെ വിമർശിക്കാനും ഭരണത്തെ നേർവഴിക്ക് കൊണ്ടുപോകാനുമുള്ള പ്രതിപക്ഷത്തിന്റെ കടമ നിങ്ങൾ ഏതെങ്കിലും ഘട്ടത്തിൽ നിർവഹിച്ചിട്ടുണ്ടോ......(ബഹളം) ഇപ്പോൾ താമരാക്ഷൻ അപ്പുറത്തിരുന്ന് ചിരിക്കുകയാണ്. അപ്പുറത്ത് കൂടിയാൽ കേറി വരാൻ എളുപ്പമാണെന്നാണ് താമരാക്ഷന്റെ വിചാരം. താമരാക്ഷന്റെ ആ പൂതി മനസ്സിൽ വച്ചാൽ മതി. ഹരിപ്പാട് പച്ച തൊടുകയില്ല. നിങ്ങളെ ജയിപ്പിച്ച് കൊണ്ടുവരാൻ ചോര നീരാക്കിയിട്ടുണ്ട്. ഇപ്പോൾ ചിരിച്ചിരിക്കുകയാണ്. നാണവും മാനവുമില്ലാത്തവർക്ക് എന്തും ആകാമല്ലോ. നാളെ ആ കൂട്ടത്തിൽ കൂടി കയറിവന്ന് മന്ത്രിയാകാമെന്നല്ലേ വിചാരം? നിയമസഭയുടെ ഗ്യാലറി കാണണമെങ്കിൽ ഹംസാക്കാന്റെ പാസ്സിന് വരേണ്ടി വരും മനസ്സിലാക്കിക്കോ. പാസ് എടുത്ത് ഇതിനകത്ത് കടക്കേണ്ടി വരും. അടുത്ത തെരഞ്ഞെടുപ്പിൽ പെരമ്പാവൂരിന് വേണമെങ്കിൽ ഒരു എക്സംപ്ഷൻ കൊടുക്കാം. ബാക്കിയൊക്കെ തകർക്കും. അതുകൊണ്ട് ഈ തെരഞ്ഞെടുപ്പിന്റെ ജാഡ കാണിച്ച് ഈ സഭ സ്തംഭിപ്പിച്ച് ബഹളം കൂട്ടി മദ്യദുരന്തം, മണിച്ചൻ, കുഞ്ഞച്ചൻ ഞങ്ങൾക്ക് എല്ലാ പേരും അറിഞ്ഞുകൂടാ നിങ്ങൾ കൊണ്ടുനടക്കുകയാണ് എല്ലാവരേയും. ഏതോ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ടി.വി.ക്ക് ഇന്റർവ്യൂ കൊടുത്തുവെന്നോ കോൺഗ്രസ്സ് ഓഫീസിൽ കൂളിംഗ് ഗ്ലാസ്സിന്റെ ചില്ലുള്ള കാറിൽ കൊണ്ടു പോയിട്ട് സ്റ്റേറ്റ്മെന്റ് കൊടുത്താൽ നമ്മൾ കാണുമോ? കോൺഗ്രസ്സുകാരുടെ കാറിൽ മണിച്ചനെ ഏഷ്യാനെറ്റ് ടി.വി. ക്ക് കൊണ്ടു പോയി ഇന്റർവ്യൂ എടുത്താൽ ഞങ്ങൾ എങ്ങനെ അറിയാനാണ്? അതുകൊണ്ട് നിങ്ങൾ ഈ കള്ളക്കളി അവസാനിപ്പിക്കണം. ഞങ്ങൾ രസീതു കൊടുത്ത് പിരിച്ചുവെന്നു പറഞ്ഞു. രസീത് കൊടുക്കാത്ത പിരിവല്ലേ നിങ്ങളുടേത്? നിങ്ങൾ പിരിച്ചത് ആരെങ്കിലും ഇതുവരെ കണ്ടിട്ടുണ്ടോ? ചാനലിന്റെ കുറ്റമാണ് ബാലറാമിന്, ബാലറാമിന് കുറ്റം ഞങ്ങൾ ഒരു ചാനൽ നടത്തുന്നതിലല്ലേ? ഏഷ്യാനെറ്റ്, സീ ടി.വി, സൺ ടി.വി, സഹാറാ ടി.വി, ഇതൊക്കെ കടിക്കിണ്, മാന്തുണ്, കുത്തുണ്, അതു തന്നെയാണ് ചാനൽ. അതു തന്നെയാണ് കൈരളിയും. ഞങ്ങൾക്ക് അതെങ്കിലും സാധിച്ചു. നിങ്ങൾക്ക് അതു സാധിക്കുമോ? നിങ്ങൾ എന്താണ് ചെയ്തത്? മണിച്ചന്റെ നോട്ടീസും എടുത്ത് നിയമസഭയിൽ വരാൻ കഴിയുമോ? നിങ്ങൾ വീക്ഷണം പത്രം വിറ്റു. അതിന്റെ കെട്ടിടം വിറ്റു. മണ്ണും മാന്തി വിറ്റില്ലേ? വീക്ഷണം ഇരുന്ന കെട്ടിടത്തിന്റെ മണ്ണുവരെ മാന്തി വിറ്റു. ഒരു പത്രം നടത്താൻ കഴിയാത്ത നിങ്ങൾ ഞങ്ങൾ ചാനൽ നടത്തുന്നതിന് കണ്ണു കടിച്ചിട്ട് എന്താണ് കാര്യം? പിന്നെ, ഈ കണ്ണുകടി വർത്തമാനം എന്തിനാണ് പറയുന്നത്? ജനങ്ങളുടെ ഷെയർ എടുത്ത് പബ്ലിക് സ്ഥാപനം എന്നുള്ള നിലയ്ക്ക് ഒരു കമ്പനി...... പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. അതിനകത്ത് ആർക്കും ഷെയർ എടുക്കാം. നിങ്ങളും എടുത്തോ. പത്തൻപതു കോടി രൂപ ഷെയർ തരാൻ മാത്രം കമ്മ്യൂണിസ്റ്റുകാർ ഈ ലോകത്തുണ്ടോ? ഈ കേരളത്തിലുണ്ടോ? കമ്മ്യൂണിസ്റ്റുകാർ ആണോ ഇതിനു മുമ്പ് ഷെയർ എടുത്തത്? 50 കോടി രൂപയിലധികം രൂപ ഇൻവെസ്റ്റുമെന്റ് മൂലധനം ഉണ്ട് ഇതിനകത്ത്. അതു മുഴുവൻ സഖാക്കൾ എടുത്തു എന്നാണോ നിങ്ങൾ വിചാരിച്ചത്? നല്ല കോൺഗ്രസ്സുകാർ ഷെയർ എടുത്തിട്ടുണ്ട്. ഒരു കോൺഗ്രസ്സുകാരനോട് ഞാൻ ചോദിച്ചു, 'നിങ്ങൾ 25 ലക്ഷത്തിന്റെ രണ്ടു ടിക്കറ്റാണെടുത്തത്, നിങ്ങൾക്ക് എന്തു ഭ്രാന്താണ്?' അപ്പോൾ അയാൾ സ്വകാര്യം പറഞ്ഞു. രാത്രി പറഞ്ഞു തരാമെന്ന്. രാത്രി അയാൾ എന്താണ് പറഞ്ഞതെന്നറിയാമോ? പണം സൂക്ഷിക്കാൻ നല്ലത് മാർക്സിസ്റ്റുകാരാണ്. നമ്മുടെ കോൺഗ്രസ്സ് നേതാക്കൾക്കും. അതുകൊണ്ടാണ് കൊടുക്കാത്തത് എന്ന്. അതുകൊണ്ട് ഞങ്ങൾ ഈ പണം പിരിച്ചിട്ടും ഷെയർ എടുത്തിട്ടും ഞങ്ങൾ ചാനൽ നടത്തും. പത്രം നടത്തും. ദേശാഭിമാനിയുടെ ഓഫീസ് ഇങ്ങനെ വർദ്ധിപ്പിക്കുന്നതിലുള്ള അസൂയ, അതുകൊണ്ട് ഞാൻ നിറുത്തുകയാണ്. അസൂയയ്ക്കും സിദ്ധാന്തത്തിനും മരുന്നില്ല. അസൂയയ്ക്ക് മരുന്നില്ല. നിങ്ങൾ ശരിയായ മാർഗ്ഗത്തിൽ വരണം. ഫാസിസ്റ്റു വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾ സാമ്പത്തികമായും സാംസ്ക്കാരികമായും നമ്മളെ തകർക്കുകയാണ്. അതുകൊണ്ട് ഒരുമിച്ചു നിന്ന് പോരാടാൻ പ്രതിപക്ഷത്തെ ഞങ്ങൾ അങ്ങോട്ടും താഴ്മയോടുകൂടി ക്ഷണിക്കുന്നു. ഈ അനാവശ്യ സമരങ്ങൾ അവസാനിപ്പിക്കുക. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. വളരെ വേദനാജനകമായ ഒരു കാര്യം തുടക്കത്തിലേ പറയാനുള്ളത്, 30 വർഷമായി ഈ നിയമസഭയിൽ അംഗമായിരിക്കുന്ന ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ കേരളത്തിലെ 10 ജനപ്രതിനിധികൾ രാഷ്ട്രീയ അഭിപ്രായവ്യത്യാസത്തിൽ സമരത്തിൽ കഴിയുകയാണ്. നിയമസഭാ കവാടത്തിൽ നടക്കുന്ന ഒരു സമരത്തെ എത്ര ഹാസ്യമായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ എന്റെ സുഹൃത്ത് അവതരിപ്പിച്ചത്. അതിൽ എനിക്ക് വേദനയുണ്ട്. ജനകീയ സമരങ്ങളിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ട്. നിയമസഭാ കവാടത്തിന് പുറത്ത് സമരം നടക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യ മല്ല. നിങ്ങളും നടത്തിയിട്ടുണ്ട്. ഈ ഒരു രാഷ്ട്രീയ സമീപനം, നമുക്ക് പുറമെ നിന്നും കാണുന്ന എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലുമുള്ള ജനങ്ങളുടെ മുന്നിൽ എം.എൽ.എ. മാരെക്കുറിച്ചുള്ള ചിത്രം വളരെ വികൃതമാക്കുന്നു എന്നു മാത്രമേ ഞാൻ ഈ സന്ദർഭത്തിൽ പറയുന്നുള്ളൂ. ഐക്യ കേരളത്തിന്റെ, പാർലമെന്റിന്റെ ചരിത്രത്തിൽ, ജനാധിപത്യത്തിന്റെ ചരിത്രത്തിൽ റിക്കാർഡ് ഇന്നത് അങ്ങ് അതിന്റെ മികവിലും നിറഞ്ഞു നിൽക്കുന്നു. അതിൽ സന്തോഷമുണ്ട്. അങ്ങ് ഉത്തരവാദിയല്ല. എങ്കിലും ഐക്യ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു സഭ 4 ദിവസം കൂടുന്നത്. പണ്ട് ഉണ്ടായിട്ടുള്ളത് നമ്മൾ ഇപ്പോൾ ആവർത്തിക്കണമെന്നുണ്ടോ? ക്യാബിനറ്റിന്റെ തീരുമാനമെടുത്തത് നടപ്പിൽ വരുത്തിയിട്ടുണ്ട് സ്പീക്കർ. ഇവിടെ മാറാത്തത് നിങ്ങൾ മാത്രമാണ്. ബാക്കി എല്ലാവരും മാറുന്നു. അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രത്തിൽ ആദ്യമായി ഒരു നീഗ്രോ കുടിലിൽ ജനിച്ചുവീണ ഒരു ആൾ അമേരിക്കൻ പ്രസിഡന്റ് കഴിഞ്ഞാൽ ആദ്യമായി അവിടുത്തെ ഏറ്റവും വലിയ പവർഫുൾ പോസ്റ്റിൽ എത്തിയിരിക്കുന്നു. സ്റ്റേറ്റ് സെക്രട്ടറിയായിട്ട് അമേരിക്കയിലെ റിപ്പബ്ലിക്കൻ പാർട്ടി പോലും മാറുന്നു. ദേശീയ സുരക്ഷ ഉപദേശകയായിട്ട് "കോണ്ടലിസ" റൈസ് എന്നു പറയുന്ന ആഫ്രിക്കക്കാരിയായ ഒരു നീഗ്രോ സ്ത്രീയെ വച്ചിട്ടുണ്ട്. ഞാൻ ഇതു പറയാൻ കാരണം, അമേരിക്കയിലെ റിപ്പബ്ലിക്കൻ പാർട്ടി പോലും മാറുന്നു. മാറാത്തവർ നിങ്ങൾ മാത്രമാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റുകൾ മാത്രമാണ്. നിങ്ങൾക്ക് മാറാൻ കഴിയില്ല. തുടക്കത്തിൽ ധനകാര്യ മന്ത്രി, ഇവിടെ അടിയന്തിര പ്രമേയം അവതരിപ്പിച്ചപ്പോൾ....... 10 വർഷങ്ങൾക്കു മുമ്പുള്ള, ശ്രീ. നായനാർ തള്ളിപ്പറഞ്ഞ, മലയാള മനോരമയെപ്പറ്റി പ്രസംഗം തുടങ്ങി. അതുകൊണ്ട് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ട്. ഞാൻ വാർത്തകൾ വായിക്കും. പക്ഷേ അങ്ങ് പത്രങ്ങളെ ആധാരമാക്കുന്നയാളാണ്. ഇവിടെ ശ്രീ. ബാലറാം ക്വാട്ട് ചെയ്തതിനെ ഞാൻ ആവർത്തിക്കുന്നില്ല. എങ്കിലും, മലയാള മനോരമ പത്രം "സി.പി.ഐ.-ബി.ജെ.പി. രഹസ്യ ബന്ധം എന്ന സി.പി.എം-ന്റെ മുന്നറിയിപ്പ്" അതിൽത്തന്നെ ട്രഷറി നിയന്ത്രണം പതിവ് നടപടി എന്ന് മന്ത്രി, ഒന്നും പാസ്സാക്കുന്നതിന് നിർദ്ദേശമില്ല-ട്രഷറിക്കാർ. "കേരളകൗമുദി" "ഞാൻ ഒരു കേരളീയനാണ്. എന്നെക്കുറിച്ച് എന്തെങ്കിലും നല്ല വാക്ക് എന്റെ നാട്ടിലെ മുഖ്യമന്ത്രിയിൽ നിന്നും എനിക്ക് കേൾക്കാൻ കഴിഞ്ഞിട്ടില്ല. അതേസമയം ഡോ. ബാബാസാഹിബ് അംബേദ്ക്കറായി അഭിനയിച്ച എന്നെക്കുറിച്ച് മഹാരാഷ്ട്രാ മുഖ്യമന്ത്രി നല്ലതു പറഞ്ഞപ്പോൾ എനിക്ക് അഭിമാനം തോന്നുന്നു" മമ്മൂട്ടിയുടെ പ്രസംഗം കേരള കൗമുദിയിൽ വന്നു. പത്രങ്ങളാണ്. ഇവിടെ ഞാൻ 3 പ്രാവശ്യം ശ്രീ. ടി.കെ.ഹംസ ഉദ്ധരിച്ച മാതൃഭൂമി പത്രത്തിൽ ഗവേഷണം നടത്തി. "ഇൻഡ്യയിലെ റെയിൽവേ കഴിഞ്ഞാൽ ഏറ്റവുമധികം ലാന്റ് ഉള്ള പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടി" അതിന്റെ സർവ്വേ എന്റെ കൈയിലുണ്ട്. വീക്കിലികൾ: മലയാളം. ഇത് ഇന്ന് വന്നതാണ്. "പാമ്പു വളർത്തൽ കേന്ദ്രത്തിലെ രാഷ്ട്രീയം "മാതൃഭൂമി ഇന്നത്തെയാണ്;" "നാം ലജ്ജിക്കുക" ആര്? കേരളം: "കലാകൗമുദി" "സി.ഐ.റ്റി.യു. സി.പി.എം. ന്റെ വരുതിയിൽ "മലയാളം;" "സി.പി.എം. ഈ മന്ത്രിയെ എന്തിനു ചുമക്കുന്നു" "ബഹു. ധനകാര്യമന്ത്രിയെ" "സ്ത്രീ പീഡനങ്ങളിലെ ഇടതുപക്ഷ തട്ടിപ്പ്, രാഷ്ട്രീയ പൊയ്മുഖങ്ങൾ, കണ്ണൂരിലെ പ്രതികാര ദുർഗ്ഗകളായ അമ്മമാർ" (മലയാളം) "ജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിൽ നിന്നും അകലുന്ന ഇടതു മുന്നണി നേതൃത്വങ്ങൾ" (കുങ്കുമം) "ജന്മി മാരും അടിമകളും ദൈവങ്ങളും ആരുടെ? നിങ്ങളുടെ (മാതൃഭൂമി) ജനകീയാ സൂത്രണം; "മാർക്സിസ്റ്റ് സഹയാത്രികൻ" ഡോ. കെ.പി. കണ്ണൻ എഴുതിയ "കാളയ്ക്കു മുന്നിൽ കെട്ടിയ വണ്ടി" (ജനകീയാസൂത്രണം, കേരളശബ്ദം) ഞങ്ങളുടേതല്ലല്ലോ. യഥാർത്ഥ പ്രതി ഹയറുന്നീസയാണോ, മറ്റാരൊക്കെ യാണോ: ഇതിനകത്തുണ്ട്. കലാകൗമുദി "കണ്ണൂർ" സി.കെ. പത്മനാഭന്റേയും ശ്രീ. പിണറായി വിജയന്റേയും പടം. "ഈ നേതാക്കൾ ഉത്തരം പറയട്ടെ "യഥാർത്ഥ പ്രശ്നം തൊഴിലില്ലായ്മ അല്ലേ? മാതൃഭൂമി "വ്യസനിക്കുക" മദ്യദു രന്തത്തെ കുറിച്ച് സുഗതകുമാരി. മലയാളം "ടൂറിസത്തിന്റെ പേരിൽ ബാർ കച്ചവടം". ഇലക്ട്രോണിക് മീഡിയകളെ ക്ലിപ്പിംഗ്സിൽ അവതരിപ്പിക്കാൻ സാധ്യമല്ല. ഏഷ്യാനെറ്റ്, സൂര്യ, സൺ ടി.വി, അല്ലെങ്കിൽ കൈരളിയാകട്ടെ ഞാൻ ഇതു പറയാൻ കാരണം അങ്ങ് വർഷങ്ങൾ വളരെ പുറകോട്ടു പോയി. ഉദ്ധരിച്ചതു കൊണ്ടാണ്, കേരളത്തിലെ ഉത്തരവാദപ്പെട്ട വാർത്താമാധ്യമങ്ങളെ ഉദ്ധരിച്ച് ഞാൻ ഇവിടെ പറഞ്ഞത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഇതൊക്കെ ഈ ഗവണ്മെന്റിനെക്കുറിച്ച്, മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരെക്കുറിച്ച് പറയുന്നതായതുകൊണ്ട് ഞാൻ ഇവിടെ പറഞ്ഞുവെന്നേ യുള്ളൂ. അങ്ങ് 10 വർഷത്തിനുള്ളിലുള്ള പത്രങ്ങളെ ഉദ്ധരിച്ചപ്പോൾ ഞാൻ ഇവിടെ കൊണ്ടുവന്നതെല്ലാം വർത്തമാന കാലങ്ങളിൽ ഇറങ്ങിയ പത്രങ്ങളും മാസികകളും മറ്റ് മാധ്യമങ്ങളുമാണ്. അങ്ങിവിടെ ഉപധനാഭ്യർത്ഥനകൾ അവ തരിപ്പിച്ചത് എന്തിനു വേണ്ടിയാണ്? മനഷ്യന്റെ കഥ പറയുമ്പോൾ ദുഃഖമാ ണെങ്കിലും സന്തോഷമാണെങ്കിലും കഥ ഒന്നുതന്നെയാണ്. പറയുന്നവരുടെ രീതിയാണ് വ്യത്യാസം. മനുഷ്യന്റെ കഥയ്ക്ക് മാറ്റമില്ല. സാമ്പത്തിക സ്ഥിതി യെക്കുറിച്ച് അങ്ങ് ധാരാളം പ്രസ്താവിച്ചു. കണക്കുകളൊന്നും ഞാൻ ഉദ്ധരി ക്കുന്നില്ല. ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് ശ്രീ. ശർമ്മയുടെ കീഴിലുള്ള സഹകരണ മേഖലകളെ, ഗ്രാമീണ മേഖലകളെ തകർക്കുന്ന നിലയിലേക്ക് ആയിരം കോടിരൂപ അങ്ങ് എടുത്തു വച്ചിരിക്കുന്നു. അതു മാത്രമേ പറയു ന്നുള്ളൂ. നിങ്ങൾക്കു കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനു കൊടുക്കാൻ മാത്രം ആയിരം കോടി രൂപയുണ്ട്. ഒരു സമാന്തര സമ്പദ് ഘടനയെപ്പോലെ കേരളത്തിലെ ഗ്രാമീണ മേഖലയിൽ മാറ്റങ്ങളുടെ കാറ്റു വിതച്ച സഹകരണ പ്രസ്ഥാനത്തിന്റെ സ്ഥിതി ഇപ്പോൾ എന്താണ്? ആയിരം കോടി രൂപ ധനകാ ര്യവകുപ്പുമന്ത്രി നിങ്ങൾക്കു തരാനുണ്ട്. അതുമാത്രംമതി കേരളത്തിന്റെ സാമ്പത്തികസ്ഥിതി എവിടെ നിൽക്കുന്നു എന്നു നോക്കാൻ. ഏതു മേഖല നോക്കിയാലും ഇതു തന്നെയാണ്. ബഹുമാനപ്പെട്ട ജ്യേഷ്ഠ സഹോദരി ഇവിടെ ഇരിപ്പുണ്ട്. നാലേമുക്കാൽ വർഷക്കാലത്തിനിടയിൽ കേരളത്തിൽ വ്യവസായം എന്തെങ്കിലും കൊണ്ടുവന്നോ? ഏതെങ്കിലും അടച്ചുപൂട്ടിയോ? പത്തുപേർക്കെങ്കിലും തൊഴിലവസരം കൊടുക്കുന്ന ഒരു പുതിയ വ്യവസായം കേരളത്തിൽ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഞാൻ മാപ്പുചോദിച്ചു കൊള്ളാം. നിയമസമാധാനത്തിന്റെ കഥയിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചു. നല്ലതാണ്. പക്ഷേ ലോഡ്ഷെഡ്ഡിംഗ് പിൻവലിച്ച തിന്റെ പേരിൽ വൈദ്യുതി ബോർഡിൽ ഒരു ദിവസത്തെ കടം എത്രയാണെന്ന് നമുക്കറിയാമല്ലോ. എത്ര കോടി രൂപയാണ്. കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനു മുമ്പ് ഒഴിവാക്കിയെന്ന് വരുത്തുന്ന തിനുവേണ്ടി വന്ന കടക്കെണിയെ സൂചിപ്പിച്ചുവെന്നു മാത്രമേയുള്ളൂ. കാർഷിക മേഖല........

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനു ശേഷമല്ലേ ലോഡ്ഷെഡ്ഡിംഗ് നിർത്തലാക്കിയത്?

ശ്രീ. ജി. കാർത്തികേയൻ : ശരിയാണ്. എന്റെ മിസ്റ്റേക്കാണ്. തെരഞ്ഞെടുപ്പിനു ശേഷമാണ്. ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചതിന്റെ പേരിൽ കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിനു വന്ന സാമ്പത്തിക ബാധ്യത എത്രയാണെന്നുള്ളത് നമുക്കറിയാം. ഇത് ശ്രീ. ശർമ്മയുടെ വ്യക്തിപരമായ കാര്യമല്ല. ബഹു. കബീർ, അദ്ദേഹം ആധുനിക വേലുത്തമ്പി ദളവയാണ്. അദ്ദേഹം ഇന്നലെ ഇങ്ങനെ പ്രസംഗിച്ചു 'രാജഭരണമായിരുന്നുവെങ്കിൽ ഞാൻ പല ഡോക്ടർമാരുടെയും വിരലുകൾ മുറിച്ചേനേ' എന്ന്. വിരൽ മുറിച്ചത് വേലുത്തമ്പി ദളവ മാത്രമേയുള്ളൂ. എനിക്ക് ശ്രീ. കബീർ മാസ്റ്ററെ ഇഷ്ടമാണ്. കേരളത്തിലെ മന്ത്രി പ്രസംഗിക്കുകയാണ്. അതിന്റെ അർത്ഥം തന്റെ ഡിപ്പാർട്ടുമെന്റ് കാലിത്തൊഴുത്താണെന്ന് ഉത്തമ ബോധ്യമുള്ളതുകൊണ്ടല്ലേ അങ്ങനെ പ്രസംഗിച്ചത്. കേരളത്തിലെ ആരോഗ്യവകുപ്പിന്റെ ചിത്രം ഇതാണ്. അദ്ദേഹത്തിന്റെ മനസ്സിന് നല്ല ആരോഗ്യമുണ്ട്. ഇവിടെ ഫിനാൻസിന്റെ ഉദ്യോഗസ്ഥന്മാരുണ്ടല്ലോ. ഇത്രയധികം ഫിനാൻഷ്യൽ ഡിസിപ്ലിൻ ഇല്ലാത്ത ഒരു കാലഘട്ടം ഉണ്ടായിട്ടുണ്ടോ? ഈ ഗവൺമെന്റിന് സാമ്പത്തിക അച്ചടക്കമുണ്ടോ? ആർഭാടത്തിനും ധൂർത്തിനും...... ഞാൻ ഉദാഹരണങ്ങളിലേയ്ക്ക് പോകുന്നില്ല. ധാരാളം പറയേണ്ടി വരും. പരസ്യത്തിനു വേണ്ടി എത്ര കോടി രൂപയാണ് ചെലവാക്കുന്നത്. ഇവിടെ തൊട്ടു താഴെയുള്ള പ്ലാമൂട്പാലം പൊളിച്ച് തൊട്ടടുത്ത് അപ്രോച്ച് റോഡുണ്ടാക്കി. നല്ലതു തന്നെ. അതിന്റെ ഉദ്ഘാടനത്തിന് നിങ്ങൾ ഫുൾ പേജ് പരസ്യമല്ലേ കൊടുത്തത്. ഇത്രയധികം പണം പരസ്യങ്ങൾക്കുവേണ്ടി ചെലവഴിച്ച ഒരു ഗവണ്മെന്റ് ജനാധിപത്യഭാരതം കണ്ടുകാണുകയില്ല. എന്റെ പ്രിയപ്പെട്ട സ്നേഹിതൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ വാഴക്കുലയിൽ നോക്കിനിൽക്കുന്ന ചിത്രം, തെങ്ങിൻകുലയിൽ നോക്കിനിൽക്കുന്ന ചിത്രം, വെണ്ടക്ക പിടിച്ചെടുക്കുന്ന പടം, പരസ്യം വേണ്ടെന്നല്ല. ബോധവൽക്കരണത്തിന് പരസ്യം വേണം. ആവശ്യത്തിന് വേണം. പക്ഷേ ഇത്രയധികം വേണോ എന്നുള്ളത് അന്വേഷിക്കണം. എത്ര കോടി രൂപയാണ് പരസ്യത്തിന് ചെലവാക്കുന്നത്. അടുത്തതായി ബഹു. സാംസ്കാരിക വകുപ്പു മന്ത്രിയോടാണ് ചോദിക്കാനുള്ളത്. പുതിയ നൂറ്റാണ്ട് കഴിഞ്ഞില്ലേ എത്ര കോടി രൂപയാണ് 'മാനവീയ'ത്തിന് ചെലവഴിച്ചത്. 'മാനവീയ'വുമായി ബന്ധപ്പെട്ട് 48 ദിവസം നീണ്ടു നിൽക്കുന്ന ഒരു പരിപാടിയെക്കുറിച്ച് പത്രസമ്മേളനം നടത്തിയപ്പോൾ ബഹുമാനപ്പെട്ട ടി.കെ. രാമകൃഷ്ണനോട് പത്രക്കാർ ചോദിച്ചു തനതുകലകളെ പ്രോത്സാഹിപ്പിക്കുന്ന നിങ്ങൾ ഇവിടുത്തെ കലാകാരന്മാർക്ക് കഞ്ഞിയും പുഴുക്കും കൊടുത്തിട്ട് ഫൈവ് സ്റ്റാർ കലാകാരന്മാർക്ക് കോടികൾ കൊടുക്കുന്നല്ലോയെന്ന്. രവിശങ്കർ അഭിനന്ദനാർഹനായ ഒരു കലാകാരനാണ്. സമ്മതിക്കുന്നു. രവിശങ്കറിന് 10 ലക്ഷം രൂപ ഈ ഗവണ്മെന്റ് കൊടുത്തു. ഡൽഹിയിൽ നിർമ്മിക്കുന്ന രവിശങ്കറിന്റെ മ്യൂസിക് സെന്ററിനു വേണ്ടിയാണ് കൊടുത്തത്. 10 ലക്ഷം രൂപയെന്ന് പറയാൻ നാണം നിങ്ങൾക്കില്ലാതിരുന്നല്ലോ! രവിശങ്കർ എന്നു പറയുന്ന കലാകാരനുണ്ടാക്കുന്ന മ്യൂസിക് സെന്ററിന് പട്ടിണി കിടക്കുന്ന കേരളത്തിൽ നിന്ന് 10 ലക്ഷം രൂപ കൊടുക്കുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ തറവാടു സ്വത്താണോ? പത്രസമ്മേളനം നടത്തിയപ്പോൾ പറഞ്ഞത് 'പത്തു ലക്ഷം രൂപ മ്യൂസിക് സെന്ററിന് വേണ്ടിയാണ്' എന്ന്. മാർക്സിസ്റ്റ് നേതാക്കന്മാർക്ക് പഞ്ചനക്ഷത്ര സംസ്കാരമുള്ള കലകൾ ആസ്വദിക്കുന്നതിനു വേണ്ടി സ്യൂഡോ (pseudo) കലാ

LIBRARY ARCHIVES Kerala Legislative Assembly

സ്നേഹം കാണിക്കുന്നതിനു വേണ്ടി, കേരളത്തിൽ നിന്ന് 10 ലക്ഷം രൂപ കൊടുത്തത് രവിശങ്കറുണ്ടാക്കുന്ന മ്യൂസിക് സെന്ററിനു വേണ്ടിയാണ്. രവിശങ്കറിന്റെ കല ഞങ്ങൾക്കറിയാം. പത്തു ലക്ഷം രൂപ നിങ്ങൾ കൊടുത്തത് എന്തൊരു ധിക്കാരമാണ്! ഇവിടെ എങ്ങനെ പണമുണ്ടാകും. ധനകാര്യം ഇപ്പോൾ മുട്ടിട്ടിടിച്ചിട്ട് കാര്യമുണ്ടോ! ഫയൽ വരുമ്പോൾ ആലോചിക്കണമായിരുന്നു. തെരഞ്ഞെടുപ്പ് വരുന്നതിനു മുമ്പ് ജനാധിപത്യം കൊട്ടിഘോഷിക്കാൻ അന്തർദ്ദേശീയ സമ്മേളനം നടത്തി. ഇന്റർനാഷണൽ കോൺഫറൻസ്. ഇവിടെ മുഴുവൻ നിങ്ങൾ അലങ്കരിച്ചു. എത്ര കോടി രൂപയാണ് ചെലവായത്. തകർന്നു തരിപ്പണമായ ജനകീയാസൂത്രണത്തെ പൊക്കിയെടുക്കുന്നതിനുവേണ്ടി തെരഞ്ഞെടുപ്പു സമയമായപ്പോൾ അന്തർദ്ദേശീയ സമ്മേളനം കൊണ്ടുവന്നു. എവിടെയോ ഉള്ള സായിപ്പിനെയും മദാമ്മയെയും കൊണ്ടുവന്ന് പത്രസമ്മേളനം നടത്തി. കേരളത്തിനു താങ്ങാൻ കഴിയാത്ത തരത്തിലാണ് നിങ്ങൾ അന്തർദേശീയ സമ്മേളനം നടത്തിയത്. കേരളത്തിന്റെ സാമ്പത്തിക ബാധ്യതകളുടെ ശക്തി നിങ്ങൾ വർദ്ധിപ്പിക്കുകയാണു ചെയ്തത്. അതും തെരഞ്ഞെടുപ്പിനു വേണ്ടി നിങ്ങൾ തെരഞ്ഞെടുപ്പിനെ ക്കുറിച്ചു പറഞ്ഞല്ലോ. കഴിഞ്ഞ തെരഞ്ഞെടുപ്പ് ഇടതുപക്ഷജനാധിപത്യ മുന്നണിക്ക് അപ്രകാരം കിട്ടിയതാണോ? നിങ്ങളുടെ അവാർഡു ഗ്രാമങ്ങൾ പോലും തോറ്റില്ലേ? എന്റെ നിയോജക മണ്ഡലത്തിൽ വിതുര ഗ്രാമത്തിൽ 50 വർഷത്തിനുശേഷം ആദ്യമായി ജയിക്കുന്നതു കോൺഗ്രസ്സ് പാർട്ടിയുടെ പ്രസിഡന്റാണ്. നിങ്ങൾ സമ്മാനം കൊടുത്ത അവാർഡു ഗ്രാമങ്ങൾപ്പോലും ജനകീയാസൂത്രണത്തിന്റെ പേരിൽ ജനങ്ങൾ തിരസ്കരിച്ചുവെങ്കിൽ പഞ്ചായത്തിൽ നിങ്ങൾക്ക് എവിടെയാണ് ഭൂരിപക്ഷം? നിങ്ങൾക്ക് നേരിയ എഡ്ജുണ്ട്. ഞങ്ങൾ സമ്മതിക്കുന്നു. ഐക്യകേരളമുണ്ടായതിനുശേഷം കേരളത്തിൽ ഞങ്ങൾ പ്രതിപക്ഷത്തിരിക്കുമ്പോഴും ഭരണപക്ഷത്തിരിക്കുമ്പോഴും സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ ഇങ്ങനെ അപ്പർ ഹാൻഡ് ഐക്യമുന്നണിക്ക് കിട്ടിയിട്ടില്ല. ഇപ്പോൾ മാത്രമാണ് കിട്ടിയത്. മുനിസിപ്പാലിറ്റിയിൽ ഞങ്ങൾക്ക് ഭൂരിപക്ഷമാണ്. മേയർമാരുടെ കണക്കുകളൊന്നും പറയണ്ട. കൊല്ലം മേയറേയും എറണാകുളം മേയറേയും എങ്ങനെയുണ്ടാക്കിയെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. അവിടെയാണ് വ്യാജമദ്യത്തിന്റെ പ്രസക്തി നിൽക്കുന്നത്. എറണാകുളത്ത് എങ്ങനെയാണ് അതിന്റെ വേരുണ്ടായത്? ചിലയിടത്ത് ബി.ജെ.പി. അംഗങ്ങൾ ഹാജരാകും (കൊല്ലത്ത്) എറണാകുളത്ത് ബി.ജെ.പി. അംഗങ്ങൾ മാറി നിൽക്കും. അതുകൊണ്ട് നിങ്ങൾ മേയർമാരുടെ കണക്കുകളൊന്നും പറയണ്ട. ഏതായാലും മുനിസിപ്പാലിറ്റിയിൽ ഞങ്ങൾക്കാണ് ഭൂരിപക്ഷം. ബ്ലോക്ക് പഞ്ചായത്തിൽ ഐക്യ ജനാധിപത്യ മുന്നണിക്കാണ് ഭൂരിപക്ഷം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ നിങ്ങളെ തിരസ്കരിച്ചു. നിങ്ങൾ ചിന്തിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ബഹുമാനമുണ്ട്. കേരളത്തിൽ നിങ്ങളെപ്പോലെ ആരോഗ്യമുള്ള ഒരു ജനനേതാവുമില്ല. അങ്ങ് വിദേശ ചികിത്സക്ക് ധാരാളം പണം ചെലവാക്കുന്നു. അതു വേണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷേ അങ്ങ് ഞങ്ങളെ അത് കൺവിൻസ് ചെയ്യിക്കണമായിരുന്നു. അങ്ങ് വിദഗ്ധ ചികിത്സയ്ക്കുവേണ്ടി വിദേശത്തേയ്ക്കു പോകത്തക്കവണ്ണം അങ്ങയുടെ ആരോഗ്യനില മോശമാണെന്നുള്ള ചിത്രം ഞങ്ങൾ കണ്ടില്ലായിരുന്നു. സാധാരണ നാട്ടിൽ ചെക്കപ്പ് നടത്തും. പിന്നെ ഡൽഹിയിൽ ചെക്കപ്പു നടത്തും. അപ്പോൾ ഉപദേശം തരും. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പോയി പോകണം. അദ്ദേഹത്തിന് അത് വേണമായിരുന്നു. അതിന് ഞങ്ങൾക്ക് ആക്ഷേപമില്ല. പക്ഷേ അങ്ങ് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ലണ്ടനിൽ പോകണമായിരുന്നു. അങ്ങ് നേരെ ഡൽഹിയിലാണ് പോയത്. അവിടെനിന്നും മലേഷ്യവഴി പോയി. അത്രേയുള്ളു. അതല്ലാതെ കേരളത്തിന്റെ മുഖ്യമന്ത്രി ധാരാളം കാലത്തെ സമരപാരമ്പര്യമുള്ള ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ലണ്ടനിൽ അല്ല. എവിടെപ്പോയാലും തെറ്റല്ല. ജനങ്ങളൊന്നും പറയുകയില്ല. അങ്ങയുടെ ചികിത്സാച്ചെലവ് വഹിക്കേണ്ടത് കേരള സംസ്ഥാനമാണ്. സംശയം വേണ്ട. അങ്ങേയ്ക്ക് അതു സ്വീകരിക്കുവാൻ കഴിയുമോ? ഒരു സംസ്ഥാന മന്ത്രി പുറത്തു പോകുമ്പോൾ ടിക്കറ്റിനുള്ള പണം ട്രഷറിയിൽ നിന്നാണ് എടുക്കേണ്ടത്. നമ്മൾ എല്ലാപേരും വിദേശത്ത് പോയിട്ടുള്ള ആൾക്കാർ തന്നെയാണ്. അതു അങ്ങ് സ്വീകരിക്കണം. ഞാൻ പറയുന്നതിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ എന്നോട് ക്ഷമിക്കണം. ശ്രീ. ഇ.കെ. നായനാർ വിദഗ്ധ ചികിത്സയ്ക്കായി പുറത്തു പോയതിനു ഞങ്ങൾ ആരും ഒന്നും പറയുകയില്ല. പക്ഷെ അങ്ങനെ ഒരു അവസ്ഥ അങ്ങേയ്ക്ക് ഉണ്ടായിരുന്നോ? ഉണ്ടായിരുന്നുവെങ്കിൽ ഞാൻ പറഞ്ഞത് പിൻവലിക്കുന്നു. ഇല്ലെങ്കിൽ എന്തിനു പോയി? പോകുന്നതിന്റെ സമയം, സന്ദർഭം ഇതൊക്കെ പ്രധാനമാണ്. അങ്ങ് പ്രധാനമന്ത്രിയെ കണ്ടു. ഇവിടെ ആഗോളവൽക്കരണത്തിനെതിരെയും ഉദാരവൽക്കരണത്തിനെതിരെയും സകല ആളുകളും തിറയാട്ടം നടത്തിയല്ലോ; ബിൽഗേറ്റ്സാരാണ്? ബിൽഗേറ്റ്സ് ഒരു സംസ്ഥാനമല്ല. എന്റെ സംശയം അങ്ങ് പറഞ്ഞു തരണം. അല്ലെങ്കിൽ സ്പീക്കർ പറഞ്ഞു തരണം. അതുമല്ലെങ്കിൽ പ്രതിപക്ഷനേതാവ് പറഞ്ഞുതരണം. ഒരു സംസ്ഥാന മന്ത്രിക്ക് ഒരു സ്വകാര്യ കമ്പനിയുടെ ഉടമസ്ഥൻ ക്ഷണിച്ചാൽ വിദേശത്തു പോകാമോ? അദ്ദേഹം എത്ര വലിയ ആളായാലും, ലോകത്തെ ഏറ്റവും വലിയ കോടീശ്വരനായാലും പോകാമോ? ബിൽഗേറ്റ്സ് ക്ഷണിച്ച പ്രകാരം, മൈക്രോ സോഫ്റ്റ് എഞ്ചിനീയർ ക്ഷണിച്ച പ്രകാരം കേരളത്തിലെ മന്ത്രിക്ക് ഐ.റ്റി.യുടെ സെക്രട്ടറിക്ക് പോകാമോ? കഴിഞ്ഞ തവണ ഇൻഡ്യാ ഗവണ്മെന്റ് എതിർത്തിരുന്നു. ശ്രീ. ഇ.കെ. നായനാരും ശ്രീ. അടൽ ബിഹാരി വാജ്പേയിയും തമ്മിൽ രണ്ടു മണിക്കൂർ ചർച്ച ചെയ്തിരുന്നു. അങ്ങ് പറഞ്ഞാൽ കേൾക്കണ്ടെ; അങ്ങ് പറഞ്ഞതുകൊണ്ട് കേട്ടു. എന്തിനു പോയി? ഉദാരവൽക്കരണത്തെ എതിർക്കുന്ന നിങ്ങൾ, ഉദാരവൽക്കരണത്തിനെതിരെയും സാമ്പത്തിക നീരാളിപ്പിടുത്തത്തിന്റെയും ലോകത്തെ മുതലാളിയായ................എലിസബത്ത് രാജ്ഞിയേക്കാളും ബ്രൂണോ സുൽത്താനെക്കാളും ഇന്ന് ഏറ്റവും ഉന്നതനായ ബിൽഗേറ്റ്സ് ക്ഷണിച്ച പ്രകാരം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ശ്രീ. ഇ.കെ. നായനാരുടെ മന്ത്രിസഭയിലെ ശ്രീ. പി.ജെ. ജോസഫ് എന്തിന് അമേരിക്കയിൽ പോയി? പോകാമോ? ആർക്കുവേണ്ടി പോയി? ഘടകകക്ഷികൾ ഡൽഹിയിലാണ്. ഡൽഹിയിൽ എന്താണ്? ശ്രീ. വാജ്പേയിക്ക് തീണ്ടായ്മയില്ല. നാട്ടിലെ ദളിത് മുന്നേറ്റത്തിലെയും ദ്രാവിഡമുന്നേറ്റത്തിലെയും തലവനായ കരുണാനിധിക്ക് അദ്ദേഹത്തോടൊപ്പം ചേരാം. ഭരിക്കാം. ഫറൂക്ക് അബ്ദുള്ളയുടെ മകൻ ഉമ്മർ ഫറൂക്കിന് അവരോടൊപ്പം ഭരിക്കാം. ബി.ജെ.പി. യോട്, പൂണുനൂല് ഇട്ടവരോട്! ഭരിക്കുന്നതിനുവേണ്ടി എന്തുമാകാം! ശ്രീ. വാജ്പേയിക്ക് എന്തുമാകാം. എന്നൊരു സംസ്കാരം വന്നിട്ടുണ്ട്. അതുപോലെ അങ്ങയോടൊപ്പം ഭരിക്കുന്ന ആളുകൾക്കൊക്കെ അഭിപ്രായമില്ല. നിങ്ങളോടൊപ്പം ഭരിച്ചു. അതുകൊണ്ടാണ് അവർ ഒന്നും പറയാത്തത്. ഭരണത്തിൽ തുടർന്നാൽ മതി. രാഷ്ട്രീയത്തിനു സംസ്കാരം വേണ്ടല്ലോ: രാഷ്ട്രീയമല്ലേ; ശ്രീ. വാജ്പേയി എപ്പോഴും പറയും ഞങ്ങൾക്ക് ഒരു ഓപ്പൺ അജണ്ടയുണ്ട്. ഒരു ഹിഡൻ അജണ്ട. അതിൽ എന്താണ് നിങ്ങൾ തമ്മിലുള്ള വ്യത്യാസം? ഇവിടെ ആരെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും ഏതെങ്കിലും കാര്യങ്ങൾ പറഞ്ഞോ? പ്ലസ് ടു എന്തായി എന്നു ചോദിച്ചു. ലേശം ഭാഗ്യം ശ്രീ. പി.ജെ. ജോസഫിനെ കടാക്ഷിച്ചിരിക്കുന്നു. വ്യാജമദ്യ ദുരന്തവും കൂട്ടമരണവും കണ്ണൂരിലെ സ്നേക്ക് പാർക്കും കണ്ണൂരിലെ മരണവും വന്നപ്പോൾ ശ്രീ. പി.ജെ. ജോസഫിനെ മറന്നതല്ല. പ്രയോറിറ്റി മറ്റതിലേയ്ക്ക് വന്നു. രാജൻകേസ്സിൽ സത്യവാങ്മൂലം കൊടുത്തതിൽ അസത്യം പറഞ്ഞതിന്റെ പേരിൽ കോടതിവിധി വന്നു. വിധി അന്തിമമല്ല. അന്തരിച്ച ജസ്റ്റീസ് സുബ്രമണ്യം പോറ്റിയുടെ പരാമർശം വന്നപ്പോൾ കേരളത്തിലെ മുഖ്യമന്ത്രിസ്ഥാനം രാജിവച്ചു ശ്രീ.കെ. കരുണാകരൻ. ഓപ്പൺ കോർട്ടിലെ പരാമർശമല്ല. ഹൈക്കോടതിയുടെ അന്തിമമായ വിധി ഈ ഗവണ്മെന്റിന് എതിരെ രണ്ടു പ്രാവശ്യം വന്നപ്പോൾ ശ്രീ. പി.ജെ. ജോസഫ് പത്രസമ്മേളനത്തിൽ പറഞ്ഞു. അതു കോടതിയുടെ പരാമർശം മാത്രം എന്ന്. അതൊരു പ്രാക്ടീസിംഗ് ലായറല്ല. പക്ഷേ നിയമം പഠിച്ച ആളാണ്. ഡോ. സെബാസ്റ്റ്യൻ പോൾ ഇവിടെയുണ്ട്. അദ്ദേഹം ഡോക്ടറേറ്റ് എടുത്ത ആളാണ്. കോടതിയുടെ ഒരു പരാമർശം മാത്രമാണെന്ന് പറഞ്ഞു. ഞങ്ങൾ ശ്രീ. പി.ജെ. ജോസഫിനെ വിട്ടതല്ല. ശ്രീ. പി.ജെ. ജോസഫിനെ ജനങ്ങളും കാലവും വിടില്ല. അതിനെക്കാൾ മുൻഗണനയുള്ള ചില ജനകീയ പ്രശ്നങ്ങൾ വന്നതുകൊണ്ടാണ്; അല്ലാതെ ശ്രീ. പി.ജെ. ജോസഫിനെ വിട്ടതല്ല. ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ ഇൻഡ്യൻ പ്രസിഡന്റിനെ ക്വാട്ടു ചെയ്ത് സംസാരിച്ചു. ഇൻഡ്യൻ പ്രസിഡന്റ് ഒരു വിശാല മനസ്കതയുള്ള ആളാണ്. അദ്ദേഹത്തിന്റെ വേരുകൾ ഇവിടെ ആയതുകൊണ്ട്, നിങ്ങളെയൊക്കെ വിശ്വസിച്ച് നല്ല കാര്യങ്ങൾ ചെയ്യുമെന്ന് കരുതി. നമ്മുടെ അഭിമാനമായ ശ്രീ. കെ.ആർ. നാരായണന്റെ സർട്ടിഫിക്കറ്റ് കിട്ടിയിട്ട് പോലും നിങ്ങൾ രക്ഷപ്പെട്ടില്ലല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങൾ തോറ്റില്ലേ? നിങ്ങൾ ഞങ്ങളെയാണ് കുറ്റപ്പെടുത്തുന്നത്. നിങ്ങൾക്ക് ഇപ്പോഴും പാർലമെന്റിൽ നൂറിനു താഴെ സീറ്റേയുള്ളൂ. മാർക്സിസ്റ്റ് പാർട്ടിക്ക് അത്രയേ കഴിയൂ. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എന്തായിരുന്നു സ്ഥിതി? സമദൂര സിദ്ധാന്തം. ഇൻഡ്യയിൽ എല്ലായിടത്തും ബി.ജെ.പി.ക്കാർക്ക് എതിരെ മത്സരിക്കുമ്പോൾ നാളെ വീരപ്പന് എതിരെ മത്സരിക്കുവാൻ ഈ ഭൂതലത്തിൽ ഒരു പാർട്ടിക്കേ കഴിയൂ. അതു കോൺഗ്രസ്സ് പാർട്ടിയാണ്. നിങ്ങളുടെ അന്ധമായ കോൺഗ്രസ്സ് വിരോധം സമദൂര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിച്ചു. അതല്ലേ. ഇൻഡ്യയിൽ ബി.ജെ.പി. യെ വളർത്തിയത്? എ.കെ.ജി. സെന്ററിൽ നിങ്ങൾ എന്തിനു കൂടി? എ.കെ..ജി. സെന്റർ എന്ന ബലിപ്പുരയിൽ തുളസിക്കതിരും തെറ്റിപ്പൂവും കൊണ്ട് മാലയിട്ട് നിങ്ങൾ എടുത്ത തീരുമാനം എന്തായിരുന്നു? കോൺഗ്രസ്സ് എന്ന പ്രസ്ഥാനത്തിന്റെ ചുറ്റും ശയനപ്രദക്ഷിണം നടത്തി പാപമോചനം നേടാൻ വേണ്ടിയാണ്. അവസാനം നിങ്ങളുടെ തീരുമാനം എന്തായിരുന്നു? എന്തിനുവേണ്ടിയാണ് നിങ്ങൾ അവിടെ ചേർന്നത്? നിങ്ങളുടെ സമദൂര സിദ്ധാന്തം നിങ്ങൾക്ക് എല്ലാ ജില്ലയിലും ഇല്ലെങ്കിൽപ്പോലും നിങ്ങളോടൊപ്പം നിൽക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെയും സോഷ്യലിസ്റ്റ് പ്രസ്ഥാങ്ങളുടെയും അന്ധമായ കോൺഗ്രസ്സ് വിരോധമാണ്. ഇൻഡ്യൻ പാർലമെന്റിൽ രണ്ടുപേർ മാത്രമാണ് ബി.ജെ.പി. യെ അധികാരത്തിൽ കൊണ്ടുവന്നത്. ഒരു തിരിച്ചറിവിനു വേണ്ടിയാണ് എ.കെ.ജി. ഹാളിൽ ചേർന്നത്. അതിനുവേണ്ടിയല്ലേ ചേർന്നത്? നിങ്ങൾക്ക് പാപമോചനം വേണം. പാപമോചനത്തിനു ഹിന്ദുക്കൾ ശയനപ്രദക്ഷിണം നടത്തും. നിങ്ങളുടെ പരിപാടി അതാണോ? വിഷമദ്യ ദുരന്തത്തിനു കാരണം പറഞ്ഞല്ലോ; നിങ്ങൾ ഇവിടെ ചേർന്നത് 'ഹിസ്റ്റോറിക്കൽ ബ്ലണ്ടർ' എന്ന് ജ്യോതിബസു പറഞ്ഞ തീ

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

രുമാനം മാറ്റുന്നതിനു വേണ്ടിയാണ്. ഞാൻ പറയുന്നു ആ സമ്മേളനം 'ഹിസ്റ്റോറിക്കൽ സിൽ ആണ്. ചരിത്രപരമായ പാപം നിങ്ങൾ നടത്തി. വിഷമദ്യ ദുരന്തം അവിടെ നിൽക്കട്ടെ. നിങ്ങളുടെ ഷെഡ്യൂൾ മാറ്റേണ്ടിയിരുന്നില്ല. നിങ്ങളുടെ ദേശീയ സമ്മേളനത്തിന്റെ അവസാനദിവസം ആയിരുന്നല്ലോ 36 ശവശരീരങ്ങൾ തിരുവനന്തപുരത്തുനിന്നും പോയത്; തിരുവനന്തപുരത്തുനിന്നും 36 ശവശരീരങ്ങൾ വടക്കോട്ടു പാഞ്ഞു പോകുമ്പോൾ ഒക്കെ നിങ്ങളുടെ പ്രവർത്തകർ സിന്ദാബാദ് വിളിച്ചുകൊണ്ട് അലറിപാഞ്ഞ് എതിരെ വരുകയായിരുന്നു. യു.പി. യിൽ 12 വർഷത്തിൽ ഒരിക്കൽ നടക്കുന്ന കുംഭമേള പോലെയായിരുന്നു അന്നേ ദിവസം. അന്ന് പ്രകടനം നടത്താൻ ഈ ഭൂതലത്തിൽ നിങ്ങൾക്ക് മാത്രമേ കഴിയൂ; മാർക്സിസ്റ്റ് പാർട്ടിക്ക്: കാരണം നിങ്ങളുടെ മനസ്സിലെ കാരുണ്യം എന്നേ പോയി. സമ്മേളനം മാറ്റണമെന്ന് ഞാൻ പറയുന്നില്ല. ചരിത്രപരമായി ചേരുന്ന ആ സമ്മേളനം ചരിത്രപരമായ പാപത്തിന്റെ സാക്ഷ്യം വഹിച്ചു. മാതൃഭൂമി സർവേയിൽ എന്താണ് പറഞ്ഞിരിക്കുന്നത്, ശ്രീ. എം.പി. വീരേന്ദ്രകുമാറിന്റെ പത്രത്തിൽ ഇൻഡ്യൻ റെയിൽവേ കഴിഞ്ഞാൽ ഏറ്റവും വലിയ സമ്പത്തുള്ള പാർട്ടി മാർക്സിസ്റ്റ് പാർട്ടിയാണ്. കൈരളി ചാനൽ കൊണ്ടു വന്നു. കൈരളി ചാനൽ കൊണ്ടു വരുന്നതിനു ഞങ്ങൾ ആരും എതിരല്ല. ഞങ്ങൾക്ക് അതിന് കഴിയുകയില്ല. ഞങ്ങൾക്ക് പിരിക്കുവാനൊന്നും അറിയില്ല. അതിൽ നിങ്ങൾക്ക് തെറ്റിദ്ധാരണ വേണ്ട. പിരിക്കുവാൻ ഞങ്ങൾക്ക് അറിയില്ല. അതിൽ നിങ്ങൾക്ക് സംശയം വേണ്ട. അല്ലറചില്ലറ പിരിവേ ഞങ്ങൾക്ക് അറിയൂ. നിങ്ങൾ എങ്ങനെ കൈരളി ചാനൽ തുടങ്ങും എന്നു ചോദിച്ചപ്പോൾ ശ്രീ. പിണറായി വിജയൻ പറഞ്ഞത് ദേശാഭിമാനി പത്രത്തിൽ വന്നിരുന്നു. ഞങ്ങൾ ബക്കറ്റുപിരിവ് നടത്തുമെന്നാണ്. കോടികൾ ചെലവു വരുന്ന ചാനൽ തുടങ്ങുവാൻ മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പറഞ്ഞത് ഞങ്ങൾ ബക്കറ്റു പിരിവ് നടത്തുമെന്നാണ്. അങ്ങനെയാണോ ചെയ്തത്? ശ്രീ. സി.കെ. രാജേന്ദ്രൻ അഭിമാനപൂർവ്വം പറഞ്ഞു. 14 ജില്ലയിലും വേണ്ടി വന്നാൽ താലൂക്കടിസ്ഥാനത്തിൽ, ഞങ്ങൾ ദേശാഭിമാനി യൂണിറ്റ് തുടങ്ങുമെന്ന്. ഇതൊക്കെ മിതമായ ഭാഷയിൽ വിനയപുരസ്സരം പറഞ്ഞാൽ രാഷ്ട്രീയമായ ധിക്കാരമാണ്, അഹങ്കാരമാണ്. കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടിയുടെയും അനുഭാവികളുടെയും കൈയിലുള്ള പണംകൊണ്ട് മാത്രമാണോ തുടങ്ങിയത്? ഞങ്ങളുടെ ആക്ഷേപം അതാണ്. കൈരളി ചാനൽ തുടങ്ങിയതിലല്ല, കൈരളി ചാനൽ തുടങ്ങുന്നതിനു വേണ്ടിയുള്ള നിങ്ങളുടെ ധനമോഹം ഉണ്ടല്ലോ അതാണ് കേരളത്തെ തകർത്തതും വ്യജമദ്യ ദുരന്തത്തിനിടയാക്കിയതും. അതുകൊണ്ടു തന്നെയാണ് ഈ നാട്ടിൽ പലതും സംഭവിക്കുവാൻ ഇടയാക്കിയതും.......

മി. സ്പീക്കർ : പ്ലീസ്............പ്ലീസ്...............

ശ്രീ. ജി. കാർത്തികേയൻ : ഞാൻ ദീർഘിപ്പിക്കുന്നില്ല. 400 കോടി രൂപയിൽ അധികം ആസ്തിയുള്ള ഒരു കോർപ്പറേറ്റ് ഘടനയായി കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി മാറിയിരിക്കുന്നു. കേരളത്തിലെ ധനമന്ത്രിയോടാണ് ചോദ്യം. അങ്ങ് അതിനുള്ള മറുപടി പിന്നെ പറഞ്ഞാൽ മതി. കേരളത്തിൽ ഏറ്റവും കൂടുതൽ സമ്പത്തുള്ളത് കേരളത്തിലെ ഗവണ്മെന്റിനാണോ; അങ്ങയുടെ പാർട്ടിക്കാണോ? കേരളത്തിൽ എത്രയോ വില്ലേജുകളിൽ സംസ്ഥാന സർക്കാരിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് വാടക കെട്ടിടങ്ങളിലാണ്. കേരളത്തിന്റെ പല വില്ലേജുകളിലും സ്വന്തമായി ലാന്റുള്ള, സമ്പത്തുള്ള, ആസ്തിയുള്ള, സ്വന്തമായി കെട്ടിടമുള്ള ഒരു പ്രസ്ഥാനം മാർക്സിസ്റ്റ് പാർട്ടിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റിനെക്കാൾ വലിയ ധനവാനായി കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി മാറി. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാക്കുന്ന പൈങ്കിളിയുടേതാണോ? കേരളാ ഗവണ്മെന്റാണോ മാർക്സിസ്റ്റ് പാർട്ടിയാണോ ധനവാൻ? ഇതു മാതൃഭൂമി പത്രം പറഞ്ഞതാണ്. മാർക്സിസം അരച്ചുകലക്കി കുടിച്ച ആളല്ല ഞാൻ......(ബഹളം) ... അവിടെ ഇരിക്കുന്ന ശ്രീ. എം.വി. ജയരാജന് അറിയില്ല. മാർക്സിസത്തിൽ ഒരു ശരാശരി മനുഷ്യനെ അടുപ്പിക്കുന്നത് എന്താണ്? അതിലെ മാനവീയമായ താല്പര്യങ്ങളാണ്. ഒരു വിമോചനശാസ്ത്രം എന്ന നിലയിൽ ഈ കാലഘട്ടത്തെ ഈ ഭൂതലത്തിൽ ഒരു വലിയ പ്രത്യയശാസ്ത്രം സ്വാധീനിച്ചു. ആ പ്രത്യയശാസ്ത്രത്തിനു ഞങ്ങളാരും എതിരല്ല. നിങ്ങളെക്കാളും മുമ്പ് സോവിയറ്റ് യൂണിയനിൽ ഉണ്ടായിരുന്നത് ഇൻഡ്യയിലെ കോൺഗ്രസ്സുകാരാണ്. അതിനുശേഷമാണ് നിങ്ങൾ വന്നത്. മാർക്സ് പറഞ്ഞത്, തൊഴിലാളിയെ മുതലാളി ചൂഷണം ചെയ്ത് സൃഷ്ടിച്ച മിച്ചമൂല്യമാണ് ലാഭം. അപ്പോൾ നിങ്ങളുടെ ലാഭം ഏതാണ്. കൈരളി ചാനൽ സൃഷ്ടിച്ചത് ഇവിടെ ഓംകാര മന്ത്രം ഉണ്ടാക്കുന്നതിനു വേണ്ടിയാണോ? ലാഭത്തിനുവേണ്ടി. എ.കെ.ജി. ഹാൾ എന്തിനുവേണ്ടിയാണ്? ലാഭത്തിനു വേണ്ടി. വരാൻപോകുന്ന അമ്യൂസ്മെന്റ് പാർക്ക് എന്തിനുവേണ്ടിയാണ്? ലാഭത്തിനു വേണ്ടി. ദേശാഭിമാനി പത്രം എന്തിനുവേണ്ടിയാണ്? ലാഭത്തിനുവേണ്ടി. തൊഴിലാളിയെ ചൂഷണം ചെയ്ത മുതലാളി ഉണ്ടാക്കുന്ന മിച്ച മൂല്യമാണ് ലാഭം. അതിലേയ്ക്ക് കേരളത്തിലെ മാർക്സിസ്റ്റ് പാർട്ടി വന്നിരിക്കുന്നു. സർ, ജോർജ്ജ് ഓർവെൽ എന്നു പറയുന്ന വളരെ പ്രശസ്തനായ ചിന്തകനും എഴുത്തുകാരനുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ 'ആനിമൽ ഫാം' എന്നൊരു പുസ്തകമുണ്ട്. അതിൽ കമ്മ്യൂണിസത്തെക്കുറിച്ചും അതിന്റെ തകർച്ചയെക്കുറിച്ചും കാണിക്കുന്നു. പ്രസിദ്ധമായൊരു പുസ്തകമാണത്. അതിൽ മൃഗങ്ങളാണ് കഥാപാത്രങ്ങൾ. അതിനകത്തു പറയുന്നുണ്ട്. All are equals but some are more equals. എന്ന് സർ, കേരളത്തിലെ നേതാക്കന്മാരെല്ലാം ഇപ്പോൾ അതിൽ വന്നിരിക്കുന്നു. പാർട്ടിയുടെ സ്വത്ത്, പാവങ്ങളുണ്ടാക്കിയ സ്വത്ത് കയ്യടക്കി വച്ച് നിങ്ങളുടെ പഞ്ചനക്ഷത്ര സംസ്കാരത്തിലെ ജീവിതം, അതാണ് കേരളത്തിന്റെ ഫലം. ഒ.വി. വിജയൻ എന്ന എഴുത്തുകാരൻ പഴയ കാലത്തെ വലിയ മാർക്സിസ്റ്റുകാരനാണ്. അടുത്ത കാലത്ത് അദ്ദേഹം എഴുതി, 'ഫാസിസവും സ്റ്റാലിനിസവും അതിന്റെ രണ്ടാമൂഴം കാത്തുനിൽക്കുന്നു' എന്ന്. രണ്ടിനും നേതൃത്വം കൊടുക്കുന്നത് നിങ്ങളാണ്. സർ, കേരളം എങ്ങോട്ടാണ് പോകുന്നത്?

<u>മി. സ്പീക്കർ</u> : നമുക്ക് എത്ര മണിക്ക് പിരിയണമെന്നു തീരുമാനിച്ചാൽ മതി. ഒരു മണിക്കൂർ കൂടി ഇനി എടുക്കാം.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇപ്പോൾ നിർത്താം. മാനവീയത്തിന്റെ തിരശ്ശീല വീഴാൻ പോകുകയാണ്. മാനവീയം പഠിപ്പിച്ചത് എന്താണ്? സർ, ഗുരു ആരാണ്? അക്ഷരം പഠിപ്പിക്കുന്നവൻ ഗുരു, ശ്രീ. ശിവദാസമേനോൻ ഗുരു ആയിരുന്നു. സർ, ഗുരു ആരാണ്? ഇരുട്ടിനെ ഭേദിക്കുന്നവൻ, അന്ധകാരത്തെ ഭേദിക്കുന്നവൻ ആണ് ഗുരു. അക്ഷരം പഠിപ്പിക്കുന്ന ഗുരുവായ വനിതയുടെ നാഭിക്ക് ചവിട്ടുന്ന എസ്.എഫ്.ഐ.-ക്കാരന്റെ നേതൃത്വമല്ലേ നിങ്ങളുടെ പാർട്ടി? സ്വന്തം സഹപ്രവർത്തകൻ എന്തു പാർട്ടിയുമാകട്ടെ, കൂട്ടത്തല്ലിനിടയിൽ ചിലപ്പോൾ മരണമുണ്ടാകും, അപകടമുണ്ടാകും, എസ്.എഫ്.ഐ.-ക്കാർ കൊല്ലപ്പെട്ടിട്ടുണ്ടാകും, എ.വൈ.എസ്.എഫ്.-കാർ കൊല്ലപ്പെട്ടിട്ടുണ്ടാകും, കെ.എസ്.യു.-ക്കാർ കൊല്ലപ്പെട്ടിട്ടുണ്ടാകും, അല്ലെങ്കിൽ അപകടങ്ങളുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കും. അതെല്ലാം സമ്മതിക്കുന്നു. കൈകാലുകൾ വരിഞ്ഞുകെട്ടി വസ്ത്രം ഉരിഞ്ഞുകഴിഞ്ഞ് കത്തിയുടെ അഗ്രംകൊണ്ട് പണ്ടുകാലത്ത് അടിമത്തമുണ്ടായിരുന്ന കാലത്ത് സമ്പന്നന്മാർ അടിമകളെ വാങ്ങി ശരീരത്തിൽ ഉടമസ്ഥാവകാശം അധീശത്വം രേഖപ്പെടുത്തുന്നതിനുവേണ്ടി ജീവിതാന്ത്യം വരെ കൊണ്ടുനടക്കുന്നതിനുവേണ്ടി ചാപ്പ കുത്തുന്നതുപോലെ എസ്.എഫ്.ഐ. എന്ന് ചാപ്പ കുത്തി, ദാഹിച്ചപ്പോൾ വെള്ളത്തിനുപകരം മൂത്രം കൊടുത്ത എസ്.എഫ്.ഐ.-യുടെ കിരാതസംസ്കാരം മാർക്സിസ്റ്റുപാർട്ടിക്ക് ചേർന്നതാണോ? ഇതാണോ മാനവീയം? സ്വന്തം അനുയായികളെ സംസ്കാരം പഠിപ്പിക്കാൻ കഴിയാത്ത, മാർക്സിസ്റ്റുപാർട്ടിയാണ്. മാനവീയം സർക്കാർ ചെലവിലാണ്. കൂടെയുള്ള ആളുകൾക്ക് ശിക്ഷ കൊടുക്കുന്നതല്ല മാനവീയം എന്നുപറയുന്നത്. സർഗ്ഗാത്മക സൃഷ്ടികൾക്ക് ആളുകൾ സമ്മാനം കൊടുക്കാറുണ്ട്. മനോരമ പത്രത്തിന് പണ്ടുമുതലേ ബാലജനസഖ്യമുണ്ട്. മാതൃഭൂമി പത്രത്തിനു മാതൃഭൂമി സ്റ്റഡി സർക്കിളുണ്ട്. കേരളകൗമുദിക്ക് റീഡേഴ്സ് ക്ലബ് ഉണ്ട്. 'ഹിന്ദു' പത്രത്തിന് യംഗ് വേൾഡുണ്ട്. മാത്രമല്ല, പത്രങ്ങൾ കലോത്സവങ്ങളും നടത്താറുണ്ട്. മാതൃഭൂമി കലോത്സവം നടത്താറുണ്ട്. മലയാള മനോരമയും പരിപാടികൾ നടത്താറുണ്ട്. കേരളകൗമുദിയും പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. മാധ്യമങ്ങളെല്ലാം നടത്തുന്നുണ്ട്. ജീവിതത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന്റെ മുഖ്യധാരയിലേയ്ക്ക് പത്രങ്ങളെല്ലാം വരികയാണ്. അതുപോലെയാണ് കേരളത്തിലെ കോളേജുകളിലുള്ള കോളേജ് മാഗസിനുകൾക്ക് സമ്മാനം കൊടുത്തത്. സമ്മാനം കൊടുത്തത് നിങ്ങളുടെ കൈരളി ചെയർമാനായ ശ്രീ. മമ്മൂട്ടിയാണ്. മഹാരാജാസ് കോളേജിലെ യൂണിയന് കിട്ടിയത് എസ്.എഫ്.ഐ.-ക്ക് കിട്ടിയതല്ല. മലയാളമനോരമ സർഗ്ഗാത്മ പ്രതിഭയ്ക്കും സൃഷ്ടിക്കുമുള്ള അവാർഡുകൾ ക്ഷണിച്ചുകൊണ്ട് തെരഞ്ഞെടുപ്പിലൂടെ മഹാരാജാസ് കോളേജിനു കൊടുത്ത പുരസ്കാരം ആണത്. ചിലപ്പോൾ ഒരു കടയിൽനിന്നും വാങ്ങിയ പത്തു രൂപയുടെ വെള്ളിപാത്രമായിരിക്കും. ആ വെള്ളിപ്പാത്രമായാലും അവാർഡ് തരുന്ന ആളിന്റെ കൈകളിൽ വന്ന് പൊതുജനമദ്ധ്യത്തിലേയ്ക്ക് നമ്മുടെ കൈകളിൽ വരുമ്പോൾ 10 രൂപയുടെ വെള്ളി പാത്രം പത്തുകോടി വില മതിക്കുന്ന പുരസ്കാരമാണ്. ജീവിതത്തിലെ ധന്യമായ നിമിഷങ്ങളാണ്. മലയാളമനോരമയുടെ ട്രോഫി കിട്ടിയപ്പോൾ മഹാരാജാസ് കോളേജിലെ കുട്ടികൾക്ക് ഉണ്ടായ ധന്യമായ മുഹൂർത്തമുണ്ടല്ലോ......എസ്.എഫ്.ഐ.-ക്കാർ കാണിക്കുന്ന വികൃതിത്തരങ്ങളും ധിക്കാരങ്ങളും കാടത്തവും എഴുതിയപ്പോൾ അതു മലയാളമനോരമ ഓഫീസിനു മുമ്പിൽ കൊണ്ടുപോയി വലിച്ചെറിഞ്ഞ കാടത്ത സംസ്കാരം ഉണ്ടല്ലോ, അത് ഒട്ടും ശരിയല്ല. പത്രത്തിൽ കാടത്തം വരാതിരിക്കണമെങ്കിൽ പ്രവർത്തിക്കാതിരിക്കണം. നിങ്ങൾ അവരെ ഉപദേശിക്കണം. പുരസ്കാരങ്ങളെ തിരസ്ക്കരിക്കുന്ന നിങ്ങൾ എവിടേയ്ക്കാണ് പോകുന്നത്? സർ, എം.എൽ.എ. ഹോസ്റ്റലിന്റെ ചാർജ്ജ് അങ്ങേയ്ക്കാണ്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ എം.എൽ.എ. ഹോസ്റ്റലിലെ റൂം ഒരു ഓപ്പൺ ഹൗസാണ്. ആദ്യം ഉമ്മൻചാണ്ടി എം.എൽ.എ. ആയപ്പോൾ ഞങ്ങളൊക്കെ അർദ്ധരാത്രിയാണ് അദ്ദേഹത്തിന്റെ റൂമിൽ കയറിപ്പോകുന്നത്. കാരണമെന്താണ്? അതു തുറന്നുകിടക്കും. അങ്ങനെയുള്ള ഒരു ഓപ്പൺ ഹൗസാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ റൂം. കേരളം കാതോർത്തിരുന്ന കേരളത്തിലെ പോലീസ് പിടികിട്ടാപ്പുള്ളിയായി നടന്നു എന്നു പറയുന്ന റാഫി എന്നയാൾ അങ്ങയുടെ അധീനതയിലുള്ള എം.എൽ.എ. ഹോസ്റ്റലിലെ ശ്രീ. ഉമ്മൻചാണ്ടിയുടെ മുറിയിലേയ്ക്ക് വന്നപ്പോൾ കേരളത്തിലെ പോലീസ് എവിടെയായിരുന്നു? (ബഹളം) എന്താണിത്? ഇത് ആക്ഷേപകരമാണ്. ശ്രീ.

LIBRARY ARCHIVES Kerala Legislative Assembly

ഉമ്മൻചാണ്ടി നിരാഹാരം കിടക്കുകയാണ്. അദ്ദേഹത്തിന് നിഷേധിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് പറയുകയാണ്. ശ്രീ. ഉമ്മൻചാണ്ടിയുമായി അയാൾക്ക് യാതൊരു ബന്ധവും ഇല്ലെന്നു മാത്രമല്ല, റാഫി, ഉമ്മൻചാണ്ടി യുടെ റൂമിലേയ്ക്ക് വന്നു എന്നുപറഞ്ഞ് 'ആടിനെ പട്ടിയാക്കുന്ന സമീ പന'മാണ് എടുക്കുന്നത്. ഒരു കാര്യം നിങ്ങൾ ചെയ്യണം. ശ്രീ. കെ. സുധാക രൻ പറഞ്ഞ കാര്യങ്ങളും മണിച്ചനിൽ നിന്ന് പണം വാങ്ങിയ കാര്യങ്ങളു മെല്ലാം ചേർത്തുകൊണ്ട് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ഉമ്മൻചാണ്ടിയുടെ റൂമിൽ വന്ന കാര്യങ്ങളുൾപ്പെടെ അന്വേഷിക്കണം. പ്രതിപക്ഷത്തിന് ആവശ്യ പ്പെടാനുള്ളത് അതാണ്. ബഹു. മുഖ്യമന്ത്രിയുടെ പങ്കാളിത്തമുൾപ്പെടെയുള്ള കാര്യങ്ങൾ എല്ലാം ഒരുമിച്ച് അന്വേഷിക്കണം. അതു വേണമെന്നാണ് നമ്മുടെ ആവശ്യം. ഇവിടെ മണിച്ചനാണല്ലോ സർ, പ്രധാനി. അദ്ദേഹത്തെ പോലീസ് അറസ്റ്റു ചെയ്തതാണോ? തിരുപ്പതിയിൽ പോയി വെങ്കിടാചലപതിയെക്കണ്ട്, ട്രെയിൻ കയറി, ബസ് കയറി, പറവൂർ റയിൽവേസ്റ്റേഷനിൽ കയറി ചായ കുടിച്ച് താടിയും തടവി നടന്നുവന്ന് മജിസ്ട്രേട്ട് കോടതിയിൽ വന്ന് മജി സ്ട്രേട്ടിന്റെ ചേമ്പറിൽ ചെന്നപ്പോൾ എസ്.ഐ. പിടിക്കാൻ ചെന്നത് ആരെ യാണ്? കൊച്ചനിയെ. ഈ ഗവൺമെന്റ് പിടിച്ചതാണോ? സ്കോട്ട്ലന്റ് യാർഡിലെ പോലീസിനെക്കാൾ പ്രഗൽഭരായ കേരളത്തിലെ പോലീസ്. ഇതു വലിയ കഷ്ടമാണ്. കണ്ണൂരിലെ കാര്യങ്ങൾ ഇവിടെ പലരും പറയുകയു ണ്ടായി. ചരിത്രത്തിലാദ്യമായി ശ്രീകണ്ഠപുരത്തെ കൗണ്ടിംഗ് സ്റ്റേഷനിൽ കയറി നിങ്ങളാക്രമിച്ചു. പയ്യാവൂരിൽ ഇത്തവണ 12-ൽ എട്ടുപേരാണ് (കോൺഗ്രസ്സുകാർ) ജയിച്ചത്. ശ്രീ. കെ.സി. ജോസഫിനെ കോട്ടയത്തേക്ക് പോകാൻ ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കാരണം അവിടെ രക്ഷ യില്ല എന്നാണ്. ഇവർ നേരത്തെ തന്നെ ജയിക്കാൻ പോകുകയാണെന്നാണ് ശ്രീ. സി.കെ. രാജേന്ദ്രനും ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്ററും പറഞ്ഞത്. കേര ളത്തിലെ ജനങ്ങൾ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. ഇവിടെ മനു ഷ്യനും രക്ഷയില്ല, ജീവജാലങ്ങൾക്കും രക്ഷയില്ല. സൈലന്റ് വാലി പദ്ധതി വന്ന സമയത്ത് സിംഹവാലൻ കുരങ്ങിനെ രക്ഷിക്കുന്നതിനുവേണ്ടി ഈ പദ്ധതി ഉപേക്ഷിക്കുന്നതിനായി കേരളത്തിൽ സമരം നടത്തിയവരാണ് മാർക്സിസ്റ്റുകാർ. ശാസ്ത്രസാഹിത്യ പരിഷത്തും സമരം നടത്തി. സിംഹവാ ലൻ കുരങ്ങ് വംശനാശം സംഭവിക്കുന്ന ഒരു കുരങ്ങാണ്. സൈലന്റ്വാലി പദ്ധതി വന്നിരുന്നുവെങ്കിൽ നമ്മളിപ്പോൾ പല താപവൈദ്യുതപദ്ധതികൾക്കും പോകേണ്ടി വരില്ലായിരുന്നു. താപവൈദ്യുതപദ്ധതി വന്നതുകൊണ്ടാണ് നമ്മുടെ പ്രൊഡക്ഷൻ കോസ്റ്റ് കൂടിയത്.

ശ്രീ. ടി.എം. ജേക്കബ് : അതിനെ സംരക്ഷിക്കാൻവേണ്ടി കേരള നിയമ സഭ ഒരു നിയമം പാസ്സാക്കി.

ശ്രീ. ജി. കാർത്തികേയൻ : സർ, നമ്മൾ കുട്ടിക്കാലത്ത് പഠിച്ചിട്ടുള്ള താണ്, വെള്ളത്തിൽ ജീവിക്കുന്ന ജീവി ഏത്? കാണ്ടാമൃഗം, മുതല, ചീങ്കണ്ണി എന്നൊക്കെ പഠിച്ചു. ശ്രീ. ഇ.കെ. നായനാരുടെ ഭരണകാലത്ത് മുതലയും ചീങ്കണ്ണിയുമൊക്കെ കമ്പിൽ കെട്ടിയിട്ട് പറശ്ശിനിക്കടവിലെ കരിങ്കലിന്റെ പുറത്തു വച്ചിരിക്കുന്ന ചിത്രമുണ്ടല്ലോ. അത് ആരെയും കരയിപ്പിക്കുന്നതാണ്. അവ ജലത്തിൽ ജീവിക്കേണ്ട ജീവികളാണ്. നമ്മുടെ ദേശീയ കവി വള്ള ത്തോൾ പറഞ്ഞിട്ടുണ്ട്, 'ലോകമേ തറവാട്, തനിക്കീ.... പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ' എന്നാണ്. മനുഷ്യനെ വേട്ടയാടുന്ന മാർക്സിസ്റ്റു കാർ കേരളത്തിലെ മൃഗങ്ങളേയും വിടുന്നില്ല. സർ, ആദിമകാവ്യമുണ്ടായത്

LIBRARY ARCHIVES Kerala Legislative Assembly

ഏതു സംഭവത്തിൽ നിന്നാണ്? ആദികവി വാൽമീകിയാണ്. ആദിമസാഹിത്യം രാമായണമാണ്. തമസാ നദിയിൽ പ്രഭാതവന്ദനത്തിനുപോയ വാൽമീകി രണ്ടു പക്ഷികളിൽ ഇണപ്പക്ഷിയെ വേടൻ അമ്പെയ്തു താഴെയിടുന്നതുകണ്ടു. അമ്പേറ്റു വീഴുന്ന പക്ഷിയെ കണ്ടുകൊണ്ട് വാൽമീകി പറഞ്ഞു, 'മാനിഷാദ', എന്ന്. അതുവരെ വാൽമീകി കവിയല്ലായിരുന്നു. പിന്നീടാണ് അദ്ദേഹം എഴുതാൻ തുടങ്ങിയത്. പ്രപഞ്ചത്തിലെ ജീവജാലങ്ങളുടെ ദുഃഖം കണ്ടപ്പോൾ പറഞ്ഞ 'മാനിഷാദ' എന്ന വാക്യം പിന്നീടൊരു മഹാകാവ്യമായി. അങ്ങനെ ആദിമസാഹിത്യമുണ്ടായി, ആദിമകവിയുണ്ടായി. അങ്ങനെ ഇവരുടെ ഇത്തരം പ്രവർത്തനങ്ങൾ കണ്ട്, 'മാനിഷാദ' എന്നു പറയുന്ന പുതിയ വാൽമീകിമാർ നമ്മുടെ നാടിന് വേണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ആദികവി വാൽമീകിയാണെന്നത് ഒരു തർക്ക പ്രശ്നമാണ്.

ശ്രീ. ജി. കാർത്തികേയൻ : അതു ശരി, അങ്ങനെ അക്രമങ്ങൾ കാണുമ്പോൾ, നരഹത്യ കാണുമ്പോൾ, ജന്തു ജീവനെ കൊല്ലുന്നതു കാണുമ്പോൾ അവരുടെ മുഖത്തു നോക്കി 'മാനിഷാദ' എന്നു പറയാൻ ആധുനിക വാൽമീകിമാർ ഉണ്ടാകട്ടെ. എന്നുള്ള പ്രാർത്ഥനയോടു കൂടി ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിറുത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ അവതരിപ്പിച്ച Supplementary Demands for Grants - നെ സംബന്ധിച്ച ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് അപ്പുറത്തും ഇപ്പുറത്തും ഉള്ള ബഹുമാനപ്പെട്ട മെമ്പർമാർ അഭിപ്രായങ്ങൾ പറയുകയുണ്ടായി. ഇതിൽ ബഡ്ജററ് Supplementary Demands for Grants എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ട് സംസാരിച്ചവർ വളരെ കുറവാണ്. അവർ വളരെ പ്രധാനപ്പെട്ട മറ്റ് കാര്യങ്ങളാണ് സംസാരിച്ചത്. അതിൽ ഒന്നുരണ്ട് കാര്യങ്ങൾക്ക് വിശദീകരണം നൽകാൻ ഞാൻ ശ്രമിക്കുകയാണ്. നിങ്ങൾ മനസ്സിലാക്കുകയും വേണം. ചില കാര്യങ്ങൾ ആദ്യമായി, സാമ്പത്തിക കാര്യത്തെ സംബന്ധിച്ച് ഇവിടെ പദ്ധതിയൊക്കെ തകർന്നുപോയി, ചില പദ്ധതികളിൽ വികസനം ഉണ്ടായില്ല, വികസനം മന്ദീഭവിച്ചു കിടക്കുകയാണ് എന്നുള്ള ആരോപണം ഞാൻ ശക്തിയായി നിഷേധിക്കുന്നു. കാരണം അപ്പുറത്തുള്ളവർ പലരും ഭരണത്തിലുണ്ടായിരുന്നവരാണ്, 30.11.1999-ൽ ആനുവൽ പ്ലാൻ റിവ്യൂ ചെയ്തപ്പോൾ 41% ആയിരുന്നു അതുവരെയുള്ള ചെലവ്. അതുപോലെ 2000-2001 പീരിയേഡിൽ ആ കാലഘട്ടത്തിലേയ്ക്കുള്ള ചെലവ് റിവ്യൂ ചെയ്തപ്പോൾ 44% ആണ്. 3317 കോടി രൂപയാണ് ആനുവൽ പ്ലാൻ സൈസ്. അപ്പോൾ കഴിഞ്ഞ കൊല്ലത്തെ പ്ലാൻ അച്ചീവ്മെന്റിനേക്കാൾ ആക്സിലറേഷനുണ്ടെന്നാണ് ഇതു കാണിക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ പ്ലാൻ അച്ചീവ്മെന്റ് ബെറ്ററാണെന്നുവന്നാൽ ഇതൊക്കെ തകരാൻ പോവുകയാണ് എന്നു പറയുന്നത് നിങ്ങളുടെ ആഗ്രഹമായിരിക്കും. പക്ഷേ അത് നടക്കാൻ പോകുന്നില്ല. സാമ്പത്തികമായി വളരെ സമൃദ്ധിയിലാണെന്നും ഞാൻ അവകാശപ്പെടുന്നില്ല. ഇന്ത്യയിലെ fiscal condition എല്ലാവർക്കുമറിയാം, എല്ലാ സംസ്ഥാനങ്ങളിലെയും സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അറിയാം. കേരളവും ഇന്ത്യയുടെ ഭാഗമാണ്. സ്വാഭാവികമായും വളരെ tight rope walking-ൽ ആണ് ഇവിടത്തെ fiscal management. അല്ലാതെ സമൃദ്ധിയായിട്ട് കഴിയുകയാണെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. അതുപോലെ മറ്റുള്ള സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ fiscal health-ൽ RBI grade ചെയ്തതനുസരിച്ച് നമ്മൾ 5-ാം സ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്താണ്. അപ്പോൾ മറ്റുള്ളവരുടെ ഗതിയെന്താണ്? നാലും അഞ്ചും മാസം ശമ്പളം കൊടുക്കാത്ത സംസ്ഥാനങ്ങളുമുണ്ടെന്ന് അറിയാമല്ലോ. ഡൽഹിയി ലൊക്കെ പോകുന്നവരാണ് നിങ്ങൾ, എല്ലാ കോണ്ടാക്ട്സും ഉള്ളവരാണ് നിങ്ങൾ. അതുപോലെതന്നെ എം.ഒ.യു. ഒപ്പിട്ടുകൊടുത്ത് ഡി.എ. മരവിപ്പി ക്കാൻ പോകുന്നു, ബോണസ് കൊടുക്കില്ല, താൽക്കാലിക ജീവനക്കാരെ മുഴു വൻ പിരിച്ചുവിടും, പുതുതായി ഒരൊറ്റയാളെയും വയ്ക്കില്ല, പ്ലാൻ 50% കട്ട് ചെയ്യും എന്നെല്ലാം എഴുതിക്കൊടുത്തിട്ടാണ് ഖജനാവ് തുറക്കാൻ ways and means advance കേന്ദ്രം കൊടുത്തത്. അങ്ങനെ 8 സംസ്ഥാനങ്ങൾ എം.ഒ.യു. ഒപ്പിട്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ഇപ്പോൾ എല്ലാ കഷ്ടവും സഹി ച്ചാലും ശരി, കാഷ് ക്രോപ്സിന്റെ വിലയിടിവ് കേരള ഇക്കോണമിയിൽ വരു ത്തിയിട്ടുള്ള ആഘാതം നിങ്ങൾക്കൊക്കെ അറിയാം; ഈ പരിതഃസ്ഥിതിയിൽ നിന്നുകൊണ്ട് ഈ അസംബ്ലിയുടെ സോവിറിനിറ്റി- ഗവൺമെന്റിന്റെ ക്യാബിന റ്റിന്റെ പരമാധികാരം-അടിയറവയ്ക്കാതെ മുന്നോട്ടു പോകാൻ ഈ ഗവൺ മെന്റിനു കഴിഞ്ഞു എന്നുള്ളതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. ആ രീതിയിലാണ് ഇപ്പോൾ നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി. ഡൽഹി യിലാണ് പേഴ്സ്, ഇവിടെ ചെലവാക്കണം, അതെല്ലാവർക്കും അറിയാമല്ലോ. നമുക്ക് deficit financing resort ചെയ്യാനും കഴിയില്ല. അതുകൊണ്ട് ഡൽഹി യിൽ പണമില്ലെങ്കിൽ ഇവിടെ കഷ്ടമാണ്. അപ്പോൾ പടപേടിച്ച് പന്തളത്തു ചെന്നാൽ പന്തം കൊളുത്തിപ്പടയെന്നുള്ളതാണ് അവിടത്തെ സ്ഥിതി. അവിടെ വല്ല സഹായത്തിനും ചെന്നാൽ ആണ്ടിത്തെരുവിൽ ഭിക്ഷയ്ക്കുപോയ അനുഭ വമാണ്. പൈസയില്ലാത്ത ഭിക്ഷക്കാരുടെ തെരുവിൽ ഭിക്ഷക്കാരൻ പോയാൽ എന്താണ് സ്ഥിതി? ആ അവസ്ഥയാണ്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് കേരള ഗവൺമെന്റിന്റെ ഫിസ്ക്കൽ മാനേജുമെന്റിനെ സംബന്ധിച്ച് ആക്രമി ക്കുകയാണ്. പ്രതിപക്ഷത്തായാൽപ്പോലും അത് ചെയ്തുകൂടാ. ഞാൻ അതേ പ്പറ്റി അത്രമാത്രമേ പറയുന്നുള്ളൂ.

പിന്നെ ഇവിടെ ചില അഭിപ്രായങ്ങൾ വന്നു. ഞാൻ ചോദിക്കട്ടെ, ആദ്യം കൈരളി ചാനലിനെപ്പറ്റി ഇവിടെ കുറെപേരുടെ പ്രസംഗം കേട്ടു. കൈരളി ചാനൽ സി.പി.ഐ.(എം). ന്റെയല്ല, അതെങ്കിലും മനസ്സിലാക്കണം ......(ബഹളം).....ഇപ്പോൾ ഞാനാണ് പറയുന്നത്. സി.പി.ഐ.(എം). ന്റെ മുത ലല്ല കൈരളി ചാനൽ ......(ബഹളം)......ഞാൻ സി.പി.ഐ.(എം). ന്റെ സ്റ്റേറ്റിലെ സെക്രട്ടേറിയറ്റ് മെമ്പറാണ്. ഉത്തരവാദിത്വമെടുത്തുകൊണ്ടു പറയുന്നു, സി. പി.ഐ.(എം). ന്റെ ആസ്തിയല്ല കൈരളി ചാനൽ .... (ബഹളം) .... മലയാളം കമ്മ്യൂണിക്കേഷൻ, കൈരളി ചാനൽ എന്നുപറയുന്നത്, it is a public limited company ആ പബ്ലിക് ലിമിറ്റഡ് കമ്പനിയിൽ, ഇത് ഞങ്ങളുടെ ഓണർഷിപ്പിലുള്ളത് ഒന്നുമല്ല, എല്ലാവരുമുണ്ട്, രണ്ടുലക്ഷം പേരുടെ ഷെയ റുണ്ട്. അതുപോലെതന്നെ പ്രൈവറ്റ് പ്ലേസ്മെന്റിൽ പല ആളുകളും ഷെയർ എടുത്തിട്ടുണ്ടാകും. അതിന്റെ ഡയറക്ടർബോർഡ് നോക്കിയാൽത്തന്നെ നിങ്ങൾക്കറിയാം, ആ ഡയറക്ടർ ബോർഡിൽത്തന്നെ എത്ര കമ്മ്യൂണിസ്റ്റുകാ രുണ്ട്? ....(ബഹളം).......... അതുകൊണ്ട് ഞാൻ അസന്ദിഗ്ദ്ധമായി പറയുന്നു മലയാളം കമ്മ്യൂണിക്കേഷൻസ് സി.പി.ഐ.(എം). ന്റെ ആസ്തിയല്ല ....(ബഹളം)........... അത് ആദ്യം മനസ്സിലാക്കണം, അല്ലാതെ വെറുതെ എന്തെ ങ്കിലും പറഞ്ഞിട്ട് കാര്യമില്ല. അതുപോലെതന്നെ ഞങ്ങളുടെ കെട്ടിടങ്ങൾ എ. കെ.ജി. സെന്റർ, അതുപോലെ മറ്റു ഫ്ളാറ്റുകൾ, നിറച്ചും നല്ല കെട്ടിടങ്ങളാണ്. ഏരിയ കമ്മിറ്റി ഓഫീസ്, ഡിസ്ട്രിക്ട് കമ്മിറ്റി ഓഫീസ്, ലോക്കൽ കമ്മിറ്റി ഓഫീസ് ബ്രാഞ്ച് ഓഫീസ് തുടങ്ങി ധാരാളം ഓഫീസുകളുണ്ട്. നല്ല ഓഫീ

LIBRARY ARCHIVES Kerala Legislative Assembly

സുകൾ, അത് കണ്ടിട്ട് കണ്ണു കഴയ്ക്കുകയാണ്. കാരണം ഞങ്ങൾ ചോദിച്ചാൽ പൈസ തരാൻ ആളുകൾ തയ്യാറാണ്. ഇ.എം.എസ്. അക്കാഡമി നിർമ്മിക്കുന്നതിനുവേണ്ടി ബക്കറ്റ് കൊണ്ടുപിരിച്ചിട്ടുണ്ട്. ദേശാഭിമാനിക്ക് ഓരോ പുതിയ യൂണിറ്റ് തുടങ്ങുമ്പോൾ നിർലോഭം ആളുകൾ സഹായിച്ചിട്ടുണ്ട്. ഞങ്ങൾ ബക്കറ്റും കൊണ്ടുപോയാൽ പൈസ തരുന്നു. തങ്ങൾ ബക്കറ്റും കൊണ്ടുപോയാൽ എന്തുകൊണ്ട് പൈസ തരുന്നില്ല എന്ന് ഇവിടെ ചില കോൺഗ്രസ്സുകാർ ചോദിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടെ, അതെന്നോട് ചോദിച്ചിട്ട് കാര്യമുണ്ടോ? ആ ബക്കറ്റിൽ പൈസയിടാത്ത ആളോട് ചോദിക്കണം. എന്തുകൊണ്ട് അവരുടെ ബക്കറ്റിൽ നിങ്ങൾ കാശിടുന്നു, എന്തുകൊണ്ട് ഞങ്ങളുടെ ബക്കറ്റ് വരുമ്പോൾ ആട്ടുന്നു എന്ന് അവരോടുതന്നെ ചോദിക്കുകയാണ് വേണ്ടത്, ഞങ്ങളോടല്ല ചോദിക്കേണ്ടത്. അതിന്റെ ക്രെഡിബിലിറ്റിയെപ്പറ്റി നിങ്ങൾ ഒരു ആത്മപരിശോധന നടത്തുന്നത് നല്ലതാണ്. നിങ്ങളുടെ ബക്കറ്റിൽ അങ്ങനെ പൈസ വീഴില്ല, വീണാൽ അതുപോയി. ഞങ്ങൾ എന്തിനുവേണ്ടിയാണോ പണം പിരിക്കുന്നത് അതവിടെയുണ്ടാകും. അതുകൊണ്ട് ഞങ്ങളൊരു ഫ്ളാറ്റുണ്ടാക്കി താമസിച്ചാൽ നിങ്ങൾക്ക് എന്തിനാണ് ഇത്ര ബേജാറ്? ഇവിടെ ഞങ്ങൾ ഫ്ളാറ്റിൽ താമസിച്ചു, അല്ലെങ്കിൽ ഓഫീസു നന്നാക്കി, ഓഫീസ് നന്നാക്കും. അതിന് നിങ്ങൾക്ക് എന്താണ് ബേജാറ്? നിങ്ങൾക്ക് നിരപ്പുള്ള കെട്ടിടത്തിൽ, ഓഫീസിൽ ഇരിക്കാൻ യോഗമില്ലെന്നു വച്ച് ഞങ്ങളെന്താണ് വേണ്ടത്? നിങ്ങൾക്ക് നിരപ്പുള്ള ഹെഡ് ഓഫീസിൽ നമ്പർ തെറ്റിയിട്ട് സെക്രട്ടറിമാർ കുടുങ്ങുന്നത് ഞാൻ കണ്ടതാണ്. പലരുടേയും നമ്പർ തെറ്റി. നിങ്ങൾക്ക് നിരപ്പുള്ള ഹെഡ് ഓഫീസിൽ ഇരിക്കാൻ യോഗമില്ലാത്തതിന് ഞങ്ങളുടെ നേരെ കയറിയിട്ട് അസൂയ പറഞ്ഞിട്ട് കാര്യമെന്താണ്? ഞങ്ങൾക്ക് ബെസ്റ്റ് ഓഫീസുണ്ട്, പത്രം ജോറായിട്ട് നടത്തും, ഞങ്ങളുടെ ആസ്തികളെല്ലാം ജനങ്ങളുടേതാണ്. ഞങ്ങളുടെ ജില്ലാ ഓഫീസുകളിൽ ഏറ്റവും ഉജ്ജ്വലമായ പാലക്കാട്ടെ ജില്ലാ ഓഫീസിന്റെ ഉദ്ഘാടനത്തിന് ഞങ്ങളുടെ അഭിവന്ദ്യനായ നേതാവ് സഖാവ് ഇ.എം.എസ്. പറഞ്ഞത് 'ഇത് ജനങ്ങൾക്കുവേണ്ടി ഞാനിതാ സമർപ്പിക്കുന്നു ഇത് ജനങ്ങളുടെ സ്വത്താണ്.' എന്നാണ്. ആ രീതിയിലാണ് ഞങ്ങളിതിനെ കാണുന്നത്. അതുകൊണ്ടുതന്നെയാണ് ഞങ്ങൾക്കുപറയാനുള്ളത് അതിനെ സംബന്ധിച്ച് അസൂയ പറഞ്ഞിട്ട് കാര്യമില്ല.

പിന്നെ, സാമ്പത്തികസ്ഥിതിയില്ലെന്ന് ഇവിടെ ചിലർ പറഞ്ഞകൂട്ടത്തിൽ, 450 കോടി രൂപ കൈയിലേൽപ്പിച്ചിട്ടാണ് പോയതെന്നു പറഞ്ഞു, അതുശരിയാണോ? 10 കോടി രൂപ കീശയിൽ ഇട്ടിട്ടാണ് നിങ്ങൾ പോയത്. പക്ഷേ അതേസമയം കൊടുക്കാൻ എത്രയുണ്ടായിരുന്നു? പി.ഡബ്ല്യൂ.ഡി.യുടെ കോൺട്രാക്ട് അരിയേഴ്സ് ഉണ്ടായിരുന്നില്ലേ? 18 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ നിങ്ങൾ കൊടുത്തോ? അരിയർ വച്ചിട്ടല്ലേ പോയത്? ഡെസ്റ്റിറ്റ്യൂട്ട് പെൻഷൻ നിങ്ങൾ കൊടുത്തോ? തൊഴിലില്ലായ്മ വേതനം കൊടുത്തോ? ഇതെല്ലാം കൊടുക്കാൻ കോടിക്കണക്കിന് രൂപ ബാക്കിയിട്ടിട്ട് ''ഞങ്ങൾ പോകുമ്പോൾ 410 കോടി രൂപയുടെ ക്യാഷ് ബാലൻസുണ്ടായിരുന്നു'' എന്നാണ് പറയുന്നത്. കൊടുക്കാതിരുന്നാൽ ക്യാഷ് ബാലൻസ് പിന്നെ ഉണ്ടാവില്ലേ? ആ 18 മാസത്തെ കർഷകത്തൊഴിലാളി പെൻഷനും ഞങ്ങൾ കൊടുത്തു. നിങ്ങൾ കൊടുക്കാതിരുന്ന കയർത്തൊഴിലാളി പെൻഷൻ 1990 മുതൽ 1996 വരെയുള്ളത് ഞങ്ങൾ വന്നിട്ടാണ് കൊടുത്തത്. ഇങ്ങനെ നിരവധി പെൻഷനുകൾ കൊടുത്തു. കർഷകത്തൊഴിലാളികളുടെ പെൻഷൻ 70 രൂപ ആയിരുന്നത് 120 രൂപയാക്കി. ബാക്കി മുഴുവൻ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കും. ....(ബഹളം)............. ഇതൊന്നും കൊടുക്കില്ല എന്നുവിചാരിച്ച് മനഃപ്പായസമുണ്ണണ്ട. അതൊക്കെ കൃത്യമായി കൊടുത്തോളും. നിങ്ങൾ അക്കാര്യത്തിൽ ബേജാറാകണ്ട. അതുകൊണ്ട് നിങ്ങൾ 4000 കോടി രൂപ കൊടുക്കാൻ ബാക്കിവച്ചിട്ട് 400 കോടി രൂപയുടെ വർത്തമാനം പറയണ്ട. പല കടവും 10 രൂപയും കീശയിലിട്ടിട്ട് ഞാൻ ധനികനാണ്, ക്യാഷ് ബാലൻസ് തരുന്നുണ്ട്, പക്ഷേ കൊടുക്കാൻ കുറച്ചുണ്ട് എന്നു പറയുന്നത് ശരിയാണോ? അതുകൊണ്ട് നിങ്ങളുടെ ആ സമീപനം ശരിയല്ല.

നിങ്ങൾ ഇവിടെ മദ്യദുരന്തത്തെക്കുറിച്ച് പറഞ്ഞു. മദ്യദുരന്തത്തെപ്പറ്റിയുള്ള അന്വേഷണ കമ്മീഷനെക്കുറിച്ച് പിന്നെയും പിന്നെയും തികട്ടിത്തികട്ടി പറയുന്നത് പൊളിറ്റിക്കൽ പാർട്ടിയും മദ്യ മാഫിയയും തമ്മിലുള്ള ബന്ധം ടേംസ് ഓഫ് റഫറൻസിൽ ഇല്ല എന്നാണ്. ഞാൻ വലിയ വിദഗ്ധനൊന്നും അല്ല, പക്ഷേ പൊളിറ്റിക്കൽ പേഴ്സണാലിറ്റീസ് എന്നു പറഞ്ഞാൽ persons and personalities of political party അല്ലെങ്കിൽ പൊളിറ്റിക്കൽ പേഴ്സണാലിറ്റീസ് എന്നു പറഞ്ഞാൽ പേഴ്സൺസിൽ കൂടിയാണ് പാർട്ടിയിൽ പൊളിറ്റിക്സ് ചെയ്യാൻ കഴിയുക. ഞാൻ ചോദിക്കട്ടെ ഒരു കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി ബാൻ ചെയ്തു. അറസ്റ്റ് ചെയ്തത് പാർട്ടിയേയോ പാർട്ടി മെമ്പർമാരേയോ? പേഴ്സണാലിറ്റീസിനെയാണോ അറസ്റ്റ് ചെയ്തത്? അതോ പാർട്ടിയെയോ? ഒരു ആധാരം രജിസ്റ്ററാക്കണമെങ്കിൽ പാർട്ടിയുടെ പേരിൽ പറ്റുമോ? ഒരു വ്യക്തി പാർട്ടിക്ക് വേണ്ടി വേണ്ടേ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പേഴ്സണാലിറ്റി ആണ് important, on behalf of the party. അപ്പോൾ പാർട്ടിയുടെ അമൂർത്തരൂപത്തെ ബാൻ ചെയ്താൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഞങ്ങൾ അറസ്റ്റ് ചെയ്തിരിക്കുന്നു- അതിന് കഴിയില്ല. കമ്മ്യൂണിസ്ററുകാരനെയേ അറസ്റ്റ് ചെയ്യാൻ കഴിയൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പൊളിറ്റിക്കൽ പെഴ്സണാലിറ്റീസ് എന്നു പറയുന്നതാണ് മൂർത്തമായ കറക്ട് രൂപം. അതിനെയാകെ പുകമറ സൃഷ്ടിച്ച് സി.പി.എം. ന് മദ്യമാഫിയയുമായി ബന്ധമുള്ളതുകൊണ്ടാണെന്ന് വരുത്തിത്തീർക്കാൻ ബോധപൂർവ്വം വളച്ചൊടിച്ച് (വിവരമില്ലാഞ്ഞിട്ടല്ല നിങ്ങൾക്ക് എന്നേക്കാൾ എത്രയോ നിയമ വിവരമുണ്ട്.) വികൃതമാക്കി ഒരു ആക്രമണം നടത്തുന്നു എന്നുള്ളതാണ് എനിക്ക് ഇതിനെക്കുറിച്ച് പറയുവാനുള്ളത്. മറ്റൊരു കാര്യം, കള്ളിന്റെ ഒരു കണക്ക് ബഹുമാനപ്പെട്ട എ.കെ. ആന്റണി സൂചിപ്പിച്ചു. അത് എനിക്കും നല്ല സംശയം തോന്നിയിരുന്നതാണ്. പക്ഷേ അതിൽ വേലയൊക്കെ ഉണ്ട്. ഞാൻ പറയാം. അതായത് coconut inter-division coconut, ചൂണ്ടപ്പന, നീർമരം ഇതിന് ട്രീസ് ടാക്സ് അടയ്ക്കുന്നുണ്ട്. നമ്പർ ഓഫ് ട്രീസ് ഉണ്ട്. 1.5 ലിറ്റേഴ്സ് കള്ള് അതുവച്ച് ഗുണിച്ച് നോക്കുമ്പോൾ എത്ര ലിറ്റർ ഉണ്ടെന്നറിയാമോ? ഞാൻ പറഞ്ഞു തരാം നൂറ്റിനാൽപ്പത്തിയഞ്ച് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരം. ടോട്ടൽ കള്ളിനെ, മരങ്ങളുടെ ടാക്സ് കൊണ്ടു ഹരിച്ചാൽ 4.54 രൂപയ്ക്ക് ലിറ്റർ വിറ്റാൽ ലാഭമാണ്. 50 രൂപയ്ക്കാണ് വിൽക്കുന്നത്. ഇത്രയും രൂപയ്ക്ക് ഇവർ ലേലം എടുക്കാൻ കാരണം എന്താണെന്നു ചോദിച്ചാൽ 4.54 രൂപയ്ക്ക് വിറ്റാൽ ലാഭമുള്ളത് 50 രൂപയ്ക്ക് വിൽക്കുമ്പോൾ ഇനിയും കൂട്ടി വിളിച്ചുകൂടേ? പ്രശ്നമെന്താണെന്ന് ചോദിച്ചാൽ അതല്ല. ട്രീസ് ടാക്സ് അടയ്ക്കും. പക്ഷേ കള്ള് ചെത്തുല്ല അതാണ് പ്രശ്നം. അങ്ങനെ കള്ളിൽ ചാരായമോ മറ്റുള്ളതോ ചേർത്ത് വീര്യം കൂട്ടും. കള്ളിന് ആൽക്കഹോൾ കണ്ടന്റ് എട്ട് ശതമാനമാണ് വേണ്ടത്. അത് ഇൻസ്പെക്ഷൻ നടത്തിയപ്പോൾ കുറെ ഷാപ്പുകളിൽ എട്ട് ശതമാനത്തിനും മുകളിൽ ആൽക്കഹോളിക് കണ്ടന്റ് ഉണ്ടായതായി കണ്ടു. അത് മുഴുവൻ സാമ്പിൾ എടുത്തിട്ട് കേസ്സ് എടുത്തു. അവർ

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിൽ പോയി. ഹൈക്കോടതിയിൽ വാദിച്ചു. ഇത് എക്സൈസ് മാനുവലിലുള്ളതാണ്. Manual guides; it is not statute. അതുകൊണ്ട് കേസ്സ് നിലനിൽക്കുകയില്ല എന്നു പറഞ്ഞു. അവരെ മുഴുവൻ വിട്ടു. അത് ഇപ്പോൾ നമ്മൾ നിയമത്തിൽ കൊണ്ടുവന്നു. ഇനി പിടിച്ചാൽ അകത്ത് പോയതുതന്നെ. പിന്നെ hooch tragedy - യെ സംബന്ധിച്ച് എന്തൊക്കെയോ ഇവിടെ പറഞ്ഞു. ഈ ഹയറുന്നിസയുടെ പേരിൽ അൻപതിനപ്പുറം കേസ്സുകളുണ്ട്. ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ അന്നത്തെ നിയമം അതായിരുന്നു, കോംപൗണ്ട് ചെയ്യാൻ എക്സൈസിന് അധികാരമുണ്ട്. ആയിരവും രണ്ടായിരവും രൂപയൊക്കെ വാങ്ങി. ആ സ്ത്രീയെ കോപൗണ്ട് ചെയ്ത് വിട്ടതാണ്. 8.4.1996-ന് ചാരായ നിരോധനം കൊണ്ടുവന്നു. 8.4.1996-ന് ഇവരുടെ വിഷച്ചാരായം കുടിച്ച് അപ്പു എന്നയാൾ മരിച്ചു. അതിനാണ് ആറ് കൊല്ലം ശിക്ഷ കിട്ടിയിരിക്കുന്നത്. അത് ഞാൻ ഇന്നലെ പറഞ്ഞു. അതിനുമുമ്പ് നിരവധി കേസുകൾ കോമ്പൗണ്ടു ചെയ്തു ഇനിയും കുറെ കേസ്സുകൾ പെന്റിംഗിലുണ്ട്. ആ കേസ്സുകളൊക്കെ ഡിസ്പോസ് ചെയ്യാൻ പ്രത്യേക കോടതിയുണ്ടെങ്കിലേ പറ്റുകയുള്ളൂ. കാരണം നമ്മൾ പത്ത് കൊല്ലം തടവാക്കി. പത്ത് കൊല്ലം തടവാക്കിയപ്പോൾ സെഷൻസ് ഒഫൻസായി. അപ്പോൾ സെഷൻസിൽ ട്രൈ ചെയ്യുന്നതുകൊണ്ടും അവിടത്തെ തിരക്കുകൊണ്ടും അത് കഴിഞ്ഞില്ല. അതുകൊണ്ട് സ്പെഷ്യൽ കോടതികൾ, അല്ലെങ്കിൽ ഫസ്റ്റ് ക്ലാസ് ഒഫൻസാക്കി മാറ്റി കേസ്സിന്റെ ക്വാണ്ടിറ്റി അനുസരിച്ച് scale down ചെയ്യണം. എത്ര ക്വാണ്ടിറ്റിയുണ്ടെന്ന് വച്ചാൽ അങ്ങനെ...... ഈ കാര്യത്തിൽ ആത്മാർത്ഥതയോടുകൂടി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ബഹു. മന്ത്രി പറഞ്ഞു ഹയറുന്നിസ 67 കേസ്സുകളിൽ പ്രതി, ഒരു കൊലക്കേസും. ഇതെല്ലാം അറിഞ്ഞിട്ട് ഈ ഹയറുന്നിസയെ കൈരളി ചാനലിന്റെ ഷെയർ ഹോൾഡർ ആക്കിയത് എന്തിനാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഹയറുന്നിസ മലയാളം കമ്മ്യൂണിക്കേഷൻസിൽ ഷെയർ ഹോൾഡറാണോ എന്ന് എനിക്കറിയില്ല. ഒരു കമ്പനിയുടെ ഷെയർ ഹോൾഡേഴ്സിനെ മുഴുവൻ ഞാൻ അറിയണോ? എനിക്കറിയില്ല.

ശ്രീ. ജി. കാർത്തികേയൻ : ഷെയർ ഹോൾഡറാണ്.

ശ്രീ. ടി. ശിവദാസമേനോൻ : താങ്കളുടെ വിശ്വാസം താങ്കളെ രക്ഷിക്കട്ടെ. ഇത് സീക്രട്ടല്ല. ആർക്ക് വേണമെങ്കിലും കമ്പനി രജിസ്ട്രാറിൽ നിന്നും കിട്ടുന്നതാണ്. പബ്ലിക് ലിമിറ്റഡ് കമ്പനിയുടെ ഷെയർ ഹോൾഡേഴ്സിന്റെ ലിസ്റ്റ് ചോദിച്ചാൽ കിട്ടുമല്ലോ? അത് ചോദിച്ച് നിങ്ങൾ എടുത്തോളൂ. എനിക്കിപ്പോൾ നേരമില്ലാത്തതുകൊണ്ട് ഹയറുന്നിസ ഇതിൽ ഷെയർ എടുത്തിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇവിടെ ശ്രീ.കെ. സുധാകരൻ പറഞ്ഞ കാര്യമാണ്. അദ്ദേഹം വളരെ താണലെവലിലായിപ്പോയി. ഞാൻ അങ്ങയെപ്പറ്റി പറയട്ടെ. അങ്ങ് മുഖ്യമന്ത്രിയുടെ കുടുംബത്തെ സംബന്ധിച്ച്, അദ്ദേഹത്തിന്റെ പത്നിയെ സംബന്ധിച്ച്, മക്കളെ സംബന്ധിച്ച് മരുമക്കളെ സംബന്ധിച്ച് ഒരു ലജ്ജയുമില്ലാതെ, ആണത്തമില്ലാതെ, ഒരു തെളിവുമില്ലാതെ എന്തെല്ലാം ആഭാസമാണ് ഇവിടെ പറഞ്ഞു പരത്തിയത്? നായനാരെ സംബന്ധിച്ച്, നായനാരുടെ പത്നിയെ സംബന്ധിച്ച്, നായനാരുടെ മക്കളെ സംബന്ധിച്ച്, നായനാരുടെ മരുമക്കളെ സംബന്ധിച്ച് എല്ലാം തന്നെ ....(ബഹളം)............ഏറ്റവും അനാവശ്യമായ, വളരെ അൽപ്പത്തം നിറഞ്ഞ ആരോപണമാണ് ഇവിടെ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞത്. നായനാർ എന്നു പറയുന്ന ആ വലിയ മനുഷ്യനെ ....സുധാകരാ താങ്കൾ പഴമുറം കൊണ്ട് മറച്ചതുകൊണ്ടൊന്നും ആദിത്യന്റെ ശോഭ നശിക്കാൻ പോകുന്നില്ല. നിങ്ങൾ ശ്രീ. ഇ.കെ. നായനാരെപ്പറ്റി വിളിച്ചുപറഞ്ഞാൽ നിങ്ങൾ പരിഹാസ്യനാകുകയേയുള്ളൂ. നിങ്ങളെ വളരെ മോശമായി ആളുകൾ ചിത്രീകരിക്കും. ഇവിടെ പറഞ്ഞതെന്താണ് മണിച്ചന്റെ കാറിൽ നായനാരുടെ പത്നി പോയെന്ന്. ഇതിലും താണ വർത്തമാനമുണ്ടോ മനുഷ്യന് ഇതിലും അപ്പുറം താഴാൻ പറ്റുമോ?

ശ്രീ. കെ. സുധാകരൻ : ഇത് പത്രത്തിൽ വന്നതാണ്.

ശ്രീ. ടി. ശിവദാസമേനോൻ : പത്രത്തിൽ വരുന്നതൊക്കെ ഇവിടെ വിളിച്ചു പറയാനല്ല. ഈ രീതിയിൽ ശ്രീ. കെ. സുധാകരൻ ഇവിടെ നടത്തിയ പരാമർശങ്ങൾ അദ്ദേഹം പിൻവലിച്ച് മാന്യത തെളിയിക്കണം. ഏറ്റവും വലിയ

[8 pm]

ആഭാസമായ രീതിയിലാണ് പറഞ്ഞത്, എന്ത് മോശമായ രീതിയിലാണ് പറഞ്ഞത്. അതുപോലെതന്നെ ബഹു. നായനാരെ സംബന്ധിച്ച് അദ്ദേഹം ബാറ്ററിയുടെ പ്രശ്നം പറഞ്ഞു. അതിനെപ്പറ്റി ഞാൻ വിശദമായി പറയുന്നില്ല. അത് ഇപ്പോൾ ലോക് ആയുക്തയിൽ കേസ്സിലാണ്. ആ കേസ്സിൽ ഞാൻ പ്രതി അല്ല. ഡി.ഐ.ജി. ഇൻവെസ്റ്റിഗേഷൻ നടത്തിയതിലും, വിജിലൻസ് അന്വേഷണം നടത്തി മൂന്ന് പ്രതികളെ ചേർത്തതിലും ഞാൻ പ്രതിയല്ല. ഞാൻ പ്രതി ലിസ്റ്റിലേ ഇല്ല. വിജിലൻസ് റിപ്പോർട്ടിൽത്തന്നെ വളരെ ക്ലീയറായിട്ട് എഴുതിയിട്ടുണ്ട്. Purchases may be made strictly as per Rules എന്ന് മന്ത്രി എഴുതിയിട്ടുണ്ട് എന്ന്. ഞാൻ ഇതിന്റെ ഡീറ്റെയിൽസിലേയ്ക്ക് കടക്കുന്നില്ല. ഇനി അതുസംബന്ധിച്ച് അധികം സംസാരിച്ചാൽ സബ്ജുഡിസ് ആകും. അതിന് ആരാണ് കുറ്റക്കാർ, അത് കുറ്റമാണോ എന്നുള്ളതൊക്കെ പരിശോധിച്ചു നോക്കണം. അതൊക്കെ നോക്കാൻ ശ്രീ. പി.സി. ബാലകൃഷ്ണനെപ്പോലെ പ്രസിദ്ധനായ ജസ്റ്റിസ് ഉണ്ട്. ബഹു. എ.കെ. ആന്റണി ഉൾപ്പെടെയുള്ളവർ അംഗീകരിച്ച മാന്യദേഹമാണ് അദ്ദേഹം. അദ്ദേഹമാണ് ആ കേസ്സ് കൈകാര്യം ചെയ്യുന്നത്. ആ കേസ്സിന്റെ വിധി വരട്ടെ. അല്ലാതെ പ്രതിലിസ്റ്റിലേ ഇല്ലാത്ത എന്നെ പ്രതിയാണെന്ന് പറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ? അദ്ദേഹം അറിയാതെ അത് നടക്കുല എന്നു പറഞ്ഞാൽ നിഷേധിക്കാൻ സാധിക്കുമോ? എന്നെപ്പറ്റി നന്നായിട്ടാണ് പറഞ്ഞത്, മോശമായിട്ടല്ല. പക്ഷേ, അങ്ങനെ പറഞ്ഞാൽ മന്ത്രി നിഷേധിക്കുമോയെന്ന് ചോദിക്കുകയുണ്ടായി. നിഷേധിക്കുമെന്ന് പറഞ്ഞില്ലെങ്കിൽ അത് രേഖയിൽ കിടക്കുകയില്ലേ? അതുകൊണ്ട് ഞാൻ സർവ്വശക്തിയും ഉപയോഗിച്ചുകൊണ്ട് നിഷേധിക്കുന്നു. അതുപോലെ മണിച്ചനെപ്പറ്റിയും കാശ്കൊടുത്തു, രസീത് കൊടുത്തു എന്നതിനെ സംബന്ധിച്ചുമൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതൊക്കെ നോക്കാനാണ് ഇൻവെസ്റ്റിഗേഷൻ. ജുഡീഷ്യൽ എൻക്വയറിയുടെ പെർവ്യൂവിൽ ഇതെല്ലാം വരും. അവിടെ പോയി തെളിവ് കൊടുത്തോ. സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ എൻക്വയറി വച്ചിരിക്കുകയാണ്. എല്ലാ കാര്യങ്ങളും നിങ്ങൾക്ക് അന്വേഷിപ്പിക്കാം. ഇന്നിവിടെ ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞത് ശ്രീ. നായനാരെപ്പറ്റി ഇന്ന് ശ്രീ. കെ. സുധാകരൻ പറഞ്ഞതൊക്കെ ജുഡീഷ്യൽ എൻക്വയറി നടത്താം എന്നാണ്. അതൊക്കെ മോശമല്ലേ? നിങ്ങൾ ആത്മാർത്ഥമായിട്ടാണ് അങ്ങനെ പറഞ്ഞതെന്ന് എനിക്ക് തോന്നിയില്ല. ബഹു. ഉമ്മൻചാണ്ടിയും ഇതിൽ പെടും. മണിച്ചനെ അറസ്റ്റ് ചെയ്തത് എവിടുന്നാണെന്നൊക്കെയുള്ള കാര്യം ഇൻവെസ്റ്റിഗേഷനിൽ വരുമല്ലോ!

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : സർ, മുപ്പതു വർഷമായി കേരള നിയമസഭയിലുള്ള ബഹു. ഉമ്മൻചാണ്ടിയുടെ മുറിയിൽ നിന്നാണ് കേരളം തേടിക്കൊണ്ടിരുന്ന റാഫിയെ അറസ്റ്റു ചെയ്തതെന്നു പറഞ്ഞാൽ അത് അന്വേഷിപ്പിക്കണമെന്നു പറഞ്ഞത് ശരിയാണ്. അന്വേഷിക്കണം.

ശ്രീ. ടി. ശിവദാസമേനോൻ : പറഞ്ഞത് ശരിയാണ്. അതൊക്കെ ജസ്റ്റിസ് മോഹൻകുമാറിന്റെ അന്വേഷണത്തിൽ വരും. നിങ്ങൾക്ക് എന്ത് കാര്യം വേണമെങ്കിലും കൊണ്ടുവരാം. അവർ നോക്കട്ടെ. അതിനാണ് ജുഡീഷ്യൽ എൻക്വയറി വച്ചിരിക്കുന്നത്.

പിന്നെ ഇവിടത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ കാര്യത്തെ സംബന്ധിച്ച് പറയുകയുണ്ടായി. അതൊക്കെ ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും മുഖമുദ്രയാക്കിയിട്ടുള്ള സാമ്പത്തിക നയത്തിന്റെ ഫലമാണ്. 1991-ൽ ഉദാരവൽക്കരണം കൊണ്ടുവന്നപ്പോൾതന്നെ ഈ രീതിയിലുള്ള പോക്ക് ദുരിതം വാരിവിതറുമെന്നും കാർഷിക വ്യാവസായിക മേഖലയാകെ തകർക്കുമെന്നും ഞങ്ങൾ പറയുകയുണ്ടായി. അപ്പോൾ നിങ്ങളിൽ ചിലർ പറഞ്ഞത് എന്താണ്, ഉദാരം നല്ല വാക്കല്ലേ; ലിബറൽ അല്ലേ; ഉദാരമായി സംഭാവന ചെയ്യുക, അദ്ദേഹം ഉദാരമതിയാണ് എന്നൊക്കെ. ഉദാരം എന്നുള്ള വാക്കിന് നിങ്ങൾ എതിരാണോ? ഇവിടെ ക്വസ്റ്റ്യൻ അതല്ല. ലിബറൽ നല്ല വാക്കാണ് പക്ഷേ towards whom? ആരോടാണ് ഈ ഔദാര്യം? അതാണ് പ്രശ്നം. ഇൻഡ്യയിലെ ജനങ്ങളോടാണോ അതോ ബഹുരാഷ്ട്ര കുത്തകകളോടും അമേരിക്കൻ സാമ്രാജ്യത്വത്തോടും ആണോ? ലിബറൽ നല്ലതാണ്. ജനങ്ങളോട് ലിബറൽ ആയാൽ കുഴപ്പമില്ല. ഏതായാലും ബഹുമാനപ്പെട്ട കാർത്തികേയൻ കുറെ പത്രങ്ങൾ ക്വോട്ട് ചെയ്തതുകൊണ്ട് എനിക്കും ചില പത്രങ്ങൾ ക്വോട്ട് ചെയ്യാതിരിക്കാൻ പറ്റുകയില്ല. നിങ്ങളുടെ ഭരണകാലത്തുള്ള വർത്തമാനം മാത്രമേ ഞാൻ ക്വോട്ട് ചെയ്യുകയുള്ളൂ. 29.6.1994-ലെ മലയാള മനോരമയിൽ കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണിക്കെതിരായി മന്ത്രിയായിരുന്ന ശ്രീ. പി.പി. ജോർജ്ജ് ഉന്നയിച്ച പഞ്ചസാര കുംഭകോണത്തെക്കുറിച്ചുള്ള വലിയ വാർത്തയുണ്ട്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ ഒരു സ്റ്റേറ്റ്മെന്റ് കേരളകൗമുദിയിലുണ്ട്. "കേരളത്തിൽ കോൺഗ്രസ്സ് അഴിമതി പാർട്ടിയായി, മുഖ്യമന്ത്രി കരുണാകരനും മകനും ചേർന്ന് ജനങ്ങളുടെ പാർട്ടിയായ് കോൺഗ്രസ്സിനെ അഴിമതി പാർട്ടിയാക്കി മാറ്റി" എന്ന് കോൺഗ്രസ്സ് നിയമസഭാ കക്ഷി ഉപനേതാവ് ഉമ്മൻചാണ്ടി ആരോപിച്ചു. ഉമ്മൻചാണ്ടിയുടെ ദീർഘകാഴ്ച കൊള്ളാം. "യു.ഡി.എഫ്. ഭരണം അവസാനിപ്പിക്കണമെന്ന് ഞങ്ങൾ പറയുകയില്ല, മറിച്ച് ഇന്ന് നടമാടുന്ന അഴിമതിയും സ്വേച്ഛാധിപത്യവും തുടരുന്നത് കേരളത്തിന് ആപത്താണ്" - ശ്രീ. പി. ബാലൻ, എം.എൽ.എ. "കേരളത്തിലെ കോൺഗ്രസ്സ് പാർട്ടിയിലും ഭരണത്തിലും നിലനിൽക്കുന്ന അഴിമതിയിൽനിന്ന് രക്ഷപ്പെടാനുള്ള നാലാംകിട തന്ത്രമാണ് അച്ചടക്ക നടപടിയുടെ ഭീഷണി" - ശ്രീ. ജി. കാർത്തികേയൻ "സംസ്ഥാന ഗവൺമെന്റിനെ ബാധിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചാലേ ഇനി കേരളത്തിലെ പാർട്ടി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ." - ശ്രീ. എ.കെ. ആന്റണി. "കരുണാകരനെ ഭരണം ഏൽപ്പിച്ചത് ഭസ്മാസുരന് വരം കൊടുത്തതുപോലെ" - ശ്രീ. വി.എം. സുധീരൻ - മാതൃഭൂമി, 26.2.1992. "അഴിമതിയും സ്വജനപക്ഷപാതവും മുഖമുദ്രയായി നടക്കുന്ന ഇപ്പോഴത്തെ ഭരണത്തെ നിയമസഭയിലോ ജനങ്ങളുടെ മുമ്പിലോ ന്യായീകരിക്കാനാവുകയില്ലെന്ന് പറഞ്ഞുകൊണ്ട് ആന്റണി വിഭാഗക്കാരായ തിരുത്തൽവാദികൾ മുഖ്യമ

LIBRARY ARCHIVES Kerala Legislative Assembly

ന്ത്രിക്കെതിരെ ആഞ്ഞടിച്ചു" - ശ്രീ. ജി. കാർത്തികേയൻ അടിച്ച് കസറിയി ട്ടുണ്ട്. "അബ്കാരി ലേലത്തിൽ ചിലർക്ക് ലേലത്തുക കുറച്ചുകൊടുത്ത കാര്യം സർക്കാർതന്നെ കോടതിയിൽ സമ്മതിച്ചിരിക്കുന്നു." - ശ്രീ. ബി. വിജ യകുമാർ കഷ്ടമായിപ്പോയി. "ഇത് കേരളം കണ്ടതിൽ ഏറ്റവും മോശപ്പെട്ട ഭരണം" - ശ്രീ. വി.എം. സുധീരൻ. വീരാ.... ധീരാ .... സുധീരാ.... നന്നായി ട്ടുണ്ട്. "രാഷ്ട്രീയം ഇന്ന് ബിസിനസ്സ്" - ചെറിയാൻ ഫിലിപ്പ്, "അഴിമതിയുടെ കാര്യത്തിൽ മന്ത്രിമാർ തമ്മിൽ മത്സര ഓട്ടം"- ചെറിയാൻ ഫിലിപ്പ്, മാതൃഭൂമി. "കേരളത്തിൽ ഇന്ന് ഭരണത്തിന്റെ നിയന്ത്രണം ഭരണഘടനാ വിധേയമല്ലാ ത്തതും ജനങ്ങളോടോ പാർട്ടിയോടോ ഉത്തരവാദിത്വമില്ലാത്തതുമായ ദല്ലാൾ സംഘത്തിന് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു".- ശ്രീ. വി.എം. സുധീരൻ, മാതൃഭൂമി. ഇതിലും കൂടുതൽ നാറിയ ഒരു ഭരണമുണ്ടോ? "അഴിമതിയുടെ ദുർഭൂതത്തെ പിതാവും പുത്രനും ചേർന്ന കുടം തുറന്നുവിട്ടിരിക്കുന്നു". കെ. എസ്.യു. ജനറൽ സെക്രട്ടറി ശ്രീ. മണികണ്ഠൻ, മാതൃഭൂമി. "സർക്കാർ നിലപാട് സൽപ്പേരിനെ വല്ലാതെ ബാധിച്ചിട്ടുണ്ട്".- ശ്രീ. കെ.എം. മാണി, മല യാള മനോരമ. "മുജ്ജന്മത്തിലെ ശത്രു ഈ ജന്മത്തിൽ പുത്രനായി ജനിക്കും" മുരളിയെക്കുറിച്ച് ശ്രീ. എം.എം. ഹസ്സൻ. "കരുണാകരൻ രാജിവച്ചില്ലെങ്കിൽ പിടിച്ച് പുറത്താക്കണം."- ശ്രീ. വി.എം. സുധീരൻ. "യു.ഡി.എഫ്. ഭരണം അഴിമതി ഭരണം" - ശ്രീ. ജി. കാർത്തികേയൻ, മാതൃഭൂമി- 1.10.1992. "ഹൈക്ക മാൻഡിനോട് നേതൃത്വമാറ്റം ആവശ്യപ്പെടുന്നു." മുഖ്യമന്ത്രി കെ. കരുണാ കരൻ അഴിമതി നടത്തിയെന്നതിന് തെളിവുകളുമായിട്ടാണ് കോൺഗ്രസ്സ് ഐ-യിലെ ആന്റണി വിഭാഗക്കാർ ഡൽഹിയിലേയ്ക്ക് പോകുന്നത്, പുതിയ തെളിവുകൾ ശേഖരിച്ചതായി അറിയുന്നു."-മാതൃഭൂമി. "സ്പിരിറ്റ് ഇടപാട് നട ന്നുവെന്ന് പറയപ്പെടുന്ന അഴിമതിയിൽ പ്രത്യക്ഷത്തിൽ എക്സൈസ് വകുപ്പു മന്ത്രി രഘുചന്ദ്രബാലിനാണ് മുൻകൈയെന്ന് തോന്നാമെങ്കിലും മുഖ്യമ ന്ത്രിക്കും മകനും അതിൽ പങ്കുണ്ട്."-മാതൃഭൂമി, 3.12. "മാസങ്ങളായി നിരന്തരം തടപൊട്ടിയൊഴുകിക്കൊണ്ടിരിക്കുന്ന അഴിമതിയാരോപണങ്ങൾ കാരണം സാധാരണ കോൺഗ്രസ്സ് പ്രവർത്തകർക്ക് ഉണ്ടായിരിക്കുന്ന അവമതിപ്പും വേദ നയും ഈ പ്രസ്ഥാനത്തെ ക്ഷയിപ്പിക്കും, ഏതൊരാൾക്കും ഏറെക്കാലം സഹിക്കാൻ കഴിയുകയില്ല"-ശ്രീ. പി.ടി. തോമസ്. നല്ല ഉഷാറുള്ള കുട്ടികളുടേ താണ്. "പ്രകൃതിക്ഷോഭം നേരിടാൻ കേന്ദ്രസർക്കാർ അനുവദിച്ച തുക ഇഷ്ട ക്കാർക്കും പാർശ്വവർത്തികൾക്കും അന്യായമായി ശ്രീ. കെ.എം. മാണി നൽകി" - ശ്രീ. ടി.എം. ജേക്കബ്- മലയാള മനോരമ. "ജനവിശ്വാസം നഷ്ട പ്പെട്ട ഗവൺമെന്റ്. ഇനിയും പേപ്പർ കട്ടിംഗ്സ് ഉണ്ട്. നിങ്ങളുടെ 1991 തൊട്ട് 1996 വരെയുള്ള ആ കൂട്ടുത്തരവാദിത്വവും ആ ഭരണഘടനാപരമായ .... എന്ത് ചേലാ സർ? ഇങ്ങനെ പരസ്പരം പാർട്ടിക്കുവേണ്ടി തല്ലി കടൽക്ക ള്ളൻമാരെപ്പോലെ കടലിൽപോയി കക്കാൻ യോജിക്കുകയും കരയിൽ വന്നാൽ കളവുമുതൽ വീതിക്കാൻ കലഹിക്കുകയും ചെയ്യുന്ന pirates' mutiny ആയിരുന്നു നിങ്ങളുടെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിൽ ഉണ്ടായി രുന്നത്. എന്നിട്ട് ശുദ്ധൻമാരായിട്ട് അഴിമതിയെ സംബന്ധിച്ചും സദാചാരത്തെ സംബന്ധിച്ചും ന്യായത്തെ സംബന്ധിച്ചും ശ്രീ. കെ. സുധാകരൻ സംസാരി ക്കുന്നു. സുധാകരൻതന്നെ സമാധാനത്തെപ്പറ്റി സംസാരിക്കണം! ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ ഇല്ലാത്തതുകൊണ്ടും അദ്ദേഹത്തിന് അസുഖമാ യതുകൊണ്ടും ഞാൻ അദ്ദേഹത്തെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ അഴി മതി പറയേണ്ടവരെക്കൊണ്ട് നിങ്ങൾ അഴിമതി പറയിപ്പിച്ചു, അക്രമത്തിനെതി രായി പറയേണ്ട ആളെത്തന്നെ തെരഞ്ഞെടുത്തു, അക്രമം പറയാൻ.

LIBRARY ARCHIVES Kerala Legislative Assembly

സൈലന്റ്വാലിയെപ്പറ്റി ഇവിടെ പരാമർശം വന്നു. സൈലന്റ്വാലി വേണമെന്ന് നമ്മളെല്ലാം ആഗ്രഹിച്ചതാണ്. ശാസ്ത്രസാഹിത്യപരിഷത്തൊന്നും സി.പി.ഐ.(എം)-അല്ല. ഇന്ദിരാഗാന്ധിയാണ് അത് ക്യാൻസൽ ചെയ്തത്. ഹോളണ്ടിലെ സ്റ്റോക്ക് ഹോമിൽ നടന്ന വേൾഡ് ഇക്കോളജിക്കൽ കോൺഫറൻസിന്റെ തീരുമാനമനുസരിച്ചാണ് അവർക്ക് അത് ചെയ്യേണ്ടിവന്നത്. അതിനെ നിഷേധിച്ചതാണ്. അതും മാർക്സിസ്റ്റു പാർട്ടിയുടെ തരത്തിൽ നിഷേധിച്ചതാണ്. അതും മാർക്സിസ്റ്റു പാർട്ടിയുടെ തരത്തിൽ കിടന്നോട്ടെ! ഇലക്ട്രിസിറ്റി ബോർഡിന് 5000 കോടി രൂപ കടമായി എന്ന് പറയുകയുണ്ടായി. 3000 കോടി രൂപ ബോറോയിംഗ് ലിമിറ്റുള്ള കെ.എസ്.ഇ.ബി. 5000 കോടി രൂപ കടംവാങ്ങിയെന്നാണ് പറയുന്നത്. അതിന്റെ ബോറോയിംഗ് ലിമിറ്റിനപ്പുറം ബോറോ ചെയ്യാൻ പറ്റുമോ? നിങ്ങൾ എന്താണ് പറയുന്നത്? ശ്രീ. ജി. കാർത്തികേയൻ എന്ത് നന്നായിട്ട് പ്രസംഗിക്കുന്ന ആളാണ്. വിഷയമുണ്ടെങ്കിൽ നല്ല ഫ്ളുവന്റായിട്ട് പ്രസന്റ് ചെയ്യും. പക്ഷേ ഇന്ന് കൂരിരുട്ടിൽ കണ്ണടച്ച് കരിമ്പൂച്ചയെ തപ്പുകയായിരുന്നു. കാരണം, വിഷയമില്ല. point ഇല്ല. Whenever you have no case, confuse എന്നാണ്. കേസ്സ് ഇല്ലെങ്കിൽ കൺഫ്യൂസ് ചെയ്യുകയാണ് വേണ്ടത്. അതാണോ നിങ്ങൾ ചെയ്തത് ഇതുവരെ? അവിടെ തോണ്ടിയുള്ള വർത്തമാനം പറച്ചിൽ. ശ്രീ. എൻ. അനിരുദ്ധന്റെ ആക്രമണത്തിനുമുന്നിൽ നിങ്ങൾ ചൂളിപ്പോയി. ഒരക്ഷരം മിണ്ടാൻ നാവ് വരുന്നില്ല. കാരണം അദ്ദേഹം പഠിച്ചിട്ടാണ് പറയുന്നത്. നിങ്ങൾ സി.പി.ഐ. -യെ ഒന്നിച്ച് അറ്റാക്ക് ചെയ്ത് .... ഇതൊക്കെ തരംതാണ പണിയാണ്. ഞങ്ങൾ ഒരു മുന്നണിയാണ്, രണ്ടു പാർട്ടിയാണ്. ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകും. നിങ്ങളെ സംബന്ധിച്ച് ഞങ്ങൾക്ക് ഒറ്റ അഭിപ്രായവ്യത്യാസമേയുള്ളൂ. കോൺഗ്രസ്സിനോടല്ല ഞങ്ങൾക്ക് വിരോധം. ഞങ്ങൾക്ക് കോൺഗ്രസ്സ് എന്ന വാക്കിനോട് യാതൊരു അലർജിയുമില്ല. ഉണ്ടെങ്കിൽ അഖിലേന്ത്യാ സമ്മേളനത്തിന് പാർട്ടി കോൺഗ്രസ്സ് എന്ന് പേരിടുമോ? കോൺഗ്രസ്സിനോട് യാതൊരു എതിർപ്പുമില്ല. അതിന്റെ നയങ്ങളോടാണ് എതിർപ്പ്. ആ നയങ്ങളിൽ, A tilt to the left- ഇടത്തോട്ടുള്ള മാറ്റം വരുമെന്ന് ബഹുമാനപ്പെട്ട ആന്റണി പറഞ്ഞുവെന്ന് കേട്ടപ്പോൾ സമാധാനം തോന്നി. കാരണം, നന്നാകുന്നുണ്ടല്ലോ. അനുഭവമാണ് ഗുരുനാഥൻ. അനുഭവത്തിൽനിന്നും പഠിക്കുന്നുണ്ടല്ലോ. കോൺഗ്രസ്സിന് ഏറ്റവും വിഷമമായിട്ടുള്ള, ഒരു നാണവുമില്ലാതെ ചെയ്യേണ്ട ഒരു കാര്യം വന്നില്ലേ? ഇൻഷ്വറൻസ് റഗുലേറ്ററി ബിൽ. എൽ.ഐ.സി. പൊതുമേഖലയിലുള്ളപ്പോൾ അവിടെ മൾട്ടി നാഷണലിസ്റ്റിനെ ഇരുന്നുഞെരങ്ങാൻ അനുവദിക്കുന്ന റഗുലേറ്ററി ബില്ലിന് നിങ്ങൾ കൈപൊക്കിയില്ലേ? നിങ്ങൾ രാജ്യസഭയിൽ കൈപൊക്കിയില്ലായിരുന്നുവെങ്കിൽ അത് പാസ്സാകുമോ? പേറ്റന്റ് ബില്ലിന് നിങ്ങൾ കൈപൊക്കി. ഇറക്കുമതി നയത്തിനെ നിങ്ങൾ എതിർത്തോ? അച്ഛനും അമ്മയുമല്ലാത്ത എല്ലാം ഇറക്കുമതി ചെയ്യുകയല്ലേ? കൺസ്യൂമർ ഗുഡ്സ് മൊത്തം ഇറക്കുമതി ചെയ്യുകയല്ലേ? വ്യവസായങ്ങൾ പൂട്ടുകയല്ലേ? കാർഷിക വിഭവങ്ങൾ ഇറക്കുമതി ചെയ്യുകയല്ലേ? കാർഷിക മേഖല തകർന്നില്ലേ? കൃഷിക്കാരുടെ കണ്ണിൽനിന്നും രക്തം ഇറ്റിറ്റുവീഴുന്നു. അത് കൃഷ്ണൻ കണിയാംപറമ്പിൽ പോയി തുടയ്ക്കണമെന്നാണ് നിങ്ങളുടെ ആവശ്യം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. മേയ് 11-ാം തീയതി ഇൻഡ്യയിലെ എല്ലാ ട്രേഡ് യൂണിയനുകളും വർഗ്ഗ ബഹുജനസംഘടനകളും ഭാരതത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത ഒരു സമരം നടത്തിയപ്പോൾ കോൺഗ്രസ്സ് അതിൽനിന്നും വിട്ടുനിന്നു. നിങ്ങൾക്ക് മാപ്പില്ല. ഐ.എൻ.ടി.യു.സി. വിട്ടുനിന്നു, എസ്.ടി.യു.

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുത്തു. നിങ്ങൾക്ക് യാതൊരു രീതിയിലും ന്യായീകരിക്കാനാവുകയില്ല. ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇവിടെ വെറുതെ ബഹളം കൂട്ടിയതുകൊണ്ട് ഒരു പ്രയോജനവുമില്ല. എന്റെ വിദേശ യാത്രയെപ്പറ്റി ശ്രീ. ജി. കാർത്തികേയൻ പറഞ്ഞു. ശ്രീ. കെ. സുധാകരൻ പറഞ്ഞത് ഞാൻ കേട്ടില്ല. എന്റെ വിദേശ പര്യടനത്തിനുള്ള യാത്രാച്ചെലവും താമസച്ചെലവും കേരളാ ഗവൺമെന്റിന്റെ കണക്കിലാണ്. ചെലവായ തുക എത്രയെന്ന് ഹൈകമ്മീഷൻ പിന്നീട് അറിയിക്കും. എനിക്ക് എന്താണ് രോഗമെന്ന് നിങ്ങളെ അറിയിച്ചിട്ടില്ല. പത്രങ്ങൾക്ക് കൊടുക്കുന്ന ഏർപ്പാട് എനിക്കില്ല. അത് നിങ്ങൾക്ക് ഉണ്ടാകും. ഇവിടെ എന്നെ പരിശോധിക്കുന്ന ഡോക്ടർക്കും എനിക്കും മാത്രമേ അറിയാവൂ എന്താണ് രോഗമെന്ന്. അത്രയേയുള്ളൂ. അമേരിക്കയിൽ പരിശോധന നടത്തിയത് സുഹൃത്തുക്കളായ മലയാളി ഡോക്ടർമാരുടെ സഹായത്തോടുകൂടിയാണ്. ആയിനത്തിൽ ചെലവില്ലാത്തതുകൊണ്ടാണ് ഫ്രീയെന്ന് പറഞ്ഞത്. ഇത്രയുമാണ് സംഗതി. ഇവിടെ ഭരണകക്ഷിയിൽനിന്നും പ്രതിപക്ഷത്തുനിന്നുമുള്ള സുഹൃത്തുക്കളുടെ പ്രസംഗങ്ങളും വിമർശനങ്ങളും പരമാവധി കേൾക്കാൻ ശ്രമിച്ചു. എന്നാൽ ശ്രീ. കെ. സുധാകരൻ പ്രസംഗിക്കുമ്പോൾ ഞാനില്ലായിരുന്നു. എന്താണ് പ്രസംഗിച്ചതെന്ന് പിന്നീട് മനസ്സിലായി. അതിന് ഞാൻ മറുപടി പറയാം. കേരള നിയമസഭയുടെ കാലാവധി പൂർത്തിയാക്കാൻ ഇനി കുറച്ച് മാസങ്ങൾ മാത്രമേയുള്ളൂ. അഞ്ചുകൊല്ലം പൂർത്തിയാകാൻ പോകുകയാണ്. ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാർ നാലര വർഷം പൂർത്തിയാക്കി. കഴിഞ്ഞ നാലരവർഷം ചാരിതാർത്ഥ്യത്തിന്റേതായ ഘട്ടമായിരുന്നു എന്നാണ് ഞങ്ങളുടെ അഭിപ്രായം. നിങ്ങൾ അതിന് എതിരാണല്ലോ. പലരും എതിരാണ്. നാലരവർഷം കൊണ്ട് കേരളം എങ്ങനെമാറി എന്നു മനസ്സിലാവണമെങ്കിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമേറ്റ ഘട്ടത്തിൽ എന്തായിരുന്നു കേരളത്തിന്റെ സ്ഥിതി എന്നു മനസ്സിലാക്കിയാലേ എന്ത് മാറ്റം വന്നുവെന്ന് മനസ്സിലാക്കാൻ പറ്റുകയുള്ളൂ. 1996 മേയ് മാസം വരെയുള്ള സ്ഥിതി വച്ചുനോക്കുമ്പോൾ നിഷ്പക്ഷമതിയായ ആരുടെ മനസ്സിലും ആശ്വാസവും സംതൃപ്തിയും ഇന്ന് ഉണ്ടാവും എന്ന് എനിക്കുറപ്പുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റിനെതിരെ എന്തെങ്കിലുമൊക്കെ ആക്ഷേപങ്ങൾ കണ്ടെത്താനും. അവ പെരുപ്പിച്ച് പറയാനും നമ്മുടെ സുഹൃത്തുക്കൾ കാട്ടുന്ന വ്യഗ്രതയുടെ ബാലിശത്വവും അതിനു പുറപ്പെടുന്നവരുടെ യഥാർത്ഥമുഖവും താൽപ്പര്യങ്ങളും പകൽപോലെ വ്യക്തമാണ്. എന്തുകൊണ്ടാണ് അത്തരത്തിൽ വിമർശനം വന്നത്. ഇലക്ഷൻ അടുക്കുമ്പോൾ വിമർശനം ഇനിയും കൂടും. ഞങ്ങൾക്കറിയാം കുത്തിയിരിക്കുന്നതും ഇലക്ഷനാണ്. ഇതൊന്നുമല്ല പ്രശ്നം. വരാൻ പോകുന്ന ഇലക്ഷനാണ് കുത്തിയിരുപ്പ്. ഇനി വിമർശനം കൂടും. നമ്മുടെ മറുപടിയും കൂടും. അത് ഇനി രൂക്ഷമാകും. രണ്ടുഭാഗവും. വരാൻ പോകുന്ന ഇലക്ഷനെ കണ്ടുകൊണ്ടാണ് ഈ സമീപനം. നിങ്ങളുടെ സമീപനവും അതാണ്. അതും എനിക്കറിയാം. സുധാകരനെ കണ്ണൂരിൽനിന്ന് വെറുതെ വിടാൻ പോകുന്നില്ല. കേട്ടോ. അത് മനസ്സിലാക്കണം. ഇതൊക്കെ കണ്ടുകൊണ്ടുതന്നെയാണ് നിങ്ങളുടെ വിമർശനം. ശരിക്കും കേട്ടുകൊണ്ടുതന്നെയാണ്. ഞങ്ങൾ പറയാനുള്ളത് ശരിക്കും പുറത്തു പറയും. നിങ്ങൾക്ക് എല്ലാ വാരികയുമുണ്ട്. ഈ വാരിക എല്ലാം ഞാൻ കണ്ടതാണ്. വാരികയിലെല്ലാം ആന്റി കമ്മ്യൂണിസ്റ്റാണ് മുഖ്യഭാഗവും. ചില വീക്കിലി മാത്രമേ അല്ലാതുള്ളൂ. ഒട്ടുമുക്കാൽ വീക്കിലിയും ആന്റികമ്മ്യൂണിസ്റ്റാണെന്നുള്ളത് എനിക്കറിയാം. അതിന

LIBRARY ARCHIVES Kerala Legislative Assembly

കത്തു വരുന്ന ലേഖനത്തിന്റെ പേരും എഴുതുന്ന ആളിന്റെ പേരും നോക്കിയാൽ മതി. ആദ്യവും നടുക്കും അവസാനവുമേ വായിക്കേണ്ടു. പിന്നെ മുഴുവനും വായിക്കണ്ട. ഞാൻ വായിക്കുന്നതാണ്. എനിക്കറിയാം. 'മലയാളത്തിൽ' എന്തുവരുന്നു, 'കേരളശബ്ദത്തിൽ' എന്തുവരുന്നു. 'മനോരമയിൽ' എന്തുവരുന്നു എന്ന്. വീക്കിലിയുണ്ട് എന്റെ മേശപ്പുറത്ത്. ഈ വീക്കിലികൾ കിടപ്പുണ്ട്. ഇതൊക്കെ ഞാൻ നോക്കാറുമുണ്ട്. 'മാധ്യമ'ത്തിന് വീക്കിലിയുണ്ട്. അതും എന്റെ മേശപ്പുറത്തുണ്ട്. ഇത് ഞാൻ കാണാത്തതല്ല. ലേഖകന്റെ പേര് മാത്രമേ നോക്കേണ്ടൂ. ഓൻ എഴുതുന്നത് എന്താണെന്ന് എനിക്കറിയാം. പിന്നെ വായിക്കണ്ട. ഞാനും ഒരു പത്രക്കാരനാണ്, എനിക്കതറിയാം എന്താണെന്ന്. നിങ്ങളെമാതിരി മൂലയിലിരുന്ന് വായിക്കുകയൊന്നും വേണ്ട. എൽ.ഡി.എഫ്. ഗവൺമെന്റിനെതിരെ എന്തെങ്കിലുമൊക്കെ ആക്ഷേപങ്ങൾ പെരുപ്പിച്ച് അവതരിപ്പിക്കാനും ചിലർ കാട്ടുന്ന വ്യഗ്രത ബാലിശത്വമാണ്. അവർക്ക് അത് രാഷ്ട്രീയമായ ആവശ്യമായി വന്നേക്കാം. അത് ഇനിയും ഇലക്ഷൻ കഴിയുന്നതുവരെ തുടരും. കുറെ ആളുകൾ എം.എൽ.എ. ആകും. കുറെപ്പേർ എം.എൽ.എ. അല്ലാതാകും. അത് ഇപ്പോൾ തീരുമല്ലോ. എന്നാൽ കേരളത്തിലെ ജനത അറിയുന്ന ഒരു സത്യം ഉണ്ട്. സമാധാനത്തിന്റേയും സൗഹൃദത്തിന്റേയും സാഹോദര്യത്തിന്റെയും പുരോഗതിയുടേയും അന്തരീക്ഷം കേരളത്തിൽ നിലനിൽക്കുന്നുണ്ട്. നിങ്ങൾ എന്തു പറഞ്ഞാലും ഇവിടെ സമാധാനം ശാശ്വതമായി നിലനിൽക്കുന്നുണ്ട്. അഴിമതി, വർഗ്ഗീയകലാപങ്ങൾ, സാമ്പത്തിക പ്രതിസന്ധി, ക്രമസമാധാനത്തകർച്ച, ശിവഗിരി പോലുള്ള പവിത്ര സ്ഥലങ്ങളിലെ ആക്രമണങ്ങൾ തുടങ്ങിയവകൊണ്ട് കലുഷമായ നാടായിരുന്നു യു.ഡി.എഫ്. ഭരണം നടന്ന ഘട്ടത്തിൽ കേരളത്തിൽ ഉണ്ടായിരുന്നത്. നിങ്ങളുടെ കാലഘട്ടത്തിൽ ഇടയ്ക്കിടെ ട്രഷറി പൂട്ടിക്കൊണ്ടിരുന്നു. അന്നത്തെ അവസ്ഥ തന്നെ അക്കാലത്തെ സാമ്പത്തികത്തകർച്ച വേണ്ടുവോളം വ്യക്തമാക്കുന്നുണ്ട്. ഇതുരണ്ടും വ്യത്യസ്തമല്ലേ? ഇന്ന് ട്രഷറി പൂട്ടൽ ഇല്ല. (ബഹളം ....) നിങ്ങൾക്ക് ഇഷ്ടമില്ലാത്തതാണ് ഞാൻ പ്രസംഗിക്കുന്നത്. നിങ്ങളും എനിക്ക് എതിരായിട്ടാണ് പ്രസംഗിക്കുന്നതെന്ന് എനിക്ക് അറിയാം. നിങ്ങളെ ഞങ്ങൾ നല്ലവണ്ണം ചാമ്പും. വെറുതെ വിടില്ല. അന്നത്തെ മന്ത്രിമാരിൽ ശ്രീ. ബാലകൃഷ്ണപിള്ളയെ കോടതി ശിക്ഷിച്ചു. മറ്റ് ആറുപേർ ശ്രീ. കരുണാകരൻ, ശ്രീ. ടി.എച്ച്. മുസ്തഫ, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. സി. വി. പത്മരാജൻ, ശ്രീ. രഘുചന്ദ്രബാൽ, ശ്രീ. എം.വി. രാഘവൻ തുടങ്ങിയവർ കുറ്റവിചാരണ നേരിടുകയാണ്. ആ കേസ്സെല്ലാം ഇന്ന് കോടതിയിൽ ഇല്ലേ? കേസ്സിലൊക്കെത്തന്നെ ഇവർ പ്രതികൾ അല്ലേ? ശ്രീ. ടി.എം. ജേക്കബ് വിചാരമ നേരിടുന്നില്ലേ? കേസ് തീർന്നിട്ടില്ല. ശ്രീ. കരുണാകരന് തീർന്നോ? ശ്രീ. ബാലകൃഷ്ണപിള്ളയെ രണ്ടു പ്രാവശ്യം ശിക്ഷിച്ചില്ലേ? ശ്രീ. ടി.എച്ച്. മുസ്തഫ പ്രതിയായിട്ട് കേസ്സ് ഇല്ലേ? ശ്രീ. പത്മരാജന്റെ പേരിൽ അന്വേഷണം ഇല്ലേ? ശ്രീ. രഘുചന്ദ്രബാലിന്റെ പേരിൽ അന്വേഷണം ഇല്ലേ? ഇതൊക്കെ നിങ്ങളുടെ കൂടെയുള്ള മന്ത്രിമാരാണ്. അത് മനസ്സിലാക്ക്. ഞങ്ങളുടെ കൂടെയുള്ള മന്ത്രിമാരല്ല. ആ മന്ത്രിമാരെയും കൊണ്ടാണ് നിങ്ങൾ നടക്കുന്നത്. പിന്നെ പൂന്തുറയിലും വിഴിഞ്ഞത്തും മട്ടാഞ്ചേരിയിലുമൊക്കെയുള്ള വർഗ്ഗീയ കലാപങ്ങൾ, നിരവധി പേരെ കൊന്നൊടുക്കിയ പോലീസ് വെടിവെയ്പുകൾ, ശിവഗിരി സംഭവങ്ങൾ ഇതൊക്കെ അന്നത്തെ ക്രമസമാധാന നില ഏതുവിധത്തിലുള്ളതായിരുന്നു എന്ന ചോദ്യത്തിന് ഉത്തരമാവുന്നുണ്ട്. ഇന്ന് വർഗ്ഗീയ ലഹളയുണ്ടോ? വിഴിഞ്ഞത്തുണ്ടോ? പൂന്തുറയിൽ വെടിവെയ്പ് നടന്നതിൽ നിങ്ങൾ 5 പേരെ കൊന്നില്ലേ? മട്ടാഞ്ചേരിയിൽ ഉണ്ടായില്ലേ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ വെടിവെയ്പുണ്ടോ? വർഗ്ഗീയ ലഹളയുണ്ടോ? ഹിന്ദു ഉണ്ടോ? മുസ്ലീം ഉണ്ടോ? ക്രിസ്ത്യാനിക്ക് എതിരായിട്ടും മുസ്ലീങ്ങൾക്ക് എതിരായിട്ടും ആഹ്വാനം കൊടുത്തില്ലേ? ഏറ്റവും ഒടുവിൽ ബോംബെയിൽ ഇപ്പോൾ മുസ്ലീമിന് വോട്ട് കൊടുക്കരുതെന്ന്. അത് അന്ന് ഉണ്ടായി. ഇന്ന് അത് ഇല്ല. (ബഹളം............) പതിനായിരം കോടിയിലേറെ രൂപയുടെ കടഭാരം. നിത്യനിദാന ചെലവുകൾക്ക് പോലും പണമില്ലാത്ത അവസ്ഥ. വർഗ്ഗീയ കലാപങ്ങളിൽ 40 പേരും പോലീസ് വെടിവെയ്പുകളിൽ 18 പേരും കൊലചെയ്യപ്പെട്ടതിനെ തുടർന്നുള്ള അസ്വസ്ഥത. അന്ന് കടുത്ത പവർകട്ട്, ലോഡ് ഷെഡ്ഡിംഗ്, കാർഷിക വ്യാവസായിക ഇനങ്ങളിലെ മരവിപ്പ്, വ്യവസായങ്ങൾ അടച്ചുപൂട്ടൽ ഇതൊക്കെയായിരുന്നു യു.ഡി.എഫ്. ഭരണ കാലത്തെ അനുഭവങ്ങൾ. ഭരണ മാറ്റത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുൻപിൽ എന്തായിരുന്നു അവസ്ഥ? ഈ സന്ധി തരണം ചെയ്യാൻ, ഐശ്വര്യ പൂർണ്ണമായ കേരളം കെട്ടിപ്പടുക്കാനുള്ള പ്രവർത്തനങ്ങൾ എത്രത്തോളം നിർവഹിച്ചുവെന്ന് നോക്കുമ്പോൾ എനിക്ക് സംതൃപ്തി തോന്നുന്നുണ്ട്. അധികാര വികേന്ദ്രീകരണം പൂർണ്ണമായി നടപ്പിലാക്കുമെന്ന് ഞങ്ങൾ തെരഞ്ഞെടുപ്പു ഘട്ടത്തിൽ ജനങ്ങളോടു പറഞ്ഞിരുന്നു. കഴിഞ്ഞ നാലര വർഷത്തെ പ്രവർത്തനത്തിന്റെ ഫലമായി ഇന്ന് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ അധികാരമുള്ള പ്രാദേശിക ഭരണ കേന്ദ്രങ്ങളായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറി. കോൺഗ്രസ്സ് ഭരിച്ചിരുന്നതോ ഭരിക്കുന്നതോ ആയ ഒരു സംസ്ഥാനത്തും കേരളത്തിലേതു പോലെ സമഗ്രമായ സാമ്പത്തിക അച്ചടക്കമുള്ള രംഗങ്ങളിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കിയിട്ടില്ല. ഇൻഡ്യയിൽ എവിടെയും ഇത്രയും വിപുലമായ അധികാര വികേന്ദ്രീകരണം നടന്ന ഏതെങ്കിലും ഒരു സ്റ്റേറ്റുണ്ടോ? എല്ലാ സ്റ്റേറ്റും എനിക്കറിയാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്തതും അവർക്ക് പണവും അധികാരവും നൽകിയതും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. അധികാര വികേന്ദ്രീകരണ നിയമം പാസ്സാക്കി 40 ശതമാനത്തോളം ഫണ്ട് താഴെ തലങ്ങളിലേയ്ക്ക് കൈമാറി. അങ്ങനെയാണ് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ അധികാരമുള്ള പ്രാദേശിക ഭരണ സ്ഥാപനങ്ങളായി ഈ സംസ്ഥാനത്തെ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും മറ്റും ഉയർത്തിയത്. യു.ഡി.എഫ്. ഭരണം നടത്തിയ 1991 മുതൽ 1996 വരെയുള്ള 5 വർഷക്കാലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 119 കോടി രൂപ മാത്രമാണ് നൽകിയത്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് 5 വർഷം കൊണ്ട് നിങ്ങൾ നൽകിയ 119 കോടിരൂപയുടെ സ്ഥാനത്ത് 4500 കോടി രൂപ നൽകുകയുണ്ടായി. ഏതാണ്ട് 40 ഇരട്ടി വർദ്ധനവ്. ഇതിൽ പ്രതിഫലിക്കുന്നത് അധികാര വികേന്ദ്രീകരണത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയാണ്. ഞങ്ങൾക്ക് അഭിമാനത്തോടെ ഈ കാര്യം എടുത്തു കാട്ടാനാകും. അതുപോലെ കേരളത്തിലെ മറ്റൊരു നേട്ടമാണ് ജനകീയാസൂത്രണം. അതിനെപ്പറ്റി അപ്പുറത്തുള്ള ആർക്കും എതിരുണ്ടാവില്ല. ഒരുപക്ഷേ മറന്നുപോയിട്ടുണ്ടാകും. കേരളത്തിലെ പതിനാലായിരത്തിൽപ്പരം വാർഡുകളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി യോജിപ്പിന്റെ തല ഉയർന്നു വന്നിരിക്കുകയാണ്. വികസന പ്രവർത്തനത്തിൽ ലോകമാകെ ശ്രദ്ധിക്കുന്ന കൂട്ടായ്മ. ഇടപെടൽ കേരളത്തിന്റെ വികസന മുഖച്ഛായ തന്നെ മാറ്റുകയാണ്. കഴിയാവുന്ന വേഗതയിൽ പല പ്രദേശങ്ങളിലും സ്വയംപര്യാപ്തതയിലേയ്ക്ക് ഉയരുകയാണ്. പാലങ്ങളും ബണ്ടുകളുമൊക്കെ ഇതേ രീതിയിൽ പുതിയ മാർഗ്ഗത്തിൽ കൂടി ഉയർന്നു വരുന്നു. 35 ലക്ഷം

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ഗുണഭോക്താക്കൾക്ക് കാർഷികാനുകൂല്യങ്ങൾ. 3,15,851 ഏക്കർ ഭൂമിയിൽ അധികവിള. 3 ലക്ഷത്തിലേറെ വീടുകൾ. 17,199 കി.മീറ്റർ പുതുറോഡുകൾ. വീടില്ലാത്തവർക്ക് മൂന്നു ലക്ഷത്തിലേറെ വീടുകൾ നൽകുകയുണ്ടായി. അതുപോലെ തന്നെ റോഡുകൾ. ഈ നേട്ടങ്ങൾ ലോകത്തിലുള്ള ആസൂത്രണ വിദഗ്ധർപോലും അത്ഭുതത്തോടെ നോക്കി കാണുകയാണ്. ജനകീയാസൂത്രണത്തിലൂടെ കേരളത്തിലെ കാർഷിക വളർച്ചാനിരക്ക് 1998-99-ൽ 3.82 ശതമാനമായി ഉയർന്നു. മുൻവർഷം അത് 1.3 ശതമാനം ആയിരുന്നു. വൈദ്യുതി രംഗത്തെ പവർകട്ടിനെപ്പറ്റി ഇവിടെ പറഞ്ഞു. ലോഡ് ഷെഡ്ഡിംഗ് ഞങ്ങൾ അവസാനിപ്പിച്ചു. നിങ്ങൾക്ക് എന്തുകൊണ്ട് സാധിച്ചില്ല? നിങ്ങളുടെ കാലത്ത് 17 മെഗാവാട്ട് വൈദ്യുതിയാണ് കൂടുതൽ ഉൽപ്പാദിപ്പിച്ചത്. ഞങ്ങളുടെ കാലത്ത് 876 മെഗാവാട്ട്. ഇതാണ് വ്യത്യാസം. ശ്രീ. ജി. കാർത്തികേയൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രി ആയിരുന്നല്ലോ. നിങ്ങളുടെ കാലത്ത് പവർകട്ട്, ലോഡ് ഷെഡ്ഡിംഗ് എല്ലാം ഉണ്ടായി. ഇപ്പോൾ അതെല്ലാം ഇല്ലാതാക്കി. അന്ധ്രയിൽ ലോഡ് ഷെഡ്ഡിംഗ് മൂന്ന് മണിക്കൂർ, കർണ്ണാടകത്തിൽ രണ്ടര മണിക്കൂർ. ഇവിടെ ലോഡ് ഷെഡ്ഡിംഗ് ഇല്ല. അതുപോലെ പവർ കട്ടും ഇല്ല. നിങ്ങളുടെ കാലത്ത് ആകെ വർദ്ധിപ്പിച്ചത് 17 മെഗാവാട്ട്. ഞങ്ങളുടെ കാലത്ത് വർദ്ധിപ്പിച്ചത് 876 മെഗാവാട്ട്. അതാണ് നാലര കൊല്ലത്തെ വ്യത്യാസം. നിങ്ങളുടെ 5 കൊല്ലവും ഞങ്ങളുടെ നാലര കൊല്ലവും തമ്മിലുള്ള വ്യത്യാസം. ഫലപ്രദമായ ധനമാനേജുമെന്റിലൂടെ യു.ഡി.എഫ്. കാലത്തെ പതിനായിരം കോടി രൂപയുടെ കടബാദ്ധ്യതയിൽ ഏറിയ പങ്കും കൊടുത്തുതീർത്തുകൊണ്ട് കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി രക്ഷപ്പെടുത്തി. ഒരൊറ്റ ദിവസം പോലും ട്രഷറി പൂട്ടിയിട്ടില്ല. അത് ചെറിയ കാര്യമാണോ? ഫലപ്രദമായ വിഭവസമാഹരണം വഴി വികസന കാര്യം കണ്ടെത്തി ഈ വിഷമതകൾക്കെല്ലാം ഇടയിലും 1200 കോടി രൂപയുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. സാമാന്യ ജനങ്ങളെ കാര്യമായി ബാധിക്കുന്ന നികുതി നിർദ്ദേശങ്ങളും ഉണ്ടായില്ല. കേന്ദ്രം പെട്രോളിയം വില വർദ്ധിപ്പിച്ചപ്പോൾ 100 കോടി രൂപയുടെ സബ്സിഡി അനുവദിച്ചു കൊടുത്തതും ശ്രദ്ധേയമാണ്. വ്യവസായ രംഗത്ത് 62,000 പേർക്ക് തൊഴിൽ നൽകാൻ പാകത്തിൽ 72 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 310 കോടിയിൽപ്പരം രൂപയുടെ വിഹിതം അനുവദിച്ചു. മുൻപ് നഷ്ടത്തിലായിരുന്ന നിരവധി സ്ഥാപനങ്ങൾ ലാഭത്തിലായി. പൂട്ടിക്കിടന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു. ടെക്നോപാർക്കിൽ 12,000 പേർക്ക് തൊഴിൽ കിട്ടത്തക്ക വിധത്തിലുള്ള സാഹചര്യം വന്നു. നിങ്ങളുടെ കാലത്ത് ഉണ്ടായോ? ആറായിരം ജീവനക്കാരിൽ ഒരു ജീവനക്കാരന് രണ്ടുപേർ കണക്കിന് 12000 പേർക്ക് തൊഴിൽ കിട്ടത്തക്ക ഒരു സാഹചര്യം ടെക്നോപാർക്കിൽ ഉണ്ടായി. ഈ ഗവൺമെന്റിന്റെ കാലത്താണ്. നിങ്ങളുടെ കാലത്ത് അത് തൊട്ടിട്ടില്ല. മനസ്സിലാക്കണം. ഇൻഫർമേഷൻ ടെക്നോളജിക്ക് പുതിയ വകുപ്പ് തുറന്നു, ആ രംഗത്ത് വൻ കുതിച്ചുചാട്ടം ഉണ്ടായി. ഇവിടെ ഇൻഫർമേഷൻ ടെക്നോളജിയുടെ അഖിലേന്ത്യാ കോൺഫറൻസ് നടന്നപ്പോൾ 2440 കോടി രൂപയുടെ വ്യവസായത്തിന്റെ ആനുകൂല്യം വ്യവസായികൾക്ക് നൽകുകയുണ്ടായി. എം.ഒ.യു. ഒപ്പിടുകയുണ്ടായി. പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുമായി ഇതിനുപുറമേ 2,10,000-ലധികം ആളുകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. നാലരവർഷംകൊണ്ട് മൊത്തം 2,70,000-ത്തിൽപ്പരം ആളുകൾക്ക് ജോലികൊടുക്കാൻ കഴിഞ്ഞത് ചാരിതാർത്ഥ്യജനകമാണ്. ഇനി പച്ചക്കറിക്കൃഷി ആയിരം കോടി രൂപയുടെ പച്ചക്കറി പുറത്തുനിന്നും വന്നുകൊണ്ടിരുന്നതാണ്. അതെന്തായി? പച്ചക്കറി സ്വയംപര്യാപ്തത

LIBRARY ARCHIVES Kerala Legislative Assembly

യിലേക്ക് നീങ്ങുകയാണ്. ആയിരം കോടി രൂപയുടെ പച്ചക്കറിയിൽ എണ്ണൂറ്റി ച്ചിലാനം കോടി ഈ കേരളത്തിൽ ഉണ്ടായി. നിങ്ങൾക്ക് അത് പ്രശ്നമല്ല. മന സ്സിലായോ? 230 കോടി രൂപയുടെ ഉൽപ്പാദന വർദ്ധനവ് ഒരു വർഷംകൊണ്ട് ഉണ്ടായി. ഇനി വിലക്കയറ്റം: വിലക്കയറ്റം പിടിച്ചുനിർത്തി മാവേലി-നീതി സ്റ്റോറുകൾ സ്ഥാപിച്ചു. റേഷനരി വിലയിൽ കിലോയ്ക്ക് ഒരു രൂപാ കുറവുവ രുത്തി ആഴ്ചയിൽ നാല് കിലോ അരി വിതരണം ചെയ്തു. പാതിവിലയ്ക്ക് 10 കിലോ അരി നൽകിയും ഒക്കെയാണ് ഇത് സാധിച്ചത്. യു.ഡി.എഫ്. ഭരണ ത്തിൽ മാവേലിസ്റ്റോറുകൾ അടച്ചുപൂട്ടി, നിങ്ങളുടെ കാലത്ത്..(ബഹളം)...... നിങ്ങളുടെ കാലത്ത് 30 മാവേലിസ്റ്റോറുകൾ അടച്ചുപൂട്ടി എന്നുള്ളത് സത്യ മാണ്. എൽ.ഡി.എഫ്. ഭരത്തിൽ എല്ലാ പഞ്ചായത്തിലും മാവേലിസ്റ്റോറുകൾ ആരംഭിച്ചു. പുതുതായി നീതിസ്റ്റോറുകൾ ആരംഭിച്ചു. ഓണത്തിനും റംസാനും ക്രിസ്തുമസ്സിനും 28 ലക്ഷം കുട്ടികൾക്ക് സൗജന്യമായി അഞ്ചുകിലോ അരി വീതം നൽകി. ഇത് നിങ്ങളുടെ കാലത്ത് ഉണ്ടായോ? നിങ്ങളുടെ കാലത്ത് ഉണ്ടായില്ല. ഉണ്ടായതുകൊണ്ടാ ഞാൻ പറഞ്ഞത്. അഴിമതിക്കെതിരെ അതിശ ക്തമായ നടപടികൾ കൈക്കൊണ്ടു. വിജിലൻസ് വിഭാഗം, വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ ആക്കി ഉയർത്തിയതും, ലോക്അയുക്ത രൂപീകരിച്ചതും ഓംബുഡ്സ്മാൻ സംവിധാനം ഏർപ്പെടുത്തിയതും മറ്റും നിങ്ങളോട് വിശദീക രിക്കേണ്ടതില്ല. ലോക്അയുക്ത സംവിധാനം ഭരണത്തിലുള്ള അഴിമതിക്കെതി രായി പലവിധമായ നടപടികൾ സ്വീകരിച്ചു. വിദേശ മലയാളികൾക്ക് നോർക്ക സംഘടിപ്പിച്ചു. ഇതിനുമുൻപ് ഉണ്ടായിരുന്നോ? 12,13 ലക്ഷം വിദേശ മലയാളി കളുണ്ട് ഗൾഫ് രാജ്യത്തുമാത്രം. ലണ്ടനിൽ ഉണ്ട്, കൽക്കത്തയിലുണ്ട്, ബോംബെയിലുണ്ട്, മദ്രാസിലുണ്ട് ഇതൊന്നും കണക്കുകൂട്ടിയിട്ടില്ല. ഗൾഫിൽ ഉള്ളവർക്ക് നോർക്ക അംഗീകരിച്ചു, അവരുടെ കാര്യം പരിശോധിക്കാൻ. ഇത് ഇതിനുമുൻപ് ഉണ്ടായോ? ഇല്ല. ഈ ഗവൺമെന്റിന്റെ കാലത്തല്ലേ ഉണ്ടായത്. പ്രവാസി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്ക്കരിച്ചതിലും അവ രുടെ ആനുകൂല്യങ്ങൾ തെളിഞ്ഞുകാണാം. ഇനി വനഭൂമി കൈവശം വച്ചിരു ന്നവർക്കു പട്ടയം: ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ കാലത്ത് സ്റ്റേ നീക്കാൻ ഇടപെട്ട് ഈ പ്രക്രിയ വേഗത്തിലാക്കിയതും ഒന്നര ലക്ഷ ത്തോളം പേർക്ക് പട്ടയം നൽകിയതും ഒരു ചെറിയ കാര്യമല്ല. മലയോര ക്കർഷകരുടെ വക്താക്കളായി നടിച്ച് നടന്ന പലർക്കും അസൂയ ഉണ്ടാകും. പലർക്കും എന്നു പറഞ്ഞാൽ പ്രത്യേകിച്ച് ശ്രീ. മാണിയാണ്. അതുപോലെ കശുവണ്ടി വ്യവസായം: യു.ഡി.എഫ്. ഭരണത്തിൽ ഒരു കൊല്ലത്തിൽ കിട്ടിയ ജോലി 12 ദിവസം. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ആ മേഖല യിൽ ഒരു കൊല്ലം 200 തൊഴിൽ ദിനങ്ങൾ. പോരേ, നിങ്ങളുടെ കാലത്ത് എന്താ ചെയ്തത്? അതുപോലെ വിഴിഞ്ഞം, പൂന്തുറ, പാലക്കാട്, കാസർഗോഡ് തുടങ്ങി പലയിടങ്ങളിലും വർഗ്ഗീയകലാപങ്ങൾ, കൂത്തുപറ മ്പിലും മറ്റും ഉണ്ടായ വെടിവെയ്പ്. അഞ്ചുപേരെ കൊന്നത് നിങ്ങളുടെ കാല ത്തല്ലേ. ശ്രീ. എം.വി. രാഘവന്റെ നേതൃത്വത്തിൽ? അദ്ദേഹം മന്ത്രിയായിരു ന്നല്ലോ; നിങ്ങളുടെ കാലത്തല്ലേ നടന്നത്? ശിവഗിരിയിലും മറ്റും വെടിവെയ്പ് നടന്നത് എപ്പോഴാ? നിരവധി അതിക്രമങ്ങളിൽ പിരിമുറുകിനിന്ന സാമൂഹിക അന്തരീക്ഷമാണ് നിങ്ങളുടെ ഭരണകാലത്ത് ഇവിടെ നിലനിന്നിരുന്നത്. ഒരു വർഗ്ഗീയ കലാപം പോലുമില്ലാത്ത, പോലീസ് വെടിവെയ്പ്പിൽ ഒരു ജീവൻ പോലും കുരുതികഴിക്കപ്പെട്ടിട്ടില്ലാത്ത സ്വച്ഛമായ കേരളമായി നമ്മുടെ സംസ്ഥാനത്തെ മാറ്റിയെടുക്കാൻ ഈ നാലരക്കൊല്ലക്കാലം കൊണ്ടു കഴിഞ്ഞു എന്നത് സത്യമാണ്. ....(ബഹളം)........................

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പ്ലീസ്....... പ്ലീസ്........... പ്ലീസ്..................

ശ്രീ. ഇ.കെ. നായനാർ : ക്രമസമാധാന കാര്യത്തിൽ കേരളത്തെ മാതൃകാ സംസ്ഥാനമായി രാജ്യത്തെ വ്യവസായികളുടെ സംഘടനയായ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് പോലെയുള്ള സ്ഥാപനങ്ങൾ വിലയിരുത്തുകയുണ്ടായി. പോലീസ് നവീകരണ ശ്രമങ്ങളെ ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രശംസിക്കുകയുണ്ടായി. വൈക്കം, ടി.വി. പുരം പോലെയുള്ള സംഘർഷ സാദ്ധ്യതയുള്ള സംഭവങ്ങളെ ഫലപ്രദമായ ഇടപെടലുകളിലൂടെ ഒഴിവാക്കിയതിൽ എല്ലാ മതവിശ്വാസികളും, എറണാകുളം ബിഷപ്പ് അടക്കം, എനിക്ക് അഭിനന്ദനം അയച്ചിട്ടുണ്ട്. നിങ്ങൾ നോക്കണം, മതപുരോഹിതൻമാരെ ആശ്വസിപ്പിച്ചിട്ടുണ്ട്. അവരുടെ പ്രശംസയ്ക്കു വഴിവച്ചിട്ടുണ്ട്. എറണാകുളം ബിഷപ്പിന്റെയടക്കം കത്ത് എന്റെ കൈയിലുണ്ട്. ഈ സംഭവങ്ങൾ ശാശ്വതമായി പരിഹരിക്കാൻ അവിടെ കഴിഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം വിപുലമായ സാദ്ധ്യതകൾ ഉള്ള രംഗമാണ് ടൂറിസം. മനുഷ്യായുസ്സിൽ നിർബന്ധമായും കണ്ടിരിക്കേണ്ട ലോകത്തിലെ 50 സ്ഥാനങ്ങളിൽ ഒന്ന് എന്ന നിലയ്ക്ക് കേരളത്തെ അന്താരാഷ്ട്രതലത്തിൽ അംഗീകരിപ്പിക്കാൻ ഈ ഘട്ടത്തിൽ കഴിഞ്ഞു. ഇതു ടൂറിസം വികസനത്തിന്റെ ചരിത്രത്തിൽ നാഴികക്കല്ലാകും. മറ്റൊന്ന് ടൂറിസത്തിന്റെ കാര്യം തന്നെ ഞാൻ ചോദിക്കട്ടെ, കുമരകത്ത് നമ്മുടെ പ്രധാനമന്ത്രി വന്ന് ചികിത്സക്കിരിക്കുന്നു. എന്താ മറ്റ് സ്ഥലത്ത് പോകാത്തത്? എന്തുകൊണ്ട് കേരളത്തിൽ വന്നു? നിയമസമാധാനം ശാശ്വതമായുള്ള ഒരു സ്ഥലമാണ് അതുകൊണ്ടു വന്നു. കാലിന് എണ്ണയിടുമ്പോൾ ഇവിടെ ബോംബ് വരൂല, എണ്ണയിട്ട് കുറയ്ക്കുമ്പോൾ ബോംബു വരാനില്ല കേരളത്തിൽ. അതുകൊണ്ടാണ് കുമരകത്ത് വന്നത്. സുഖമായിരിക്കട്ടെ എന്ന് ഞാൻ അദ്ദേഹത്തോട് നേരത്തെ പറയുകയുണ്ടായി. ഞാൻ വരുന്നുണ്ടെന്ന് എന്നോട് പറഞ്ഞു. അതുപോലെത്തന്നെ ഞങ്ങൾ വിദേശത്തു പോയി എന്തു ചെലവാക്കിയാലും 100 കോടി രൂപയുടെ കനേഡിയൻ സഹായത്തോടെ തലശ്ശേരിയിൽ ക്യാൻസർ ആശുപത്രി നിലവിൽ വന്നു. ഞാൻ ഉദ്ഘാടനം ചെയ്തു. കനേഡിയൻ കമ്മീഷണറും ഉണ്ടായിരുന്നു. 100 കോടി രൂപ സൗജന്യമാണ്, അവര് നമുക്ക് സംഭാവനയായി തന്നതാണ്. ആ 100 കോടി രൂപ ആകെ ചെലവുണ്ടോ പുറത്തുപോയതിന്, 5 കോടി രൂപയേ നമ്മൾ ചെലവാക്കിയുള്ളൂ. തലശ്ശേരിയിൽ 100 കോടി രൂപയുടെ ക്യാൻസർ ഹോസ്പിറ്റൽ വന്നുകഴിഞ്ഞു. അതിന്റെ ഉദ്ഘാടനം കഴിഞ്ഞു, അതിന്റെ പണി തുടങ്ങി. കനേഡിയൻ സഹായത്തോടെ 100 കോടി രൂപയുടെ ക്യാൻസർ ആശുപത്രി തലശ്ശേരിയിൽ സ്ഥാപിക്കാൻ കഴിഞ്ഞതും, എറണാകുളത്ത് സഹകരണ മെഡിക്കൽ കേളേജ് സ്ഥാപിക്കാൻ കഴിഞ്ഞതും, നെടുമ്പാശ്ശേരി വിമാനത്താവളവും ശ്രദ്ധേയമായ നേട്ടങ്ങളാണ്. ....(ബഹളം)........... നെടുമ്പാശ്ശേരി നമ്മുടേതല്ലാതെ ആരുടേതാ? ഞാനാ അതിന്റെ ചെയർമാൻ. നമ്മുടെ വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കാനുള്ള പരിഷ്ക്കാരങ്ങൾ, അത്യാധുനിക പ്രൊഫഷണൽ കോഴ്സുകൾ ഇതൊക്കെ കുറഞ്ഞ ചെലവിൽ ഈ സംസ്ഥാനത്ത് പഠിക്കാനുള്ള സൗകര്യം സംജാതമാക്കി. സർ, പ്രാഥമിക വിദ്യാഭ്യാസ പദ്ധതി മുതൽ ഉന്നത പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല വരെ സമഗ്രമായ പരിഷ്കരണം നടത്തി നിരവധി സാങ്കേതിക സ്ഥാപനങ്ങളും കോഴ്സുകളും പുതുതായി ആരംഭിച്ചു. കോൺഗ്രസ്സ് ഐ. തുടങ്ങിവച്ചതും ബി.ജെ.പി. ഇപ്പോൾ തുടരുന്നതുമായ പുത്തൻ നയം കേരളത്തിലെ സമ്പദ്ഘടനയെ തകർക്കുന്ന വിധമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നമ്മുടെ റബ്ബറിന് മാർക്കറ്റ് കിട്ടാതിരിക്കെ, ഇറക്കു

LIBRARY ARCHIVES Kerala Legislative Assembly

മതി റബ്ബർ വന്ന് കമ്പോളത്തിൽ നിറഞ്ഞു. വെളിച്ചെണ്ണയ്ക്ക് കമ്പോളം കിട്ടാതിരിക്കെ പാമോയിൽ വന്ന് കുമിഞ്ഞുകൂടി. ഫാക്ട് ഉണ്ടാക്കുന്ന കാപ്രാലാക്ടം ഇവിടെ വിറ്റഴിക്കാൻ ആകാതെ വിഷമിക്കുമ്പോൾ ഇറക്കുമതിച്ചുങ്കം ചാർത്തി കാപ്രോലാക്ടം വൻതോതിൽ ഇറക്കുമതി ചെയ്തു. നമ്മുടെ കാർഷിക വ്യാവസായിക സമ്പദ്ഘടനയെ ആകെ തകർക്കുന്ന ഈ നയം കേരളത്തിൽ വിശേഷിച്ചും വിനാശകരമാണ്. അതുണ്ടാക്കിയ ആഘാതത്തെക്കൂടി ചെറുത്തുകൊണ്ടാണ് കേരളം ഈ ഘട്ടത്തിൽ പിടിച്ചുനിന്നത്. രാഷ്ട്രത്തിന്റെ ഐക്യവും ജനങ്ങളുടെ ഒരുമയും തകർക്കുന്ന വർഗ്ഗീയ അജണ്ഡയുമായി മുന്നോട്ടുപോകുകയാണ് ബി.ജെ.പി. യുടെ നേതൃത്വത്തിലുള്ള കേന്ദ്രഭരണം. അതുകൊണ്ടാണല്ലോ 'അയോദ്ധ്യയിൽ അമ്പലം പണിയും' എന്ന് പ്രധാനമന്ത്രി പറഞ്ഞത്. ഇന്നലെ അദ്ദേഹത്തെ ശാസിച്ചുകൊണ്ട് രാജ്യസഭ പ്രമേയം പാസ്സാക്കി, (ശാസിച്ചാലും മന്ത്രിമാർ രാജിവയ്ക്കണമെന്നില്ല എന്നാണ് റൂൾസ് പോലും. അദ്വാനിയും മുരളീ മനോഹർ ജോഷിയും അതുപോലെതന്നെ ഉമാഭാരതിയും ക്രിമിനൽ കേസിലെ പ്രതികളാണ്. 'രാജിവയ്ക്കണ്ട. മന്ത്രി ആകാം, ക്രിമിനൽ കേസ് ആയാലും' എന്നാണ് വാജ്പേയി പ്രസ്താവിച്ചത്.) തീർച്ചയായിട്ടും അദ്ദേഹത്തെ ശാസിക്കാം. ഇത്തരത്തിലുള്ള രണ്ടാമത്തെ പ്രമേയമാണ് രാജ്യസഭ പാസ്സാക്കിയത്. ഒന്ന് മൊറാർജി ദേശായിയുടെ കാലത്ത്, മറ്റൊന്ന് ഇപ്പോൾ വാജ്പേയിയുടെ കാലത്ത്. എല്ലാ കക്ഷികളും പ്രതിപക്ഷവും കോൺഗ്രസ്സും ഉൾപ്പെടെ യോജിച്ചുകൊണ്ട് പാസ്സാക്കി, തീർച്ചയായിട്ടും ഇൻഡ്യൻ മതേതരത്വത്തെ തകർക്കുന്ന സമീപനമാണ് വാജ്പേയി ഗവൺമെന്റിന്റെ നയം. അദ്ദേഹത്തിന്റെ പ്രസംഗം അതാണ്. അയോദ്ധ്യയിൽ അമ്പലം പണിയും അതു കേട്ടപ്പോഴാണ് താക്കറെ പറഞ്ഞത് 'ഇസ്ലാമിന് വോട്ട് നിഷേധിക്കണം ഇൻഡ്യയിൽ' എന്ന്. ഇസ്ലാമിന് ആരും വോട്ട് കൊടുക്കരുത് അതാണ് താക്കറെയുടെ വാദം. അതിനെതിരായിട്ട് ഇവിടത്തെ ബി.ജെ.പി. നേതാക്കൾ പ്രസംഗിക്കുന്നുണ്ടോ? ഇല്ല. താക്കറെയുടെ അഭിപ്രായത്തിന് എതിരാണോ? ഇസ്ലാമിന് വോട്ട് കൊടുക്കരുതെന്നാണ് താക്കറെ പറയുന്നത്. അതേ സമയത്ത് ക്രിസ്ത്യാനികൾക്കെതിരായിട്ടാണ് ആർ.എസ്.എസ്. ഉം അതുപോലെതന്നെ സുദർശനനും മറ്റുമെല്ലാം അതിനു പ്രോത്സാഹനം നൽകുന്നതായിരുന്നു വാജ്പേയിയുടെ പ്രസ്താവന. അയോദ്ധ്യയിൽ അമ്പലം പണി, ഇത് ഹിഡൻ അജണ്ടയിൽ നിന്ന് അതീതമായിട്ടുള്ളതാണ്, പക്ഷേ അത് നിഷേധിച്ചത് രാജ്യസഭയാണ്. ലോകസഭയിൽ ഇവരുടെ കൂട്ടുകക്ഷി ഇരുപത്തിനാലു പാർട്ടികൾ ഉള്ളതുകൊണ്ട് അവർക്ക് ഇപ്പോൾ മെജോറിറ്റിയുണ്ട്. ഈ പാർട്ടികളുടെ സമീപനത്തിനനുസരിച്ച് മാത്രമേ അത് വേർതിരിയാൻ പോകുന്നുള്ളൂ. അത് എന്താണെന്ന് അവിടത്തെ ചർച്ച വരുമ്പോൾ നമുക്ക് കാണാം. അവിടെ ജയിക്കുമെന്നാണ് ബി.ജെ.പി. ക്കാർ പറയുന്നത്. രാജ്യസഭയിൽ തോറ്റുവെങ്കിലും രാജിവയ്ക്കണമെന്നില്ല. പക്ഷേ ഇൻഡ്യൻ പാർലമെന്റ് അംഗീകരിച്ച മതേതരത്വവും സൗഹാർദ്ദനയവും തകർക്കുന്ന പ്രസ്താവനയാണ് ശ്രീ. വാജ്പേയി പുറപ്പെടുവിച്ചിട്ടുള്ളത്. അതിനോട് നമുക്കൊരിക്കലും യോജിക്കാൻ വയ്യ. തീർച്ചയായിട്ടും അതുതന്നെയാണ് നമ്മുടെ ഇൻഡ്യൻ രാഷ്ട്രീയത്തിലും ഉയർന്നുവരാൻ പോകുന്നത്, വരുന്ന ഇലക്ഷന്റെ മുൻപിലും. അതുകൊണ്ട്, രാഷ്ട്രത്തിന്റെ ഐക്യവും ജനങ്ങളുടെ ഒരുമയും തകർക്കുന്ന വർഗ്ഗീയ അജണ്ടയുമായി മുന്നോട്ടുപോകുകയാണ് ബി.ജെ.പി. നേതൃത്വം ചെയ്യുന്നത്. ആ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നു. പ്രധാനമന്ത്രി പോലും വിഭാഗീയ സ്വഭാവമുള്ള പ്രസ്താവനകളാണ് നടത്തിയിട്ടുള്ളത്. അതാണ് രാജ്യസഭയിൽ ഇന്നലെ ചർച്ചയ്ക്കുവന്നത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ സമാധാനത്തിന്റെ പച്ചത്തുരുത്തായിത്തീരാൻ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു എന്നുള്ളത് ചെറിയ കാര്യമല്ല. ഇവിടെ വർഗ്ഗീയ കലാപം ഉണ്ടാക്കാൻ സുദർശനും ആർ.എസ്.എസ്. ഉം ബി.ജെ.പി. യും കരുതിക്കൂട്ടി പ്ലാൻ ചെയ്യുന്നുണ്ട്. ഇന്നും പ്ലാൻ ചെയ്യുന്നുണ്ട്, കാരണം ഇരുപത് ശതമാനം മുസ്ലീമും ഇരുപത് ശതമാനം ക്രിസ്ത്യാനിയും ബാക്കി ഹിന്ദുക്കളും ഉള്ള ഒരു സൗഹാർദ്ദ സ്റ്റേറ്റാണ് ഇൻഡ്യയിൽ കേരളം. ഇത് തകർക്കാൻ, ഇവിടെ പൊളിക്കാൻ ഇവിടെ വർഗ്ഗീയ ലഹളയുണ്ടാക്കാൻ ഇവിടത്തെ ആർ.എസ്.എസും, ബി.ജെ.പി. യും സുദർശനനും അതുപോലെ തന്നെ അവരുടെ നേതാക്കളും ഇവിടെവന്ന് അതിനുവേണ്ടുന്ന ഗൂഢാലോചന നടത്തുന്നു. അവരുടെ കയ്യാങ്കളിയിൽ ഒരു പങ്കാളിത്തം നമുക്ക് പാടില്ല. മതേതരത്വത്തിൽ വിശ്വസിക്കുന്ന ഒരു കക്ഷിയും പങ്കെടുക്കരുത് എന്നാണ് നമുക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് ഈ ദേശീയ സാഹചര്യത്തിൽ സമാധാനത്തിന്റെ പച്ചത്തുരുത്തായി കേരളത്തെ നിലനിറുത്താൻ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു എന്നുള്ളത് ചെറിയ കാര്യമല്ല. വർഗ്ഗീയകലാപത്തിലെ തീ നമ്മുടെ അയലത്തുള്ള കോയമ്പത്തൂരിൽ എൺപതുപേരെയാണ് കശാപ്പ് ചെയ്തത്. നമുക്ക് അറിയാമല്ലോ കോയമ്പത്തൂർ, ഞാൻ കോയമ്പത്തൂരിൽ പ്രസംഗിക്കാൻ പോയിരുന്നു. അന്ന് ശ്രീ കരുണാനിധി പോലീസിനെയൊക്കെ ധാരാളം നിർത്തി, എനിക്കെതിരായിട്ട് വല്ല കലാപമോ കറുത്ത കൊടിയോ ഉണ്ടാകുമെന്നു കരുതി. പക്ഷേ ഉണ്ടായില്ല. യോഗത്തിൽ മലയാളികൾ നല്ലപോലെയുണ്ടായിരുന്നു. പിന്നെ മറ്റൊരു ആശുപത്രി ഉദ്ഘാടനത്തിനായിരുന്നു പോയത്. എൺപത് പേരെയാണ് അവിടെ കശാപ്പു നടത്തിയത്. നിങ്ങൾ നോക്കണം, അവിടെ നിന്നാണ് ബി.ജെ.പി. ജയിച്ചത്, തമിഴ്നാട്ടിൽ ബി.ജെ.പി. ജയിച്ച ഒരു സീറ്റേയുള്ളു, അത് കോയമ്പത്തൂരിലാണ്. ആ നിലയ്ക്ക് അത് പാലക്കാട്ടേയ്ക്ക് കടന്നുവരാൻ നമ്മൾ സമ്മതിച്ചില്ല. പോലീസിനെക്കൊണ്ടുവന്ന് ബോർഡറിൽ സെക്യൂരിറ്റി ശക്തമാക്കി. അല്ലെങ്കിൽ അവിടന്ന് ബന്ധമുള്ളവരെയും കശാപ്പ് ചെയ്യും. മലപ്പുറം ജില്ലയിൽ ഉണ്ടായിരുന്നു. ബന്ധുക്കൾ മരിച്ചവരും അവരുടെ കുടുംബങ്ങളും ആ തരത്തിൽ വരുന്നതിനെ തടഞ്ഞുനിർത്താൻ കഴിഞ്ഞതുകൊണ്ട് കോയമ്പത്തൂരിൽ നിന്ന് ഇങ്ങോട്ട് കടത്താൻ നമ്മൾ സമ്മതിച്ചില്ല. ഈ വർഗ്ഗീയ കലാപം ആളിക്കത്തിക്കൽ ആയിരുന്നു തമിഴ്നാട്ടിൽ ഉണ്ടായിരുന്നത്. ക്രിസ്ത്യാനിക്കും ഇസ്ലാമിനും എതിരായിട്ടുള്ള അറ്റാക്കാണ് സുദർശനനും ഈ രാജ്യത്തിലുള്ള മറ്റ് ആർ.എസ്.എസ്. നേതാക്കളും നടത്തിക്കൊണ്ടിരിക്കുന്നത്. അത് ആളിക്കത്തിപടരുന്നത് നാം കണ്ടു, അത് കേരളത്തിലേയ്ക്ക് പടരാതെ നോക്കിയതും ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എല്ലാവിധ സുരക്ഷിതത്വവും ഉറപ്പാക്കിയതും കേരളമാണ്. വർഗ്ഗീയ കോപ്രായങ്ങൾക്ക് എതിരെ ശക്തമായ നടപടികൾ വിട്ടുവീഴ്ചയില്ലാതെ എടുക്കണം. ഇങ്ങനെ എല്ലാ അർത്ഥത്തിലും ശാന്തിയും സമാധാനവും വികസനവും നിലനിൽക്കുന്ന കേരളത്തിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ രാഷ്ട്രീയ ദുരുദ്ദേശത്തോടുകൂടി ചില സ്ഥാപിത താൽപ്പര്യക്കാരും വർഗ്ഗീയ സംഘടനകളും ബി.ജെ.പി. യുമടക്കമുള്ള സംഘടനകളും ചില പത്രങ്ങളും പ്രത്യേകം ശ്രമിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇത് നമ്മൾ കാണണം, അത് വരുന്നതിൽ ആശ്ചര്യപ്പെടുകയും വേണ്ട, വരുന്നതിൽ അതിശയം കാണിക്കുകയും വേണ്ട, അത് അതിന്റെ സ്വാഭാവികമായ വർഗ്ഗീയ സ്വഭാവം കാണിക്കും. തെരഞ്ഞെടുപ്പ് അടുത്തതുകൊണ്ടാണ് ഈ നിലപാട് മാറ്റം. ഇതു തന്നെയാണ് ബി.ജെ.പി. യുടെയും ലക്ഷ്യം. യു.പി. യിലെ ഇലക്ഷനിൽ അവർക്ക് വളരെയധികം ആശങ്കയുണ്ട്. കൽക്കത്തയിൽ അവർ

LIBRARY ARCHIVES Kerala Legislative Assembly

നോക്കുന്നുണ്ട്. ഇതിനിടയിൽ ത്രിപുരയിൽ ഇലക്ഷൻ കഴിഞ്ഞു. പന്ത്രണ്ട് മുനിസിപ്പാലിറ്റിയിലും എഴുപത്തിയെട്ട് ശതമാനം സീറ്റും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുന്നണിക്ക് കിട്ടി, സി.പി.ഐ. അടക്കമുള്ള മുന്നണിക്ക് ത്രിപുരയിൽ പന്ത്രണ്ട് മുനിസിപ്പാലിറ്റികളിൽ എഴുപത്തിയെട്ടു ശതമാനം വോട്ടും സീറ്റും കിട്ടി. വളരെ കാലം കഴിഞ്ഞു നടന്ന ഇലക്ഷനാണ്. ത്രിപുരയിൽ മുൻപ് രണ്ടു ശതമാനം വോട്ടേയുണ്ടായിരുന്നുള്ളൂ. ഇപ്പോൾ എഴുപത്തിയെട്ടു ശതമാനം സീറ്റും കിട്ടി. ബംഗാളിലും ഇതിനുള്ള ഒരുക്കമാണ് അവിടെയുള്ള ബി.ജെ.പി., ആർ.എസ്.എസ്. കാർ ശ്രമിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ന് വ്യക്തമായ മുൻതൂക്കം ലഭിച്ചു. രണ്ടു ഘട്ടങ്ങളിലായി നടന്ന തെരഞ്ഞെടുപ്പിൽ 56,18,000 വോട്ട് എൽ.ഡി.എഫ്. നും 52,48,000 വോട്ട് യു.ഡി.എഫ്. നും ലഭിച്ചു. 3,70,000-ലധികം വോട്ട് എൽ.ഡി.എഫ്.-ന് അധികം ലഭിച്ചു. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ബി.ജെ.പി. യുമായി പരസ്യമായും രഹസ്യമായും യു.ഡി.എഫ്. കൂട്ടുനിന്നു. എന്നിട്ടും എൽ.ഡി.എഫ്. ന് 3,70.000 വോട്ട് അധികം നേടാൻ കഴിഞ്ഞു. ഇത് വർദ്ധിച്ച ജനപിൻതുണയോടുകൂടിയാണ്. മാത്രമല്ല ഒരിക്കലും തോൽക്കാതെ ആറ് ലോകസഭാ സീറ്റിലും ഈ നാലര വർഷക്കാലം നടന്ന സീറ്റിലും ഇടതുപക്ഷ ജനാധിപത്യമുന്നണി ജയിച്ചു. ആറ് സീറ്റ്, ഞങ്ങൾ എപ്പോഴും തോൽക്കുന്ന എറണാകുളത്ത് നമ്മുടെ സ്ഥാനാർത്ഥി ജയിച്ച് ഇവിടെ വന്നിരിക്കുന്നുണ്ട്. അതും വിജയിച്ചതടക്കമാണ് ആറ്, കോർപ്പറേഷനിൽ നാലെണ്ണം ഇടതുപക്ഷത്തിന് കിട്ടിയതിനെപ്പറ്റി അപ്പുറത്ത് ഒരു കൊഞ്ഞനം കാട്ടൽ ഉണ്ടായി. അത് എങ്ങനെയാണ് കിട്ടിയത്, കിട്ടിയത്, കിട്ടിയതു തന്നെയാണ്. നിങ്ങൾക്ക് കിട്ടിയതുപോലെതന്നെയാണ് നമുക്ക് കിട്ടിയത്. കൊല്ലത്ത് നമുക്ക് കിട്ടിയതുപോലെ, എറണാകുളത്ത് നമുക്ക് കിട്ടിയതുപോലെ മൂന്നും രണ്ടും നമുക്ക് അഞ്ചു കിട്ടി, തൃശ്ശൂരിൽ നിങ്ങൾക്ക് കിട്ടി അത്രയേയുള്ളൂ. കിട്ടിയത് കിട്ടിയതാണ്. ഇതിനിടയിൽ ശ്രീ. സുധാകരൻ ഞാൻ ഇല്ലാതിരുന്നപ്പോൾ എന്നെപ്പറ്റി പറഞ്ഞു, അദ്ദേഹം പറഞ്ഞത് ഞാൻ കേട്ടത്, ഇതുവരെ ഞാൻ ഒരു അമ്പലത്തിലും പോയിട്ടില്ല. കുട്ടിക്കാലത്ത് അമ്മ ഗുരുവായൂർ അമ്പലത്തിൽ കൊണ്ടുപോയിട്ടുള്ളതേയുള്ളൂ, മറ്റൊരു അമ്പലത്തിലും ഞാൻ പോകാറില്ല, എന്റെ വിശ്വാസം വേറെ ഒന്നാണ്. എന്നെ പള്ളി ഉദ്ഘാടനത്തിന് ക്ഷണിക്കാൻ വരാറുണ്ട്. ചർച്ചിന്റെ ഉദ്ഘാടത്തിനും ഇന്നലെ ഒരാൾ ക്ഷണിക്കാൻ വന്നു. ഞാൻ പറഞ്ഞു, ഒരു അമ്പലത്തിന്റേയും ചർച്ചിന്റേയും പള്ളിയുടേയും ഉദ്ഘാടനത്തിന് ഞാനില്ല. ഞാൻ അതിൽ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്ന് എന്നോടു ചോദിക്കണ്ട, എന്നെ ക്ഷണിക്കണ്ട, ഞാൻ ഒരു കമ്മ്യൂണിസ്റ്റ് വിശ്വാസിയാണ്. എന്റെ വീട്ടിൽ ഭാര്യ അമ്പലത്തിൽ പോകും, ഞാൻ പോകുകയില്ല, ഒരു സ്ഥലത്തും പോകാറില്ല. അതുകൊണ്ട് ഇവിടെ അമ്പലത്തിൽ പോയി എന്നോ പള്ളിയിൽ പോയി എന്നോ പറയുന്ന- അതുപോലെതന്നെ ഇവിടെ ചിലർ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം തികച്ചും അസംബന്ധവും നിരുത്തരവാദപരവുമാണെന്ന് ഞാൻ പറയുന്നു, ഇത്രയേ എനിക്ക് പറയാനുള്ളൂ, ഞാൻ പോകാറില്ല, അതാണ് ഇപ്പോൾ മാത്രമല്ല മുൻപുമില്ല. കുട്ടിക്കാലത്ത് അമ്മ ഗുരുവായൂർ അമ്പലത്തിൽ കൊണ്ടുപോയിട്ടുള്ളത് മാത്രമേയുള്ളൂ. അതിനുശേഷമില്ല, രാഷ്ട്രീയത്തിൽ വന്നതിനുശേഷം അതു വിട്ടു. അതാണ് പൊസിഷൻ. അതുകൊണ്ട് ജനങ്ങളുടെ കോടതിയിൽ ഒരിക്കലും ... പിന്നെ അങ്ങോട്ട് പോയപ്പോഴേയില്ല, ഇവിടെ മണിച്ചന്റെ കാറിനെപ്പറ്റിയൊക്കെ പറഞ്ഞു, എന്ത് മണിച്ചൻ, എന്ത് കാർ? സുധാകരൻ കണ്ണൂരിൽ വന്ന് പ്രസംഗിച്ചത് ഞാൻ കാണിച്ചുതരാം,

LIBRARY ARCHIVES Kerala Legislative Assembly

